വികസനരേ

വാല്യം 55

മാടപ്പള്ളി ബ്ലോക്ക്

(കോട്ടയം ജില്ല)

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

കുറിച്ചി ഗ്രാമപഞ്ചായത്ത്

55-2




ERNAKULAM
കോട്ടയം ജില്ല
VAIKOM TALUK
MEENACHIL TALUK
IDUKKI
KOTTAYAM TALUK
ALLEPPEY
കുറിച്ചി
KANJIRAPPALLY TALUK
CHANGANACHERRY TALUK
PATHANAMTHITTA


കുറിച്ചി പഞ്ചായത്ത്
N.
S.
I
II
III
IV
V
VI
VII
VIII
IX
X
XI
XII

കുറിച്ചി ഗ്രാമപഞ്ചായത്ത് ഭരണസമിതി



എം. എസ്. സോമൻ
പ്രസിഡന്റ്

തോമസ് മാത്യു
സ്റ്റാന്റിംഗ്കമ്മറ്റി ചെയർമാൻ



കെ. സി. കുഞ്ഞുമോൻ
വൈസ് പ്രസിഡന്റ്

ജോൺ പുന്നൂസ്	മെമ്പർ
ബിജു തോമസ്	,,
മറിയാമ്മ കുറിയാക്കോസ്	,,
വിജു പ്രസാദ്	,,
ഡോ. ശോഭ സലിമോൻ	,,
പി. ആർ. തങ്കമണി	,,
ഡോ. മോഹൻ സിറിയക്ക്	,,
സി. ജി. പങ്കജാക്ഷിയമ്മ	,,
പി. ജി. രവീന്ദ്രൻ	,,

ഉള്ളടക്കം

1. ആമുഖം.....7
2. കുറിച്ചി പഞ്ചായത്ത്: പൊതുവിവരണം.....10
3. സാമൂഹിക - സാംസ്കാരിക ചരിത്രം.....13
4. ഭൂപ്രകൃതി, ജൈവവൈവിദ്ധ്യം, ജലപ്രകൃതി, ജനപ്രകൃതി.....20
5. സാമൂഹിക - സാമ്പത്തിക മേഖലകൾ.....27
   - 5-1 കൃഷിയും ജനലസേചനവും 28
   - 5-2 മത്സ്യബന്ധനം, മത്സ്യകൃഷി, മത്സ്യവിപണനം, മൃഗസംരക്ഷണം.....46
   - 5-3 വ്യവസായം.....52
   - 5-4 വിദ്യാഭ്യാസം.....57
   - 5-5 പൊതുജനാരോഗ്യം, കുടിവെള്ളം.....91
   - 5-6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്.....101
   - 5-7 സാമൂഹ്യക്ഷേമവും പാർപ്പിടവും 112
   - 5-8 സംസ്കാരം.....131
   - 5-9 വനിത.....139
   - 5-10 സഹകരണമേഖല.....145
   - 5-11 പട്ടികജാതി പട്ടിക വർഗ്ഗം.....157
   - 5-12 വിഭവസമാഹരണം.....168
6. വികസനപന്ഥാവിലൂടെ നാം മുന്നോട്ട്.....177

എഡിറ്റോറിയൽ ബോർഡ്

❖

ചീഫ് എഡിറ്റർ

ഡോ: വി. മാത്യു കുര്യൻ

എഡിറ്റർ

പി. കെ. പത്മകുമാർ

മെമ്പേഴ്സ്

ഷാജി വർഗ്ഗീസ്
പി. ശങ്കരപിള്ള
എം. എസ്. സോമൻ
കെ. തമ്പി
എം. എൻ. കൃഷ്ണൻ നായർ
എം. നാരായണൻ നായർ
എം. എൻ. മുരളീധരൻ നായർ
കെ. എസ്. തോമസ്

കവർ: അഗ്നി കോട്ടയം
അച്ചടി: ദീപിക ഓഫ്സെറ്റ് പ്രസ്സ് കോട്ടയം
ടൈപ്പ് സെറ്റിംഗ്: ദർശൻ കമ്പ്യൂട്ടേഴ്സ് കോട്ടയം

1
ആമുഖം

ഇന്ത്യ ബ്രിട്ടീഷ് ഭരണത്തിൽ നിന്നും സ്വതന്ത്രയായിട്ട് അഞ്ച് പതിറ്റാണ്ടുകൾ കഴിയാൻ പോകുന്നു. ഈ കാലയളവിൽ ജനാധിപത്യഭരണസംവിധാനം സംരക്ഷിക്കാൻ കഴിഞ്ഞതും സാമ്പത്തിക ആസൂത്രണത്തിൽ കൂടെ സമ്പദ്ഘടന കൂടുതൽ ബലപ്പെടുത്തിയതും നമ്മുടെ സ്വതന്ത്രാനന്തരകാലഘട്ടത്തിലെ സുപ്രധാന നേട്ടങ്ങളാണ്. എന്നാൽ ഇന്നും ബഹുഭൂരിപക്ഷം ജനങ്ങളുടെയും അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാതെ നിലനില്ക്കുന്നു എന്ന യാഥാർത്ഥ്യം വികസനത്തിന് ഒരു പുതിയ ദിശവേണമെന്ന് നമ്മെ നിർബന്ധിക്കുന്നു. കേന്ദ്രീകൃതവും ഡിപ്പാർട്ടുമെൻറൽ തലത്തിലുള്ളതുമായ ഇന്നത്തെ ആസൂത്രണത്തിൻെറ രൂപവും ഭാവവും മാറ്റി കൂടുതൽ ജനപങ്കാളിത്തത്തോടെ വികേന്ദ്രീകൃതമായി ആസൂത്രണത്തെ സമീപിക്കണമെന്ന തിരിച്ചറിവ് ജനങ്ങൾക്ക് ഉണ്ടായിരിക്കുന്നു.

ഭരണഘടനയുടെ 73, 74 ഭേദഗതികൾ ഈമാറ്റത്തിനനുകൂലമായ ഒരു രാഷ്ട്രീയ അന്തരീക്ഷം ഇന്ത്യയിൽ ഇപ്പോൾ സൃഷ്ടിച്ചിട്ടുണ്ട്. നിയമപ്രാബല്യത്തോടെ പ്രാദേശിക ഭരണകൂടങ്ങൾക്ക് പദ്ധതികൾ ആവിഷ്ക്കരിക്കാനും നടപ്പാക്കാനും അവസരം കൈവന്നിരിക്കുന്നു. ഈ അനുകൂല കാലാവസ്ഥ ജനനന്മയ്ക്കായി പ്രയോജനപ്പെടുത്താൻ കേരളം ഇതര സംസ്ഥാനങ്ങൾക്ക് മാതൃകായായി, ഒൻപതാം പദ്ധതിയുടെ രൂപരേഖ പൂർണ്ണമായും ജനകീയമായിതന്നെ നിർദ്ദേശിച്ചുകൊണ്ടിരിക്കുന്നു.

കേരളത്തിൻെറ സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിലെ "വികസനം" ലോക ശ്രദ്ധതന്നെ പിടിച്ചു പറ്റിയ പ്രതിഭാസമാണ്. ഈ വികസനാനുഭവത്തെ "കേരള വികസനമാതൃക" എന്നാണ് വിശേഷിപ്പിക്കുന്നത്. ഈ മാതൃകയുടെ പ്രത്യേകത താരതമ്യേന വളരെ താഴ്ന്ന ഒരു സാമ്പത്തിക നിലയിൽ നിന്നുകൊണ്ടുതന്നെ ഉയർന്ന സാമൂഹിക ജീവിത ഗുണമേന്മ കൈവരിച്ചു എന്നതാണ്. സാമൂഹ്യ-ഭരണകൂട ഇടപെടലുകളിൽ കൂടി താരതമ്യേന മെച്ചപ്പെട്ട വരുമാന വിതരണം കൈവരിച്ചതും, മെച്ചപ്പെട്ട സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളും സന്നദ്ധ പ്രവർത്തനങ്ങളുമാണ് പ്രധാനമായും ഈ നേട്ടത്തിൻെറ പിന്നിലെ ചാലകശക്തികൾ.

എന്നാൽ ഇന്ന് കേരള വികസന മാതൃക ഒരു പ്രതിസന്ധിയിലാണ്. ഇതിന്റെ പ്രധാന കാരണം സമ്പത്തിന്റെ ഉത്പാദനത്തിലും ഉദ്പാദനക്ഷമതയിലും വേണ്ടത്ര വളർച്ച കൈവരിക്കാൻ നമുക്ക് കഴിയാതെ പോയതാണ്. തൻമൂലം വിതരണ - സാമൂഹിക രംഗങ്ങളിലെ നേട്ടങ്ങൾ ഇന്ന് ഒരു തകർച്ചയുടെ വക്കിലാണ്. സമ്പദ്ഘടനെയേയും സമൂഹത്തെയും ഈ ആപത്തിൽനിന്നും രക്ഷിക്കാനുള്ള ഒരു മാർഗമായിട്ടാണ് ജന പങ്കാളിത്തത്തോടെയുള്ള വികേന്ദ്രീകൃതാസൂത്രണം എന്ന ആശയം ഒൻപതാം പദ്ധതിയുടെ സൃഷ്ടിയിലും നടത്തിപ്പിലും നാം സ്വീകരിച്ചിരിക്കുന്നത്.

മേലെത്തട്ടിൽ നിന്നുള്ള ആസൂത്രണത്തിൽ ജനാധിപത്യ വ്യവസ്ഥയുടെ ആണിക്കല്ലുകളായ ജനങ്ങളുടെ ആവശ്യങ്ങളും അഭിലാഷങ്ങളും മനസിലാക്കാനും അത് പ്രയോഗത്തിൽ വരുത്താനും നമുക്ക് കഴിയാതെപോയി.

പ്രയോജനം ലഭിക്കേണ്ടവർ തന്നെ ആവശ്യങ്ങൾ ഉന്നയിക്കുകയും അവയ്ക്കു പരിഹാരം നിർദ്ദേശിക്കുകയും അതിനനുസരിച്ച് വികസന പദ്ധതികൾ രൂപപ്പെടുത്തുകയും ചെയ്യുക എന്ന രീതിയാണ് ജനകീയാസൂത്രണത്തിലൂടെ നടപ്പാക്കാൻ പോകുന്നത്. അതോടൊപ്പം ഗുണഭോക്താവ് നടത്തിപ്പിൽ പങ്കാളിയാവുകയും ചെയ്യും. ഇതനുസരിച്ച് 9-ാം പദ്ധതി ജനങ്ങൾ തന്നെ ആസൂത്രണം ചെയ്യട്ടെ എന്ന് കേരള സർക്കാർ തീരുമാനിച്ചു. ഇത് ഇന്നുവരെ നടപ്പിലില്ലാത്ത ഒരു സംവിധാനമായതുകൊണ്ട് ലോകം മുഴുവൻ ഇതിന്റെ നടത്തിപ്പിലേക്ക് ഉറ്റുനോക്കുകയാണ്.

9-ാം പദ്ധതിയുടെ അടങ്കൽ തുകയുടെ 40% പ്രാദേശിക ഭരണകൂടങ്ങളാണ് ചിലവിടുക. ഇതുകൂടാതെ കേരള സർക്കാരിന്റെ 60% തുകയിൽപ്പെട്ട ചില സ്കീമുകൾ, കേന്ദ്രസർക്കാർ ഫണ്ട്, മനുഷ്യദ്ധ്വാനവും സംഭാവനയുമായി ജനങ്ങളിൽ നിന്ന് സമാഹരിക്കുന്ന വിഹിതം, തുടങ്ങിയ അനവധി വിഭവങ്ങൾ നമ്മുടെ വികസന പ്രക്രിയയുടെ സ്രോതസുകളാണ്. നടത്തിപ്പിൽ പൂർണത, ജനങ്ങളുടെ ഉത്തവാദിത്വം, പണം ചോർന്നു പോകാതിരിക്കൽ, സുതാര്യത മുതലായവ ഇതിന്റെ നേട്ടങ്ങളാണ്. വികസന പ്രക്രിയയിൽ കക്ഷി രാഷ്ട്രീയത്തിനതീതമായ ബഹുജന പങ്കാളിത്തം, വികസനത്തിൽ സന്നദ്ധ പ്രവർത്തത്തിനും ജനങ്ങളുടെ കൂട്ടായ്മയ്ക്കും നല്കുന്ന ഊന്നൽ, ഉദ്യോഗസ്ഥ തലത്തിൽ ജനസേവനത്തെ മുൻനിർത്തിയുള്ള അഴിച്ചുപണി ഇവയിലൂടെ ഒരു പുതിയ വികസന സംസ്ക്കാരം നമുക്ക് വളർത്തി എടുക്കാനാവണം.

കുറിച്ചി പഞ്ചായത്തിലെ ജനകീയ ആസൂത്രണപരിപാടിയുടെ ഭാഗമായി പ്രാദേശി റിസോർഴ്സ് പേർസൺസിന്റെ ഒന്നാം ഘട്ടപരിശീലനം 17.9.96 ന് നടന്നു. അതിനുശേഷം ഒക്ടോബർ 2ന് മുൻപായി എല്ലാ വാർഡുകളിലും വിശേഷാൽഗ്രാമസഭകൾ ചേർന്നു. ഈ സഭകളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കിയിരുന്നു. ഗ്രാമ സഭകളിൽ ജനങ്ങളുടെ ആവശ്യങ്ങളെക്കുറിച്ചും അവരുടെ പ്രശ്നങ്ങളെക്കുറിച്ചും വളരെ വിശദമായ ചർച്ചകൾ നടന്നു. 12 വിവിധങ്ങളായ വിഷയങ്ങളെ അടിസ്ഥാനമാക്കി ഗ്രൂപ്പുതിരിഞ്ഞു നടന്ന ചർച്ചകളിൽ പ്രശ്നങ്ങൾക്ക് വളരെ കാതലായ പരിഹാരങ്ങളും നിർദ്ദേശിക്കപ്പെട്ടു.

ഇതോടൊപ്പംതന്നെ വികസന രേഖ തയ്യാറാക്കാനാവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു. 8 ാം വാർഡിൽ പ്രാഥമിക വിവരശേഖരണത്തിലൂടെ സർവെ വിവരങ്ങൾ ശേഖരിച്ചു, മറ്റു വാർഡുകളിൽ ദ്വിതീയ വിവര ശേഖരണത്തിലൂടെയും.

വികസന രേഖ തയ്യാറാക്കാനാവശ്യമായി ശേഖരിച്ച വിവരങ്ങൾ സംസ്ഥാന ആസൂത്രണബോർഡിന് ആദ്യമായി നല്കിയ പഞ്ചായത്ത് എന്ന ഖ്യാതി കുറിച്ചിയ്ക്ക് നേടാനായി. കുറിച്ചിയിൽ ഇതിനായി ഒരു ദിവസം മുഴുവനായി ഒക്ടോബർ പതിമൂന്നിന് നടന്ന പരിപാടി ശ്രദ്ധേയമായി. ഇതോടനുബന്ധിച്ച് ആസൂത്രണവകുപ്പിലേയും സാമൂഹ്യരംഗത്തേയും പ്രഗത്ഭമതികളായവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സെമിനാറും സംസ്ഥാന മന്ത്രി ഉൾപ്പെടെയുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പൊതുയോഗവും നടന്നു.

ശേഖരിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു പ്രദർശനവും നമുക്ക് സംഘടിപ്പിക്കാനായി.

ലോക്കൽ റിസോർസ് പേർസൺ സിന്റെ രണ്ടാം ഘട്ട പരിശീലനം 13-11-96 ന് നടന്നു. തുടർന്നുവന്ന ദിവസങ്ങളിൽ ഇവരുടെ നേതൃത്വത്തിൽ ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്ന ആവശ്യങ്ങളുടെയും പ്രശ്നങ്ങളുടെയും പ്രശ്നപരിഹാരങ്ങളുടെയും പഞ്ചായത്തുതല ക്രോഡീകരണം നടന്നു. 19-11-96 ന് പഞ്ചായത്ത് ഓഫീസിൽവച്ച് ഉദ്യോഗസ്ഥതല യോഗം സംഘടിപ്പിച്ചു. ഇതിൽ നടപ്പുപദ്ധതികളെക്കുറിച്ചുള്ള വിശദവും വിശകലനാത്മകവുമായ ചർച്ച നടന്നു. 20-11-96 മുതൽ മൂന്നു ദിവസങ്ങളിലായി പഠന പര്യടനം സംഘടിപ്പിച്ചു. ഈ ഗ്രാമത്തെ ആഴത്തിലറിയാനും മനസിലാക്കാനും ഈ പഠനപര്യനത്തിലൂടെ കഴിഞ്ഞു.

പുനരർപ്പണദിനമായ നവംബർ ഒന്നിന് കുറിച്ചിയിൽ നടന്ന ഒരു പ്രധാന സംഭവമാണ് "നിർമൽ2000" ജില്ലാതല ഉദ്ഘാടനം. 2000-ാം മാണ്ടോടെ കോട്ടയം ജില്ലയിൽ സ്വന്തമായി കക്കൂസ് ഇല്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും ഗുണഭോക്താവിന്റെ പങ്കാളിത്തത്തോടെ കക്കൂസ് നിർമ്മിച്ചുകൊടുക്കുന്ന പദ്ധതിയാണിത്. കുറിച്ചി പഞ്ചായത്തിൽ 1800 ഓളം കുടുംബങ്ങൾക്ക് ഇതന്റെ പ്രയോജനം ലഭിക്കും.

ഗ്രാമസഭകളിൽ ഉയർന്നു വന്ന ജനകീയ ആവശ്യങ്ങളിലൂടെ വികസന മേഖലകളെ കണ്ടെത്തി അവയെ വിശദീകരിച്ചുകൊണ്ടാണ് പഞ്ചായത്തിന്റെ ഈ വികസനരേഖ രൂപം കൊണ്ടിരിക്കുന്നത്.

നമ്മുടെ പഞ്ചായത്തിലെയും സമീപ പഞ്ചായത്തുകളിലെയും ബ്ലോക്കിനോടനുബന്ധിച്ചുവരുന്ന ഓഫീസുകളിലെയും താലൂക്ക് തലത്തിലുള്ള ഓഫീസുകളിലെയും ജില്ലാതലത്തിലുള്ള ഓഫീസുകളിലെയും ഒക്കെ ഉദ്യോഗസ്ഥൻമാരുടെ സഹകരണം ഈ റിപ്പോർട്ട് തയ്യാറാക്കാൻ ഉണ്ടായിട്ടുണ്ട് എന്നത് ആവേശകരമായ അനുഭവമാണ്. പഞ്ചായത്ത് കമ്മറ്റിയും വളരെയധികം ജനകീയ ആസൂത്രണ പ്രവർത്തകരും ഗ്രാമസഭകളിൽ പങ്കെടുത്തതിലൂടെ ജനങ്ങൾ ആകെയും ഇതിനായി പ്രവർത്തിച്ചിട്ടുണ്ട്.

തിളക്കമാർന്ന ഒരു ഭൂതകാലത്തിന്റെ കഴിവും മനസിനെ കുളിർപ്പിക്കുന്ന അദ്ധ്വാനത്തിന്റെ കരുത്തും മുഴുവൻ മനസിലാവാഹിച്ച് നമ്മുടെ നന്മക്കായി, പുരോഗതിയ്ക്കായി ഒത്തൊരുമിക്കാനുള്ള ഉറച്ച തീരുമാനത്തോടെ നമ്മുടെ പഞ്ചായത്തിന്റെ വികസനരേഖ നമുക്ക് ഏറ്റെടുക്കാം.



2

കുറിച്ചി പഞ്ചായത്തിന്റെ പൊതു വിവരണങ്ങൾ

പഞ്ചായത്തിന്റെ പേര് - കുറിച്ചി
ഉൾപ്പെടുന്ന വില്ലേജ് - കുറിച്ചി
ഉൾപ്പെടുന്ന കരകൾ - ഇത്തിത്താനം, കുറിച്ചി
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ - കുറിച്ചി, ഇത്തിത്താനം
ബ്ലോക്ക് പഞ്ചായത്ത് - മാടപ്പള്ളി
താലൂക്ക് - ചങ്ങനാശ്ശേരി
ജില്ല - കോട്ടയം
അസംബ്ലിമണ്ഡലം - ചങ്ങനാശ്ശേരി
വിസ്തീർണ്ണം - 16.22ചതുരശ്ര കി.മി
ജനസംഖ്യ -29577(91 സെൻസസ് പ്രകാരം)
വാർഡുകളുടെ എണ്ണം - 12
പ്രസിഡൻറിന്റെ പേര് - എം.എസ്. സോമൻ.
വൈ: പ്രസിഡൻറിന്റെ പേര് - കെ.സി. കുഞ്ഞുമോൻ

ഭരണപരമായ ചരിത്രം

തിരുവിതാംകൂറിൽ നിലനിന്നിരുന്ന വില്ലേജ് യൂണിയൻ സംവിധാനത്തിൽ കുറിച്ചി കര പ്രദേശം കുറിച്ചി വില്ലേജ് യൂണിയന്റെ ഭാഗമായിരുന്നു.

"കുറിച്ചി വില്ലേജ് യൂണിയന്റെ ഒന്നാമത് യോഗം 1123 മേടം 13 ന് പ്രസിഡൻറിന്റെ വസതിയായ ആനന്ദവിലാസം, (കോലത്തുകുളം) കുറിച്ചിയിൽ ചേർന്നു. പ്രസിഡൻറ് കെ.പി. ഏബ്രഹാം. മെമ്പറന്മാർ സി.എം. പോൾ, പി.സി. ആൻഡ്രൂസ്. ബി.എ, റ്റി. റ്റി.കേശവൻ ശാസ്ത്രി, ചെറിയാൻ.കെ. പാലത്ര, എൻ. പരമേശ്വരൻ ഇളയത്. ഉദ്യോഗസ്ഥമെമ്പറന്മാർ - കുറിച്ചി കോ ഓപ്പറേറ്റീവ് ഇൻസ്പെക്ടർ കെ.കെ. ചാക്കോ ബി.എ, സാനിറ്ററി ഓഫീസർ എം.ഐ. ഡേവിഡ് എന്നിവർ പങ്കെടുത്തു."

1952ൽ കുറിച്ചികരയോടൊപ്പം വാലടി, ഈര, കരുനാട്ടുവാല കരകൾ കൂടി

ഉൾപ്പെടുത്തി നീലംപേരൂർ പഞ്ചായത്ത് രൂപം കൊണ്ടു. കുറിച്ചി പ്രദേശത്തെ പ്രതിനിധീകരിച്ച് കെ. നാരായണൻ സർ, ഡോ കുര്യൻ ചന്ദ്രത്തിൽ, കൃഷ്ണൻകുട്ടി അമ്പഴത്തിങ്കൽ ഗോപാലകൃഷ്ണൻ(റിസർവേഷൻ മെമ്പർ) എന്നിവർ നീലംപേരൂർ പഞ്ചായത്തിൽ അംഗങ്ങളായിരുന്നു. നരേന്ദ്രനാഥ്രായിരുന്നു പഞ്ചായത്ത് പ്രസിഡൻറ്.

ഇത്തിത്താനം കര വാഴപ്പള്ളി പഞ്ചായത്തിൻെറ ഭാഗമായി മാറി. ഇവിടെനിന്നും വി.കെ. ദാമോദരൻനായർ, പികെ. രാഘവൻ പുതുപ്പറമ്പിൽ, സുകുമാരൻ കുന്നേപ്പറമ്പിൽ എന്നിവർ വാഴപ്പള്ളിപഞ്ചായത്തിൽ അംഗങ്ങളായിരുന്നു. തോട്ടായിൽ ചെല്ലപ്പക്കുറുപ്പായിരുന്നു പഞ്ചായത്ത് പ്രസിഡൻറ്.

1-1-1962 ൽ ആണ് നീലം പേരൂർ പഞ്ചായത്തിൻെറ ഭാഗമായ കുറിച്ചികരയും, വാഴപ്പള്ളി പഞ്ചായത്തിൻെറ ഭാഗമായ ഇത്തിത്താനം കരയും ചേർത്ത് കുറിച്ചി പഞ്ചായത്ത് രൂപീകരിച്ചത്. 21-11-63 ന് ആണ് കുറിച്ചി പഞ്ചായത്തിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി അധികാരമേല്ക്കുന്നത്. ഈ യോഗം മാടപ്പള്ളി ബ്ലോക്ക് ഓഫീസറുടെ മേൽനോട്ടത്തിലാണ് നടന്നത്. രൂപീകരണം മുതൽ 21-11-63 വരെ അതാതു കരകൾ നിലനിന്നിരുന്ന പഞ്ചായത്തുകളിലെ, കരകളെ പ്രതിനിധാനം ചെയ്തിരുന്ന മെമ്പറന്മാർ തുടരുകയായിരുന്നു.

തിരുവനന്തപുരത്തു നിന്ന് മെയിൻ സെൻട്രൽ റോഡുവഴി 148 കി.മി. യാത്ര ചെയ്താൽ കുറിച്ചിയിൽ എത്താം. കുറിച്ചിയെ രണ്ടായി ഭാഗിച്ചുകൊണ്ട് റോഡ് തെക്കു വടക്ക് കടന്നുപോകുന്നു. കിഴക്കു പടിഞ്ഞാറായി ഏതാണ്ട് 4 1/2 മൈൽ നീണ്ടു കിടക്കുന്ന കുറിച്ചിയുടെ, പടിഞ്ഞാറു ഭാഗം കുട്ടനാടൻ പുഞ്ചനിലങ്ങളാണ്. നീലം പേരൂർ പഞ്ചായത്താണ് ഈ ഭാഗത്ത് അതിർത്തിയായി വരുക. കിഴക്കുഭാഗം വാകത്താനം പഞ്ചായത്ത് അതിരിടുന്നു. വടക്കു ഭാഗത്തെ അതിരുകൾ പനച്ചിക്കാട്, നാട്ടകം പഞ്ചായത്തുകളാണ്. തെക്കുഭാഗത്ത് വാഴപ്പള്ളി പഞ്ചായത്ത് സ്ഥിതിചെയ്യുന്നു. സെൻസസ് വിഭജനം അനുസരിച്ച് തീരദേശത്തിലാണ് ഉൾപ്പെടുന്നതെങ്കിലും കുറിച്ചി ഇടനാടിൻെറയും തീരപ്രദേശത്തിൻെറയും ഭൂപ്രകൃതിയുള്ള പ്രദേശമാണ്. കുറിച്ചിയുടെ അതിർത്തിയിൽനിന്ന് 6 കി.മി. തെക്കോട്ടു യാത്രചെയ്താൽ താലൂക്ക് ആസ്ഥാനമായ ചങ്ങനാശ്ശേരിയിലും 11കി.മി. വടക്കോട്ട് യാത്ര ചെയ്താൽ ജില്ലാ ആസ്ഥാനമായ കോട്ടയത്തും എത്തും.

8വാർഡുകളാണ് ആദ്യമായി പഞ്ചായത്തിൽ ഉണ്ടായിരുന്നത്. ഭരണസമിതിയിൽ 8 വാർഡുകളെ പ്രതിനിധീകരിക്കുന്നവരും 2 നോമിനികളും ഉൾപ്പടെ 10 അംഗങ്ങളും.

പി.കെ. കുറിയാക്കോസ് പള്ളിത്തേട്ട്, Dr. സ്കറിയ പള്ളത്തേട്ട്, ഏബ്രഹാം കാരിക്കോട്ട്, എൻ. വാസുദേവപണിക്കർ കോമടത്ത്, ചാക്കോ ആഗസ്തി ചെങ്ങാട്ട് (കുഞ്ഞച്ചൻ) വി.കെ. ദാമോദരൻനായർ വടക്കേറ്റിൽ, വി.കെ. കുര്യൻ കണ്ണകേരി, വി.കെ. മാധവൻ വെട്ടുകുഴിപ്പറമ്പ്, കെ.കെ. കുട്ടപ്പൻ കല്ലുതറ(റിസർവേഷൻ മെമ്പർ) അന്നമ്മ കണ്ണന്തറ എന്നിവരായിരുന്നു അംഗങ്ങൾ. അന്നമ്മയ്ക്കു പകരം മറിയാമ്മ ഇ. ജോണും വി.കെ. ദാമോദരൻനായർക്കു പകരം പി ശ്രീധരൻനായർ മുല്ലശ്ശേരിയും, കെ.കെ. കുട്ടപ്പനു പകരം സി.എ. വിജയൻ ചാലുമാട്ടുതറയും പിന്നീട് പ്രതിനിധികളായി. ഈ സമിതിയിൽ പി.കെ. കുറിയാക്കോസ് പള്ളത്താട്ട് 1968വരെ പ്രസിഡൻറ് ആയിരുന്നു. പിന്നീട് കോമടത്തു വാസുദേവപണിക്കർ പ്രസിഡൻറായി.

ചാലച്ചിറയിലുള്ള പഞ്ചായത്തു വക കെട്ടിടത്തിലാണ് പഞ്ചായത്ത് ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നത്. ഈ കെട്ടിടം സ്ഥിതി ചെയ്യുന്ന 25 സെൻറു സ്ഥലം, വാഴപ്പള്ളി പഞ്ചായത്ത് ആയിരുന്ന സമയത്ത്

കോയിപ്പുറത്ത് ഈശ്വരൻ നായർ സംഭാവനയായി നൽകിയതാണ്. കുറിച്ചി പഞ്ചായത്ത് ഓഫീസ് പിന്നീട് വാടകയ്ക്ക് കാലായിപടി, ഓട്ടുപോസ്റ്റ് എന്നിവിടങ്ങളിൽ പ്രവർത്തിച്ചു. ഇതിനുശേഷം റെയിൽവേ പുറമ്പോക്ക്വക സ്ഥലം വാങ്ങുകയും ഇന്നു കാണുന്ന പഞ്ചായത്തു ഓഫീസ് കെട്ടിടം പണിത് അവിടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഈ പഞ്ചായത്തു സമിതി 1979 വരെ നിലനിന്നു.

അടുത്ത പഞ്ചായത്തു സമിതി നിലവിൽ വരുന്നത് 29-9-79ൽ ആണ് അന്ന് പത്തു വാർഡുകളാണ് ഉണ്ടായിരുന്നത്. റ്റി.ബി. കുഞ്ഞപ്പി തടത്തിപറമ്പിൽ, ഇ.ഇ. ജോൺ എണ്ണക്കാച്ചിറ, കെ.വി. സോമൻ, സചിവോത്തമപുരം കോളനി, റ്റി.എം. മാത്യു തണ്ടാത്തുശ്ശേരിൽ, കെ.ജി. ജോർജ് കോലത്ത്, കെ.കെ. ശ്രീധരൻ ഇടശ്ശേരിൽ, ഏ.എൻ. തങ്കപ്പൻനായർ അമ്പാട്ട്, കെ.കെ. മാത്യു കാഞ്ഞിരത്തുംമൂട്ടിൽ. കെ.എം. മാത്യു കൈതയിൽ, ലീലാമ്മ മാത്യു കണ്ണന്തറ എന്നിവരായിരുന്നു ഈ സമിതിയിലെ അംഗങ്ങൾ. കെ.എം. മാത്യു കൈതയിലിന്റെ നേതൃത്വത്തിൽ ആണ് ഈ ഭരണസമിതി പ്രവർത്തിച്ചത്. കെ.ജി. ജോർജ് കോലത്ത് ആയിരുന്നു വൈസ്പ്രസിഡൻറ്.

അടുത്ത പഞ്ചായത്ത് സമിതി എം. എസ്. സോമൻ മങ്ങാട്ടിന്റെ നേതൃത്വത്തിലാണ് ഉണ്ടായത്. ജേക്കബ് ഏബ്രഹാം മഞ്ഞപ്പള്ളത്ര, ഉതുപ്പുതോമസ് പറമ്പിൽ, എം. എൻ. നന്ദകുമാരൻനായർ മണിമന്ദിരം, എം. എൻ. കൃഷ്ണൻനായർ കോമന്നൂർ, പിജി. വാസുക്കുട്ടനായർ പാറപ്പറമ്പിൽ, കെ.വി. സോമൻ സചിവോത്തമപുരം കോളനി, പിജി. രവീന്ദ്രൻ ഭൂതകുളങ്ങര, ഷാജി ജോസഫ് ഇടത്തുവീട്ടിൽ, കമലാക്ഷി സുരേന്ദ്രൻ ഒറ്റതെങ്ങിൽ, എസ്. കെ. തങ്കമ്മ ചാലയ്ക്കാപറമ്പിൽ എന്നിവരായിരുന്നു മറ്റ് അംഗങ്ങൾ. ഈ സമയത്ത് വാർഡുകളുടെ എണ്ണം പതിനൊന്നായിരുന്നു. വൈസ് പ്രസിഡൻറായി എം.എൻ. നന്ദകുമാരൻ നായർ പ്രവർത്തിച്ചു.

30-9-95 മുതൽ നിലവിലിരിക്കുന്ന ഭരണസമിതിയും എം.എസ്. സോമൻ മങ്ങാട്ടിന്റെ നേതൃത്വത്തിലുള്ളതാണ്. ഈ ഭരണസമിതിയിലെ മറ്റംഗങ്ങൾ കെ.സി. കുഞ്ഞുമോൻ, കെ.സി.കെ. ഭവൻ, തോമസ് മാത്യു കുന്നേൽ, പിജി. രവീന്ദ്രൻ ഭൂതക്കുളങ്ങര, ബിജു തോമസ് പൂഴിക്കുന്നേൽ, ജോൺ പുന്നൂസ് തോപ്പിൽ, ഡോ. മോഹൻ സിറിയക്ക് കണ്ടം കേരിൽ, വിജു പ്രസാദ് അട്ടച്ചിറ, ഡോ. ശോഭാസലിമോൻ ചിറയിൽ വാലയിൽ, സി.ജി. പങ്കജാക്ഷിയമ്മ താമരക്കുളം, പി.ആർ. തങ്കമണി കൊച്ചുപറമ്പ്, മറിയാമ്മ കുറിയാക്കോസ്, മഴുവഞ്ചേരിൽ എന്നിവരാണ് കെ.സി. കുഞ്ഞുമോൻ വൈസ് പ്രസിഡൻറായും തോമസ് മാത്യു സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ ആയും പ്രവർത്തിക്കുന്നു.

പഞ്ചായത്തിൽ ഇന്നുള്ള പന്ത്രണ്ടു വാർഡുകളിൽ നാല് വനിതാ സംവരണ വാർഡുകളും രണ്ട് പട്ടികജാതി സംവരണ വാർഡുകളുമാണുള്ളത്..

3 സാമൂഹിക സാംസ്ക്കാരിക ചരിത്രം

കളിവിളക്കിന്റെ ആലക്തിക ശോഭയിൽ ചെണ്ടയുടെയും, ചേങ്ങിലയുടെയും മദ്ദളത്തിന്റെയും മുഴങ്ങുന്ന ശബ്ദത്തിൽ തുടിച്ചു നിന്നിരുന്ന ഗുരുശ്രീപുരം ഗ്രാമത്തിൽ നിന്ന് കുറിച്ചിയുടെ ചരിത്രം ആരംഭിക്കാംഈ മനോഹാരിതയ്ക്ക് കുട്ടനാടൻ പാടശേഖരത്തിൽ നിന്നുള്ള കുളിർകാറ്റിന്റെ സുഖവും കൂടിയാവുമ്പോൾ പുതിയ കുറിച്ചിയിലേക്കുള്ള പ്രയാണം ആരംഭിക്കുന്നു.

ഐതിഹ്യങ്ങളുടെ പഴമയിൽ പാണ്ഡവൻമാരുമായി ബന്ധപ്പെട്ടുവരുന്ന മുട്ടാകുളവും ഉരലും കുറിച്ചിയുടെ പഴമയക്ക് മാറ്റുകൂട്ടുന്നു. ഇതുമായി ബന്ധപ്പെട്ട് ഇന്നും കാണുന്ന തെളിവ് എന്ന നിലയിൽ പുലിക്കുഴിയിലെ പുരയിടത്തിൽ കാണുന്ന ഉരലിനെ നോക്കികണ്ടാൽ വനവാസകാലത്ത് പാണ്ഡവന്മാരുടെ ഒരു താവളമായി കുറിച്ചിയെ കാണേണ്ടിവരും. അങ്ങനെയെങ്കിൽ വനനിബിഡമായിരുന്ന കുറിച്ചിയിൽ നിന്നും ജനനിബിഡമായ കുറിച്ചിയിലേക്ക് എത്തുന്നതിന് ചരിത്രത്തിന്റെ ഏടുകളിലൂടെ വളരെ യാത്ര ചെയ്യേണ്ടതായും വരും. ഈ പഴമൊഴിയിലേക്ക് വെളിച്ചം വീശുന്ന രേഖകൾ ഒന്നുംതന്നെ നിലനില്ക്കുന്നില്ല. അതുകൊണ്ട് കേട്ടറിവുകളെയും നാട്ടറിവുകളേയും ആശ്രയിക്കുകയേ നിവൃത്തിയുണ്ടാവൂ.

ഗുരുശ്രീപുരത്തിലെ കൃഷ്ണൻകുന്നിലെ ക്ഷേത്രത്തിലെ കൃഷ്ണന്റെ വിഗ്രഹം അമ്പലപ്പുഴ അമ്പലത്തിലേക്ക് കടത്തികൊണ്ടുപോയി എന്ന പാടിപ്പതിഞ്ഞ ശബ്ദത്തിലൂടെയും വായ്മൊഴിയിലൂടെയും കിട്ടിയ അറിവ് കുറിച്ചിയുടെ പഴമയിലെ സുവർണകാലഘട്ടത്തെ ഓർമ്മിപ്പിക്കുന്നു ഇത്തിത്താനത്തെ ചില കുടുംബങ്ങളോടനുബന്ധിച്ച് നടത്തിയിരുന്നു എന്നു പറയപ്പെടുന്ന കളരികളുടെ അറിവ് ഇവിട് ആ കാലഘട്ടങ്ങളിൽ ആയോധനകലയും അഭ്യാസവും പഠിക്കുന്നതിന് സൗകര്യം ഉണ്ടായിരുന്നു എന്നതിന് തെളിവായി കാണാം.

ചരിത്രഗണന സാധ്യമാകുന്ന ഒരു കാലഘട്ടത്തിൽ കുറിച്ചി ചെമ്പകശേരി രാജാവിന്റെ ഭരണത്തിലുള്ള പ്രദേശമായിരുന്നു. ഇതിലെ തെക്കുംകൂർ ദേശത്തിന്റെ ഭാഗമായിരുന്നു കുറിച്ചി.

ഇന്നത്തെ കുറിച്ചി പഞ്ചായത്ത് ഉൾപ്പെടുന്ന പ്രദേശത്ത് കുറിച്ചി ഇത്തിത്താനം എന്നീ കരകളാണ് ആദ്യകാലം മുതൽ നിലനിന്നിരുന്നത്. ഗുരുശ്രീപുരം എന്ന നാമത്തിൽ നിന്നാണ് കുറിച്ചി എന്നപേര് ഉണ്ടായത്. ഗുരുശ്രീപുരം എന്നാൽ ഗുരുക്കന്മാരുടെ ശ്രീ നിറഞ്ഞിടം എന്നാണ്. കഥകളി, വൈദ്യം, സംസ്കൃതം ഇത്യാദി വിഷയങ്ങളിലൊക്കെ നിപുണരായവർ ഇവിടെയുണ്ടായിരുന്നു. ചുറ്റുമുള്ള പ്രദേശത്തുനിന്നും ആളുകൾ ഇവിടെവന്ന് താമസിച്ച് അഭ്യാസം നടത്തിയിരുന്നതായും പറയപ്പെടുന്നു. ഇത്തിത്താനത്തെ സംബന്ധിച്ച് ഇട്ടിയ്ക്ക് ദാനം കിട്ടിയ പ്രദേശമാണ്, ഇട്ടിദാനവും പിന്നീട് ഇത്തിത്താനവുമായി പരിണമിച്ചത് എന്നും പറയപ്പെടുന്നു.

ഈ രണ്ടു കരകളിലെയും ജനവാസം ക്ഷേത്രങ്ങൾ പള്ളികൾ എന്നീ ആരാധനാലയങ്ങളെ ചുറ്റിപറ്റിയായിരുന്നു. 108 ശിവക്ഷേത്രങ്ങളിൽ ഒന്നായ ചിറവം മുട്ടം മഹാദേവക്ഷേത്രവും ഇളങ്കാവ് ദേവീക്ഷേത്രവും ചെറുപാറക്കാവ്, തൃക്കപലേശ്വരം, ശങ്കരപുരം ക്ഷെത്രങ്ങളും ഹിന്ദു ആരാധനാലയങ്ങളിൽ പ്രധാനമായവയാണ്.

സെൻറ് പീറ്റർ & സെൻറ് പോൾസ് ഓർത്തഡോക്സ് ചർച്ച് എന്ന കുറിച്ചി വലിയ പള്ളിയാണ് ആദ്യത്തെ പള്ളി. മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായിരുന്ന ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ (കല്ലാശേരി ബാവ) തിരുമേനി ഈ ഇടവകാംഗമായിരുന്നു.

സെൻറ് മേരീസ് പുത്തൻ പള്ളി (യാക്കോബായ), മാർ ഇഗ്നാത്തിയോസ് ചർച്ച്(ക്നാനായ) സെൻറ് ജോൺസ് & സെൻറ് മേരീസ് ചർച്ച് (ഓർത്തഡോക്സ്),ഹോളിഫാമിലി ചർച്ച്, സെൻറ് ജോസഫ് ചർച്ച്, സെൻറ്മേരീസ് ചർച്ച്, സെൻറ് ഫ്രാൻസി സേവിയേഴ്സ് ചർച്ച് (കത്തോലിക്ക), സി.എം.എസ് കത്തീഡ്രൽ ചർച്ച്(സി.എം.എസ്) സെവൻത്ഡേ അഡ്വവൻറിസ്റ്റ് ചർച്ച് തുടങ്ങിയവയാണ് പ്രധാന ക്രൈസ്തവ ദേവാലയങ്ങൾ. സി.എം.എസ് സഭയുടെ ആസ്ഥാനവും വട്ടപ്പാറ വലിയ തിരുമേനിയുടെ കബറിടവും കുറിച്ചിയിലാണ്.

അയിത്തവും തീണ്ടൽതൊടീൽ വ്യവസ്ഥിതിയും ഈ പ്രദേശങ്ങളിലും നിലനിന്നിരുന്നു. അത് ചില പ്രദേശങ്ങളിൽ ചില സമുദായങ്ങൾ കേന്ദ്രീകരിക്കാൻ ഇടയാക്കിയിട്ടുണ്ട്.

ജനങ്ങളുടെ മുഖ്യ തൊഴിൽ കൃഷിയായിരുന്നു. ജാതിമതഭേദമെന്യേ എല്ലാ സമുദായത്തിൽപ്പെട്ട ജനങ്ങളും കൃഷിപ്പണിയിൽ ഏർപ്പെട്ടിരുന്നു. അദ്ധ്വാനിക്കുന്നവൻറെ കലാരൂപങ്ങളായ ചക്രപ്പാട്ട്, ഞാറ്റുപാട്ട് മുതലായവ നല്ലനിലയിൽ വികസിച്ചിരുന്നു. അടുത്തകാലംവരെ ഇതൊക്കെ നിലനില്ക്കുകയും ചെയ്തിരുന്നു.

ഈ നൂറ്റാണ്ടിൻെറ ആദ്യകാലങ്ങളിൽ സാമുദായിക സംഘടനകളുടെ പ്രവർത്തനം ഇവിടെ ആരംഭിച്ചിരുന്നു. ദേശീയ പ്രസ്ഥാനത്തിൻെറ വലിയ പ്രവർത്തനം ഈ വില്ലേജിൽ കാര്യമായി ഉണ്ടായിരുന്നില്ല. എന്നാൽ ഉന്നത വിദ്യാഭ്യാസത്തിനായി ഇവിടെ നിന്നും പോയിരുന്നവരിൽ ചിലരും വലിയ സാമൂഹിക കാഴ്ചപ്പാടുണ്ടായിരുന്ന ചിലരും കോൺഗ്രസ് പ്രസ്ഥാനത്തെക്കുറിച്ചും അതിൻെറ പ്രവർത്തനത്തെക്കുറിച്ചും മനസിലാക്കുകയും അതിൻെറ പ്രചരണം കുറെയെങ്കിലും ഇവിടെ നടത്തുകയും ചെയ്തിട്ടുണ്ട്. ഇത്തിത്താനം പ്രദേശത്തുനിന്നും ആനാരിൽ വാസുദേവൻനായർ, കണ്ണന്തറ മാത്യൂസ്, പാലാക്കുന്നേൽ അപ്പച്ചൻ ചക്യായിൽ ദേവസ്യ തുടങ്ങിയവരും കുറിച്ചി ഭാഗത്തുനിന്നും മുളക്കാഞ്ചിറ ജോസ്, പള്ളത്തേട്ട് Dr. സ്കറിയാ, പള്ളത്തേട്ട് കുറിയാക്കോസ് കുട്ടിസർ തുടങ്ങിയവർ ഇവരിൽ പ്രധാനികളാണ്.

1952ൽ ശ്രീ പറവൂർ ടി.കെയുടെ ഭരണകാലത്ത് ഹിന്ദുമണ്ഡലത്തിന്റെ പ്രചാരണം കുറിച്ചി വില്ലേജിൽ ആരംഭിച്ചു. ഇതോടൊപ്പം ഒരു രാഷ്ട്രീയ മാറ്റത്തിന്റെ കാറ്റും കുറിച്ചിയിൽ വീശിത്തുടങ്ങി.

ഈ കാലഘട്ടത്തിൽ ഇതുമായി ബന്ധപ്പെട്ട പല പ്രമുഖരും ഇവിടെ ഒളിവിൽ താമസിക്കുകയുണ്ടായിട്ടുണ്ട്. വർഗീസ് വൈദ്യൻ, പി.റ്റി. പുന്നൂസ്, കുഞ്ഞനന്തൻ, കുമാരപ്പണിക്കർ, റ്റി.കെ. രാമകൃഷ്ണൻ, സി. ഉണ്ണിരാജ, വാസുദേവക്കുറുപ്പ്, എസ്.കെ. ദാസ്, സി.എസ്. ഗോപാലപിള്ള, സി.കെ. വിശ്വനാഥൻ തുടങ്ങിയവർ ഇതിൽ പെടുന്നു.

കുറിച്ചി പ്രദേശത്തെ തന്റെ കർമ്മ മണ്ഡലമാക്കിയ മഹോപാദ്ധ്യായ ശ്രീ. കെ. നാരായണൻ സാറിന്റെ പ്രവർത്തനം ഒളിവൽ താമസിച്ചവർക്കു സഹായം നല്കുക എന്നതിൽ കവിഞ്ഞ് ഇവിടെ നിന്നും ഇതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നതിന് വളരെയാളുകൾക്ക് പ്രചോദന മേകുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് ഇത്തിത്താനം പ്രദേശത്ത് ശ്രീമാന്മാർ പി. ശങ്കരപ്പിള്ള പി.ജി. ഗോവിന്ദനാചാരി, എം. ജെ. ഭാസ്ക്കരൻനായർ ആനാരിൽ വാസുദേവൻനായർ അപ്പുക്കുട്ടൻനായർ തങ്കപ്പൻനായർ തുടങ്ങിയവരും കുറിച്ചി പ്രദേശത്ത് പി.കെ. മാധവൻ, ഇ. ഇ. ജോൺ, റ്റി.പി. മാധവൻ, റ്റി.കെ. കുമാരൻ പി.കെ. രാഘവൻ, പി.കെ. കൃഷ്ണൻ ശാസ്ത്രി, എ.കെ. ദാമോദരൻ, തടത്തിൽപ്പറമ്പിൽ ചാക്കോ മുതലായവരും പ്രവർത്തിച്ചിട്ടുണ്ട്.

തുടർന്നു വന്ന 1952 ലെ പൊതുതിരഞ്ഞെടുപ്പിൽ തിരുവാർപ്പു നിയോജകമണ്ഡലത്തെ പ്രതിനിധാനം ചെയ്ത് തിരുക്കൊച്ചി നിയമസഭയിലേക്ക് ശ്രീ എൻ രാഘവക്കുറുപ്പ് സ്ഥാനാർത്ഥിയായി വന്നതോടുകൂടി ഇത്തിത്താനത്തും കുറിച്ചി യിലും രാഷ്ട്രീയ ധ്രുവീകരണം ശക്തമായി.

ഈ പ്രവർത്തനങ്ങളോടൊക്കെ അനുബന്ധിച്ച് വളരെയധികം ഒറ്റപ്പെട്ട കൂട്ടായ്മകൾ ഈ പ്രദേശങ്ങളിൽ നടന്നിരുന്നു. ഇത്തരം കൂട്ടായ്മകൾ ഇവിടുത്തെ ജനങ്ങളിൽ പ്രത്യേകിച്ച് അടിച്ചമർത്തപ്പെട്ടിരുന്ന വിഭാഗങ്ങളിൽ സാമൂഹികമായ കാഴ്ച്ചപ്പാടിനെക്കുറിച്ച് വലിയ മാറ്റത്തോടുകൂടി ചിന്തിക്കുന്നതിന് അവസരമുണ്ടാക്കി. തുടർന്ന് അത്തരം മാറ്റങ്ങൾക്ക് വേണ്ടിയുള്ള പ്രവർത്തനത്തിന് അവർക്ക് ഇത് പ്രചോദനം ആയിമാറുകയും ചെയ്തു.

ക്ഷേത്രങ്ങളിൽ ആരാധന നടത്തുന്നതിനോ സ്ക്കൂളുകളിൽ പോയി പഠിക്കുന്നതിനോ മാത്രമല്ല വഴിനട ക്കുന്നതിനു പോലും സ്വാതന്ത്ര്യമില്ലായിരുന്ന ഒരു ജനതതിയുടെ ഉന്നമനത്തിന് വഴിവച്ച മറ്റൊരു മാറ്റമാണ് സചിവോത്തമപുരം കോളനിയുടെ സ്ഥാപനം. 1938 ൽ തിരുവിതാംകൂർ ഗവൺമെന്റ് ആണ് കോളനിയുടെ സ്ഥാപനം നടത്തുന്നത്. ഇത് ഇന്ത്യയിലെ തന്നെ ആദ്യത്തെ മോഡൽ കോളനി ആയിരുന്നു. 112 ഏക്കറിലായി 40 കുടുംബങ്ങളെ താമസിപ്പിച്ചുകൊണ്ടാണ് ഇത് ആരംഭിക്കുന്നത്. 1950 ൽ തിരുവിതാംകൂർ കൊച്ചി ഗവൺമെന്റ് കൂടുതൽ ആളുകളെ താമസിപ്പിച്ച് കോളനി വലുതാക്കി. ഇതിൽ പട്ടികജാതി പട്ടികവർഗവിഭാഗത്തിൽപ്പെട്ട വർക്കു പുറമെ താഴ്ന്നജാതിക്കാരെന്ന് അന്നു കണക്കാക്കിയിരുന്നവരെയും പെടുത്തിയിരുന്നു. അന്നത്തെ ദിവാനായിരുന്ന സർ സി. പി. രാമസ്വാമി അയ്യരുടെ പേരിലാണ് (സചിവോത്തമപുരം) കോളനി അറിയപ്പെട്ടിരുന്നത്. ഇതിന്റെ സ്ഥാപനത്തിനായി പിന്നീട് തിരുവിതാംകൂർ കൊച്ചി നിയമസഭാ ഡെപ്യൂട്ടി സ്പീക്കറായിരുന്ന ശ്രീ. റ്റി.റ്റി. കേശവൻ ശാസ്ത്രിയുടെ പ്രവർത്തനങ്ങൾ ഓർമ്മിക്കപ്പെടേണ്ടതാണ്. അദ്ദേഹം കോളനിയുടെ വാർഡൻ സ്ഥാനവും വഹിച്ചിട്ടുണ്ട്. ഇതിന്റെ സ്ഥാപനവുമായി

ബന്ധപ്പെട്ട ശ്രീ ആനന്ദൻ എന്ന ആളുടെ പ്രവർത്തനങ്ങളും വിലമതിക്കുന്നതാണ്. കോളനിയോടനുബന്ധിച്ച് ഒരു രാത്രി സ്കൂളും ക്ഷേത്രവും ഉണ്ടാകുന്ന. ഇന്ന് രാത്രി സ്കൂളിനുപകരമായി ഹരിജൻ വെൽഫയർ സ്കൂൾ പ്രവർത്തിക്കുന്നു. സ്വാമി ശ്രീനാരായണതീർത്ഥരുടെ ശ്രമവും ഇതിനായി വളരെ ഉണ്ടായിട്ടുണ്ട്.

ക്ഷേത്രപ്രവേശന വിളംബരത്തോടുകൂടിയുണ്ടായ സാമൂഹികമാറ്റം ഇവിടെയും പ്രതിഫലിച്ചു. സമൂഹത്തിന്റെ മാനസിക ഭാവങ്ങളിൽ കാതലായ മാറ്റം ഉണ്ടാക്കാൻ ഇത് വളരെ സഹായിച്ചിട്ടുണ്ട്.

സാമ്പത്തിക രംഗങ്ങളിൽ ജന്മിമാരുടെ നുകത്തിനടിയിൽപ്പെട്ട് തീർത്തും അശരണരായികഴിഞ്ഞിരുന്ന ഒരു ജനതതിയുടെ സ്വാതന്ത്ര്യം ആ കാലഘട്ടത്തിലും പ്രശ്നമായി അവശേഷിച്ചു. സ്വന്തമായി തല ചായ്ക്കാൻ ഒരു കൂരപോലുമില്ലാതെ, ജന്മിയുടെ പാടത്തും പറമ്പിലും അടിമകളെപ്പോലെ ജോലിചെയ്തു ജീവിച്ചവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമാകുന്നത് 1957ൽ അധികാരത്തിൽ വന്ന കമ്യൂണിസ്റ്റു മന്ത്രിസഭ പാസാക്കിയ ഭൂപരിഷ്ക്കരണ നിയമത്തോടെയാണ്. ജന്മിത്വത്തിൽ സമൂല പരിവർത്തനം വരുത്തിയത് ഈ നിയമഭേദഗതിയാണ്. എന്നാൽ എടുത്തു പറയത്തക്ക കർഷക സമരങ്ങളോ മുന്നേറ്റങ്ങളോ ഈ ആവശ്യത്തിനായി ഇവിടെ ഉണ്ടായിട്ടില്ല. എന്നാൽ കർഷക തൊഴിലാളികളുടെ ന്യായമായ ആവശ്യ ത്തിനു വേണ്ടിയുള്ള പ്രക്ഷോഭങ്ങൾ പലപ്പോഴും നടന്നിരുന്നു.

വിദ്യാഭ്യാസപരമായി ഈ ഗ്രാമം വളരെ പിന്നിലായിരുന്നു. ഒരു കാലഘട്ടത്തിൽ വളരെയധികം എഴുത്താശ്ശാൻ കളരികൾ നിലന്നിരുന്നു എങ്കിലും പൊതുവിദ്യാഭ്യാസം എന്ന നിലയിലേയ്ക്ക് അത് എത്തിയിരുന്നില്ല. ഉന്നത വിഭാഗത്തിൽപ്പെട്ട ചിലർ മാത്രമായിരുന്നു സംസ്കൃതവും എഴുത്തും വായനയും പഠിച്ചിരുന്നത്. അവശ വിഭാഗത്തിൽപ്പെട്ടവരുടെ സ്ഥിതി തീർത്തും നിരാശജനകമായിരുന്നു.

കുറിച്ചി കാവിക്കുന്നിലെ ഗവൺമെൻറ് സക്കൂൾ ആണ് ആദ്യമായി ഈ പ്രദേശത്ത് ഉണ്ടാകുന്ന സ്കൂൾ. ഇല്ലിത്തുണ്ടിയിൽ കളരിയായും പിന്നീട് സ്കൂളായും മാറിയ സ്ഥാപനം ചെറുപാറക്കാവ് ദേവസ്വം വകസ്ഥലത്ത് നാട്ടുകാരുടെ ശ്രമദാനത്തോടെ സ്കൂളായി മാറുകയാണ് ഉണ്ടായത്. ഇതിനോടനുബന്ധിച്ച് വളരെ വിപ്ലവകരമായ ഒരു പ്രവർത്തനം നടന്നതും ശ്രദ്ധിക്കപ്പെടേണ്ടതായുണ്ട്. സ്ത്രീ വിദ്യാഭ്യാസം സാർവത്രികമല്ലാതിരുന്ന ഒരു കാലഘട്ടത്തിൽ സമൂഹത്തിലെ യഥാസ്ഥിതികരെന്നു കരുതുന്ന നമ്പൂതിരി സമുദായത്തിലെ ആളുകൾ ഉൾപ്പെടെയുള്ളവർ ശ്രമിച്ച് ഈ സ്കൂളിനോട് ചേർന്ന് ഒരു പെൺപള്ളിക്കൂടം തുടങ്ങി എന്നത് പ്രത്യേക കാഴ്ചപ്പാടോടെ നോക്കികാണേണ്ടതായുണ്ട്. വെണ്ണിമന മഠം തിരുമേനി, ചന്ദ്രത്തിൽ മാത്യു പീലിപ്പോസ് അമ്പഴത്തിങ്കൽ കേശവകൈമൾ, നെയ്ച്ചേരിൽ ഉലഹന്നാൻ കുരുവിള തുടങ്ങിയവരാണ് ഇതിന് നേതൃത്വം നൽകിയത്. ഈ സ്കൂളിൽ അദ്ധ്യാപകരും പ്രധാന അദ്ധ്യാപകരുമായി പ്രവർത്തിച്ച ശ്രീമാൻമാർ കോലപ്പാപിള്ള, ഹരിഹരയ്യർ, അമ്പലപ്പുഴ പാച്ചുപിള്ള സർ മുതലായവരുടെ പേരുകൾ ചിലരുടെയെങ്കിലും ഓർമയിൽ നിലനില്ക്കുന്നു. ഈ സ്കൂളിന്റെ ശതാബ്ദി ആഘോഷങ്ങൾ 1991 ൽ നടന്നു. ഇപ്പോൾ ഇത് കുറിച്ചി ഗവൺമെൻറ് ഹൈസ്കൂളായി പ്രവർത്തിക്കുന്നു. തൊട്ടു തന്നെ ഗവൺമെൻറ് എൽ.പി.സ്കൂളും.

ശ്രീനാരായണ ശിഷ്യനും കർമ്മയോഗിയുമായിരുന്ന സ്വാമി ശ്രീനാരയണ തീർത്ഥ

രുടെ ശ്രമഫലമായി അദ്വൈത വിദ്യാശ്രമം സ്കൂളിന്റെ സ്ഥാപനം 1934ൽ നടന്നു. സംസ്കൃത സ്കൂളായി തുടങ്ങിയ ഈ സ്കൂൾ 1950 ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. അന്ന് ഒന്നാം ഭാഷയായി സംസ്കൃതം പഠിപ്പിച്ചിരുന്നു. 1958ൽ സംസ്കൃതം രണ്ടാം ഭാഷയായി മാറ്റി പിന്നീട് സംസ്കൃതപഠനം പൂർണമായും ഇല്ലാതായി. ഈ സ്കൂളിന്റെ സ്ഥാപനം ഈ പ്രദേശത്തെ പ്രത്യേകിച്ചും ഇവിടെ താമസിച്ചിരുന്ന അവശവിഭാഗങ്ങളുടെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിന് വളരെ സഹായിച്ചു.

അക്കാദമിക് വിദ്യാഭ്യാസരംഗത്തെ മറ്റൊരു വിപ്ലവകരമായ മാറ്റമാണ് മന്ദിരം സെൻറ് മേരീസ് മഗ്ദലൻ ഹൈസ്കൂളിന്റെ സ്ഥാപനം വനിതാവിദ്യാഭ്യാസത്തിന് പെൺകുട്ടികളെ നിർബന്ധിതരാക്കുന്നതിൽ ഇത് പ്രധാന പങ്കു വഹിച്ചു.

ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽത്തന്നെ സെൻറ് സേവ്യേർസ് ചർച്ചിനോടനുബന്ധിച്ച് ഒരു കളരി സ്ഥാപിക്കപ്പെട്ടിരുന്നു. പിന്നീട് അതു സ്കൂളായി മാറി ഇതാണ് പിന്നീട് ഇന്നു കാണുന്ന ലിറ്റിൽ ഫ്ലളവർ സ്കൂളായി മാറിയത്. ഇതിന്റെ സ്ഥാപനവുമായി ബന്ധപ്പെട്ട് ബ്രദർ റോക്കിയുടെ പ്രവർത്തനം ഓർമ്മിക്കപ്പെടേണ്ടതാണ്.

തുടർന്നുവന്ന കാലഘട്ടങ്ങളിൽ ഇത്തിത്താനം ഗവൺമെൻറ് എൽ.പി.സ്കൂൾ സെൻറ് ജോൺസ് എൽ.പി.സ്കൂൾ മുതലായവ നിലവിൽ വന്നു. സെൻറ്ജോൺസ് സ്കൂളുമായി ബന്ധപ്പെട്ട് കൈതയിൽ കോരച്ചൻ തുടങ്ങിയവർ പ്രവർത്തിച്ചിട്ടുണ്ട്.

ഇത്തിത്താനം പ്രദേശത്ത് വിദ്യാഭ്യാസ നിലവാരത്തിൽ സമൂലമാറ്റം വരുന്നത് ഇത്തിത്താനം ഇളങ്കാവ് ദേവസ്വംവക ഹൈസ്കൂളും പിന്നീട് സ്ഥാപിതമായ ഇളങ്കാവ് എൽ.പി. സ്കൂളും വരുന്നതോടുകൂടിയാണ്.

പ്രാഥമിക വിദ്യാഭ്യാസരംഗത്ത് നില ഇതാണെങ്കിലും ഉന്നത വിദ്യാഭ്യാസത്തിന്റെ ലഭ്യതയുടെ കാര്യത്തിൽ കുറിച്ചി ഇന്നും അവികസിതമേഖലതന്നെയാണ്. ഇതിനൊരപവാദമായി പറയാവുന്നത്. ആതുരാശ്രമം ഹോമിയോ മെഡിക്കൽ കോളേജ് മാത്രമാണ്.

കുറിച്ചിയിലെ ഏറ്റവും പ്രധാനപ്പെട്ട റോഡ് ഇതിലെ കടന്നുപോകുന്ന എം.സി. റോഡാണ്. സർ.സി.പി. രാമസ്വാമി അയ്യരുടെ കാലഘട്ടത്തിലാണ് ഇതിന്റെ നിർമ്മാണം. ഇതിന്റെ നിർമ്മിതി സമീപ പട്ടണങ്ങളുമായി വ്യവസായത്തിനും വാണിജ്യത്തിനും ബന്ധപ്പെടുന്നതിനും അതുവഴി സാമൂഹിക പുരോഗതിയ്ക്കും വഴിയായിട്ടുണ്ട്. മന്ദിരംകവലയിൽനിന്നും മാളികക്കടവിനുള്ള റോഡും കുറിച്ചിയിലെ പഴയ റോഡാണ്. ജനങ്ങളുടെ കായിക അദ്ധ്വാനത്തിലൂടെയും സഹകരണത്തോടെയും നിർമ്മിച്ച ഔട്ട പോസ്റ്റ് ഈര റോഡ് കുറിച്ചിയുടെ ഗതാഗത ചരിത്രത്തിലെ ഒരു പുതിയ അനുഭവവും നാഴികല്ലുമാണ്.

ജനങ്ങൾ യാത്രചെയ്യാനുതകുന്ന ഒരു റെയിൽവേ സ്റ്റേഷനില്ലെങ്കിലും കുറിച്ചിയെ കീറിമുറിച്ചുകൊണ്ട് കോട്ടയം തിരുവന്തപുരം റെയിൽവേ ലൈൻ കടന്നു പോകുന്നു. ഈ ലൈൻ മീറ്റർ ഗേജായിരുന്ന സമയത്ത് ഇത്തിത്താനത്ത് ഒരു ഹാൾട്ടിംഗ് സ്റ്റേഷൻ നിലനിന്നിരുന്നു. പിന്നീട് ബ്രോഡ്ഗേജ് ആയി മാറിയതോടുകൂടി ഇത് ഇല്ലാതായി.

ആരോഗ്യരംഗത്ത് കുറിച്ചിയ്ക്ക് വളരെ ശ്രേഷ്ഠമായ ഒരു പൂർവ്വകാലമുണ്ട് അമ്പഴത്തുങ്കൽ കൈമളന്മാർ വൈദ്യരംഗത്ത് കുറിച്ചിയ്ക്ക് ഒരു മുതൽക്കൂട്ടായിരുന്നു. വയസ്ക്കര മൂസത് കുടുംബവുമായി അടുത്ത

ബന്ധം സ്ഥാപിച്ചിരുന്ന ഇവർ ചികിത്സാ രംഗത്ത് വളരെ വലിയ സംഭാവനയാണ് നല്കിയത്. കേശവകൈമൾ, നാരായണ കൈമൾ തുടങ്ങിയവരുടെ പേരുകൾ ഇവിടെ പ്രാധാന്യത്തോടെ ഓർമ്മിക്കപ്പെടേണ്ടതാണ്. ഇതോടൊപ്പം വിഷവൈദ്യരംഗത്ത് കുറിച്ചി യ്ക്ക് അതിന്റേതായ ഒരു പാരമ്പര്യമുണ്ട്. അതോടൊപ്പം തിരുമ്മുവൈദ്യത്തിനും.

പിന്നീട് ഈ രംഗത്ത് അതുല്യമായ സംഭാവന നല്കിയ വ്യക്തിയാണ് ആതുരാശ്രമം മഠാധിപതിയായ സ്വാമി ആതുരദാസ്. ക്ഷീരപാന ചികിത്സാ രീതിയിലൂടെ വൈദ്യശാസ്ത്രരംഗത്തേക്ക് കടന്നുവന്ന അദ്ദേഹം പിന്നീട് ഹോമിയോ പ്പതിയിലേക്ക് തന്റെ ശ്രദ്ധ കേന്ദ്രീകരിച്ചു. അദ്ദേഹത്തിന്റെ ശ്രമഫലമായി 1955 ൽ ഹോമിയോ മെഡിക്കൽ കോളേജിന്റെ സ്ഥാപനം നടന്നു. 100 റഗുലർ വിദ്യാർത്ഥി കളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള 4 വർഷ ഡിപ്ലോമാകോഴ്സ് 1958ൽ തുടങ്ങി. ഇതിനോടനുബന്ധിച്ച് 50 പേർക്ക് കിടക്ക സൗകര്യമുള്ള ഹോമിയോ ഗവൺമെൻറ് ആശുപത്രിയും പിന്നീട് ആരംഭിച്ചു. ഇപ്പോൾ കോളേജ് ഡിഗ്രികോളേജ് ആയിമാറി. കോളേജിനോടനുബന്ധിച്ച് കേന്ദ്രഗവ ൺമെൻറിന്റെ ഗവേഷണകേന്ദ്രവും ആശുപ ത്രിയും പ്രവർത്തിക്കുന്നു. ഇന്നും സാധാരണ ക്കാരന്റെ ആരോഗ്യത്തിന്റെ അഭയകേന്ദ്ര ങ്ങളായി ഈ സ്ഥാപനങ്ങൾ പ്രവർത്തി ക്കുന്നു.

റ്റി.റ്റി.കേശവൻ ശാസ്ത്രിയുടെ നിവേദ നത്തിന്റെ അടിസ്ഥാനത്തിൽ സർ.സി.പി. രാമസ്വാമി അയ്യർ അനുവദിച്ച സചിവോത്തമ പുരം ഗവൺമെൻറ് ഡിസ്പെൻസറിയാണ് പിന്നീട് കുറിച്ചി ഗവൺമെൻറ് ഹോസ്പിറ്റ ലായി മാറുന്നത്. ഈ മാറ്റത്തിലും വളരെ ചരിത്രമുണ്ട്. ഇതിനോടനുബന്ധിച്ച് കാണുന്ന ഏറ്റവും പഴയ കെട്ടിടം ശ്രീ. കെ.റ്റി. തോമസ് കേള ചന്ദ്രയുടെ സ്മാരകമായി പണിതിട്ടു ള്ളതാണ്. ആശുപത്രി ഉണ്ടായശേഷം നാട്ടുകാരുടെ ശ്രമഫലമായും നീലംപേരൂർ പഞ്ചായത്ത് വക ഫണ്ടിൽനിന്ന് സർക്കാരി ലേക്ക് പണം അടച്ചും ആശുപത്രിയുടെ രണ്ടാമത്തെ വാർഡ് പണിതു. അങ്ങനെ കുറിച്ചി ഡിസ്പെൻസറി ആയിമാറി. പിന്നീട് ബ്ലോക്കിന്റെ ചിലവിൽ പുതിയ ഒരു വാർഡ് നിർമ്മിച്ചു. പിന്നീട് ആശുപത്രിയുടെ കെട്ടിലും മട്ടിലും വളരെയധികം മാറ്റം വന്നിട്ടുണ്ട്. എന്തായാലും കുറിച്ചിക്കാരന്റെ ആരോഗ്യത്തിൽ നിർണ്ണായക സ്ഥാനം കുറിച്ചി ഗവൺമെൻറ് ആശുപത്രിയ്ക്കുണ്ട്.

ക്ഷീരപാനചികിത്സാരീതി നിലനിന്നി രുന്ന ആതുരാശ്രമം വൈദ്യശാല യ്ക്കു ഗ്രാൻറു നൽകുന്നതു സംബന്ധിച്ച് നീലം പേരൂർ പഞ്ചായത്തിന് ലഭിച്ച അപേക്ഷ സംബന്ധിച്ചു.

"11-7-52 സ്വാമി ആതുരദാസ് കുറിച്ചിസ്ഥലത്ത്" സ്ഥാപിച്ചിരുന്ന ആതുരാ ശ്രമം വൈദ്യശാലയ്ക്ക് ഗ്രാൻറ് അനുവദിക്കു ന്നതിലേക്കായി 10-7-52ൽ നീലം പേരൂർ പഞ്ചായത്തിന് അപേക്ഷ ലഭിച്ചു.

മിനിട്സ്

കുറിച്ചി ആതുശ്രാമം സ്കൂളിന്റെ മുൻപിലായി ഒരു അഞ്ചലാപ്പീസ് നിലനിന്നി രുന്നു. അഞ്ചൽക്കുററി ഭാഗത്ത് ഒരു അഞ്ചൽകുറ്റിയും ഉണ്ടായിരുന്നു. സ്ഥിരമായി അഞ്ചൽ ശിപായിയും ഉണ്ടായിരുന്നു. ഇതിൽ നിന്നാണ് ഇന്ന് 4 പോസ്റ്റാഫീസ് ഉൾപ്പെ ടുന്ന ഒരു ശൃംഖലയായി തപാൽ വിതരണ രംഗം വികസിച്ചത്.

വളരെ മുൻപുകാലം മുതൽതന്നെ വഴിവിളക്കുകൾ സ്ഥാപിതമായിരുന്നു.

വഴിവിളക്കു സംബന്ധിച്ച് വില്ലേജ് യൂണിയന്റെ തീരുമാനം.

27-11-50 ലെ തീരുമാനം - സാനിട്ടേഷൻ ആൻഡ് ലൈറ്റിനിംഗിൽ അനുവദിച്ചിട്ടുള്ള 100 രൂപയിൽ1-11-51 മുതൽ എം.സി. റോഡിൽ നിർദ്ദിഷ്ടസ്ഥാനങ്ങളിൽ വഴിവിളക്കുകൾ ഉപയോഗിക്കുന്നതിനാവശ്യമായ എണ്ണചിലവ്, ശമ്പളചിലവ് മുതലായവയ്ക്ക് വേണ്ടിവരുന്ന ചിലവും കഴിച്ച് ബാക്കിയുള്ള സംഖ്യകൂടി ഉൾപ്പെടുത്തി പബ്ലിക്കിന്റെ പണ സഹായത്തോടുകൂടി കാളവണ്ടി, സൈക്കിൾ മോട്ടർവാഹനങ്ങൾ മുതലായവ സദാ ഓടിക്കൊണ്ടിരിക്കുന്നതും ഇന്നുമുതൽ കോട്ടയം സചിവോത്തമപുരം കോളനി ഷട്ടിൽ സർവ്വീസ് എം.സി. റോഡിൽ നിന്ന് കിഴക്കോട്ട് നടപ്പിൽവരുത്തിയിരിക്കുന്നതുമായ 4 വഴികൂടിയ മന്ദിരം ജംഗ്ഷനിൽ ഒരു ഇലക്ട്രിക് ലൈറ്റിനുള്ള പ്രാരംഭ ചിലവിന് ഉപയോഗിക്കേണ്ടതും യൂണിയൻ ചിലവിൽ ലൈറ്റിനിംഗ് ആരംഭിക്കുന്നതിനാൽ തൽസ്ഥാനത്ത് ഉള്ള വഴിവിളക്കിന്റെ ആവശ്യം നിർത്തൽ ചെയ്യേണ്ടതാണ്.

സാംസ്ക്കാരിക പൈതൃകത്തിന്റെ കാര്യത്തിൽ കുറിച്ചിയ്ക്ക് ശോഭനമായ ഒരു ഭൂതകാലമാണുണ്ടായിരുന്നത്. കഥകളി ആശാൻമാരും കളരികളും കുറിച്ചി പ്രദേശത്തിന്റെ ശോഭയ്ക്ക് മാറ്റേകുന്നു. ഈ കഥകളി ആശാൻമാരിൽ അഗ്രഗണ്യൻ ലോക പ്രശസ്തനായ കുറിച്ചി കുഞ്ഞൻ പണിക്കരാശാനാണ് അദ്ദേഹത്തിന്റെ ഹനുമാൻ വേഷം പ്രശസ്തമാണ്. ഇതിനോടനുബന്ധിച്ചുവരുന്ന ഗുരു പരമ്പരയിൽ കൊച്ചപ്പിപ്പണിക്കർ, രാമൻ പിള്ള(പച്ച) അയ്യപ്പൻ പിള്ള(മിനുക്ക്) ഇടത്തിൽ കൃഷ്ണപിള്ള എന്നിവരുടെ പേരുകൾ ഓർമ്മയിൽ നിറഞ്ഞുനില്ക്കുന്നു.

നിലത്തെഴുത്താശാൻമാരുടെ പേരുകളുടെ കൂട്ടത്തിൽ കുറിച്ചി ഗ്രാമ പ്രദേശത്ത് കൊച്ചുപിള്ള കുറുപ്പ്, ചെറുതാനത്ത് കുട്ടൻപിള്ള, കുറ്റി ആനന്ദൻ ആശാൻ മുതലായ പെരുകൾ പ്രശസ്തമാണ്.

വളരെ കാലം മുൻപുതന്നെ കുറിച്ചിയുടെ പലഭാഗങ്ങളിലും വായന ശാലകൾ നിലനിന്നിരുന്നു. കുറിച്ചി ഔട്ട് പോസ്റ്റിലും ഇത്തിത്താനം ചിറവൻമുട്ടം ക്ഷേത്രത്തിനു മുൻവശത്തായും ഉണ്ടായിരുന്ന വായനശാലകൾ ഉദാഹരണമാണ്. ഇത് പക്ഷെ കുറിച്ചിയുടെ ആവശ്യത്തിന് ഒട്ടും മതിയാകുന്നതായിരുന്നില്ല. ഇന്ന് സ്ഥിതിക്ക് മാറ്റം വന്നിട്ടുണ്ട്.

ചിറവംമുട്ടം ക്ഷേത്രത്തിന്റെ ഭിത്തികളിൽ കാണുന്ന ചുവർചിത്രത്തേക്കുറിച്ചും വട്ടെഴുത്തുകളെക്കുറിച്ചും ദാരുശില്പങ്ങളുടെ നിർമ്മിതിയെക്കുറിച്ചും ചരിത്രപരമായ അറിവ് ഇന്നില്ല. ഇത് സംരക്ഷണ അർഹിക്കുന്ന ഒന്നാണ്.

അടിച്ചമർത്തപ്പെട്ട ഒരു വർഗമാണെങ്കിലും കലാപരമായി വളരെ ഉയർന്ന നിലയിലായിരുന്നു ഇവിടത്തെ ദളിതജനവിഭാഗം എന്നതിനു തെളിവായി ഇളങ്കാവ് ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ചു നടക്കുന്ന കാളകെട്ട്, മുടിയാട്ടം മുതലായ കലാരൂപങ്ങളെ കാണേണ്ടതുണ്ട്. ഇത്തരം കലാരൂപങ്ങളും ഇതിനോടനുബന്ധിച്ചുവരുന്ന പാട്ടുകളും അടിയന്തിര സംരക്ഷണം ആവശ്യമായ സംഗതികളാണ്.

സാധാരണ മറ്റു ക്ഷേത്രങ്ങളിലൊന്നും കണ്ടുവാരത്ത പുലവൃത്തം കളി, വേലകളി എന്നീ കലാരൂപങ്ങളും കുറിച്ചി യുടെ തനിമയായി ഇവിടെ കാണപ്പെടുന്നു.

അർജുന നൃത്തം എന്ന കലാരൂപവും കുറിച്ചിയ്ടെ തനതായ കലാരൂപമാണ്. കുറിച്ചി ശ്രീ. പി.എസ്. കുമാരൻ ഇതിൽ അഗ്ര ഗണ്യനും പ്രശസ്തനുമായി നില്ക്കുന്നു.

വിദേശാധിപത്യത്തിന്റെ കത്രികപ്പൂട്ടിൽ നിന്നും ജന്മിത്വത്തിന്റെ നുകത്തിൽ നിന്നും സാമൂഹിക ഉച്ചനീചത്വ ത്തിൽനിന്നും നാം മോചിതരായിരിക്കുന്നു. എങ്കിലും സാമ്പത്തിക പരാധീനതയും അതിനോടനു ബന്ധിച്ച പ്രശ്നങ്ങളും നമ്മെ പേടിപ്പെടുത്തുന്നു. പക്ഷെ നമുക്ക് വിജയികളായി മുന്നേറേണ്ടതായുണ്ട്. ഇതിനായി ജനകീയാസൂത്രണത്തിലൂടെ ഒരവസരം കൈവന്നിരിക്കുകയാണ്. ഈ വഴിയിലൂടെ മാത്രമേ നമുക്കു മുന്നേറാനാവൂ. അതു കൊണ്ട് ഈ വഴിയിലൂടെയാവട്ടെ നമ്മുടെ വിജയയാത്ര.

ഭൂപ്രകൃതി, ജൈവ വൈവിദ്ധ്യം, ജലപ്രകൃതി, ജനപ്രകൃതി

4

ഭൂമിയുടെ കിടപ്പനുസരിച്ച് കിഴക്ക് നിന്നും പടിഞ്ഞാറോട്ട് ചരിഞ്ഞാണ് പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്

ഭൂപ്രദേശത്തിന്റെ നിമ്നോന്നതയേയും കാർഷികവിളയേയും അടിസ്ഥാനപ്പെടുത്തി ഉയർന്ന പ്രദേശങ്ങൾ,താഴ്ന്ന സമതലങ്ങൾ, ചരിവുപ്രദേശങ്ങൾ, പുഞ്ചപാടങ്ങൾ എന്നിങ്ങനെയാണ് കുറിച്ചിയുടെ ഭൂവിഭാഗങ്ങൾ

പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം തച്ചുകുന്നാണ് കുരട്ടിമല പീച്ചാംകേരി, മലകുന്നം തുടങ്ങിയവയാണ് മറ്റുതാരതമ്യേന ഉയർന്ന പ്രദാശങ്ങൾ.

ചെരിവു പ്രദേശത്തിന്റെ തുടർച്ചയായി കാണുന്ന താഴ്ന്നതും നിരപ്പുള്ളതുമായ പ്രദേശങ്ങളിൽ മുണ്ടകപ്പാടങ്ങൾ കാണപ്പെടുന്നു.

കുറിച്ചിപഞ്ചായത്തിലെ മുണ്ടകപ്പാടങ്ങൾ സംബധിച്ച വിവരങ്ങൾ കൃഷിയോടനുബന്ധിച്ചുള്ള പട്ടികയിൽ കൊടുത്തിരിക്കുന്നു.

കുറിച്ചിയുടെ പടിഞ്ഞാറുപ്രദേശം കുട്ടനാടൻ പുഞ്ചപ്പാടങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നു.

ഉയർന്ന പ്രദേശങ്ങളിൽ കാണുന്ന മണ്ണ്, കൂടുതൽ ചരൽ കലർന്ന ചെമ്മണ്ണാണ്. ജൈവാവിശിഷ്ടങ്ങൾചേർന്ന ഫലഭൂയിഷ്ടമായ മണ്ണാണ് ഇത്. ജൈവാംശം വളരെ കൂടിയിരിക്കുന്നു എന്നുള്ളതും, കളിമണ്ണിന്റെ ചെറിയ തോതിലുള്ള സാന്നിദ്ധ്യവും ഈ മണ്ണിന്റെ ജലസംഗ്രഹണശക്തി വളരെ വർദ്ധിപ്പിക്കുന്നു. വൈവിധ്യമാർന്നകൃഷികൾക്ക് ഏറ്റവും ഉപയോഗിക്കാവുന്ന മണ്ണാണിത്. പക്ഷെ കൃഷിക്കുപ്രയോജനപ്പെടുത്തുന്നതിനു പകരംപ്രകൃതിയുടെ സന്തുലിതാവസ്ഥയെ നഷ്ടപ്പെടുത്തുന്ന വിധത്തിലും മണ്ണിന്റെ ഘടനയിൽ ആകെ മാറ്റംവരുത്തുന്ന വിധത്തിലും ഇത് ദുരുയോഗപ്പെടുത്തുന്നു.

മുണ്ടകപ്പാടം പ്രദേശങ്ങളിൽ കാണുന്ന മണ്ണ് നീർവാർച്ചയുള്ള മണൽ കലർന്ന ചെളിമണ്ണാണ്. ചുറ്റുമുള്ളചരിവുപ്രദേശങ്ങളിൽ നിന്ന് ഒഴുകിവരുന്ന എക്കൽ കലർന്ന ഈ മണ്ണ് അത്യധികം ഫലഭൂയിഷ്ഠതയുള്ളതായികാണുന്നു. ഈ പ്രദേശത്തിന്റെ ജലലഭ്യതപ്രധാനമായും മഴയെ ആശ്രയിച്ചാണ്, രണ്ടുപൂ നെൽകൃഷിയും ഇടവിളയായി പച്ചക്കറിയും സ്ഥിരമായി കൃഷി

ചെയ്തിരുന്ന സ്ഥലങ്ങളാണ് ഇത്. ജലസേചന സൗകര്യത്തിന്റെ അഭാവം മൂലം ഇന്ന് വിള രീതിയിൽമാറ്റം വന്നിട്ടുണ്ടു.

പുഞ്ചപ്പാടങ്ങളിൽ കാണുന്ന മണ്ണ് മണൽ കുറഞ്ഞ പശിമയുള്ള കളിമണ്ണാണ്. നെൽകൃഷിയാണ് ഇവിടുത്തെ കൃഷി.

ജൈവ വൈവിദ്ധ്യം

പഞ്ചായത്തിലെ ജൈവാവരണം പരിശോധിക്കുമ്പോൾ ഏറെയും കൃഷിയുമായി ബന്ധപ്പെട്ടുവരുന്നതാണ്. താഴ്ന്ന പടിഞ്ഞാറൻ ഭാഗങ്ങളിൽ പ്രധാനമായും നെല്ല്, തെങ്ങ്, ഇവപ്രധാന കൃഷിവിളയായിരുന്നു. വാഴ, കൊക്കോ, മുതലായവയും കൃഷി ചെയ്തുവരുന്നു. ഉയർന്ന ഭാഗങ്ങളിൽ നെല്ല്, തെങ്ങ്, റബർ, മരച്ചീനി, കുരുമുളക് എന്നിവ പ്രധാന കൃഷി ഇനങ്ങളാണ്. ഉയർന്ന ഭാഗത്ത് വ്യാപകമായും പടിഞ്ഞാറൻ ഭാഗ ങ്ങളിൽ ചുരുക്കമായും റബർ കാണുന്നുണ്ട്. എല്ലാഭാഗങ്ങളിലും കിഴങ്ങുവർഗങ്ങളിൽപെട്ട ചേന, ചേമ്പ്,കാച്ചിൽ ഇവ കൃഷിചെയ്തുവരുന്നു. പച്ചക്കറികളിൽ പാവൽ പയർ പടവലം വെള്ളരി, മത്തൻ തടിയൻ, കോവൽ വഴുതന മുതലായവ ഉൾപ്പെടുന്നു. ഇഞ്ചി മഞ്ഞൾ മുതലായ സുഗന്ധവ്യജ്ഞനങ്ങളും കൃഷിചെയ്യുന്നുണ്ട്.

പഴയ കാലത്തെ വിളരീതിയിൽ നിന്ന് വളരെ മാറ്റം ഈ രംഗത്ത് കാണുന്നുണ്ട്. നെല്ലിന്റെയും തെങ്ങിന്റെയും കൃഷിവളരെ കുറയുന്നു. ഇടവിളകളുംപച്ചക്കറികളും വളരെകുറഞ്ഞിരിക്കുന്നു.

ഫലവർഗ മരങ്ങളിൽ പ്രധാനമായും കാണുന്നത് പ്ലാവ്, മാവ്, വാളൻപുളി, കുടംപുളി മുരിങ്ങ, കശുമാവ്, മുതലായവയാണ്, കൂടാതെ മുളളുവേങ്ങ, തേക്ക്, മുരിക്ക്, ആഞ്ഞിലി, ഏഴിലംപാല, പെരുമരം, വറുങ്ങ്, ഞാവൽ, മുതലായവയും കാണുന്നു.

ഇവയിലും പഴയ കാലത്തിൽനിന്ന് വളരെ വ്യത്യസ്തത ഉണ്ടായിട്ടുണ്ട്. പണ്ട് എല്ലാ പുരയിടങ്ങളിലും വലിയ മരങ്ങൾ ധാരാളമായിരുന്നു. ഇന്ന് ഇത് തീർത്തും ഇല്ലാത്ത അവസ്ഥയിലാണ്.

ഔഷധ സസ്യങ്ങളെ സംബന്ധിച്ചിടത്തോളം നമ്മുടെ പ്രദേശം വളരെ സമ്പുഷ്ടമായിരുന്നു. എല്ലാ തൊടികളിലും അത്യാവശ്യം പച്ചമരുന്നുകൾ സുലഭമായിരുന്നു. നമ്മുടെ പൂർവ്വികർ ഔഷധങ്ങൾക്കായി ഇതിനെയായിരുന്നു ആശ്രയിച്ചിരുന്നതും

ഇന്നത്തെ സ്ഥിതിതീർത്തും പരിതാപകരമാണ്. അപൂർവമായികണ്ടുവരുന്ന ഔഷധസസ്യങ്ങൾ അടിയന്തിരസംരക്ഷണം അർഹിക്കുന്നു. കുറുന്തോട്ടി, തുമ്പ, തഴുതാമ, കുപ്പച്ചീര, ചുണ്ട, പുത്തരിച്ചുണ്ട, കയ്യോന്നി, ആടലോടകം, പനിക്കൂർക്ക, തുളസി, കുടുക്കമൂലി, ആര്യവേപ്പ്, എരിക്ക് കൊടുത്തവ, മുതലായവ ചുരുക്കമായെങ്കിലും ഇന്നു കാണുന്നുണ്ട്.

ജൈവവൈവിദ്ധ്യം വളരെയധികം നിലനിന്നിരുന്ന പ്രത്യേക സ്ഥാനങ്ങളായിരുന്നു സർപ്പക്കാവുകൾ. ഇന്ന് നാമമാത്രമായി 4 കാവുകൾ മാത്രമാണ് നിലനില്ക്കുന്നത്. അപൂർവങ്ങളായി കണ്ടിരുന്ന വളരെയധികം ചെടികൾ നിറഞ്ഞു നിന്നിരുന്ന ഇവിടങ്ങളിൽനിന്നു ഇന്ന് അവയെല്ലാം പൂർണമായി അപ്രത്യക്ഷമായിരിക്കുന്നു.

ജനപ്രകൃതി

1991ലെ സെൻസ്സ് പ്രകാരം കുറിച്ചിയിലെ മൊത്തം ജനസംഖ്യ 29577 വരും. ഇതിൽ 14868 പേർ പുരഷന്മാരും 14709 പേർ സ്ത്രീകളുമാണ്. ജനസാന്ദ്രത 1823 ആണ്. ഇത് ദേശീയ ശരാശരിയേക്കാളും സംസ്ഥാന ശരാശരിയേക്കാളും കൂടുതലാണ്. ദേശീയ ശരാശരിയും സംസ്ഥാന ശരാ

ശരിയും യഥാക്രമം 276ഉം 749 ഉം മാത്ര മാണ്. കോട്ടയം ജില്ലയിലെ ജനസാന്ദ്രത 830 മാത്രമാണ്.

വിവിധ സെൻസസുകളുടെ അടിസ്ഥാ നത്തിൽ കുറിച്ചിയിലെ ജനസംഖ്യയിലുണ്ടാ യിട്ടുള്ള വർദ്ധനവു താഴെ കാണിച്ചിരിക്കുന്ന പട്ടികയിൽ നിന്ന് അറിയാവുന്നതാണ്.

വർഷം	വീട്	കുടുംബം	ജനസംഖ്യ
1951	2151	-	13238
1961	2769	2914	17661
1971	3427	3509	21785
1981	4371	4440	25357
1991	5962	5985	29577

[വീട്- പ്രത്യേക പ്രവേശന കവാടം or സ്റ്റെയർ കെയിസുള്ള കെട്ടിടം. കുടുംബം- ഒരുമിച്ച് ഭക്ഷണം കഴിക്കുന്നവരുടെ കൂട്ടം]

മേൽപ്പറഞ്ഞ പട്ടികയിൽ നിന്ന് 1951 ലെ ജനസംഖ്യ 13238 ആണെന്നു കാണു വാൻ കഴിയും ഇതിൽ 6801 പേർ പുരുഷ ന്മാരും, 6437 പേർ സ്ത്രീകളുമാണ്. 1951 ലെ ജനസാന്ദ്രത 816 മാത്രമാണ്.

1961 ലെ മൊത്തം ജനസംഖ്യ 17661 ആണ് ഇതിൽ 8884 പേർ പുരുഷന്മാരും 8777 പേർ സ്ത്രീകളുമാണ്. 1961 ലെ ജന സാന്ദ്രത 1088 ആണ്. ജനസാന്ദ്രതയിലുള്ള ഒരു ദശകത്തിലെ വർദ്ധനവ് 33.4% ആണ്. ഈ വർദ്ധനവിനു ഉണ്ടായ പ്രധാനപ്പെട്ട കാരണം ഈ കാലയളവിൽ ഇവിടേയ്ക്കു ണ്ടായ കുടിയേറ്റമാണ്.

1971 ലെ സെൻസെസ് പ്രകാരം മൊത്തം ജനസംഖ്യ 21785 ആയി വർദ്ധിച്ചു. ജനസാന്ദ്രത 1343 ആയി ഉയർന്നു. ഈ ദശ ത്തിലെ ജനസാന്ദ്രതയിലുണ്ടായ വർദ്ധനവ് 51-61 ലെ വർദ്ധനവിനേക്കാൾ കുറവാണ് എന്നുള്ളത് ശ്രദ്ധേയമാണ്. 23.43% മാത്രം.

ഈ ജനസംഖ്യ 2537 ആയി വർദ്ധിച്ചു എന്ന് 1981 ലെ സെൻസെസ് ചൂണ്ടികാട്ടുന്നു. അതായത് ജനസാന്ദ്രത 1563 ഈ ദശകത്തിലെ ജനസാന്ദ്രതയിലുണ്ടായ വർദ്ധനവ് 16.40ശതമാനം മാത്രമാണ്.

1991ലെ ജനസാന്ദ്രത 1823 ആണ്. കഴിഞ്ഞ ദശകത്തിലെ ജനസാന്ദ്രതയിലുണ്ടാ യ വർദ്ധനവിന്റെറനിരക്കിഇനേക്കാൾ നേരിയ ഒരു വർദ്ധനവ് ഈ ദശകത്തിനു ണ്ടായിട്ടുണ്ട്. 16.63%

1951 മുതൽ 1981 വരെയുള്ള 3 ദശക ങ്ങളിലെ ജനസാന്ദ്രതാനിരക്കിലുണ്ടായ കുറവ് ഈ ദശകത്തിൽ മാറുന്നുവെന്നത് പരിശോധിക്കപ്പെടണം. കോളനിയുടെ സ്ഥാപനം മൂലമുണ്ടായ കുടിയേറ്റമാണ് ഈ വർദ്ധനവിനു കാരണം.

കഴിഞ്ഞ 5 സെൻസെസ് റിപ്പോർട്ടു കൾ പരിശോധിച്ചാൽ കുറിച്ചി പഞ്ചായ ത്തിൽ പുരുഷന്മാരുടെ എണ്ണത്തിനേക്കാൾ കുറവാണ് സ്ത്രീകളുടെ എണ്ണം എന്നു കാണാം. 1991 ൽ ഈ നിരക്ക് 1000 പുരുഷന്മാർക്ക് 989 സ്ത്രീകൾ എന്നതാണ്. എന്നാൽ സംസ്ഥാനത്ത് ഇത് 1000 പുരുഷന്മാർക്ക് 1036 സ്ത്രീകളെന്നതാണ്.

കുറിച്ചിയിലെ പട്ടികജാതി ജന സംഖ്യയിൽ മൂന്നു ദശകങ്ങളിലുണ്ടായ വ്യതി യാനം പട്ടികയിൽ കൊടുക്കുന്നു.

പട്ടിക 2

വർഷം	ആകെ ജനസംഖ്യ	പട്ടികജാതി ജനസംഖ്യ	ശതമാനം	സ്ത്രീ	പുരുഷൻ
1961	17661	1506	8.52%	748	758
1971	21775	2385	10.94%	1164	1221
1981	25357	3014	11.88%	1468	1546
1991	29577	3769	12.74%	1882	1887

അവലംബം സെൻസസ് റിപ്പോർട്ടുകൾ

1961 ൽ മൊത്തം ജനസംഖ്യയുടെ 8.52% ആയിരുന്നു പട്ടികജാതി ജനസംഖ്യ 1991 ലേക്കെത്തിയപ്പെൾ ഇത് 12.74% ആയി ഉയർന്നു.

കുറിച്ചിയിലെ പട്ടികവർഗ ജനസംഖ്യയിൽ മൂന്നു ദശകങ്ങളിലുണ്ടായ മാറ്റം

വർഷം	ആകെ ജനസംഖ്യ	പട്ടികവർഗ ജനസംഖ്യ	ശതമാനം	സ്ത്രീ	പുരുഷൻ
1961	17661	4	.022%	3	1
1971	21785	10	.04%	4	6
1981	25357	113	.44%	63	50
1991	29577	167	.56%	88	79

അവലംബം :സെൻസസ് റിപ്പോർട്ടുകൾ

കുറിച്ചിയിൽ ആറു വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം 3417 ഇവരിൽ 1629 പേർ പെൺകുട്ടികളും 1788 പേർ ആൺകുട്ടികളുമാണ്. ആയിരം ആൺകുട്ടികൾക്ക് 918 പെൺകുട്ടികൾ മാത്രം. കുട്ടികളുടെ സ്ത്രീ പുരുഷ അനുപാതം കുറിച്ചിയിലെ സ്ത്രീപുരുഷ അനുപാതത്തെക്കാളും അഖിലേന്ത്യാനുപാതത്തെക്കാളും കുറഞ്ഞിരിക്കുന്നു.

1991 ലെ സെൻസസ് അനുസരിച്ചു കുറിച്ചിയിലെ സാക്ഷരതാ നിരക്ക് 97% ആണ്. 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽത്തന്നെ പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസപരമായ വളർച്ച ലക്ഷ്യമിട്ടുകൊണ്ട് നടന്ന പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിൽ നടന്നിട്ടുണ്ട് എന്നതാണ് ഈ ഉയർന്ന സാക്ഷരതാ നിരക്കിന്റെ കാരണം. എന്നാൽ അഭ്യസ്ത വിദ്യരായ മുഴുവൻ ആളുകൾക്കും തൊഴിലില്ല എന്നത് പ്രശ്നമായി അവശേഷിക്കുന്നു.

കാർഷികമേഖലയുമായി ബന്ധപ്പെട്ടു നില്ക്കുന്ന ഒരു ഗ്രാമ പ്രദേശം എന്ന നിലയിൽ ജനസംഖ്യയിൽ ബഹുഭൂരിപക്ഷവും കർഷകത്തൊഴിലാളികളായിരുന്നു. എന്നാൽ ഈ രംഗത്ത് ഗണ്യമായ മാറ്റം 1991 കളിലേക്കെത്തുമ്പോൾ കാണുവാൻ കഴിയും.

തൊഴിലെടുത്തിരുന്നവരുടെ തരം തിരിവ്

[ഒരുവർഷം ആറുമാസത്തിൽ കൂടുതൽ ജോലി ലഭിക്കുന്നവർ എന്ന അടിസ്ഥാനത്തിൽ]

വർഷം	ജനസംഖ്യ	കർഷകത്തൊഴിലാളി		കർഷകർ		മറ്റുജോലിക്കാർ	
		എണ്ണം	%	എണ്ണം	%	എണ്ണം	%
1961	17661	10158	57.5%	955	5.4%	5004	28.33%
1971	21785	3479	15.96%-	833-	3.8%	6424	29.48
1981	25357	3747	14.77-	770	3.03%	72-2	28.4
1991	29577	3682	12.44%	809	2073%		

അവലംബം - സെൻസസ് റിപ്പോർട്ടുകൾ

ജോലിയുടെ വിഭജനം ശ്രദ്ധിക്കുമ്പോൾ ഏറ്റവും വലിയ മാറ്റം കാണുവാൻ കഴിയുന്നത്. കർഷകത്തൊഴിലാളികളുടെ എണ്ണത്തിലാണ്. 1961ൽ മൊത്തം ജനസംഖ്യയുടെ 57.51% ആളുകളും കർഷകത്തൊഴിലാളികളായിരുന്നു., എന്നാൽ 10വർഷത്തിനുശേഷം ഇത് 15.96% മായി കുറഞ്ഞു. ഈ 10 വർഷത്തിലാണ് ഈ മാറ്റമുണ്ടായത്, എന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഇപ്പോൾ മൊത്തജനസംഖ്യയിൽ 12.44% മാത്രമാണ് കർഷകത്തൊഴിലാളികൾ.

1991 സെൻസസ് അനുസരിച്ചു ജനങ്ങളുടെ വ്യത്യസ്ത തൊഴിൽ മേഖലകളിലെ വിഭജനം.

തൊഴിൽ മേഖല	ആകെ	സ്ത്രീ	പുരുഷന്മാർ
കൃഷിക്കാർ	809	31	778
കർഷകത്തൊഴിലാളി	3682	1252	2430
മറ്റുകാർഷികമേഖല	179	17	162
മൈനിംഗ് ക്വാറി	79	7	72
വ്യവസായതൊഴിലാളികൾ	794	48	746

നിർമ്മാണ തൊഴിലാളികൾ	367	4	363
കച്ചവടക്കാർ	915	64	851
ഗതാഗതസംഭരണതൊഴിലുകൾ	544	15	529
മറ്റുജോലിക്കാർ	1170	400	770
	8539	1838	6701

[1991 സെൻസസ് റിപ്പോർട്ടനസരിച്ച്]

മറ്റൊരു ശ്രദ്ധേയമായ കാര്യം കുട്ടനാടിനോട് ചേർന്നു കിടക്കുന്ന ഈ ഗ്രമാത്തിൽ കർഷകത്തൊഴിലാളി സ്ത്രീകളുടെ എണ്ണം ഗണ്യമായ രീതിയിൽ കുറയുന്നു എന്നതാണ്.

കർഷകത്തൊഴിലാളികൾ

വർഷം	സ്ത്രീകൾ	പുരുഷന്മാർ
1961	8861	1297
1971	1307	2172
1981	1394	2353
1991	1251	2430

[അവലംബം സെൻസസ് റിപ്പോർട്ടുകൾ]

ചാർട്ടനുസരിച്ച് 1961ൽ കർഷകത്തൊഴിലാളി സ്ത്രീകൾ 8861 ഉണ്ടായിരുന്നു. 1971ൽ 1307 യിക്കുറഞ്ഞു. ഈ ദശകത്തിലാണ് ഇത്രയും വലിയ ഒരു കുറവ് ഈ രംഗത്തുണ്ടായത്.

ജലപ്രകൃതി

നമ്മുടെ പ്രദേശത്ത് ഒരു വർഷത്തിൽ 3353 മി.മി. മഴ ലഭിക്കുന്നു. ഓരോ മാസത്തിലും ലഭിക്കുന്ന മഴയുടെ അളവ് താഴെക്കാണിക്കുന്നു.

മാസം	അളവ്	മാസം	അളവ്
ജനുവരി	3.4mm	ജൂലയ്	624.2
ഫെബ്രുവരി	0	ആഗസ്റ്റ്	563.6
മാർച്ച്	96.3	സെപ്റ്റംബർ	395.1
ഏപ്രിൽ	217.8	ഒക്ടോബർ	233
മെയ്	490.9	നവംബർ	188.5
ജൂൺ	540.8	ഡിസംബർ	0

[അവലംബം ഇക്കണോമിക് റിവ്യൂ 1995]

ഇവിടെ കാലവർഷവും തുലാവർഷവും നല്ല രീതിയിൽ ലഭിക്കുന്നുണ്ട്. പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്തുള്ള കുട്ടനാടൻ പാടശേഖരങ്ങൾ സമുദ്ര നിരപ്പിൽ നിന്നും താഴ്ന്നു നില്ക്കുന്ന പ്രദേശമാണ് ഇവിടെ ജലനിരപ്പിലുണ്ടാവുന്ന വ്യതിയാനം ഫലത്തിൽ ഈ പഞ്ചായത്തിന്റെ ജലലഭ്യതയേയും ബാധിക്കുന്നു. കുട്ടനാടൻ പാടശേഖരങ്ങളിൽ ജലനിരക്ക് താഴുന്നതോടൊപ്പം ഇവിടുത്തെ ജലനിരപ്പും താഴും. ഇത് ഏറ്റവും രൂക്ഷമായി അനുഭവപ്പെട്ടു തുടങ്ങിയത് തണ്ണീർമുക്കം ബണ്ടിന്റെ നിർമ്മാണത്തിനുശേഷമാണ്. ബണ്ട് കടൽ വെള്ള

ത്തിന്റെ ഈ പ്രദേശത്തേക്കുള്ള ഒഴുക്കിനെ തടഞ്ഞു. തൻമൂലം വേനൽക്കാലത്ത് ജലനിരപ്പ് താഴ്ന്നു. ഇത് ഇവിടുത്തെ കുളങ്ങളും കിണറുകളും വറ്റിവരളാൻ ഇടയാക്കുന്നു. അതുകൊണ്ട് വേനൽക്കാലത്തു കുടിവെള്ളക്ഷാമം ഈ പ്രദേശത്ത് രൂക്ഷമായി അനുഭവപ്പെടുന്നു. റബ്ബർ കൃഷിയും വേനൽക്കാലത്ത് കിണറുകൾ വറ്റാൻ കാരണമാകുന്നു.

കുറിച്ചി പഞ്ചായത്തിൽ സ്വകാര്യ കുളങ്ങൾ ഉൾപ്പെടെ 18 കുളങ്ങൾ ഉണ്ട്.

പ്രധാനപ്പെട്ട കുളങ്ങൾ

Sl.No.	വാർഡ്	പേര്
1	1	ഇടനാട് ക്ഷേത്രക്കുളം
2	1	വെട്ടിയ്ക്കാക്കുളം
3	2	തൃക്കപാലേശ്വര ക്ഷേത്രക്കുളം
4	2	കണ്ടാളൻകുളം
5	3	ചെറുപാറക്കാവ് ക്ഷേത്രക്കുളം
6	3	മണലൂർവകകുളം
7	3	മണ്ണാൻകുളം
8	4	എണ്ണയ്ക്കാച്ചിറക്കുളം
9	5	വട്ടൻചിറക്കുളം
10	6	ചേലച്ചിറക്കുളം
11	7	പുലിക്കുഴിക്കുളം
12	9	ചിറത്തിലാട്ടുകുളം
13	10	ഇളങ്കാവ്ക്ഷേത്ര വകക്കുളം
14	11	ഹമീദുകുളം
15	11	പാറക്കുളം
16	11	കോട്ടയിൽക്കുളം
17	12	ചിറവം മുട്ടം ക്ഷേത്രക്കുളം
18	12	ആനക്കുഴിക്കുളം

പഞ്ചായത്തിന്റെ വടക്കുഭാഗത്തായി പുത്തൻതോടും, തെക്കുംഭാഗത്തായി പഞ്ചായത്തിലൂടെ ഒഴുകുന്ന ചാലച്ചിറതോടും തോടുകളിൽ പ്രധാനമായതാണ്.

9 കുഴൽക്കിണറുകൾ പഞ്ചായത്തിലുണ്ട്.

Ward	No
2	1
4	1
6	2
7	3
8	1
11	1

5

സാമൂഹിക-സാമ്പത്തിക മേഖലകൾ

5.1

കൃഷിയും ജലസേചനവും

കുറിച്ചി തികച്ചും ഒരു കാർഷിക ഗ്രാമമാണ്. ചെറിയ കുന്നിൻ പ്രദേശങ്ങളും സമതലങ്ങളും താഴ്വരകളിലുള്ള നെൽ വയലുകളും കിഴക്കും പടിഞ്ഞാറും പാട ശേഖരങ്ങളും അടങ്ങിയതാണ് ഇവിടത്തെ ഭൂപ്രദേശം. എം. സി. റോഡിന് പടിഞ്ഞാറുവശം നെല്ലും തെങ്ങും വ്യാപകമായി കൃഷി ചെയ്യുന്നു. കിഴക്ക് മിശ്രവിളകളും. മുഖ്യ കൃഷി നെല്ല്, തെങ്ങ്, റബ്ബർ, മരച്ചീനി, വാഴ ഇവയും, മറ്റു വിളകളായി പച്ചക്കറികളും, ഇഞ്ചി, മഞ്ഞൾ മുതലായവയും കൃഷി ചെയ്യുന്നു. ചില സ്ഥലങ്ങളിൽ കുരുമുളകും കൈതയും കൃഷി ചെയ്യുന്നു. വ്യാപകമായി കൃഷി ചെയ്തു കൊണ്ടിരുന്ന മരച്ചീനി ഇപ്പോൾ അപ്രത്യക്ഷ മായിക്കൊണ്ടിരിക്കുന്നു. ഇപ്പോഴത്തെ ആകെ ജനസംഖ്യ 29577 ഇതിൽ പുരുഷകർഷകർ 778 ഉം സ്ത്രീ കർഷകർ 31 ഉം ആണ്.

പഴയ കാലത്ത് ജനങ്ങളുടെ ജീവനോപാധി കൃഷിയും അതുമായി ബന്ധപ്പെട്ട മറ്റു മേഖലകളും ആയിരുന്നു.

ആദ്യകാലത്ത് ശ്രദ്ധയും പരിചരണവും നൽകിയിരുന്നത് നെൽകൃഷിക്കായിരുന്നു. 1901 കാലഘട്ടത്തിൽ കുറിച്ചി വില്ലേജിൽ 967 പട്ടാതാരന്മാരുണ്ടായിരുന്നു. അതിൽ നിലമുള്ളവർ 90 പേരും, പുരയിടമുള്ളവർ 635 പേർ, പുരയിടവും നിലവുമായി 242 പേരുമുണ്ടായിരുന്നു. ശരാശരി കരം 3

1901 ലെ ഭൂമിയുടെ സ്ഥിതി (അവലംബം സെറ്റിൽമെന്റ് രജിസ്റ്റർ)	
പുരയിടം	1918 ഏ 99 സെ.
നിലം	1341 ഏ 37 സെ.
പുറംപോക്ക്	176 ഏ 21 സെ.
തരിശ്	431 ഏ 56 സെ.

പണം 3 ചക്രം 5 കാശ്. (ബ്രിട്ടീഷ് രൂപാക്രമത്തിൽ 3 രൂ. 5 അണ 6 പൈസ.) ഭൂമികൾ,തരം തിരിച്ച് ജന്മികരം, കണ്ടു കൃഷി, കാണം, പാട്ടം, ദേവസ്വം., ബ്രഹ്മസ്വം, ഊരാണ്മ, തേട്ടം എന്നീ ഇനങ്ങളിലായി കരം പിരിച്ചിരുന്നു. അന്ന് നിലവിൽ 36 പാടശേഖരങ്ങളുണ്ടായിരുന്നു. പുഞ്ചപാടങ്ങൾ സമുദ്രനിരപ്പിൽ നിന്ന് താഴെയും അവയുടെ മണ്ണിന്റെ പ്രകൃതം ഒരുമാതി രി കറുത്ത ചെളിയുമായിരുന്നു. വിരിപ്പു നിലത്തിൽ മണ്ണിന്റെ ഘടന ചുവപ്പു മിശ്രിതമായിരുന്നു. ചില പുഞ്ച നിലങ്ങൾക്ക് അടുത്തുള്ള തോട്ടിൽ നിന്നും എക്കൽ കയറുന്ന പതിവുണ്ടായിരുന്നു. "ഊരം ഇടുന്ന പതിവില്ല" എക്കൽ കയറുന്നതിന്റെയും ഭൂമിയുടെ ഗുണാഗണം പോലെയും കൃഷി ഫലപ്പെടുന്നതാകുന്നു. വർഷകാലങ്ങളിൽ പുഞ്ചനിലങ്ങൾ കായൽ പോലെ കിടക്കുന്നു. തുലാവർഷം അവസാനത്തിൽ അനേകം പാടങ്ങളുടെ ഉടമസ്ഥർ ഒന്നുചേർന്ന് വരമ്പു കുത്തി അവയിലുള്ള വെള്ളത്തെ ജലസൂത്രം കൊണ്ടോ, ചക്രം കൊണ്ടോ വറ്റിച്ച് നെൽകൃഷി ചെയ്യുന്നു. ചില പാടങ്ങൾ ആണ്ടു തോറും കൃഷിയിറക്കാതെ പഴനിലമിട്ട് ഒന്നരാടം, കൃഷി ചെയ്യുന്നു. പുഞ്ചകൃഷിക്ക് ജലധാരമായിട്ടുള്ളത് അടുത്തുള്ള തോടുകളാണ്. വിരിപ്പു നിലങ്ങൾ മഴയെ ആശ്രയിച്ചിരിക്കുന്നു. അന്ന് തെങ്ങ്, മാവ്, പ്ലാവ്, കവുങ്ങ് ഇവയ്ക്ക് കരം ചുമത്തിയിരുന്നു.

ഭൂപ്രദേശത്തിന്റെ നിമ്നോന്നതയെ അടിസ്ഥാനപ്പെടുത്തി സമുദ്രനിരപ്പിൽ നിന്നും 7.5 മി, 7.5 മീറ്ററിനും 75 മി: ഇടയിൽ വരുന്ന ഭൂവിഭാഗം എന്നിങ്ങനെ കുറിച്ചി പ്രദേശത്തെ രണ്ടായി തരം തിരിക്കാം. ഏറ്റവും ഉയർന്ന പ്രദേശം തച്ചുകുന്നാണ്. കുരട്ടിമല, പീച്ചാങ്കേരി, എന്നീ ഉയർന്ന ഭാഗങ്ങളും ഉണ്ട്. കുറിച്ചിയിൽ ലഭിക്കുന്ന ശശരാശരി മഴ 279.48 മില്ലി മീറ്റർ ആണ്. കാലവർഷവും തുലാവർഷവും നല്ല, രീതിയിൽ ലഭിക്കുന്നു. കാലവർഷം (ജൂൺ-ആഗസ്റ്റ്) മാത്രമായി 1528 മില്ലി മീറ്റർ മഴ ലഭിക്കുന്നു. ഉയർന്ന താപനില 32.7^0 C. താഴ്ന്ന താപനില 23.7^0C. മണ്ണിന്റെ ഘടന വ്യക്തമായ ബീസ്താരമുള്ള ലാറ്ററേറ്റ് (ചെങ്കല്ലും ചരലും നിറഞ്ഞ മണ്ണ്). ആണ്.

ഭൂപരിഷ്കരണം നടപ്പിലാക്കിയതോടെ സ്വന്തമായി ലഭിച്ച കൃഷിയിടങ്ങൾ കർഷകർക്ക് വീടു വയ്ക്കുന്നതിനും വേണ്ടത്ര പരിചരണം ആവശ്യമില്ലാത്ത തെങ്ങു പോലെയുള്ള കാർഷിക വിളകൾ നടുന്നതിനുവേണ്ടി നികത്താൻ തുടങ്ങിയതോടെ നേരത്തെ ഉണ്ടായിരുന്ന ഉല്പാദന ക്രമങ്ങളിൽ മാറ്റം വരാൻ തുടങ്ങി. ഭൂപരിഷ്കരണം മൂലം

	ഏക്കർ	സെന്റ്	ശതമാനം
1. പട്ടാദാരവക	2413	64	74%
2. ദേവസ്വം, പാട്ടം, ഒറ്റി	42	95	1%
3. ഊരാൺമ ദേവസ്വം	60	20	20%
4. ബ്രഹ്മസ്വം തേട്ടം	548	55	17%
5. കണ്ടു കൃഷി	111	41	4%
6. കരമൊഴിവ്	83	60	2%

[സെറ്റിൽമെന്റ് രജിസ്റ്റർ]

കൈവശാവകാശവും കുടികിടപ്പവകാശവും ലഭിച്ചതോടെ ഭൂവുടമകളുടെ എണ്ണം വർദ്ധിച്ചു. ആദ്യകാലങ്ങളിൽ കർഷകർക്ക് ലഭിച്ചിരുന്ന വരുമാന മാർഗ്ഗം കുറഞ്ഞു വന്നതോടെ അവൻ മറ്റ് നാണ്യവിളകളിലേക്കു തിരിയുന്നതിനു കളമൊരുങ്ങി. കൂലി നിലവാരം ഉയർന്നു വരുന്നതിനനുസരിച്ച് കൃഷിഭൂമിയിൽ ചെലുത്തിയിരുന്ന അദ്ധ്വാനത്തിന്റെ അളവ് ക്രമേണ കുറഞ്ഞു വന്നു. വളം, കീടനാശിനി ഇവയുടെ വില വർദ്ധനവ്, മണ്ണിന്റെ ഘടനയെക്കുറിച്ചുള്ള അറിവു കുറവ്, അവിചാരിതമായുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾ, വിപണനരംഗത്തുള്ള മാന്ദ്യം ഇവ നെൽകൃഷിയെ ബാധിച്ചു. നെൽകൃഷി ലാഭകരമല്ലാതായതും ആധുനിക വിദ്യാഭ്യാസം സാർവ്വത്രികമായതും സാമൂഹിക അംഗീകാരത്തിന്റെ കുറവും, കാർഷിക മേഖലയിൽ പഴയ കാലങ്ങളിൽ പണി എടുത്തിരുന്ന പിൻതലമുറക്കാരെ ഇതര തൊഴിൽ മേഖലകളിലേക്ക് ആകർഷിച്ചു.

സർക്കാർ ഏജൻസികളുടെ സ്വാധീനങ്ങൾ, പ്രേരണകൾ, പ്രലോഭനങ്ങൾ, കാർഷിക യന്ത്രോപകരണങ്ങളുടെ വരവ് ഇവ മൂലം രംഗം ആകെ മാറി. ഇത് കർഷക തൊഴിലാളികളുടെ എണ്ണക്കുറവിനും വയലുകൾ, തെങ്ങ്, റബ്ബർ ഇവ കൃഷി ചെയ്യുന്നതിനും ഗൃഹ നിർമ്മാണത്തിന് വേണ്ടി നികത്തുന്നതിനും ഇടയാക്കി. ഗതാഗത സൗകര്യമുള്ള ഇരുപ്പു നിലങ്ങൾ നികത്തി വില്പന തന്നെ നടത്തുന്നുണ്ട്. ചാലചിറ, ചെമ്പുചിറ, മുട്ടുചിറ, ചേലച്ചിറ, ആനാരിചിറ, എണ്ണയ്ക്കാചിറ, കുട്ടച്ചിറമറ്റം എന്നീ ഇരുപ്പു നിലങ്ങൾ രണ്ടു കൃഷിക്കുശേഷം പച്ചകറികൾ, വാഴ മരച്ചീനി ഇവ വളരെ ആദായകരമായി കൃഷി ചെയ്തിരുന്ന പാടശേഖങ്ങളാണ്. ഇതിൽ ചാലച്ചിറ, ചെമ്പുചിറ (കിഴക്ക്) ചേലചിറ പൂർണ്ണമായും റബ്ബറും തെങ്ങും മറ്റു പാടങ്ങളിൽ ഭാഗീകമായി മാത്രം നെൽ കൃഷിയുമുണ്ട്. മേൽ പറഞ്ഞവയിലെല്ലാം കർഷകർ പരമ്പരാഗതമായി കൃഷി ചെയ്തിരുന്ന വാഴ, മരച്ചീനി, പച്ചക്കറികൾ എന്നീ വിളകളേയും സാരമായി ബാധിച്ചു. കാർഷികവൃത്തിയോടു വന്ന സമീപനത്തിന്റെ ഭാഗമായി പുരയിടങ്ങളിൽ നിന്നും കൃഷി ചെയ്തിരുന്ന ഇടവിളകളുടെ ഉല്പാദനത്തിലും ഗണ്യമായ കുറവ് വരുവാൻ തുടങ്ങി. പുരയിടങ്ങളിൽ ഇപ്പോൾ തെങ്ങ്, റബ്ബർ ഒഴികെയുള്ള മറ്റ് കൃഷിയിനങ്ങൾ നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. മറ്റു കാർഷികവിളകളുമായി താരതമ്യം ചെയ്യുമ്പോൾ മേൽ പറഞ്ഞ വിളകൾക്ക് കുറഞ്ഞ പരിചരണമേ ആവശ്യമുള്ളു എന്ന വസ്തുത ഇതിന് ഒരു കാരണമായി ചൂണ്ടിക്കാട്ടാവുന്നതാണ്. ഭൂരിഭാഗം കർഷകരും ഇന്ന് ഹ്രസ്വകാല വിളകളും, വാർഷിക വിളകളും വിട്ട് ദീർഘകാല വിളകളിൽ താല്പര്യം കാണിക്കുന്നു.

ഭക്ഷ്യോല്പാദനരംഗത്ത് കുറവു വന്നതിനൊപ്പം തന്നെ വയലുകൾ നികത്തിയത് നീർ കെട്ടിനും, മണ്ണൊടുപ്പ് പരിസ്ഥിതിയെയും ബാധിക്കുന്നു. കൃഷിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കുളങ്ങൾ, തോടുകൾ, വാച്ചാലുകൾ, ചീപ്പുകൾ എന്നിവ സംരക്ഷിച്ചു പോന്നിരുന്ന സ്ഥിതിക്കും മാറ്റമുണ്ടായി. ഇപ്പോൾ ഇവ മണ്ണിടിഞ്ഞ് നികരുകയും ആനക്കുഴി, ചാലച്ചിറ, ചേലച്ചിറ, എണ്ണയ്ക്കാച്ചിറ ഇവ ലക്ഷംവീടുകളായും മറ്റ് പാർപ്പിട കേന്ദ്രങ്ങളായും മാറി കഴിഞ്ഞിരിക്കുന്നു.

ഭൂപ്രകൃതി

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 16.22 ച: കി: മീ: ആണ് ഇത് സമതലം, ഉയർന്ന പ്രദേശം, ചെരുവു പ്രദേശം, പുഞ്ചപ്പാടങ്ങൾ എന്നിങ്ങനെയാണ് കാണപ്പെടുന്നത്. സമതലങ്ങൾ ചരൽ നിറഞ്ഞ മണ്ണും പടിഞ്ഞാറൻ പ്രദേശത്ത് ചുവപ്പു കലർന്ന ചെങ്കല്ലു നിറഞ്ഞ മണ്ണുമാണ്.

No.	ഭൂപ്രകൃതി	വിസ്തീർണ്ണം
1.	സമതലം	350 ഹെ
2.	ചെരുവു പ്രദേശം ഉയർന്ന പ്രദേശം	700.2 ഹെ
3.	പുഞ്ചപ്പാടങ്ങൾ	491.4 ഹെ
4.	മുണ്ടകപ്പാടം	80.4 ഹെ

ഈ പഞ്ചായത്തിലെ കർഷകരെ താഴെ പറയുന്ന വിധം തരം തിരിക്കാം.

No.	ഭൂപരിധി	കർഷകരുടെ എണ്ണം	വിസ്തീർണ്ണം
1.	1 ഹെക്ടറിൽ താഴെ	2620	
2.	1ഹെ: 3ഹെ: വരെ	1510	
3.	3 ഹെ: മകളിൽ	310	

ഭൂവിനിയോഗം

No.	വിനിയോഗം	വിസ്തീർണ്ണം
1.	നെല്ല്	571.8 ഹെ:
2.	തെങ്ങ്	670 ഹെ:
3.	റബ്ബർ	107 ഹെ:
4.	മരച്ചീനി	95 ഹെ:
5.	വാഴ	40 ഹെ:
6.	കൊക്കോ	19.40 ഹെ:
7.	കുരുമുളക്	8 ഹെ:
8.	പച്ചക്കറികൾ	
9.	കിഴങ്ങ് വർഗ്ഗങ്ങൾ	

സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം, വർഷപാതം, മൺതലം ഭൂതലപ്രകൃതി ഇവയെ അടിസ്ഥാനപ്പെടുത്തി ശാസ്ത്രീയരീതിയേക്കാൾ ഉപരി പ്രായോഗിക പരിചയം വച്ച് കൃഷി ചെയ്യുന്നവരുമുണ്ട്.

No.	വിള	വിതീർണ്ണം	ഉല്പാദനക്ഷമത
1.	നെല്ല്	501ഹെ:	2300 Kg/ഏക്കർ
2.	തെങ്ങ്	655 ,,	1900Nos/ഏക്കർ
3.	മരച്ചീനി	95 ,,	10 ടൺ/ഹെക്ടർ
4.	വാഴ	40 ,,	6700 Kg/ ഏക്കർ
5.	കൊക്കോ	16 H	5 ടൺ/ ഹെക്ടർ
6.	പച്ചക്കറികൾ	10 H	
7.	കിഴങ്ങു വർഗ്ഗങ്ങൾ	9H	

നെൽകൃഷി

ആകെയുള്ള കൃഷിക്കാരിൽ 20%വും ചെറുതും വലുതുമായ നെൽകൃഷിക്കാരാണ്. കൃഷി വികസനത്തിന്റെ കാര്യം പറയുമ്പോൾ നെൽ കൃഷിയും അരി ഉല്പാദനത്തിന്റെ പ്രശ്നവും ഗൗരവതരമാണ്.

വിള വിസ്തീർണ്ണം ഉല്പാദനം ഉല്പാദനക്ഷമത

1. നെല്ല് (ഒന്നാം വിള) 30H 75 ടൺ 2.5 ടൺ/ഹെക്ടർ

2. നെല്ല് (രണ്ടാംവില) 80.4 H 241.2 ,, 3.0 ടൺ/ഹെക്ടർ

3. നെല്ല് (മൂന്നാംവിള) 490.4 H 2659.68 ,, 4.2 ടൺ/ഹെക്ടർ

നെൽകൃഷിയിൽ ഉല്പാദനം നാടൻ വിത്തുകളേക്കാൾ കൂടുതൽ സങ്കരയിനം വിത്തുകളിൽ നിന്ന് ലഭിക്കുന്നതുകൊണ്ട് കർഷകർക്ക് ഇവയോടാണ് കൂടുതൽ ആഭിമുഖ്യം. രണ്ടു പതിറ്റാണ്ടുകൾക്കു മുമ്പു വരെ കൃഷി ചെയ്തിരുന്ന തവളക്കണ്ണൻ, വരിനെല്ല്, കുളപ്പാല, കൊച്ചുവിത്ത്, ചെറുമണി, പൊന്നാര്യൻ, A2 ഇവയ്ക്കു പകരം ഇപ്പോൾ അത്യുല്പാദനശേഷിയുള്ള 12-85, ജയ, പവിഴം. വെള്ളത്രിവേണി, കൾച്ചർ-20 ഇവ സ്ഥാനം പിടിച്ചിരിക്കുന്നു. പുഞ്ചപ്പാടങ്ങൾ നെൽ കൃഷിക്ക് ശേഷം തരിശ് ഇടുകയാണ് പതിവ്. മുണ്ടകപ്പാടം (വിരുപ്പു) മകരകൊയ്ത്തിനുശേഷം വ്യാപകമായി പച്ചക്കറികൾ കൃഷി ചെയ്യുന്നു. 21 പാടശേഖരങ്ങളിലായി 491.4 ഹെക്ടർ പുഞ്ചകൃഷി ചെയ്യുന്നു. 8 പാടശേഖരങ്ങളിലായി 80.4 ഹെക്ടർ വിരുപ്പു കൃഷി ചെയ്തിരുന്നത് പല കാരണങ്ങളാൽ കുറഞ്ഞ് ഏതാണ്ട് 16 ഹെ: മാത്രമേ നെൽ കൃഷിയുള്ളു. 5985 വീടുകൾ ഉള്ളതിൽ 809കുടുംബങ്ങൾ മാത്രമേ കൃഷിയെ ഉപജീവനമാർഗ്ഗമായി ആശ്രയിക്കുന്നുള്ളു. ഏകദേശം 2430 പുരുഷ കർഷകതൊഴിലാളികളും, 1252 സ്ത്രീ കർഷകതൊഴിലാളികളുമാണ് പഞ്ചായത്തിൽ ഉള്ളത്. ഇവരുടെ ശരാശരി കൂലി നിരക്ക് പുരുഷന് 100 രൂപയും. സ്ത്രീകൾക്ക് 45രൂപയും. നിലവിൽ ഒരു ഏകീകൃത നിരക്ക് ഇല്ല.

കൃഷി വികസനത്തിന്റെ കാര്യം പറയുമ്പോൾ അരി ഉല്പാദനത്തിന്റെ പ്രശ്നം ഗൗരവതരമാണ്. ആഗോള അടിസ്ഥാനത്തിൽ അനുഭവപ്പെടുന്ന അരിയുടെ ദൗർലഭ്യം കൂടി കണക്കിലെയുക്കുമ്പോൾ സംസ്ഥാനത്തിനു പുറത്തുനുന്നുള്ള അരിയുടെ വരവിനെ മാത്രം ആശ്രയിച്ചാൽ ആപത്തുണ്ട്. ബഹുരാഷ്ട്ര കമ്പനികളുടെ നിയന്ത്രണം ചില വിളകളിൽ വന്നതോടുകൂടി (കൊക്കോ-കാഡ്ബറി) കാർഷിക മേഖലയിൽ ഉണ്ടായ ചില മാറ്റങ്ങൾ ആപൽകരമായ ചില കാർഷിക സമീപനങ്ങൾക്കിടയായി. നിലവിലുള്ള 21 പാടശേഖരങ്ങളിൽ 13 എണ്ണത്തിന് ഗ്രൂപ്പ് ഫാമിംഗ് ഉണ്ട്. ഇതിൽ 5 എണ്ണത്തിനും പുറം ബണ്ട് പരൂർത്തീകരിച്ചു. ബാക്കി കൂടി നിർമ്മിച്ചാൽ ഒരുപ്പൂ കൃഷി ഇരുപ്പൂ വാകുകയും, അല്ലങ്കിൽ മത്സ്യകൃഷിക്ക് ഉപയുക്തമാക്കുകയോ ചെയ്യാം. ഇത് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനൊപ്പം സാമ്പത്തിക ഉയർച്ചയ്ക്കും ഭൂമിയുടെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ഉല്പാദമക്ഷമത കൈവരിക്കുന്നകിനും സാധിക്കും. വിരിപ്പു നിലങ്ങളിലെ കുളങ്ങൾ സംരക്ഷിച്ചാൽ നികത്തിയ പ്രദേശങ്ങളിൽ പച്ചക്കറികളും, ശേഷിച്ച ഭാഗത്തു നെല്ലും ഉല്പാദിപ്പിക്കുവാൻ സാധിക്കും.

ക്ഷീരോല്പാദനം, കോഴി വളർത്തൽ, മത്സ്യബന്ധനം ഇവ പ്രോത്സാഹിപ്പിക്കുവാനും ഇതിന് നിർണ്ണായക പങ്ക് വഹിക്കുവാൻ സാധിക്കും.

പാടശേഖരസമിതിയും വിളക്രമവും

	പാടശേഖരം	വിസ്തീർണ്ണം	ഒന്നാംവിള	രണ്ടാംവിള
1.	കുറിച്ചികരിവട്ടം	88.8 ഹെ.	നെല്ല്	–
2.	ആഞ്ചലശേരി-വൈക്കത്തുകുഴി	124.8 ,,	നെല്ല്	–
3.	മണ്ണങ്കര	37.7 ,,	നെല്ല്	–
4.	മുക്കാട്ടുവാക്ക-താമരച്ചാൽ	30 ,,	നെല്ല്	–
5.	കാരിക്കുഴി-പാലാച്ചാൽ	16.7 ,,	നെല്ല്	–
6.	കക്കുഴി-ആലമാട്ടയിൽ	7.1 ,,	നെല്ല്	–
7.	പറയനടി	10.8 ,,	നെല്ല്	–
8.	മണലൂർതാഴെ	4.5 ,,	നെല്ല്	–
9.	വാണിയങ്കരി-പുതിയാട്	17.6 ,,	നെല്ല്	–
10.	ചിറകടവ്-കരീത്ര	18 ,,	നെല്ല്	–
11.	പടുവം	4 ,,	നെല്ല്	–
12.	പിച്ചളക്കരിപുതുക്കരി	3.5 ,,	നെല്ല്	–
13.	പുത്തൻപുരക്കടവ്	1.6 ,,	നെല്ല്	–
14.	മങ്കുഴി-മറ്റത്തിതാഴെ	9.6 ,,	നെല്ല്	–
15.	F- ബ്ലോക്ക്	37.6 ,,	നെല്ല്	–
16.	കവല-ചാത്തൻകരി	14.5 ,,	നെല്ല്	–
17.	കൃഷ്ണൻകേരി-കട്ടക്കുഴി	12.8 ,,	നെല്ല്	–
18.	കരിക്കണ്ടം	22.8 ,,	നെല്ല്	–
19.	ഇളംകാവ് ചാലടി	15.2 ,,	നെല്ല്	–
20.	തങ്ങ്യാകരി	4.8 ,,	നെല്ല്	–
21.	മാണിക്യമഗളം	1/2 ,,	നെല്ല്	–

10 ഹെക്ടറിന് മുകളിലുള്ള പാടശേഖരങ്ങൾ ഗ്രൂപ്പ് ഫാമിംഗിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മുണ്ടകപ്പാടം (വിരുപ്പു)

പാടം	വിസ്തീർണ്ണം	നിലവിൽ നെൽ കൃഷിയുള്ളത്	ഒന്നാംവിള	രണ്ടാംവിള	മൂന്നാംവിള
1.ചേരിപാടം	10	2	നെല്ല്	നെല്ല്	പച്ചക്കറികൾ,
2. ചേലചിറ	4	0	_	_	വാഴ, തെങ്ങ്, പച്ചക്കറി
3. ചാലച്ചിറ	4	0	_	_	റബ്ബർ, പച്ചക്കറികൾ
4. പുലികുഴി	12	2	നെല്ല്	നെല്ല്	വാഴ, പച്ചക്കറികൾ
5. ചെമ്പുചിറ	10	4	നെല്ല്	നെല്ല്	വാഴ, പച്ചക്കറികൾ
6. കച്ചിറ-ചെറുവേലി	12	3	നെല്ല്	നെല്ല്	പച്ചക്കറികൾ
7. ആനാരിച്ചിറ	26	4	നെല്ല്	നെല്ല്	കപ്പ, വാഴ, പച്ചക്കറികൾ
8. കുറ്റിക്കണ്ടം	2	_	നെല്ല്	_	പച്ചക്കറികൾ

1993-ൽ പ്രസ്തുത P.M.S.P. (Prime Minister's Special Programme) പദ്ധതിപ്രകാരം കുറിച്ചി പഞ്ചായത്തിൽ 6 പാടശേഖരങ്ങളിൽ പദ്ധതി നടപ്പിലാക്കി. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് നിലവിലുള്ള കൃഷി മെച്ചപ്പെടുത്തുകയും, ആവശ്യമെങ്കിൽ ഒരു കൃഷി കൂടി എടുക്കുകയുമായിരുന്നു പദ്ധതി ലക്ഷ്യം. പദ്ധതി പരിപൂർണ്ണമായി വിജയിച്ചില്ല.

	എസ്റ്റിമേറ്റ്	റിമാർക്സ്
1. കുറിച്ച കരിവട്ടം പാടം		
a. പുറം ബണ്ട് നിർമ്മാണം		
b. പുറം ബണ്ട് ബലപ്പെടുത്തൽ	Rs - 18,23,000/-	വിജിലൻസ് അന്വേഷണം കാരണം പൂർത്തീകരിച്ചില്ല
c.വാച്ചാൽ നിർമ്മാണം		
d. പെട്ടി, പറ, മോട്ടർ etc.		
2. കാരികുഴി-പാലാച്ചാൽ		
a. പുറം ബണ്ട് സംരക്ഷണം	Rs. - 8,82,000/-	പദ്ധതി പൂർത്തീകരിച്ചു
b. പുറം ബണ്ട് ഉയർത്തുക		
3. ആഞ്ചലശ്ശേരി-വൈക്കത്തുകുഴിപാടം		
a. പുറം ബണ്ട് സംരക്ഷണം		
b. പുറം ബണ്ട് ഉയർത്തുക	Rs. - 12, 80000/-	പദ്ധതി പൂർത്തീകരിച്ചില്ല
c. വാച്ചാലുകളുടെ സംരക്ഷണം		
4. ചിറകടവ്-കരീത്രപാടം		
a. പുറംബണ്ട് ബലപ്പെടുത്തുകയും ഉയർത്തുകയും ചെയ്തയിനം	Rs - 4,41000/-	പദ്ധതി പൂർത്തീകരിച്ചു.
5. മണ്ണങ്കര പാടം		
a. പുറം ബണ്ടിന്റെ സൈഡ് കെട്ട്	Rs - 12,09000/-	പദ്ധതി പൂർത്തീകരിച്ചു
b. പുറം ബണ്ട് ഉയർത്തുക		
6. കവല-ചാത്തൻകരിപാടം		
a. പുറം ബണ്ട് സംരക്ഷണം, പെട്ടി പറ, മോട്ടർ വിതരണം	Rs - 2,27000/-	പദ്ധതി പൂർത്തീകരിച്ചു

ഉന്നതങ്ങളിലെ ഇടപെടലും, പദ്ധതിയെക്കുറിച്ച് കൃഷിക്കാർക്കുള്ള അറിവുകുറവും, പദ്ധതി ഏറ്റെടുക്കുന്നതിനും ഫലവത്തായി നടപ്പാക്കുന്നതിനും സാധിച്ചില്ല. ഈ രംഗത്ത് ലക്ഷ്യം ജലരേഖയായി മാറി.

നെൽകൃഷിക്കുള്ള പ്രൊഡക്ഷൻ ബോണസ്സ്

വിവിധ ഘടകങ്ങളുടെ ധനസഹായം നിർത്തലാക്കി പകരം ഉല്പാദനത്തെ അടിസ്ഥാനമാക്കി കൃഷിക്കാരന് ഹെക്ടർ ഒന്നിന് Rs - 250/ പ്രകാരം നലല്കുന്ന പദ്ധതിയാണിത്.

വർഷം	പാടശേഖരം എണ്ണം	വസ്തീർണ്ണം	തുക	കൃഷിക്കാരുടെ എണ്ണം
1993-94 (പുഞ്ച)	19	446.39 ഹെ.	111599/	627
1994-95 (വിരിപ്പു)	1	16 ഹെ.	2500/	14
1994-95 (പുഞ്ചകൃഷി)	17	433.42	108355/	58

ഐ. പി. ആർ. ഡി. പദ്ധതി

ഇത് കേന്ദ്രഗവൺമെന്റ് ആവിഷ്ക രിച്ച് നടപ്പാക്കിയ പദ്ധതിയാണ്. വിത്ത്, വളം ,,കീടനാശിനി, കുമിൾനാശിനി സ്പ്രെയറുകൾ എന്നിവയ്ക്ക് 75% ധനസഹായം അനുവദി ക്കുന്നു.

1993-94

1. 268.8 ഹെക്ടർ ന് 20880 Kg. വിത്ത് വിതരണം ചെയ്തു.

2. 10 -കുറ്റി പമ്പുകൾ വിതരണം ചെയ്തു.

3. പവ്വർ ടില്ലർ ഒരു സമിതിക്ക് നല്കി.

4. കളനാശിനി (2, 4, D) - 80 Kg, 161 ഹെ. 230 കൃഷിക്കാർക്ക് നല്കി.

5. കീടനാശിനി 207 ഹെക്ടറിലായി 325 കൃഷിക്കാർക്ക് നല്കി.

ഗ്രൂപ്പ് ഫാമിംഗിൽ ഹെക്ടറിന് 100 രൂപ ക്രമത്തിലും ഈ പദ്ധതിപ്രകാരം ഹെക്ടറിന് 150 രൂപ ക്രമത്തിലുമുള്ള വിതരണം കൃഷിക്കാരെ രണ്ടു തട്ടിലാക്കി.

ഗ്രൂപ്പ് ഫാമിംഗ് പദ്ധതി

നെൽകൃഷി രംഗത്ത് വിത്ത്, വളം. കീടനാശിനി, കുമിൾനാശിനി, നീറ്റുകക്ക, ചെറുകിട ജലസേചനം, ജലനിർഗ്ഗമന ചാലുകൾ, തോടുകൾ തുടങ്ങിയവയ്ക്കു ആനുകൂല്യങ്ങൾ നല്കുന്ന പദ്ധതിയാണിത്. 10 ഹെ: വിസ്തീർണ്ണമുള്ള പാടശേഖരത്തിൽ നെല്ല് ഉല്പാദകസമിതികൾ രൂപീകരിക്കാൻ സാധിക്കും.

കേരകൃഷി

കേരളത്തിന്റെ അഭിവൃദ്ധി കേരകൃഷി വികസനത്തെ ആശ്രയിച്ചാണ് നില കൊള്ളുന്നതെങ്കിൽ അതിന്റെ പങ്ക് നമ്മുടെ പഞ്ചായത്തിലും നിക്ഷിപ്തമാണ്. തെങ്ങ് 670 ഹെ: കൃഷി ചെയ്യുന്നു. ഒരു വർഷം ലഭിക്കുന്ന തേങ്ങ 3182500 ആണ്. വേണ്ടത്ര ജലസേചനസൗകര്യകുറവു നിമി ത്തം വൻകിട തെങ്ങിൻതോപ്പുകൾ കുറവാ ണ്. ഭൂരിഭാഗം വീടുകളുടെ പരിസരപ്രദേശ ത്ത് സ്വതം ആവശ്യങ്ങൾക്കായി തെങ്ങുകൾ കാണാം. കുന്നിൻ ചെരുവുകളിലും താഴ്ന്ന പ്രദേശങ്ങളിലും ഉല്പാദന ക്ഷമത കുറവാ ണെങ്കിലും ശരാശരി ഉല്പാദനം ലഭിക്കുന്ന തെങ്ങിൻ തോപ്പുകൾ ഉണ്ട്.

ആദ്യകാലങ്ങളിൽ തെങ്ങ് വളരെ വ്യാപകമായി കൃഷി ചെയ്തിരുന്നു.

രോഗകുറവ്, മണ്ണിന്റെ ഫലഭൂയിഷ്ഠത, നാടൻ വളക്രമങ്ങൾ, ശരിയായ പരിചരണം ഇവയിലൂടെ നാല്പത്തി അഞ്ചു ദിവസത്തിനുള്ളിൽ ഒരു തെങ്ങിൽ നിന്ന് ശരാശരി 60 നാളികേരം വരെ ലഭിക്കുന്നു.

വിത്ത്, തെരഞ്ഞെടുക്കുന്നതിന്റെ അപാകത, അശാസ്ത്രീയമായ ജലസേചനം, രോഗം, വളപ്രയോഗം, തുടങ്ങിയവ തെങ്ങു കൃഷിയുടെ പ്രശ്നങ്ങളിൽ പെടുന്നു. ഒരു ഏക്കറിൽ ശരാശരി 90 തെങ്ങുകൾ നിലവിലുണ്ട്. നെൽകൃഷിയെക്കാൾ ലാഭകരം എന്ന കാഴ്ചപ്പാടോടെ വയലുകൾ നികത്തി തെങ്ങുവച്ച പലയിടങ്ങളിലും മറ്റു കാരണങ്ങളാലും ഉല്പാദനം കുറഞ്ഞു വരുന്നതായി കാണാം.

വിള	വിസ്തീർണ്ണം	എണ്ണം	ലഭിക്കുന്ന തേങ്ങ
തെങ്ങ്	670 ഹെ	148950	3182500

സമഗ്രവികസനം ലക്ഷ്യമക്കി പല പദ്ധതികൾ നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കി.

സി.സി.ഡി.പി. (സംയോജിതനാളികേര വികസന പദ്ധതി) ഈ പദ്ധതി 1994-95 വർഷം മുതൽ 3 വർഷത്തേക്കായിരുന്നു. ഇതു പ്രകാരം ജലസേചനത്തിനു കിണർ, പമ്പ് സെറ്റ്, കമ്മ്യൂണിറ്റി ജലസേചനം, ഗ്രൂപ്പ് ജലസേചനം, ആട്ടുപമ്പുകൾ, പച്ചില വളവിത്തു തുടങ്ങിയവയ്ക്ക് ധനസഹായം നൽകി വരുന്നു. 1996-97 പദ്ധതിയുടെ അവസാന വർഷമാണ്.

C.C.D.P. പദ്ധതി പ്രകാരം സംസ്ഥാനത്ത് ആദ്യം നിലവിൽ വന്ന പദ്ധതി കുറിച്ചിയിലാണ്. എന്നാൽ ഇപ്പോൾ പ്രവർത്തനക്ഷമമല്ല. ഇതിന്റെ അടങ്കൽ തുക 11 ലക്ഷത്തിൽ പരം രൂപയായിരുന്നു. എന്നാൽ ഇപ്പോഴും ഈ പദ്ധതികൊണ്ട് ജനങ്ങൾക്ക് പ്രയോജനം കിട്ടാതെയും പൂർത്തീകരിക്കാതിരിക്കുകയാണ്. അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

CCDP പദ്ധതിപ്രകാരം ലഭിച്ച ആനുകൂല്യങ്ങൾ

വർഷം	പമ്പ്	കിണർ	പച്ചിലവിത്ത്	സ്പ്രെയർ	ട്രയിനിംഗ്	തുക
1994-95	30	26	50 Kg	1	2	19,07,500
1995-96	26	34	50Kg	2	2	1,52,508

കമ്മ്യൂണിറ്റി ജലസേചനം (എണ്ണയ്ക്കാച്ചിറ)

കുളം നിർമ്മിച്ച് സൈഡ് കെട്ടുക	Rs. 3,58000
ടാങ്ക് നിർമ്മാണം	71000
പമ്പ് ഹൗസ് നിർമ്മാണം	12000
പൈപ്പു ലൈൻ & മോട്ടോർ	1, 93000
വൈദ്യുതീകരണം (പമ്പ് ഹൗസ്)	2000
C. D. B. സ്കീം	Rs. 63,6000 ഈ പദ്ധതിയും പൂർത്തീകരിച്ചിട്ടില്ല

നാളികേര വികസനബോർഡിന്റെ പദ്ധതിയാണിത്. ഇതുപ്രകാരം തെങ്ങിനുള്ള രാസവളം കിറ്റുകളായി 25 ടൺ ഈ വർഷം നല്കുകയുണ്ടായി. രോഗബാധിത തെങ്ങു കൾ വെട്ടി മാറ്റി പകരം തെങ്ങിൻ തൈകൾ വിതരണം ചെയ്തവഴി 1,60,000 രൂ. ചിലവഴിച്ചു. കൂടാതെ ഇഞ്ചി, മഞ്ഞൾ, കുരുമുളക് ഇതര സുഗന്ധ വിളകൾക്കായുള്ള ഐ.പി.ഡി.എസ്. പദ്ധതി കൊക്കോ കൃഷി വികസന പദ്ധതി പയർ കൃഷി വികസന പദ്ധതി, ജൈവവള വികസന പദ്ധതി പട്ടികജാതിക്കാർക്കായുള്ള എസ്.സി.പി. അഥവാ പ്രത്യേക ഘടക പദ്ധതി എന്നിവയും ഇതിലുണ്ട്.

1994-95

		തുക	കൃ. എണ്ണം
1. പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കായുള്ള SCP പദ്ധതി	1. വളം-2.669 ടൺ 2. WCT- തൈകൾ (630 Nos)	13170 9450.	76
2. കൊക്കോവികസനം	1 ഹെ:	1600	4
3. പബ്ലിക് പാർട്ടിസിപ്പേഷൻ സെമിനാർ	5 എണ്ണം	2500	–
1995-96			
1. പട്ടികജാതി-പട്ടികവർഗ്ഗം പദ്ധതി	6 വീടുകൾ (എണ്ണയ്ക്കാച്ചിറ)	1,23000	6
2. കൊക്കോ വികസനം	1 ഹെ:	1500	4
3. ജൈവവിള വികസനം	1. കംപോസ്റ്റ് കുഴി 100 2. ട്രെയിനിംഗ് 5 3. പച്ചിലവളം 250 Kg.	2500 1000 750	100 – 52
4. പയർ കൃഷി വികസനം	1. വിത്ത് 308 Kg. 2. വളം 13.8 Ton	3850 2001	36 36
5. ഇഞ്ചി, മഞ്ഞൾ, കുരുമുളക് IPDS	3 ഹെ:	11445	12
6. പബ്ലിക്ക് പാർട്ടിസിപ്പേഷൻ സെമിനാർ, വിളമത്സരം	5 എണ്ണം	3660	–

കൃത്യമായ പരിചരണങ്ങളും, വേണ്ടത്ര ജലസേചന സൗകര്യങ്ങളും രോഗപ്രതി രോധ മാർഗ്ഗങ്ങളും, തേങ്ങയ്ക്ക് ഒരു ക്ലിപ്ത വിലയും, പൊതു സംഭരണകേന്ദ്രവും, വേണ്ടത്ര വായ്പ കളും ലഭിച്ചാൽ ഉല്പാദന ക്ഷമത കൈവരിക്കാം.

പഞ്ചായത്തിൽ ഒരു കേരവികസന സമിതി നിലവിലുണ്ട്.

തെങ്ങു കൃഷി സംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ	തെങ്ങ് കൃഷി വിസ്തീർണ്ണം (He)	തെങ്ങുകളുടെ കായ്ക്കാത്തത്	എണ്ണം കായ്ക്കുന്നത്	ആകെ	രോഗം ബാധിച്ച തെങ്ങ്			സ്റ്റോബിറ്റ്സ്	മറ്റുള്ളവ	ആകെ
					റൂട്ട് വിൽറ്റ്	ലീഫ് റോട്ട്	ബഡ് റൂട്ട്			
1	21	3414	376	3790	600	3000	148	,,	,,	3748
2	15	2218	196	2314	500	2000	80	,,	,,	2580
3	24	3610	380	3990	450	3000	150	,,	,,	3600
4	34	4317	297	6614	700	5000	250	,,	,,	5950
5	74	19108	617	19775	1500	18000	750	,,	,,	20250
6	76	18940	702	19642	2000	17000	700	,,	,,	19700
7	58	9410	1110	1540	1000	10000	400	,,	,,	20400
8	47	8700	750	9450	900	9000	350	,,	,,	10250
9	72	18400	870	19270	2000	17000	750	,,	,,	19750
10	89	21600	1300	22900	2000	20000	700	,,	,,	22700
11	84	20700	1200	21900	2000	20000	700	,,	,,	22700
12	76	19000	1000	20000	2500	18000	700	,,	,,	21200

അവലംബം - കൃഷിഭവൻ രേഖകൾ

റബർ

നമ്മുടെ പഞ്ചായത്തിൽ ഉല്പാദനം എടുക്കുന്ന 85 ഹെക്ടർ റബ്ബർ തോട്ടങ്ങളുണ്ട്. നടീൽ മുതൽ 6 വർഷത്തിനു താഴെ ഏകദേശം 17 ഹെക്ടർ കൂടി റബ്ബറുണ്ട്. റബ്ബർ കൃഷി പഞ്ചായത്തിലെ ജനങ്ങളുടെ ഹരമായി മാറിയിരിക്കുന്നു. റബ്ബർ കൃഷിക്കാർ ഒരു ഹെക്ടറിനു മുകളിൽ 50ഉം അതിനു താഴെ 55 എണ്ണവുമാണ്. പഞ്ചായത്തിന്റെ കിഴക്ക് പ്രദേശത്ത് വ്യാപകമായും പടിഞ്ഞാറൻ പ്രദേശത്ത് വിരളമായും കാണുന്നു. മരച്ചീനി, വാഴ, പച്ചക്കറികൾ ഇവ കൃഷി ചെയ്തിരുന്ന തുണ്ടു പ്രദേശങ്ങളിലും, വയൽ നികത്തിയ ചില പ്രദേശങ്ങളിലും റബ്ബർ കൃഷി ചെയ്യുന്നുണ്ട്. ധാന്യവിളകളിൽ നിന്നും നാണ്യവിളകളിലേക്കുള്ള ജനങ്ങളുടെ മാറ്റം സ്വാശ്രയത്വത്തിന് തടസ്സം സൃഷ്ടിക്കും.

തൈകൾ തെരഞ്ഞെടുക്കുന്നതിലുള്ള പരിചയക്കുറവ്, പ്രകൃതി ക്ഷോഭം, പരിചരണ കുറവ് ഇവമൂലം ഉല്പാദന ക്ഷമത കുറയുന്നു.

മുൻകൂട്ടി ആദായം പ്രവചിക്കാവുന്നതും അദ്ധ്വാനഭാരം കുറഞ്ഞതും, വേണ്ടത്ര വിപണന സാദ്ധ്യതയും, പ്രത്യേക ഏജൻസി (റബ്ബർ ബോർഡ്) യിൽ നിന്നുള്ള സഹായവും റബ്ബർ കൃഷി കർഷകന് താല്പര്യമുള്ളതാക്കുന്നു. കൃഷി വ്യാപകമായ ഭാഗങ്ങളിൽ ജലക്ഷാമം രൂക്ഷമാണ്.

റബ്ബർ -85H 680 ടൺ .8 ടൺ/ഹെക്ടർ

റബർ വിപണനം സുഗമാക്കുന്നതിനു വേണ്ടി റബർ ബോർഡിന്റെ പ്രത്യേക മേൽനോട്ടത്തിൽ 2 സൊസൈറ്റികൾ (RPS) 12-ാം വാർഡിലും 5-ാം വാർഡിലും ആയ് പ്രവർത്തിക്കുന്നു.

പഴം പച്ചക്കറികൾ

പഴവർഗ്ഗങ്ങളായ വാഴപ്പഴം, കൈത ച്ചക്ക, മാങ്ങ, ചക്ക ഇവയും, പച്ചക്കറികൾ പയർ, പടവലം. പാവൽ, വെള്ളരി, തടിയൻ കായ്, ചീര, ചേന, ചേമ്പ്, കാച്ചിൽ ഇവയും നമ്മുടെ പഞ്ചായത്തിലുണ്ട്.

വിരുപ്പു നിലങ്ങളിലെ മകരകൊയ്ത്തിനുശേഷം പച്ചക്കറികർ വ്യാപകമായി കൃഷി ചെയ്യുന്നു. ചില വിരുപ്പു നിലങ്ങളിൽ പണി കീറി വാഴയും മരച്ചീനിയും ചെയ്യുന്നു. പഞ്ചായത്തിന്റെ മദ്ധ്യപ്രദേശത്ത് മഴയെ ആശ്രയിച്ച് പച്ചക്കറികളും വാഴയും കൃഷി ചെയ്യുന്നുണ്ട്. മണ്ണിന്റെ ഘടനയുടെ അറിവ് കുറവ് മൂലം പല കൃഷികളും നഷ്ടത്തിൽ കലാശിക്കാറുണ്ട്. വേണ്ടത്ര ബോധവൽക്കരണവും ശരിയായ വിപണനകേന്ദ്രവും, പലിശ കുറഞ്ഞ വായ്പകളും ലഭ്യമായാൽ വമ്പിച്ച വികസന സാദ്ധ്യതയുള്ള മേഖലയാണിത്.

1994-95			
	അളവ്	ധനസഹായം	എണ്ണം
1. സ്കൂൾകുട്ടികൾ പച്ചക്കറി വിത്ത് പായ്ക്കറ്റ്	1000 nos.		1000
2. സ്കൂൾകുട്ടികൾക്ക് സാമാനം	3	450രൂ.	3
1995-96			
1. സ്കൂൾകുട്ടികൾ പച്ചക്കറി വിത്ത് പായ്ക്കറ്റ്	1000 nos.		1000
2. സ്കൂൾകുട്ടികൾക്ക് സാമാനം	3	450രൂ.	3
3. സ്കൂൾ വളപ്പിൽ പച്ചക്കറിതോട്ടം	2സ്കൂൾ	1000	2
4. സ്കൂൾകുട്ടികൾക്ക് ബ്ലോക്ക് ലെവൽ സമ്മാനം	1	100	1

നടീൽവസ്തുക്കൾ

	wet തെങ്ങിൻ തൈകൾ	TXD	DXT	കുരുമുളക് വള്ളികൾ	സുഗന്ധ വിളകൾ	മറ്റിനം
1993-94	500	25	50	1000		പയർ 400k.g.
94-95	330+750	150	25	2000		പയർ350k.g.
95-96	700	125	2000			പ്ലാവ് 40
						സർപ്പോട്ട10
96-97	1000+800	150	100	400	25(ഗ്രാമ്പു.)	
	ഏത്തവാഴ കുട്ടികൾ 1995-96				200Nos.	
	ചേന, ചേമ്പ് കിറ്റുകൾ				1994-95-7എണ്ണം	

ഇടവിളകൾ, മിശ്രവിളകൾ

തെങ്ങിൻ തോപ്പുകളിൽ വാഴ, പച്ചക്കറി , കൊക്കോ, ഇഞ്ചി, മഞ്ഞൾ, കിഴങ്ങുവർഗ്ഗങ്ങൾ ഇവ കൃഷി ചെയ്യുന്നു. തേക്ക്, പെരുമരം മഹാഗണി, ഇവയും ചില പ്രദേശങ്ങളിൽ കാണാം. തെങ്ങ്, കവുങ്ങ്, പ്ലാവ്, മാവ്, ഇടകലർന്നു കാണുന്നു ഇവിയിൽ കുരുമുളക് ചെടി വളരുന്നുണ്ട്. കരഭൂമിയിൽ വ്യവസായിക ആവശ്യങ്ങൾക്കുള്ള വൃക്ഷങ്ങൾ ഫലവൃക്ഷങ്ങൾക്ക് പകരമായി വച്ചു പിടിപ്പിക്കുന്നതും കണ്ടുവരുന്നു. ഇത് അപകടകരമായ ഒരു സ്ഥിതി വിശേഷത്തിന്റെ തുടക്കമായത് ചർച്ചചെയ്യപ്പെടേണ്ടതാണ്.

കുറ്റിമുല്ല, പൂച്ചെടികൃഷി

കുറ്റിമുല്ല കൃഷിയും പൂച്ചെടി കൃഷിയും വിപുലമായ തോതിലല്ലെങ്കിലും ഈ പഞ്ചായത്തിൽ നടക്കുന്നുണ്ട്. പഞ്ചായത്തിലുള്ള പൂക്കടയിലേക്ക് ആവശ്യമായ പൂക്കൾ ഇപ്പോൾ തമിഴ്നാട്ടിൽനിന്നു വരുന്നതാണ്.

കൊക്കോ കൃഷി

70 കളിൽ വളരെ പ്രതീക്ഷയോടെ, കൃഷിക്കാർ കൊക്കോ കൃഷിരംഗത്തേക്കു വന്നു. ഇതിന് കാഡ്ബറിസ് എന്ന ബഹുരാഷ്ട്രകമ്പനിയുടെയും ഗവൺമെൻറിന്റേയും പ്രോൽസാഹനം ലഭിച്ചിരുന്നു. എന്നാൽ 80 കളിൽ ഈ ബഹുരാഷ്ട്രകമ്പനിയുടെ കുതന്ത്രങ്ങൾ മൂലം കൊക്കോയ്ക്ക് വമ്പിച്ച വിലയിടവ് ഉണ്ടാവുകയും കൊക്കോ കർഷകർ പ്രതിസന്ധിയെ നേരിടുകയും ചെയ്തു. എന്നാൽ ഇപ്പോൾ സാമാന്യം ഭേദപ്പെട്ട വിലയും മെച്ചപ്പെട്ട വിപണന സൗകര്യവും നിലവിലുണ്ട് എങ്കിലും കൃഷിക്കാർക്ക് പഴയ ആത്മവിശ്വാസം ഇല്ല. അതുകൊണ്ട് കൊക്കോ കൃഷി രംഗത്ത് പഴയ മാന്ദ്യം നിലനിൽക്കുന്നു.

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് രൂപികരിക്കപ്പെട്ട 17 പാടശേഖര സമിതികളാണ് നിലവിലുള്ളത്. പലതും വേണ്ടത്ര ഫലപ്രദമായ

രീതിയിൽപ്രവർത്തിക്കുന്നില്ല. പാടശേഖകമ്മറ്റികൾക്കായി കൃഷിഭവൻ മുഖേന നല്കിയ ടില്ലർ, മെതിയന്ത്രം, പാറ്റുമിഷൻ എന്നിവയാണ് കാർഷികയന്ത്രോപകരണങ്ങളായി ഇപ്പോഴുള്ളത്. ഏതാണ്ട് 11 ജോടി ഉഴവു മാടുകളും പഞ്ചായത്തിലുണ്ട്. മറ്റുപഞ്ചായത്തുകളിലെ യന്ത്രോപകരണങ്ങളും കൃഷിക്ക് ഉപയോഗിക്കാറുണ്ട്.

മൂന്നു സഹകരണബാങ്കുകളും അവയുടെ മൂന്നു ശാഖകളടക്കം ആറ് സഹകരണ സ്ഥാപനങ്ങൾപഞ്ചായത്തിന്റെ പരിധിയിൽ വരുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ നിന്ന് കാർഷികവും കാർഷികേതര വായ്പകളും ലഭിക്കുന്നു. കൂടാതെ കാർഷിക വികസന ബാങ്ക്, SBI (കൃഷിവികസന ശാഖ) ചങ്ങനാശ്ശേരി, SBT കുറിച്ചി SBT തുരുത്തി ഇവയിൽ നിന്നും വർഷംതോറും കാർഷിക ലോണുകൾ ലഭിക്കുന്നു. സഹകരണബാങ്കുകളിൽ വളം ഡിപ്പോകളുണ്ട്. കൂടാതെ കൃഷിക്കാരുടെ ബാഹുല്യം നിമിത്തം സ്വകാര്യഉടമസ്ഥതയിലുള്ള വളം, കീടനാശിനി, കക്കാ മുതലായവ വില്ക്കുന്ന ഡിപോകളുമുണ്ട്.

12വാർഡുകളിലുമായി 50സെന്റിനുമുകളിൽ 7 കുളങ്ങൾ ഉണ്ട്. കുളങ്ങളൊന്നും യഥാവിധി സംരക്ഷിക്കുപ്പെടുകയോ, കൃഷി ആവശ്യങ്ങൾക്ക് ഉപയോഗിക്കപ്പെടുകയോ ചെയ്യുന്നില്ല. മുൻ കാലങ്ങളിൽ പലകുളങ്ങളും നെൽകൃഷിക്കും, വേനൽക്കാല പച്ചക്കറികൾക്കും ഉപയോഗിച്ചിരുന്നു. ഇവിടെ നല്ല രീതിയിൽ മത്സ്യവും വളർന്നിരുന്നു. ആനക്കുഴി, ചേലച്ചിറ, എണ്ണക്കാച്ചിറ,. കുളങ്ങളുടെ ബണ്ടുകളിൽ പാർപ്പിടങ്ങൾ ധാരാളമുണ്ട്.

ജലസേചന തോടുകൾ 24.5k.m. നീളത്തിൽ പലവീതികളിലായി ,ഥിതി ചെയ്യുന്നു. പ്രധാനപ്പെട്ടവ

നാട്ടുതോട്	ward	1
പിറവംമുട്ടം	ward	2
ചാലച്ചിറ	ward	9,10,11

ജലസേചനത്തിനായി കുളങ്ങളിൽ നിന്നും തോട്ടിലേക്കും, വാച്ചാലുകളിലേക്കുമുള്ള ചിപ്പുകൾ ഒന്നും പ്രവർത്തനക്ഷമമല്ല.

ഗ്രാമപഞ്ചായത്തിലുയർന്നു വന്ന പ്രശ്നങ്ങൾ

ഉല്പാദന ചെലവിൽ വന്ന വർദ്ധനവ്, കർഷകരുടെയും, കർഷകത്തൊഴിലാളികളുടേയും മറ്റുമേഖലകളിലേക്കുള്ള വ്യതിയാനം, ഉല്പന്നങ്ങൾക്ക് അർഹമായ വില ലഭിക്കാത്തത്, കാലാവസ്ഥ വ്യതിയാനങ്ങൾ, രോഗ പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചുള്ള അജ്ഞത ഇവ ഉല്പാദനരംഗത്തെ മന്ദീഭവിച്ചു. ഒന്നാംവാർഡിന്റെ പടിഞ്ഞാറൻ പാടശേഖരങ്ങളിൽ ഫാക്ടറികളിൽ നിന്നും പുറത്തേക്കുവിടുന്ന മലിന ജലം കൃഷിയേയും, മത്സ്യ സംമ്പത്തിന്റെ വളർച്ചയേയും സാരമായി ബാധിക്കുന്നു.

ഇരുപ്പു കൃഷി ലക്ഷ്യമാക്കി നിർമ്മിച്ച പാടശേഖരങ്ങളുടെ പുറം ബണ്ടുകൾ വേണ്ടവിധ പ്രയോജനപ്പെടുത്തി ഉല്പാദനക്ഷമത കൈവിരിക്കാൻ കഴിയുന്നില്ല.

ഒരേ ബണ്ടു നിർമ്മാണത്തിൽ, മൈനർ ഇറിഗേഷൻ, കെ. എൽ. ഡി. സി. എന്നീ സർക്കാർ ഏജൻസികളിൽ നിന്നും ധനസഹായം സ്വീകരിച്ചിരിക്കുന്നു.

ചിലപാടങ്ങളിലെ പുളിയിളക്കം നെൽകൃഷിയെ ബാധിക്കുന്നു.

വർദ്ധിച്ചുവരുന്ന പാർപ്പിടപ്രശ്നം, ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവ കാർഷിക ഉല്പാദനത്തിന്റെ പിന്നോക്കാവസ്ഥയ്ക്ക് കാരണമാണ്.

കാറ്റുവീഴ്ച, വേരുചീയൽ, ലീഫ് റോട്ട് മുതലായ രോഗങ്ങൾ തെങ്ങുകൃഷിയെ സാരമായി ബാധിച്ചിരിക്കുന്നു. ജലസേചനസൗകര്യങ്ങളുടെ അപര്യാപ്തതയും, രോഗപ്രതി

രോധത്തിനുള്ള അറിവു കുറവും നല്ലയിനം തൈകളുടെ അഭാവവും തെങ്ങുകൃഷിയെ ദോഷമായി ബാധിച്ച ഘടകങ്ങളാണ്.

വാഴയ്ക്ക് അനുഭവപ്പെടുന്ന നാമ്പടയ്ക്കൽ, ഈ കൃഷിയെ കാര്യമായി ബാധിച്ചിട്ടുണ്ട്. അരി കഴിഞ്ഞാൽ മുഖ്യ ആഹാരമായി രുന്ന മരച്ചീനി ക്രമേണ അപ്രത്യക്ഷമായി കൊണ്ടിരിക്കുന്നു. രാസവളങ്ങളുടെ വിലവർദ്ധനവ്, ഉല്പാദനചെലവും ഉല്പാദനക്ഷമതയും തമ്മിലുള്ള അന്തരം എന്നിവ ഈ കൃഷിയെ കാര്യമായി ബാധിച്ചിട്ടുണ്ട്.

വർദ്ധിച്ചുവരുന്ന പാർപ്പിടപ്രശ്നവും, ഉപഭോഗവസ്തുക്കളിലുള്ള അമിത ആവേശവും വൃക്ഷങ്ങളിൽ കുറവു വരുത്തുന്നു.

നെൽവയലുകളിൽ ഇടവിളയായി കൃഷി ചെയ്തിരുന്ന വേനൽ കാല പച്ചകറികളും, പുരയിടങ്ങളിൽ കൃഷി ചെയ്തിരുന്നപച്ചക്കറികളും കുറഞ്ഞുവരുകയാണ്. ജല സേചന സൗകര്യകുറവും, ജൈവവളങ്ങളുടെ ലഭ്യത കുറവും, ഉല്പന്നങ്ങൾക്ക് ന്യായമായ വില കിട്ടാത്തതും, വേണ്ടത്ര വിപണനസൗകര്യകുറവും ഇവയുടെ ഉല്പാദന കുറവിന്റെ കാരണങ്ങളാണ്. വ്യാപകമായി വരുന്ന രോഗങ്ങളും, പ്രകൃതിക്ഷോഭങ്ങളും കർഷകരെ സാമ്പത്തീകമായി തളർത്തുന്നു.

മണ്ണിന്റെ ഘടന അനുസരിച്ചുള്ള ശാസ്ത്രീയ കൃഷി രീതിയെകുറിച്ചുള്ള അജ്ഞത, പലപ്പോഴും കൃഷി നഷ്ടത്തിൽ കലാശിക്കാൻകാരണമാവുന്നു.

അത്യുല്പാദനശേഷിയുള്ള വിത്തുകൾ ലഭിക്കായ്ക, വിദഗ്ദ്ധ ഉപദേശങ്ങളുടെ കുറവ്, സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങളെപറ്റിയുള്ള അറിവില്ലായ്മ. അവ ലഭിക്കുവാനുള്ള കാലതാമസം തുടങ്ങിയവയെല്ലാം പലപ്പോഴും കൃഷിയുടെ പുരോഗതിക്ക് തടസ്സമായി നില്ക്കുന്നു.

കുറ്റിമുല്ല കൃഷിക്കാരുടെ പൂക്കൾ സംഭരിക്കാൻ ഉള്ള സ്വിധാനം പഞ്ചായത്തിൽ ഇല്ല ഇത് വിപണന രംഗത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. വെറ്റില കൃഷിയും കുരുമുളകു കൃഷിയും നാനമാത്രമായി മാത്രം കാണപ്പെടുന്നു.

ചെറിയ രീതിയിൽ നടന്നു വന്ന പട്ടുനൂൽ പ്പുഴ കൃഷിക്കും ഇതേ ദുര്യോഗം ഏർപ്പെട്ടു.

ഗ്രാമസഭയിൽ നിന്നു വന്നതും, പൊതു വായതുമായ നിർദ്ദേശങ്ങൾ

491.4ഹെക്ടർ പുഞ്ചപാടങ്ങളിൽ 7 പാടശേഖരങ്ങളിൽ മാത്രമാണ് കരിങ്കൽ ബണ്ടുള്ളത്. ശേഷിച്ച മറ്റത്തിൽ താഴെ പാടം പൂർണ്ണമായും, മുക്കാട്ടുവാക്കപാടത്തും ശേഷിക്കുന്ന ഭാഗത്തും കരിങ്കൽ ബണ്ടു നിർമ്മിക്കുക.

മണ്ണങ്കരി -കുറിഞ്ഞിക്കാട്ടു പാടശേഖരങ്ങളിൽ നിലവിലുള്ള ബണ്ടിന്റെ പൊക്കം വർദ്ധിപ്പിക്കുക. മങ്കുഴി ഉള്ളാട്ടുകുഴി പാടത്തിന് പുറം ബണ്ട് നിർമ്മിക്കുക. തയ്യിൽ പത്ത് മുട്ടത്തു കടവ് തോട് ആഴവും വീതിയും കൂട്ടി ഇരുവശവും കരിങ്കൽ കെട്ടി പുത്തുകടവിലേയ്ക്ക് നീട്ടുക.

കക്കുഴി പാടത്തിൽ ചീപ്പ് നിർമ്മിക്കുക. ചേലച്ചിറ തോട് താഴ്ത്തുകയും ഇരുവശവും കരിങ്കൽ ഭിത്തികെട്ടി ബലപ്പെടുത്തുകയും ചെയ്യുക.

ചെമ്പുചിറ മുട്ടുചിറ എന്നീ മുണ്ടകപാടങ്ങളിൽ ബണ്ട്, ചീപ്പ്, കലുങ്ക് ഇവകെട്ടി ജല സേചനസൗകര്യം പ്രയോജനപ്പെടുത്തുക. കളമ്പാട്ടുചിറ ചാലചിറ തോടിന് ഇരുവശവും ബണ്ടുകെട്ടുകയും കൊച്ചുപമ്പിൽ കടവിൽ ഒരു പമ്പ്ഹൗസ് സ്ഥാപിക്കുകയും ചെയ്താൽ കൃഷിമെച്ചപ്പെടുത്താൻ സാധിക്കും.

കൃഷ്ണൻ കരി, നങ്ങ്യാകരി, കട്ടകുഴി, മുളയ് ക്കനടി എന്നീ പാടശേഖരങ്ങളിൽ ബണ്ടു നിർമ്മിക്കുക

എണ്ണാക്കാച്ചിറകുളം, മണ്ണാച്ചിറകുളം, കണ്ടാളൻകാവ് കുളം എന്നിവയിലെ വെള്ളം ലഭ്യമാക്കി പച്ചകറികളും, നെല്ലും ആദായ കരമായി കൃഷി ചെയ്യാം.

ആനക്കുഴി കുളം, പുലിക്കുഴി ഇവ ചീപ്പുകെട്ടി വാച്ചാൽ തോടുകൾ തെളിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിച്ചാൽ 5,11, 12വാർഡുകളിലെ തെങ്ങ്, പച്ചകറി, നെൽകൃഷി ഇവയ്ക്ക് പ്രയോജനപ്രദമാണ്.

പുലികുഴികുളം മുമ്പ് ഉണ്ടായിരുന്ന തോട് താഴ്ത്തി ഇരുവശവും ബണ്ടുകെട്ടി ഔട്ട് പോസ്റ്റ് വരെ എത്തിച്ചാൽ നെല്ല്, പച്ചക്കറി.,തെങ്ങ് എന്നീ വിളകൾക്ക് ഉപ യോഗപ്പെടുത്താവുന്നതാണ്.

കൃഷി ആവശ്യത്തിനായി എണ്ണായ്ക്കാ ച്ചിറയിൽ കേരവികസന സമിതി നിർമ്മിച്ച കുളം എത്രയും വേഗം പൂർത്തീകരിച്ചാൽ 4,5,6 എന്നീ വാർഡുകളിൽ കൃഷിയ്ക്കായി ഉപയോഗിക്കാൻ കഴിയും.

ഈരത്തറതോട്ടിൽ നിന്നും അഞ്ചൽകുറ്റിക്കു സമീപമുള്ള കലുങ്കിൽ കട വിലേക്കു വരുന്ന നാട്ടു തോട് ആഴത്തിലും വീതിയിലും വിപുലപ്പെടുത്തി ആനക്കുഴികുളം വരെ എത്തിച്ചാൽ കുറിച്ചി മലകുന്നം പ്രദേ ശങ്ങളിലെ നെൽകൃഷി പച്ചകറി കൃഷി മുത ലായവയ്ക്ക് പ്രയോജനപ്പെടുന്നതാണ്. ഈ പ്രവർത്തനങ്ങളുടെ ഫലമായി കുടിവെള്ള ക്ഷാമവും പരിഹരിക്കാനാവും.

നെൽകൃഷി വികസനത്തിന് ഗ്രൂപ്പ് ഫാമിംഗ് 1PRD, PMSP, പ്രൊഡക്ഷൻ ബോണസ് പദ്ധതി എന്നിവ ഏകോപിപ്പിച്ച് ഒരു സമഗ്ര നെൽകൃഷി വികസന പരി പാടി ആസൂത്രം ചെയ്യുക . കൂടാതെ ഇതര ഏജൻസികളായ മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെൻറ് ജലധാരാപദ്ധതികൾ, കെ.എൽ. ഡി.ഇസിയുടെ കൽക്കെട്ടുകൾ തുടങ്ങി കൃഷിവികസനത്തിനാവശ്യമായ എല്ലാ പദ്ധതികളും കൃഷി വകുപ്പിൻെറ കീഴിൽ ജനാധിപത്യപരമായി നടപ്പാക്കുക.

കൃഷി രംഗത്ത് ഏതു വിളയ്ക്കും ഉപ യോഗിക്കുന്ന രാസവളങ്ങളും,സസ്യസംര ക്ഷണമരുന്നുകളും, അവയുടെ ഉപയോഗവും, പ്രയോഗവും കൃഷി ഉദ്യോഗസ്ഥൻെറ ശുപാർശയുടെ അടിസ്ഥാനത്തിൽ നടപ്പാ ക്കുകയും, പ്രകൃതിയുടെ സംതുലിതാവസ്ഥ നിലനിർത്തുകയും ചെയ്യുക.

നെൽകൃഷി രംഗത്ത് കൃഷിക്കാരെ പിടിച്ചു നിർത്തുന്നതിന് നിലവിൽ കൃഷി യോഗ്യമായ സ്ഥലങ്ങൾ നെൽകൃഷി ചെയ്യു ന്നതിന് Area Expansion of Paddy സ്കീം തയ്യാറാക്കി ഏക്കറിന് 1500രൂ. എന്ന തോതിൽ സഹായധനം നല്കുന്നതിന് പദ്ധതി തയ്യാറാക്കുക. അതോടൊപ്പം ഭൂമി തരിശ് ഇടാതിരിക്കാൻ വ്യവസ്ഥയുള്ള നിയ മങ്ങൾ കർശനമാക്കുക.

തെങ്ങ് കൃഷിയുടെ അഭിവൃദ്ധി യ്ക്കായി ഇപ്പോൾ നിലവിലുള്ള രോഗബാ ധിത തെങ്ങുകൾ പഞ്ചായത്തിൽ ഉടനീളം സർവ്വേ നടത്തിവെട്ടി മാറ്റി പക രംഗുണനിലവാരമുള്ള തൈയ്യകൾ വിതരണം ചെയ്യുക. അതോടൊപ്പം ഏതാണ്ട് 10,000 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടാ വുന്നതെങ്ങിൻെറ സമഗ്രമരുന്നുതളി പദ്ധതി നടപ്പാക്കുക

തെങ്ങു കൃഷിക്കും ഇതര കൃഷിക്കും പ്രയോജനപ്രദമാകുമാറ് കമ്മ്യൂണിറ്റി ജലജ ചന പദ്ധതികളും, ചെറുകിട ഗ്രൂപ്പ് ജലസേചന പദ്ധതികളും, കിണർ പമ്പുസെറ്റ് തുടങ്ങിയവ യും വസ്തുനിഷ്ഠമായ സർവ്വേയുടെ അടിസ്ഥാന ത്തിൽ ജനപങ്കാളിത്തത്തോടെ നടപ്പാക്കുക.

സമഗ്രകൃഷി വികസനം ലക്ഷ്യമാക്കി പഞ്ചായത്തിന്റെ ഭൂപ്രകൃതിക്ക് അനുസൃത മായ മണ്ണുസംരക്ഷണ പ്രവർത്തനങ്ങളും, മണ്ണ് സാമ്പിൾ പരിശോധനയും നടപ്പിലാക്കുക.

കർഷകരെ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടിപ്പിക്കുന്ന പുഞ്ച-സ്പെഷ്യൽ ഓഫീസ് നിർത്തലാക്കി പ്രവർത്തനം കൃഷി ഭവന്റെ കീഴിലാക്കുക.

അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ (Special Seeds) നൽകുന്ന ഒരു സൊസൈറ്റി കൃഷി ഭവന്റെ മേൽനോട്ടത്തിലും, കൃഷിക്കാരുടെ എല്ലാ ഉല്പന്നങ്ങളും സംഭരിക്കുന്ന ഒരു സൊസൈറ്റി (സഹകരണ സംഘങ്ങൾ) പഞ്ചായത്തു തലത്തിലും, എല്ലാ വിഭവങ്ങളുടെയും ഒരു ഗ്രാമചന്തയും രൂപീകരിക്കുക.

സമഗ്രനാളികേരവികസനം ലക്ഷ്യമാക്കി 1994-ൽ ആരംഭിച്ച C.C.D.P.പദ്ധതി (സംസ്ഥാനതലത്തിൽ ആദ്യത്തേത്) കേവലം നോക്കു കുത്തിയായി മാറി. അതി ബൃഹത്തായ ഈ പദ്ധതി സങ്കുചിതത്തിന്റെയും, പക്ഷപാതപരമായ സമീപനത്തിന്റെയും ഫലമായി പ്രവർത്തനം ഇല്ലാതെ കിടക്കുന്നു. ഇത് കാര്യക്ഷമമായാൽ കുറിച്ചിയുടെ 1, 2, 3, വാർഡുകളിൽ ജലസേചന സൗകര്യങ്ങൾ വിപുലമാകും.

ചേലച്ചിറ കുളത്തിൽ നിന്നും വെള്ളം പമ്പു ചെയ്ത് മുകളിലുള്ള ടാങ്കിൽ സംഭരിച്ച് (ലിഫ്റ്റ് ഇറിഗേഷൻ) കൃഷിക്ക് ജലസേചനം നടത്തിയിരുന്ന പദ്ധതി. കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഇതിന്റെ പ്രയോജനം കൂടുതൽ ലഭിക്കുന്നത് പട്ടികജാതി പട്ടിക വർഗ്ഗത്തിൽ പെട്ട കൃഷിക്കാർക്കാണ്.

നാം ഉല്പാദിപ്പിക്കുന്നത് ലോട്ടു റബ്ബറാണ്. ആസിഡിന്റെ അളവ്, ഷീറ്റ് ആക്കൽ, പാൽ സംഭരണം ഇവ ശരിയായി ശ്രദ്ധിച്ചാൽ Rss_4, Rss_3, Rss_2, Rss_1 ഇനത്തിൽ പെട്ട ഷീറ്റാക്കി മാറ്റാൻ കഴിയും.

കൃഷിയിടങ്ങൾ ഏകോപിപ്പിച്ച് കൃഷി നടത്തിയാൽ ഉല്പാദനക്ഷമത കൈവരിക്കാൻ സാധിക്കും.

നിലവിലുള്ള കൃഷിഭൂമികൾ കോൺട്രാക്കു വ്യവസ്ഥയിൽ കൈമാറ്റം ചെയ്യുകയും, കല്ലുവെട്ട്, മണ്ണെടുപ്പ് ഇവ നിയമം മൂലം തടയാനും വ്യവസ്ഥ ഉണ്ടാക്കുക. ഇതു SC ST വിഭാഗത്തിൽ ധാരാളമായി കണ്ടു വരുന്നു.

സേവന വേതന വ്യവസ്ഥകൾ കൃത്യമായി പാലിക്കുക. വളപ്രയോഗം, രോഗപ്രതിരോധം ഇവ കൃത്യമായി നൽകുക.

പൂ കൃഷിക്കാരിൽ നിന്നും പൂക്കൾ സംഭരിക്കുവാനുള്ള സംവിധാനം പഞ്ചായത്ത് തലത്തിൽ ഉണ്ടായാൽ അവർക്ക് ആശ്വാസമായിരിക്കും.

നീർമറി പ്രദേശങ്ങളെ കണ്ടെത്തുന്നതും അവയുടെ വികസനം ഉറപ്പാക്കുന്നതും അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ട വിഷയമാണ്. കുറിച്ചിയിലെ മുണ്ടകപ്പാടങ്ങളെ എല്ലാം തന്നെ ഓരോ നീർമറി പ്രദേശത്തിന്റെ കേന്ദ്ര ബിന്ദുവായി കാണാൻ കഴിയും. ഇതിനോടു ചേർന്നു വരുന്ന ചരിവു പ്രദേശങ്ങളും തോടുകളും എല്ലാം ഇതിന്റെ പരിധിയിൽ വരും. ഇവയുടെയൊക്കെ ശരിയായ സംരക്ഷണത്തിലൂടെയും വികസനത്തിലൂടെയും കാർഷിക രംഗത്ത് സമൂലമായ മാറ്റം വരുത്താനാവും.

5.2 മത്സ്യബന്ധനം മത്സ്യകൃഷി മത്സ്യവിപണനം മൃഗസംരക്ഷണം

"കപ്പപുഴുക്കും മീൻകറിയും" സമീകൃത ആഹാരമായി ഡോക്ടർമാർ നിർദ്ദേശിക്കുന്നതിനും വളരെക്കാലം മുൻപുതന്നെ കുറിച്ചീക്കാരന്റെ ദൈനം ദിന ആഹാരത്തിന്റെ പ്രധാനഭാഗമായിരുന്നു. ഒരു പക്ഷേ ഈ രണ്ടു വിഭവങ്ങളും ലഭിക്കുന്നതിനുള്ള സാധ്യതയാവാം ഇതിനു കാരണം. ഏതായാലും കുറിച്ചിയിലെ പടിഞ്ഞാറൻ പാടശേഖരത്തിനോടനനുബന്ധിച്ചുള്ള ജലാശയങ്ങളിൽ നിന്നും കുറിച്ചിയിലൂടെ ഒഴുകുന്ന തോടുകളിൽനിനും ഉയർന്ന പ്രദേശത്ത് കാണുന്ന പാടങ്ങളിൽനിന്നും കുളങ്ങളിൽനിന്നും എല്ലാം ധാരാളം മത്സ്യം ലഭിച്ചിരുന്നു. ഇതിന്റെയൊക്കെ രുചി പ്രായമായവരുടെയൊക്കെ നാവിൻ തുമ്പിൽ ഇന്നും നിലനില്ക്കുന്നു. അവർക്കൊക്കെ ഇതു സംബന്ധിച്ച് ധാരാളം പറയാനും ഉണ്ട്.

പടിഞ്ഞാറൻ പാടശേഖരങ്ങളിൽ നിന്നും ജലാശയങ്ങ ളിൽനിന്നും സ്ഥിരമായി മത്സ്യം പിടിക്കുന്ന തൊഴിലാളികൾതന്നെയുണ്ടായിരുന്നപ്പോഴും ഉയർന്ന പാടശേഖരങ്ങളിലെവെള്ളം വറ്റിക്കുന്ന സമയത്ത് നാട്ടുകാരാകെ മീൻപിടിക്കുന്ന ഒരു ഉത്സവം തന്നെയുണ്ടായിരുന്നു. അതുപോലെ ആദ്യ മഴയ്ക്ക് പുതുവെള്ളം ഒഴുകി വരുമ്പോൾ" ഊത്ത പിടിക്കുന്നതും ജനങ്ങൾ ആകെയായിരുന്നു." ഊത്ത എന്നതുകൊണ്ട് ചെറിയ മീൻ എന്നാണ് അർത്ഥമെങ്കിലും വലിയ ഇനങ്ങളിൽപ്പെട്ട മീനുകളും അന്നു കിട്ടിയിരുന്നു.

കുറിച്ചിയിലെ മത്സ്യ ജൈവ സമ്പത്ത് വളരെ വൈവിദ്ധ്യം ഉള്ള ഒന്നായിരുന്നു. കായലോര പ്രദേശത്തും ഉൾനാടൻ ജലാശയങ്ങളിലും കിട്ടുന്ന എല്ലാ തരം മത്സ്യങ്ങളും ഇവിടെ നിന്നും ലഭ്യമായിരുന്നു. ഇന്ന് ഈ വൈവിദ്ധ്യംനില നില്ക്കുന്നില്ല എന്ന സത്യം നമ്മെ തുറിച്ചു നോക്കുന്നു.

ഇന്നു ലഭിക്കുന്നതും എന്നാൽ വംശനാശഭീഷണി നേരിടുന്നതുമായ മത്സ്യ ഇനങ്ങൾ വരാൽ, ചേറുമീൻ, കല്ലടമുട്ടി, പരൽ, കരിമീൻ തുടങ്ങിയവയാണ്. പൂർണമായി അല്ലെങ്കിലും വംശനാശം സംഭവിച്ച ഇന

ങ്ങളാണ് മഞ്ഞക്കൂരി, മനഞ്ഞിൽ, ചില്ലാൻ, ചട്ടിത്തലയൻ കൂരി, മുശി മുതലായവ.

ഈ മേഖലയുമായി ബന്ധപ്പെട്ട് ഇന്ന് മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന വരും മത്സ്യവിപണനരംഗത്ത് പ്രവർത്തിക്കുന്നവരുമാണ് കൂടുതലായുള്ളത്. മത്സ്യകൃഷി അത്ര വ്യാപകമല്ല. പുതിയ സാഹചര്യങ്ങളോടനുബന്ധിച്ചുണ്ടായിട്ടുള്ള പ്രശ്നങ്ങൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ നട്ടെല്ലൊടിക്കുന്ന ഒന്നായിമാറിയിട്ടുണ്ട്. ഇതിന്റെ പ്രതിഫലനമായി ഈ പ്രദേശത്തെ ഇതുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്ന ഒരാളുടെ ആത്മഹത്യയെ കാണേണ്ടതുണ്ട്.

മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരെത്തന്നെ രണ്ടായി തിരിച്ചു കാണാനാവും. കുറിച്ചിയുടെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ താമസിക്കുകയും ആ പ്രദാശങ്ങളിൽനിന്നുള്ള മത്സ്യബന്ധനം ഉപജീവനമായി സ്വീകരിച്ചിരിക്കുന്നവരും ഒരു കൂട്ടർ. രണ്ടാമതായി കുറിച്ചിയുടെ ഉയർന്ന പ്രദേശങ്ങളിൽ താമസിക്കുകയും മത്സ്യം ലഭിക്കാൻ കൂടുതൽ സാധ്യത എവിടെ എന്ന് മനസിലാക്കി അവിടെ പോയി മത്സ്യം പിടിക്കുന്ന ഒരു വിഭാഗം. ഈ രണ്ടു വിഭാഗത്തിന്റെയും ഇതുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങളിൽ സമാനത ഉണ്ട്. കൃഷിക്കുവേണ്ടി പാടം വറ്റിക്കുമ്പോഴും കൊയ്ത്തു വെള്ളം വറ്റിക്കുമ്പോഴും ആകെ 30 ദിവസം മാത്രമേ മത്സ്യബന്ധനം നടക്കുന്നുള്ളു. മറ്റു സമയങ്ങളിൽ ജോലി ഇല്ലാതിരിക്കുന്ന മത്സ്യ തൊഴിലാളികൾക്ക് മറ്റു പണികൾ ലഭ്യവുമല്ല.

സൈക്കിളിലും മോട്ടോർ വാഹനങ്ങളിലും തലച്ചുമടായും മത്സ്യവിപണനം നടത്തുന്ന വളരെയധികം തൊഴിലാളികളും ഇവിടെയുണ്ട്. ഇവർക്ക് പ്രധാനമായും മത്സ്യം ലഭിക്കുന്നത് ചങ്ങനാശ്ശേരി മത്സ്യമാർക്കറ്റ്, കുറിച്ചി ഔട്ട്പോസ്റ്റ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മത്സ്യ മാർക്കറ്റ് ഇവിടങ്ങളിൽ നിന്നാണ്. ഈരംഗം വളരെയധികംചൂഷണത്തിന് വിധേയമാകുന്ന ഒരു മേഖലയാണ്. വിപണന രംഗത്ത് ഏർപ്പെട്ടിരിക്കുന്നവർ അന്നന്നു ജീവിക്കാൻ അഷ്ടിക്ക് വക കണ്ടെത്താൻ വിഷമിക്കുന്നവരാണ് എന്നതും. വളരെ സ്ത്രീകൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട് എന്നതും ചൂഷണത്തിന്റെ വ്യാപ്തിവർദ്ധിപ്പിക്കാൻ ഇടയാക്കിയിട്ടുണ്ട്. മത്സ്യബന്ധനം വിപണന സഹകരണ സംഘങ്ങൾ രൂപീകരിച്ചാൽ ഈ ചൂഷണത്തിൽ നിന്നും തൊഴിലാളികളെ വിമുകതമാക്കുവാൻ സാധിക്കും.

പ്രശ്നങ്ങൾ

മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ഏറ്റവും വലിയ പ്രശ്നം മത്സ്യബന്ധനത്തിൽ വന്ന ശോഷണമാണ്. ഇതിനെ ഒരുപാരിസ്ഥിതിക പ്രശ്നവും അതുവഴി സമൂഹത്തിന്റെ ദുരയുടെ പ്രതിഫലനവുമായി കാണേണ്ടിവരും. പ്രശ്നപരിഹാരത്തിന് ആ വിധത്തിലുള്ള ഒരു സമഗ്ര സമീപനം ആയിരിക്കണം ഉണ്ടാവേണ്ടത്.

ഇതിനോടനുബന്ധിച്ച് ഏറ്റവും പ്രാധാന്യത്തോടെ കാണേണ്ടത് കുട്ടനാട് ഡവലപ്പ്മെന്റ് സ്കീമിനോടനുബന്ധിച്ചുണ്ടായ പാരിസ്ഥിക പ്രശ്നങ്ങളാണ്. തണ്ണീർമുക്കംബണ്ടും, തലങ്ങും വിലങ്ങും നിർമ്മിച്ച റോഡുകളും ബണ്ടുകളും ഓരുവെള്ളത്തിന്റെ ഈ പ്രദേശത്തേക്കുള്ള ഒഴുക്ക് ഇല്ലാതാക്കി. ഇത് ജലത്തിന്റെ ലഭ്യതയെ അടിസ്ഥാനപ്പെടുത്തിയുള്ള മത്സ്യങ്ങളുടെ ജീവിതത്തെയും പ്രജനനത്തെയും ബാധിച്ചു. ഇത് അവയുടെ നാശത്തിനും കാരമണമായി.

മത്സ്യങ്ങൾക്ക് ഇന്നു വ്യാപകമായി കണ്ടുവരുന്ന രോഗത്തിനും ഇത് കാരണമാക്കിയിട്ടുണ്ട്. ഇത് മത്സ്യസമ്പത്തിന്റെ നാശത്തിനു മാത്രമല്ല. മറിച്ച് ഈ പ്രദേശങ്ങ

ളിലെ കുടിവെള്ള ക്ഷാമത്തിനും വളരെയധികം ഇടയാക്കിയിട്ടുണ്ട്.

ഇലക്ട്രോ കെമിക്കൽസ് ഫാക്ടറിയിൽ നിന്നും പുറന്തള്ളുന്ന മലിനജലം പുത്തൻതോട്ടിലെയുംഅവിടെ നിന്നും വെള്ളം ഒഴുകിയെത്തുന്ന കുറിച്ചിയുടെ പടിഞ്ഞാറൻ പ്രദേശങ്ങളിലെയും ജലത്തിന്റെ ഘടനയിൽ ആകെ മാറ്റം വരുത്തുന്നുണ്ട്. ശുദ്ധജലജീവികളായ നമ്മുടെ മത്സ്യസമ്പത്തിന് ഈ മലിന ജലത്തിന്റെ വീര്യതയെ മറികടക്കാനാവുന്നില്ല. ഇത് ഫലത്തിൽ അവയുടെ നാശത്തിൽ അവസാനിക്കുന്നു.

പുതിയ രീതിയോടനുബന്ധിച്ച് ഉയർന്നു വന്ന പ്രശ്നങ്ങളും മത്സ്യമേഖലയെ വല്ലാതെ ബാധിച്ചിട്ടുണ്ട്. അമിതമായ രാസവളത്തിന്റെറയും കീടനാശിനികളുടെയും ഉപയോഗം നമ്മുടെ മത്സ്യസമ്പത്തിനെ മാത്രമല്ല ജൈവസമ്പത്തിനെ ആകമാനം നശിപ്പിക്കുന്ന ഒന്നായി മാറി. ഇത് പ്രധാനമായും ബാധിച്ചത് തോടുകളിലെയും ഉയർന്നപാടശേഖരങ്ങളിലേയും മത്സ്യ സമ്പത്തിനെയാണ്.

ശരിയായ ഒരു ജലമാനേജ്മെൻറ് നിലനിർത്താതിരുന്നത് ഉയർന്ന പാടശേഖങ്ങളോടനുബന്ധിച്ചുണ്ടായിരുന്ന തോടുകളും കുളങ്ങളും ജലാശയങ്ങളും മറ്റും നികന്നുപോകുന്നതിനു ഇടയാക്കി. അതോടൊപ്പം മണ്ണൊലിപ്പിന്റെറ വ്യാപ്തി കൂടുകയും ചെയ്തു., പോരാത്തതിന് നിലം നികത്തുന്ന പ്രവണതയും. ഇതെല്ലാം ചെമ്പുചിറ, മുട്ടുചിറ, ആനക്കുഴിച്ചിറ മുതലായ പ്രദേശങ്ങളിലെ പാടശേഖരങ്ങളെ വെള്ളത്തിനു ദൗർലഭ്യമുള്ള പ്രദേശമാക്കി മാറ്റി. ഇത് മത്സ്യസമ്പത്തിന്റെറ വലിയ ശോഷണത്തിനിടയാക്കി.

കുറിച്ചിയുടെ വിവിധഭാഗങ്ങളിൽ നലനിന്നിരുന്ന വലിയ കുളങ്ങളുടെയൊക്കെ ശോഷണം (എണ്ണയ്ക്കാച്ചിറ കുളത്തിൽ വള്ളം കളി നടന്നതിന്റെറ കഥകൾ തന്നെ പ്രചാരത്തിലുണ്ട് ഇതിൽ നിന്നും വലിപ്പം ഊഹിക്കാവുന്നതാണ്.)മത്സ്യസമ്പത്തിന്റെ ശോഷണത്തിന് ഇടയാക്കി.

വിപണനരംഗത്തെ പ്രശ്നങ്ങളും ഈ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികളെ അലട്ടുന്ന ഒന്നാണ്. ഇവർക്ക് പ്രത്യേകമായ സഹകരണ സംഘങ്ങളോ മറ്റു സ്ഥാപനങ്ങളോ പ്രവർത്തിക്കുന്നില്ല.

മത്സ്യകൃഷിയോടനുബന്ധിച്ചുള്ള ഏറ്റവും വലിയ പ്രശ്നം മത്സ്യകുഞ്ഞുങ്ങളെ കിട്ടാനും, ശാസ്ത്രീയ ഉപദേശം കിട്ടാനുമുള്ള പ്രയാസമാണ്.

സാധ്യതകൾ

കുറിച്ചിയെ സംബന്ധിച്ചിടത്തോളം വളരെയധികം സാധ്യതയുള്ളമേഖലയാണ് മത്സ്യബന്ധനവും കൃഷിയും. കൃഷിയിലേക്കു വരുമ്പോൾ ചില ചെറിയ കുളങ്ങളിലൊക്കെ മാത്രമായി ഇത് പരിമിതപ്പെട്ടിരിക്കുകയാണ്. ഒരു സമഗ്രമായ സമീപനത്തിലൂടെ വളരെയധികം സാധ്യതകണ്ടെത്താവുന്ന ഒരു മേഖലയാണ് ഇത്.

ഒരു സമഗ്ര നെൽകൃഷി മത്സ്യകൃഷി മേഖലയെക്കുറിച്ച് ആലോചിക്കേണ്ടതാണ്. കൃഷി ചെയ്യാത്തതുംഒരുപൂകൃഷി ചെയ്യുന്നതുമായ പാടങ്ങളിൽ ഇടവിളയായി മത്സ്യകൃഷിചെയ്യുന്നതിനെക്കുറിച്ച് ചിന്തിയ്ക്കണം. ഇത് കർഷകന് കൂടുതലായ ഒരു ആദായമാർഗം എന്നതിലുപരി മതസ്യത്തിനായി കൊടുക്കുന്ന തീറ്റയുടെ അവശിഷ്ടങ്ങൾ നിലത്തിൻറ ഫലഭൂയിഷ്ഠത ഉയർത്തുന്നതിനും ഇടയാക്കും.

ഒരു സമഗ്ര തെങ്ങുകൃഷി മത്സ്യകൃഷിയുടെ സാധ്യതകളും ആരായണം. പടിഞ്ഞാറൻ പ്രദേശങ്ങളിലെ തെങ്ങിൻ

തോപ്പുകളിൽ ചാലുകൾ കീറി അവയിൽ മത്സ്യകൃഷി ചെയ്യാവുന്നതാണ്. ഇത്തരം കൃഷി രീതി കുമരകം ഫിഷ്ഫാമിൽ ഫലപ്രദമായി നടന്നുവരുന്നുണ്ട്. ഇത് തെങ്ങിന്റെ ജലസേചനത്തിനും വിളവു വർദ്ധനവിനും ഇടയാക്കുകയും ചെയ്യും.

മത്സ്യവിപണനരംഗത്ത് പ്രവർത്തിക്കുന്നവരുടെയും മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെയും വിപണന രംഗത്തെ പ്രശ്നങ്ങൾ ചർച്ചചെയ്യണം. ഇവ കൂടുതൽ ശാസ്ത്രീയമാവണം. സഹകരണ സ്ഥാപനങ്ങളുടെ വളർച്ച ഈ രംഗത്ത് ഇന്നു കാണുന്ന പല ദുഷിച്ച പ്രവണതകളെയും ഇല്ലാതാക്കും.

മത്സ്യക്കുഞ്ഞുങ്ങളെ ലഭിക്കാനുള്ള മാർഗം പഞ്ചായത്ത് തലത്തിൽ ഏറ്റെടുത്തു നടത്തണം.

മത്സ്യകൃഷിയ്ക്കാവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും ലഭ്യമാക്കണം.

മത്സ്യബന്ധനരംഗത്തും വിപണന രംഗത്തും പട്ടികജാതിയിൽപ്പെട്ടവരാണ് ഭൂരിപക്ഷവും (സ്ത്രീകൾ ഉൾപ്പെടെ) ഈ രംഗത്തുണ്ടാകാവുന്ന അഭിവൃദ്ധിയും ഇവർക്കു കൂടുതൽ പ്രയോജനകരമായി ഭവിക്കും.

മൃഗസംരക്ഷണം

പശു, ആട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ നാമമാത്രമായി എരുമയും പന്നിയും വളർത്തുന്നു. ഉഴവുമൃഗങ്ങളുടെ എണ്ണം 12 ആണ്. മിക്കവാറും എല്ലാ വീട്ടിലും കോഴിയുണ്ട്. എന്നാൽ വിപുലമായ രീതിയിൽ കോഴിവളർത്തൽ ഇല്ല. രണ്ട് ബ്രോയ്ലർ ഫാം ഉണ്ട്. മുയൽ വളർത്തലും താറാവ് വളത്തലും വ്യാപകമല്ല.

നെൽകൃഷി കുറഞ്ഞതും കാർഷിക രംഗത്ത് യന്ത്രവത്ക്കരണവും വളർത്തുമൃഗങ്ങളുടെ എണ്ണം കുറയാൻ കാരണമായി. നിരന്തരമായി ഉണ്ടാകുന്ന കോഴി വസന്ത കോഴികളുടെ എണ്ണത്തിലും കുറവു വരുത്തി. കൃഷിയിലെ യന്ത്ര വത്ക്കരണവും മോട്ടോർവാഹനങ്ങളും, ഉഴവുകാളകളുടെയും പോത്തുകളുടെയും വണ്ടിക്കാളകളുടെയും എണ്ണം കുത്തനെ കുറയാൻ ഇടയാക്കി.

1987ലെ കന്നുകാലി സെൻസസു വിവരങ്ങൾ

കാള (നാടൻ)	160
(സങ്കരം)	222
പശു (നാടൻ)	
കറവയുള്ളത്	342
കറവയില്ലാത്തത്	236
പശു (സങ്കരം)	
കറവയുള്ളത്	1704
കറവയില്ലാത്തത്	1003
എരുമ കറവയുള്ളത്	7
കറവയില്ലാത്തത്	15
പോത്ത്	22
ആട്	1143
കോഴി	
പൂവൻകോഴി	4318
പിടക്കോഴി	
മുട്ട ഇടുന്നത്	8675
മുട്ട ഇടാത്തത്	5410
താറാവ്	
മുട്ട ഇടുന്നത്	390
മുട്ട ഇടാത്തത്	640

കുറിച്ചി പഞ്ചായത്തിൽ സചിവോത്തമപുരത്ത് ഒരു മൃഗാശുപത്രി ഉണ്ട്. ഇത് 1994

മാർച്ച് 30ന് ആരംഭിച്ചു. സചിവോത്തമപുരം ക്ഷീരസംഘത്തിന്റെ കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു ആധുനിക സൗകര്യങ്ങളുടെ കുറവുണ്ടെങ്കിലും ഇപ്പോൾ ഒരു വെറ്ററിനറി സർജനും, ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറും, അറ്റൻഡർ, പാർട്ട് ടൈം സ്വീപ്പർ എന്നിവർ ജോലി ചെയ്യുന്നു. ഇവിടെ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ.

1. ചികിത്സ
2. സർജറി
3. കൃത്രിമ ബീജസങ്കലനം
4. വന്ധ്യതാ നിവാരണം
5. റാബിസ് വാക്സിനേഷൻ
6. രോഗപ്രതിരോധ കുത്തിവയ്പ്പ്
7. മൃഗസംരക്ഷണവകുപ്പ് നൽകുന്ന സ്കീമുകൾ

മൃഗാശുപത്രിയുടെ കീഴിൽ ഒരു I.C.D.P. ഉപകേന്ദ്രം കുറിച്ചി -കാലായിപടിക്കൽ പ്രവർത്തിക്കുന്നു.

10/95 മുതൽ 9/96 വരെ മൃഗങ്ങൾക്ക്

ഉണ്ടായ രോഗവിവരങ്ങൾ

രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	കോഴി	പട്ടി
1. ദഹനസംബന്ധികമായി	415	3	214	1	-	-
2. ശ്വാസകോശസംബന്ധമായി	103	-	62	-	-	-
3. ഉപാപചയ രോഗങ്ങൾ	41	1	-	-	-	-
4. ത്വക് രോഗം	153	-	20	-	-	-
5. ധാതു ലവണങ്ങളുടെ അഭാവം	-	-	25	-	-	-
6. പരാദരോഗങ്ങൾ	401	2	85	-	-	-
7. പ്രത്യുല്പാദനവുമായി ബന്ധപ്പെട്ടവ	172	-	14	-	-	-
8. വന്ധ്യത	118	-	2	-	-	-
9. അകിടുവീക്കം	114	-	43	-	-	-
10.മുടന്തൻ പനി	136	-	-	-	-	-
11. മറ്റുള്ള അസുഖങ്ങൾ	1584	-	726	-	-	-

കൃത്രിമ ബീജസങ്കലനം 10/95 - 9/96

	Fresh	Repeat	ആകെ
കുറിച്ചി മൃഗാശുപത്രി	405	122	1027
കുറിച്ചി I.C.D.P.	625	232	857

കന്നുകാലികളിൽ പൊതുവെ കണ്ടു വരുന്ന രോഗങ്ങൾ അകിടുവീക്കം, കുളമ്പു രോഗം പനി എന്നിവയാണ്. രോഗപ്രതിരോധ നടപടികളെക്കുറിച്ചും, ശുചിത്വത്തെ സംബന്ധിച്ചും കാലിവളർത്തൽ കർഷകരിൽ നിലനില്കുന്ന അറിവില്ലായ്മ, രോഗങ്ങൾ തുടക്കത്തിലേ ചികിത്സിച്ചു മാറ്റുന്നതിനു തടസ്സമാകുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൽ 4 ഗോബർഗ്യാസ് പ്ലാന്റുകൾ നിലവിലുണ്ട്. ഇതിൽ പലതും പ്രവർത്തനക്ഷമല്ല. കൂടുതൽ പ്ലാന്റുകൾ സ്ഥാപിക്കാൻ സാദ്ധ്യത ഉണ്ടെങ്കിലും കർഷകരിലെ ഇതു സംബന്ധിച്ച അജ്ഞതയാണ് പ്രധാന കാരണം. ഒരു വീട്ടിലെ പാചകത്തിനും വെളിച്ചത്തിനും വേണ്ടി വരുന്ന ഇന്ധനത്തിന്റെ വലിയൊരു ഭാഗം ഇതിലൂടെ കണ്ടെത്താൻ കഴിയും.

കൃഷിക്കാവശ്യമായ ജൈവവളത്തിന്റെ വലിയ ഒരു പങ്ക് നിറവേറ്റാൻ കാലിവളർത്തലിലൂടെ സാധിക്കുമെങ്കിലും നെൽകൃഷി ലാഭകരമല്ലാത്തതുകൊണ്ട് കന്നുകാലിവളർത്തലിനും മാന്ദ്യം സംഭവിച്ചു.

പ്രധാനമായും മൂന്നു ക്ഷീരോല്പാദന സഹകരണസംഘങ്ങൾ കുറിച്ചി പഞ്ചായത്തിലുണ്ട്. മലകുന്നം (Apcos), പൊൻപുഴ (Apcos) സചിവോത്തമപുരം ക്ഷീരസംഘം ഇവയാണ്. . സചിവോത്തമപുരത്തിന്റെ കീഴിൽ ഔട്ട് പോസ്റ്റ് ഫ്രഞ്ചിമുക്ക്, കരുനാട്ടുവാല, മുട്ടത്തു കടവ് എന്നിവിടങ്ങളിൽ 4 ശാഖകളും പ്രവർത്തിക്കുന്നു.

സെ:പേര്	ഒരു ദിവസം ലഭിക്കുന്ന പാൽ	ഒരു വർഷം	ഹോട്ടലിലും വീട്ടിലും ഉപയോഗിക്കുന്ന പാൽ	ഉല്പാദകർ ഉപയോഗിക്കുന്ന പാൽ	ആകെ ഉല്പാദനം	ഒരു വർഷം ലഭിക്കുന്ന വരുമാനം
1. മലകുന്നം	300 Li					
2. പൊൻപുഴ	150 Li	4, 32000 Li	172800	86400	6,91200	Rs.7603200
3. സ:പുരം	750 Li					

പ്രധാന പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ വില വർദ്ധനവ്
2. രോഗപ്രതിരോധപ്രവർത്തനങ്ങളുടെ അപര്യാപ്തത.
3. ഉല്പാദന ചെലവ് കൂടുകയും വരുമാനം കുറയുകയും ചെയ്യുന്ന സ്ഥിതി.
4. കന്നുകാലികളെ വളർത്തുന്നതിന് സാമ്പത്തിക സഹായം ലഭിക്കാനുള്ള പ്രയാസം.
5. മൃഗാശുപത്രിയുടെ സേവനം ലഭിക്കുന്നതിലുള്ള ബുദ്ധിമുട്ട്.
6. പുല്ല് വൈക്കോൽ എന്നിവയുടെ കുറവ്.
7. കന്നുകാലികളുടെ ഇൻഷുറൻസ് പദ്ധതി നന്നായി നടപ്പാക്കാൻ പറ്റാത്തത്.
8. വിജ്ഞാനവ്യാപന സൗകര്യകുറവ്

സാദ്ധ്യതകൾ

1. പാൽ ഉപാദനത്തിന് മിനി ഡയറി യൂണിറ്റുകൾ, കന്നുകുട്ടി പരിപാലന പദ്ധതി മുതലായവ നടപ്പിലാക്കുക.
2. മുട്ട ഉല്പാദനത്തിന് എഗ്ഗർ നഴ്സറി തുടങ്ങുക. സൗജന്യനിരക്കിൽ കോഴി കുഞ്ഞുങ്ങളെ നൽകുക.
3. മാംസത്തിനാവശ്യമായ ഇറച്ചിക്കോഴികളുടെ ഫാം ആരംഭിക്കുക.
4. ഉല്പാദനവും വിപണനവും സംസ്കരണവും ഏകോപിപ്പിച്ച് വനിതാ പങ്കാളിത്തത്തോടെ പക്ഷി മൃഗാദി സമ്പത്തിന്റെ വികസനം ആസൂത്രണം ചെയ്യേണ്ടതാണ്.
5. അറവുശാലകൾ പൊതുസ്ഥലത്തേക്കു മാറ്റുകയും അവ ശാസ്ത്രീയ രീതിയിലുമാക്കണം.



5-3

വ്യവസായം

കുറിച്ചി പഞ്ചായത്തിന്റെ വ്യവസായ ചരിത്രം പരിശോധിച്ചാൽ ജന്മിത്വ വ്യവസ്ഥിതിയ്ക്കനുസരണമായ ഒരു വ്യവസായിക ഘടന ഇവിടെ നിലനിന്നിരുന്നതായി കാണുവാൻ കഴിയും. ഈ വ്യവസ്ഥിതിയുടെ കാലഘട്ടത്തിൽ കൃഷിയാണ് ഏറ്റവും പ്രധാന തൊഴിലായി നിന്നിരുന്നത്. അതിന്റെ ആവശ്യത്തിനായി വേണ്ടി വന്നിരുന്ന കുട്ടകൾ, വട്ടികൾ, പായ്കൾ മുതലായവ ഇവിടെത്തന്നെ നിർമ്മിക്കപ്പെട്ടിരുന്നു. അതോടൊപ്പം തന്നെ കൃഷിപ്പണിയായുധങ്ങളും ഇവിടെത്തന്നെ നിർമ്മിച്ചിരുന്നു. ആദ്യകാലത്ത് ഇവയുടെ വിലധാന്യങ്ങളായിത്തന്നെയായിരുന്നു നൽകിയിരുന്നത് പിന്നീട് ഇത് രൂപയിലേക്കു മാറിയതായി കാണാൻ കഴിയും. ഇങ്ങനെ പരമ്പരാഗതവും കൈത്തൊഴിലധിഷ്ഠിതവുമായ ഒരു വ്യാവസായിക ശൃംഖല ഇവിടെ വളർന്നു വന്നു.

എന്നാൽ കാലത്തിന്റെ കുത്തൊഴുക്കിൽ ഈ ശൃംഖല പതിയെ നഷ്ടപ്പെട്ടുവന്നു. ഇന്ന് ഇതിന്റെ ഓർമയായി വളരെ ചുരുക്കം പേർ മാത്രം ഈ മേഖലയിൽ ജോലി ചെയ്യുന്നുള്ളു. ഈ വ്യവസായിക ഘടന നശിക്കുന്നതിന് പല കാരണങ്ങളും ഉണ്ട്. ഇതിൽ ഒന്ന് പ്രകൃതിയിൽ നിന്നു കിട്ടിയിരുന്ന അസംസ്കൃത വസ്തുക്കളിൽ വന്ന കുറവാണ്. ഇത് പ്രധാനമായും പാരിസ്ഥിതിക പ്രശ്നങ്ങളോട് ബന്ധപ്പെട്ടു വന്ന കുറവാണ്.

ഈ വ്യവസായ ശൃംഖല ഇല്ലാതായതോടൊപ്പം പുതിയ ആധുനിക വ്യവസായങ്ങളുടെ ഒരു ശൃംഖല സൃഷ്ടിച്ചെടുക്കാൻ നമുക്ക് കഴിയാതെപ്പോയി. നമ്മുടെ കാർഷികമേഖലയിലെ ഉൽപന്നങ്ങളോടു ബന്ധപ്പെടുത്തി അങ്ങനെ ഒരു വ്യവസായ ശൃംഖല നമുക്ക് സൃഷ്ടിച്ചെടുക്കാവുന്നതായിരുന്നു. അതിനുള്ള സാധ്യതകൾ ഇന്നും നിലനിൽക്കുന്നു.

കുറിച്ചി പഞ്ചായത്തിൽ പൊതുമേഖലയിലോ, സഹകാര്യമേഖലയിലോ വൻകിട വ്യവസായ യൂണിറ്റുകൾ ഒന്നും തന്നെയില്ല. നമ്മുടെ പഞ്ചായത്തിൽ നെല്ല്, റബ്ബർ, നാളികേരം തുട

ങ്ങിയ കാർഷികവിളകളെ ആധാരമാക്കി വ്യവസായം നടത്തുവാൻ കഴിയും, പഞ്ചായത്തിൽ വിവിധ മേഖലകളിലായി 8539 പേർ ജോലി ചെയ്യുന്നു. അതിൽ പുരുഷന്മാർ 6701 സ്ത്രീകൾ 1838. ആകെ വ്യവസായ തൊഴിലാളികൾ 794. പുരുഷന്മാർ 746 ഉം സ്ത്രീകൾ 48 ഉം ആകുന്നു.

അതിൽ 387 പേർ മറ്റ് പ്രദേശങ്ങളിൽ ജോലി ചെയ്യുന്നു പഞ്ചായത്തിനകത്തു ജോലി ചെയ്യുന്ന 407 പേരിൽ 359 പുരുഷന്മാരും 48 സ്ത്രീകളുമാണ്.

പഞ്ചായത്തിൽ 130 ചെറുകിട വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

അതിൽ 91 റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റുകളാണ് ഇവയിൽ ഭൂരിഭാഗവും ഫലവത്തായി പ്രവർത്തിക്കുന്നില്ല. നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന സെൻറ് മേരീസ് ടെക്സ്

(വസ്ത്രനിർമ്മാണം)-ൽ 45 സ്ത്രീകൾ അടക്കം 150-നു മേൽ തൊഴിലാളികൾ ഉണ്ടായിരുന്നു. ഇപ്പോൾ ഈ സ്ഥാപനം അടച്ചു പൂട്ടിയിരിക്കുകയാണ്. 9 റബ്ബർ അധിഷ്ഠിത വ്യവസായത്തിൽ 86-പേരും തടി, ഇരുമ്പ് കൊണ്ടുള്ള ഫർണിച്ചർ രംഗത്തു 25 പേരും വർക്ക് ഷോപ്പ്, റിപ്പയർ മേഖലയിൽ 18 പേരും തൊഴിൽ ചെയ്യുന്നു.

പ്രശ്നങ്ങൾ

വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ ഗതാഗതം വൈദ്യുതിയുടെ ലഭ്യത, വാർത്താ വിനിമയ സൗകര്യങ്ങൾ, ഉയർന്ന ഉപഭോഗ നില

തൊഴിൽ മേഖല സംബന്ധിച്ച വിവരങ്ങൾ

ഇനം	ആകെ.	പുരുഷൻ	സ്ത്രീകൾ
1. കൃഷിക്കാർ	809	778	31
2. കർഷകത്തൊഴിലാളികൾ	3682	2430	1252
3. മറ്റുകാർഷികമേഖല	179	162	17
4. മൈനിംഗ് & ക്വാറിംഗ്	23	23	-
5. മാനു ഫാക്ചറിംഗ്& പ്രോസസിംഗ്	56	49	7
6. വ്യവസായം	794	746	48
7. നിർമ്മാണ പ്രവർത്തനം	367	363	4
8. കച്ചവടം അനുബന്ധപരിപാടികൾ	915	851	64
9. ഗതാഗതം, സംഭരണം,	544	529	15
10. മറ്റു ജോലികൾ	1170	770	400
ആകെ	8539	6701	1838

(അവലംബം- 1991 സെൻസ്സസ്)

വ്യവസായ യൂണിറ്റുകൾ സംബന്ധിച്ചുള്ള വിവരങ്ങൾ

വ്യവസായത്തിന്റെ തരം	മൊത്തം യൂണിറ്റുകൾ	മൊത്തം തൊഴിലാളികൾ
1. തടി	8	59
2. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം	91	180
3. എഞ്ചിനിയറിംഗ്	5	25
4. ഇലക്ട്രിക്കൽ	4	6
5. റബ്ബർ	9	86
6. സിമന്റ് ഹോളോ ബ്രിക്സ്	6	28
7. മറ്റുള്ളവ	5	23
ആകെ	127	407

[അവലംബം- പഠനപര്യടനം]

വാരം, സുഖ സൗകര്യങ്ങളോടെ ജീവിക്കുവാനുള്ള താൽപര്യം ഇവ ഉണ്ടെങ്കിലും വേണ്ടത്ര രീതിയിൽ വ്യവസായം വളരുന്നില്ല.

നെല്ല്, റബ്ബർ, നാളികേരം ഇവ വ്യവസായ രംഗത്തു വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല. വ്യവസായം വിജയിക്കുമോ എന്ന ആശങ്ക, സാങ്കേതിക പരിജ്ഞാനത്തിന്റെ കുറവ്, ധനസഹായം കിട്ടാനുള്ള സാങ്കേതിക ബുദ്ധിമുട്ട്, വിപണന സാദ്ധ്യതകുറവ്, പരമ്പരാഗത വ്യവസായമേഖലകളിലെ തൊഴിലാളികൾക്കും കൈത്തൊഴിലാളികൾക്കും പരിശീലനം ലഭിക്കുവാനുള്ള സാദ്ധ്യതകുറവ്, വ്യവസായമേഖലയുമായുള്ള സമ്പർക്കകുറവ്, വ്യവസായത്തിനു ആവശ്യമായ അസംസ്കൃതവസ്തുക്കൾ ലഭിക്കായ്ക, തൊഴിൽ പ്രശ്നങ്ങൾ ഉണ്ടാകുമോ എന്ന ആശങ്ക, പരമ്പരാഗത വ്യവസായങ്ങളായ കുട്ട, മുറം, പായ് നെയ്ത്തുകളിൽ പുതിയ തലമുറ ജോലി ചെയ്യുവാനുള്ള സന്നദ്ധത കുറവ്, പരമ്പരാഗത വ്യവസായത്തിൽ ജോലിക്ക് അനുസരിച്ചുള്ള കൂലി ലഭിക്കായ്ക തുടങ്ങിയ കാരണങ്ങളാൽ വ്യവസായത്തിൽ മുതൽ മുടക്കുവാൻ ആരും തന്നെ തയ്യാറാകുന്നില്ല.

ഗ്രാമസഭാനിർദ്ദേശങ്ങൾ

1. റബ്ബർ അധിഷ്ഠിത വ്യവസായം ആരംഭിക്കുക

2. ചക്ക, മാങ്ങ, പഴവർഗ്ഗങ്ങൾ ഇവ ഉപയോഗപ്പെടുത്തി ഫുഡ്പ്രോസസിംഗ് യൂണിറ്റ് ആരംഭിക്കുക.

3. സഹകരണ മേഖലയിൽ നെല്ല് സംസ്ക്കരണ യൂണിറ്റു ആരംഭിക്കുക.

തവിട്, ഉമി തുടങ്ങിയവ ഉപയോഗിച്ചു അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കുക.

4. കോഴിതീറ്റ, കാലിതീറ്റ വ്യവസായം ആരംഭിക്കുക

5. മെഴുകുതിരി നിർമ്മാണ യൂണിറ്റ് ആരംഭിക്കുക

6. വ്യാവസായ സഹകരണ സംഘങ്ങൾ രൂപീകരിച്ചു തേനീച്ച വളർത്തൽ, കോഴിവളർത്തൽ തുടങ്ങിയ വ്യവസായം ആരംഭിക്കുക.

7. മരച്ചീനി, നാളികേരം എന്നീ കാർഷികോൽപന്നങ്ങൾ അടിസ്ഥാനമാക്കി വ്യവസായങ്ങൾ തുടങ്ങുക.

8.സഹകരണമേഖലയിൽ ഹോളോ ബ്രിക്സ് നിർമ്മാണ യൂണിറ്റു ആരംഭിക്കുക.

9. തീപെട്ടി നിർമ്മാണ യൂണിറ്റു ആരംഭിക്കുക

10. സഹകരണ മേഖലയിൽ പരമ്പരാഗത വ്യവസായങ്ങൾ ആരംഭിക്കുക.

11. തടി, ഇരുമ്പ്- ഇവകൊണ്ടുള്ള വീട്ടുപകരണ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക.

12. റെഡിമെയ്ഡ് വസ്ത്രനിർമമാണ യൂണിറ്റുകൾ സഹകരണ മേഖലയിൽ ആരംഭിക്കുക.

13. പ്ലാസ്റ്റിക് ബാഗ്, ചൂരൽ കസേര, തുടങ്ങിയ വ്യവസായങ്ങൾ ആരംഭിക്കുക.

14. കുട്ട, മുറം, പായ്, സോപ്പ്, സോപ്പ് പൗഡർ തുടങ്ങിയ വ്യവസായങ്ങൾ പഞ്ചായത്തു നേരിട്ട് സ്ഥാപിച്ച് വനിതകൾക്ക് തൊഴിൽ നൽകുക

15. ഇലക്ട്രോണിക് വ്യവസായം തുടങ്ങുക

16. പഞ്ചായത്തിന് കുരട്ടിമലയിൽ സെൻറ് മേരീസ് ടെക്സ്, കല്ലു കടവിൽ തോടിനു വടക്കുവശം, കുറിച്ചി ഔട്ട് പോസ്റ്റ് റോഡിനു പടിഞ്ഞാറു മങ്കുഴി മറ്റം എന്നീ സ്ഥലങ്ങൾ ഏറ്റെടുത്തു മിനി വ്യവസായ എസ്റ്റേറ്റ് സ്ഥാപിച്ച് വ്യവസായ സംരംഭകർക്കു നൽകുക.

17. സ്വയം തൊഴിൽ സംരംഭകർക്കുള്ള തടസ്സങ്ങൾ നീക്കുവാൻ പഞ്ചായത്തു മുൻകൈ എടുക്കുക.

18. നിലവിലുള്ള ബസ് തൊഴിലാളി സഹകരണസംഘം പ്രവർത്തനക്ഷമമാകുവാൻ പഞ്ചായത്തു സഹായിക്കുക.

19. വനിതാ വ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

20. യുവജനങ്ങൾക്ക് വ്യാവസായിക പരിശീലനം നൽകുന്നതിനുള്ള സ്ഥാപനം തുടങ്ങുക. പാരമ്പര്യ വ്യവസായങ്ങൾക്കു വൈദഗ്ദ്ധ്യം ഉള്ള SC,ST ആളുകൾ ഉൾപ്പെടെ ഉള്ളവരെ ഉപയോഗിച്ച് പരിശീലനം നൽകുക.

21. സാമ്പത്തിക സഹായം കൊടുക്കുന്നതിന് ബാങ്കുകൾക്കു വേണ്ട നിർദ്ദേശങ്ങൾ നൽകുക.

22. വായ്പകൾക്കു പഞ്ചായത്ത് ഗാരൻറി നൽകുക.

23. പരമ്പരാഗത കൈതൊഴിൽ വ്യാവസായങ്ങൾ ഉൾകൊള്ളിച്ചു കൊണ്ട് മിനി വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുക.

24. സാങ്കേതിക പരിജ്ഞാനം ലഭിക്കുന്നതിനുള്ള സ്ഥാപനം പഞ്ചായത്ത് ആരംഭിക്കുക.

25. കരകൗശലരംഗത്തു വിദഗ്ദ്ധ പരിശീലനം നൽകുക.

26. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം തുടങ്ങുവാൻ ആഗ്രഹിക്കുന്നവർക്കും ഇപ്പോൾ നടത്തുന്നവർക്കും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, മദ്രാസ്, എന്ന സ്ഥാപനത്തിന്റെ കീഴിൽ പരിശീലനം നൽകുക.

27. വ്യവസായ സംരംഭകർക്കു അതേ രീതിയിലുള്ള വ്യവസായ സ്ഥാപനങ്ങൾ സന്ദർശിച്ച് വിശദമായ പഠനം നടത്തുന്നതിനും ആശയ വിനിമയത്തിനും പര്യാപ്തമായ രീതിയിൽ പഠന യാത്രകൾ സംഘടിപ്പിക്കുക.

28. വ്യവസായ സംരംഭകർക്കു വായ്പ ലഭിക്കുവാൻ വളരെ അധികം ബുദ്ധിമുട്ടുകൾ ഉണ്ട്. ദേശസാൽകൃത ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളുമാണ് ഏറ്റവും കൂടുതൽ നിക്ഷേപം സ്വീകരിക്കുന്നത്. എന്നാൽ നിക്ഷേപത്തിന്റെ 20% മാത്രമാണ് പ്രസ്തുത ബാങ്കുകൾ അതാതു പ്രദേശത്തു വായ്പ നൽകുന്നത്. ബാക്കി തുക ബോംബെ മണി മാർക്കറ്റിലടക്കം കേരളത്തിനു വെളിയിലാണു വിനിയോഗിക്കുന്നത്. എന്നാൽ സഹകരണബാങ്കുകളിലെ നിക്ഷേപം പൂർണ്ണമായും അതതു പ്രദേശത്തു വായ്പ നൽകുന്നു. സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾക്കു റിസർവ് ബാങ്കു ഗാരൻറി നൽകുന്നുണ്ടെങ്കിലും സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുവാൻ ജനങ്ങൾ വൈമനസ്യം കാണിക്കുന്നു. സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുന്ന തുക അതതു പ്രദേശത്തിന്റെ വളർച്ചയ്ക്ക് ഉപകരിക്കും. ആയതിനാൽ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുന്നതിനുള്ള അവബോധം വളർത്തിയെടുക്കുവാൻ വേണ്ട പ്രവർത്തനം ഉണ്ടാകണം.

29. കണ്ടെത്തുന്ന വ്യവസായ സംരംഭകരെ നിരന്തരമായി പ്രോത്സാഹിപ്പിച്ച് വ്യവസായങ്ങൾ തുടങ്ങുവാനും നല്ല നിലയിൽ പ്രാവർത്തികമാക്കുവാനുമുള്ള സാഹചര്യം സൃഷ്ടിക്കുവാൻ സ്ഥിരം മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കണം.

30. വ്യവസായവുമായി ബന്ധം ഉള്ള എല്ലാ പ്രസിദ്ധീകരണങ്ങളും പഞ്ചായത്തിൽ വരുത്തുകയും പൊതുജനങ്ങൾക്കു ആവശ്യമായ റെഫറൻസിനു വേണ്ടി ഇൻഫർമേഷൻ സെൻറർ ആരംഭിക്കുകയും ചെയ്യുക.

31. പഞ്ചായത്തിലെ വാർഡുതലത്തിലുള്ള സാമ്പത്തിക സ്ഥിതി വിവരകണക്കുകൾ അതതു സമയത്തുതന്നെ ലഭിക്കുവാൻ സംവിധാനം ഏർപ്പെടുത്തുന്നതിനു സർക്കാരിനോട് ആവശ്യപ്പെടണം

32. കവർ(പേപ്പർ, പ്ലാസ്റ്റിക്) നിർമ്മിക്കുന്ന യൂണിറ്റു ആരംഭിക്കണം.

33. പഞ്ചായത്തിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് തുറന്ന് തൊഴിലില്ലാത്തവരുടെ രജിസ്ട്രേഷൻ നടത്തുക.

മേൽ പറഞ്ഞ നിർദ്ദേശങ്ങളും സാദ്ധ്യതകളും ചർച്ചചെയ്ത് നടപ്പിലാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ കാര്യമായ പുരോഗതി ഏതാനും വർഷങ്ങൾക്കുള്ളിൽ വ്യവസായരംഗത്ത് ഉണ്ടാക്കുവാൻ കഴിയും. ഈ പഞ്ചായത്തിലെ കാർഷിക വിളകളെ പ്രോത്സാഹിപ്പിക്കുവാനും അന്യസ്ഥലങ്ങളെ ആശ്രയിക്കാതെ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുവാനും നല്ലൊരുശതമാനം ആളുകൾക്കു തൊഴിൽ ലഭ്യമാക്കുവാനും ആളോഹരി വരുമാനം വർദ്ധിപ്പിച്ച് ജനങ്ങളുടെ സാമൂഹ്യസാമ്പത്തിക സാംസ്ക്കാരിക പുരോഗതിക്കു ആക്കം കൂട്ടുകയും ചെയ്യാവുന്നതാണ്.



5.4 വിദ്യാഭ്യാസം

ഗുരുശ്രീപുരത്തിന്റെ ഐശ്വര്യത്തിന്റെ ചിഹ്നമായ എഴുത്താശാൻ കളരികൾ പുരാതന കാലം മുതൽ എല്ലാ ഭാഗത്തും ഉണ്ടായിരുന്നു എങ്കിലും കുറിച്ചിയിൽ ഔപചാരികമായ അക്കാദമിക് വിദ്യാഭ്യാസത്തിന്റെ തുടക്കം കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാന ഭാഗത്തിലാണ് തുടങ്ങുന്നത്. 1891 ൽ കാവിക്കുന്നിൽ ആരംഭിച്ച സ്കൂൾ ആണ് കുറിച്ചിയിലെ ആദ്യത്തെ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനം കുറിച്ചിയിലുള്ളവർ അന്നുവരെ വിദ്യാഭ്യാസത്തിനായി ചങ്ങനാശേരി എസ്. ബി. ഹൈസ്ക്കൂളിനെയാണ് ആശ്രയിച്ചിരുന്നത്. ഇത്തിത്താനം പ്രദേശത്തുള്ളവർ തുരുത്തി സ്ക്കൂളിനെയും ചങ്ങനാശേരി എസ്.ബി. സ്ക്കൂളിനെയും. പിന്നീട് കാവിക്കുന്നിലെ സർക്കാർ സ്ക്കൂളിനോട് ചേർന്ന് ഒരു ഗേൾസ് സ്ക്കൂളും സ്ഥാപിതമായി.ഏതാണ് ഇതേ കാലയിളവിൽ എണ്ണയ്ക്കാച്ചിറ പള്ളിയോടനുബന്ധിച്ച് തുടങ്ങിയ സ്ക്കൂളാണ് പിന്നീട് ലിറ്റിൽ ഫ്ലവർ സ്കൂളായി മാറിയത്. 1934 ൽ സംസ്കൃത സ്കൂളായി ആരംഭിച്ച കുറിച്ചി അദ്വൈത വിദ്യാശ്രമം സ്കൂൾ പിന്നീട് ഹൈസ്കൂളായി ഉയർത്തപ്പെട്ടു. 1935 ൽ മന്ദിരം ഗേൾസ് ഹൈസ്കൂൾ സ്ഥാപിതമായി. ഇത് പിന്നീട് ഹൈസ്കൂളായി ഉയർത്തപ്പെട്ടു. സചിവോത്തമപുരം കോളനിയോടനുബന്ധിച്ച് സ്ഥാപിക്കിപ്പെട്ട രാത്രി സ്കൂൾ ഹരിജൻ വെൽഫെയർ സ്കൂളായി മാറി. ഇതേ കാലയിളവിൽ തന്നെ ഇത്തിത്താനത്തിന്റെ വിവിധി ഭാഗങ്ങളിലും സ്കൂളുകൾ സ്ഥാപിതമായി.

സ്വാതന്ത്രം കിട്ടുന്നതിനും വളരെ മുമ്പു തന്നെ സ്ത്രീ വിദ്യാഭ്യാത്തിന് ഇവിടുത്തെ ജനത വളരെ ശ്രദ്ധ പതിപ്പിച്ചിരുന്നു എന്ന് സ്കൂളുകളുടെ തരം തിരിവ് വ്യക്തമാക്കുന്നു. ഒരു പക്ഷെ കുറിച്ചിയുടെ സാമൂഹ്യ പുരോഗതിയുടെ ഒരു പ്രധാന കാരണം സ്ത്രീ വിദ്യാഭ്യാസം ലഭിച്ചതിലുള്ള മേന്മയാകാം. ഏതായാലും ഈ കാഘട്ടങ്ങളിലും ഔപചാരിക വിദ്യാഭ്യാസം ലഭിച്ച ഒരു സ്ത്രീ സമൂഹം കുറിച്ചിക്ക് അഭിമാനിക്കാൻ വകനൽകുന്ന ഒന്നു തന്നെയാണ്.

ഇതോടനുബന്ധിച്ച് കാണേണ്ട വേറൊരു പ്രത്യേകത പട്ടിക ജാതി പട്ടിക

വർഗ വിഭാഗത്തിന്റെ വിദ്യാഭ്യാസ പുരോഗതിയിൽ സമൂഹം എടുത്ത താൽപര്യമാണ് ഇവരുടെ വിദ്യാഭ്യാസ നിലവാരം തീരെ മോശമായി പോകാതിരിക്കുവാൻ സാഹചര്യങ്ങൾ ഒരുക്കുന്നതിൽ ചില സ്കൂളുകൾ വഹിച്ച പങ്ക് നിസ്തുലമാണ്. ഇതിൽ ക്യസ്ത്യൻ മിഷനറിമാരും ഹിന്ദു സന്യാസിമാരും വഹിച്ച പങ്ക് ശ്രദ്ധേയമാണ് ഇതോടൊപ്പം ആ കാലഘട്ടത്തിലെ അദ്ധ്യാപകരോടും നാം ഇതിന് കടപ്പെട്ടിരിക്കുന്നു.

സ്വാതന്ത്രാനന്തര കാലഘട്ടത്തിൽ വിദ്യാഭ്യാസ രംഗത്ത് വലിയ മുന്നേറ്റമുണ്ടായതായി കാണാം. ഇന്ന് കുറിച്ചിയിൽ 5 ഹൈസ്കൂളും 1 യുപി. സ്കൂളും 8 എൽ.പി. സ്കൂളും ഉൾപ്പടെ 14 സ്കൂളുകൾ പ്രവർത്തിക്കുന്നു. ഇതിൽ ഒരെണ്ണം ടെക്നിക്കൽ ഹൈസ്കൂളാണ്. 14 സ്കൂളുകളിൽ 6 എണ്ണം സർക്കാർ സ്കൂളുകളാണ്.

14 സ്കൂളുകളിലായ 4614 വിദ്യാർത്ഥികൾ പഠനം നടത്തുന്നു. ഇതിൽ 2376 ആൺകുട്ടികളും 2238 പെൺകുട്ടികളും

പട്ടിക 1 A

വിദ്യാർത്ഥികൾ, അദ്ധ്യാപകർ

ക്രമ നമ്പർ	സ്കൂളിന്റെ പേര്	മാനേജ്മെന്റ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ
			ആൺകുട്ടികൾ	പെൺകുട്ടികൾ	ആകെ	
1.	ഗവ.ഹൈസ്കൂൾ കുറിച്ചി.	സർക്കാർ	409	308	717	29
2.	ഏ.വി. ഹൈസ്കൂൾ കുറുച്ചി.	എയ്ഡ്സ്.	387	327	714	30
3.	സെന്റ്. എം.എം. ഗേൾസ് ഹൈസ്കൂൾ കുറിച്ചി.	ടി.	"	325	325	17
4.	ഇത്തിത്താനം ഹൈസ്കൂൾ മലങ്കുന്നം .	ടി.	471	420	891	36
5.	ഗവ. എൽ.പി. സ്കൂൾ കുറിച്ചി	സർക്കാർ	96	89	185	7
6.	ഗവ. എൽ.പി. സ്കൂൾ ഇത്തിത്താനം	ടി	132	114	246	9
7.	സെന്റ് ജോൺസ് Govt.L.P.Schl. ഇത്തിത്താനം.	ടി	36	29	65	3
8.	സി.എം.എസ് എൽ.പി. സ്കൂൾ കുറിച്ചി.	എയ്ഡ്സ്.	63	69	132	3
9.	എൽ.എഫ്. എൽ.പി. സ്കൂൾ ഇത്തിത്താനം	ടി	159	127	286	8
10.	ഇളങ്കാവ് എൽ.പി. സ്കൂൾ ഇത്തിത്താനം	ടി.	76	55	131	4
11	സെന്റ് മേരീസ് കോൺവെന്റ് L.P.Sch. കുറിച്ചി.	അംഗീകാരം ഇല്ല.	79	90	169	7
12.	വിമല എൽ.പി. സ്കൂൾ കുറുച്ചി.	ടി	81	45	126	6
13.	ഗവ. എച്ച് .എസ്. യു.പി. സ്കൂൾ കുറിച്ചി	സർക്കാർ	287	233	520	15
14.	ഗവ. ടെക്നിക്കൽ H.S മലകുന്നം കുറിച്ചി	ടി	100	7	107	15
	ആകെ		2376	2238	4614	189

ഉൾപ്പെടുന്നു. ആൺപെൺ അനുപാതം ഏതാണ്ട് സമാസമം ടെക്നിക്കൽ ഹൈസ് കൂളിന്റെ കാര്യം എടുത്തു പരിശോധിച്ചാൽ വളരെ അന്തരം കാണുന്നു. ഇവിടെ100 ആൺകുട്ടികൾ പഠിക്കുമ്പോൾ കേവലം ഏഴ് പെൺകുട്ടികൾ മാത്രമേ പഠിക്കുന്നുള്ളൂ. ഇലക്ട്രോണിക് എഞ്ചിനീയറിങ്ങ് ഇലക്ട്രോ ണിക് വ്യവസായ രംഗത്തൊക്കെ പെൺകു ട്ടികൾ വളരെ മുൻനിരയിൽ പ്രവർത്തിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ പഞ്ചായ ത്തിലെ പെൺകുട്ടികൾ ടെക്നിക്കൽ ഹൈസ്കൂൾ രംഗത്തേയ്ക്ക് കടന്നുവരാ ത്തതിന്റെ കാരണം അന്വേഷിക്കേണ്ടിയി രിക്കുന്നു. മനോഭാവത്തിലുള്ള പ്രശ്നമാണ് കാരണമെങ്കിൽ അത് പരിഹരിക്കേണ്ടതും അത്യാവശ്യമാണ്.

ഈസ്കൂളുകളിലെല്ലാമായി ആകെ അദ്ധ്യാപകരുടെ എണ്ണം 189 ആണ്. ഇതിൽ സർക്കാർ വിഭാഗത്തിൽ പെട്ടവർ 78 ഉം മാനേജ്മെന്റ് വിഭാഗത്തിൽ 111ഉം ആണ്.

മൊത്തം വിദ്യാർത്ഥിനികളിൽ 36.38 ശതമാനം കുട്ടികൾ എൽ.പി. വിഭാഗത്തിലും 32.47 ശതമാനം കുട്ടികൾ യു.പി. വിഭാഗത്തിലും. 31.15% ഹൈസ്കൂൾ വിഭാഗത്തിലും പഠിക്കുന്നു. പഞ്ചായത്തിലെ കുട്ടികളിൽ ഒരു ചെറിയ ഭാഗം ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് പോകുന്ന ഒരു പ്രവണത അടുത്ത കാലത്തായി കാണുന്നു. ഇങ്ങനെയൊരു മാറ്റത്തിന്റെ കാരണങ്ങൾ അടിസ്ഥാനപരമായി ചിന്തിക്കുകയും പരിഹാരം കാണുകയും ചെയ്തില്ലെങ്കിൽ നമ്മുടെ പുരോഗതിയ്ക്കെല്ലാം നിദാനമായ പൊതുവിദ്യാഭ്യാസത്തിന്റെ തകർച്ച യായിരിക്കും ഫലം.

പട്ടിക. 1 ബി.

വിദ്യാർത്ഥിനികളുടെ വിവരങ്ങൾ.

ആകെ വിദ്യാർത്ഥികൾ	എൽ. പി.			യു. പി.			ഹൈസ്കൂൾ.		
	ആൺ കുട്ടികൾ	പെൺ കുട്ടികൾ	പെൺ കുട്ടികളുടെ ശതമാനം.	ആൺ കുട്ടികൾ	പെൺ കുട്ടികൾ	പെൺ കുട്ടികളുടെ ശതമാനം.	ആൺ കുട്ടികൾ	പെൺ കുട്ടികൾ	പെൺ കുട്ടികളുടെ ശതമാനം.
4614	902	777	36.38	829	627	32.47	647	790	31.15

അവലംബം: സ്കൂൾ രേഖകൾ.

പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽ നിന്നും എൽ.പി. വിഭാഗത്തിൽ 283 ഉം യു. പി. വിഭാഗത്തിൽ 259 - ഉം ഹൈസ്കൂൾ വിഭാഗത്തിൽ 258 -ഉം കുട്ടികൾ പഠിക്കുന്നു. മൊത്തം കുട്ടികളുടെ 17. 34 % വരുമിവർ.

പട്ടിക 1 സി.

പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്.

എൽ.പി.			യു. പി.			ഹൈസ്ക്കൂൾ		
ആകെ	SC/ST	SC/ST ശതമാനം	ആകെ	SC/ST	SC/ST ശതമാനം	ആകെ	SC/ST	SC/ST ശതമാനം
1679	283	16.86	1498	259	17.28	1437	258	17.95

അവലംബം സ്ക്കൂൾ രേഖകൾ

സാമ്പത്തിക സാമൂഹിക കാരണങ്ങളാൽ ചെറിയൊരു ശതമാനം കുട്ടികൾ കൊഴിഞ്ഞ് പോകുന്നു. 1995 -96 കാലഘട്ടത്തിൽ കൊഴിഞ്ഞ് പോയവരുടെ എണ്ണം 36 ആണ്. ഇതിൽ 13 പേർ പട്ടികജാതി പട്ടിക വർഗ്ഗത്തിൽ പെട്ടവരാണ്. ഇതു പ്രത്യേകം പരിഗണനയ്ക്ക് വിധേയമാക്കേണ്ടതാണ്.

പട്ടിക 1 ഡി.

പഠനം നിർത്തിയവരുടെ കണക്ക്.

പട്ടികജാതി പട്ടികവർഗ്ഗം.			മറ്റുള്ളവർ		
ആൺകുട്ടികൾ	പെൺകുട്ടികൾ	ആകെ	ആൺകുട്ടികൾ	പെൺകുട്ടികൾ	ആകെ
7	6	13	17	6	23

അവലംബം സ്കൂൾ രേഖകൾ

14 ൽ 6 സർക്കാർ സ്കൂളുകളിലായി 39.88% കുട്ടികൾ പഠിക്കുന്നു. ഇത് കുറിച്ചിയിലെ മാതാപിതാക്കളുടെ സർക്കാർ സ്കൂളുകളോടുള്ള താല്പര്യം പ്രകടമാക്കുന്നു.മൊത്തം അദ്ധ്യാപകരിൽ 41.27 % പേർ ഈ മേഖലയിൽ ജോലി ചെയ്യുന്നവരാണ്.(പട്ടിക 2)

പട്ടിക 2

ഗവ. സ്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്.

ആകെ അദ്ധ്യാപകർ	5 സർക്കാർ വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ		ആകെ വിദ്യാർത്ഥികളുടെ	സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ	
	എണ്ണം	ശതമാനം.	എണ്ണം	എണ്ണം	ശതമാനം.
189	78	41.27	4614	1840	39.88

അവലംബം സ്കൂൾ രേഖകൾ

സ്കൂളുകളെ സംബന്ധിച്ചിടത്തോളം പ്രഥമ പരിഗണന അർഹിക്കുന്ന ഒന്നാണ് അക്കാദമിക് സൗകര്യങ്ങൾ. ക്ലാസ് മുറിയിൽ നിന്നും കിട്ടുന്ന അറിവിന് പുറമേ തിരിച്ചറിവുണ്ടാക്കാൻ സഹായിക്കുക പലപ്പോഴും ഇത്തരം സൗകര്യങ്ങളായിരിക്കും. അതോടൊപ്പം കുട്ടികളുടെ മാനസിക പിരിമുറുക്കത്തിന് അയവു വരുത്താനും ഇതുമൂലം കഴിയും. ലൈബ്രറി , ലാബോറട്ടറി, പഠനോപകരണങ്ങൾ ദൃശ്യ ശ്രവ്യ ഉപകരണങ്ങൾ, വൃത്തിയും വലിപ്പവും ഉള്ള ബോർഡുകൾ, ഫർണ്ണീച്ചറുകൾ തുടങ്ങിയവ വിദ്യാലയത്തിന്റെ യോഗ്യതാ ചിഹ്നങ്ങളിൽ പെടുന്നു. ഇവിടത്തെ സ്കൂളുകളുടെ സ്ഥിതി വിശദമാക്കുന്ന പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

പട്ടിക 111

അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത.

അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത	ലൈബ്രറി	പ്രവർത്തിക്കുന്നത്	ലാബ്	പ്രവർത്തിക്കുന്നത്	പഠനോപകരണങ്ങൾ	റേഡിയോ	ടേപ്പ് റിക്കോർഡർ	ടെലിവിഷൻ	സിനിമ പ്രൊജക്ടർ	ബോർഡ് ആവശ്യമുള്ളവർ	മാതൃസംഗമം സജ്ജീവം
ഉള്ളത്	9	9	4	4	7	7	6	1	-	-	14
ഇല്ലാത്തത്	5	-	10	-	7	7	8	13	14	-	-

അവലംബം സ്കൂൾ രേഖകൾ.

ഇവിടെ ശ്രദ്ധിക്കേണ്ട ഒരു വസ്തുത ആകെ 4 സ്കൂളുകൾക്ക് മാത്രമാണ് ലാബ് സൈകര്യമുള്ളത് എന്നതാണ്. പലപ്രാവശ്യം വായിച്ചു പഠിക്കുന്നത് ഒരു പ്രാവശ്യം ചെയ്താൽ അല്ലെങ്കിൽ കണ്ടാൽ ഓർമ്മിക്കാനാകും എന്നസത്യം മനസ്സിലാക്കാതെയുള്ള നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തെയാണ് ഇത് കാണിക്കുന്നത്. നമ്മൾ നമ്മുടെ ഗ്രാമത്തിലെ കുട്ടികളോട് ചെയ്യുന്ന ക്രൂരതയായി തന്നെ ഇതിനെ കാണേണ്ടിവരും. അക്കാദമിക് സൗകര്യങ്ങളിലെല്ലാം തന്നെ ഈ ആപര്യാപ്തത ചൂണ്ടിക്കാണിക്കാനാവും.

സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ പഠന നിലവാരത്തേക്കാളുമപരി കുട്ടികളുടെ ആരോഗ്യത്തെ ബാധിക്കുന്ന ഒന്നാണ്. ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സുണ്ടാവൂ എന്ന ചൊല്ല് മനനസ്സിൽ വച്ചുകൊണ്ടുവേണം ഈ പ്രശ്നത്തെ സമീപിക്കാൻ. ഇതു സംബന്ധിച്ചുള്ള വിവരങ്ങളുടെ പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

പട്ടിക 1V (A)

ഭൗതിക സാഹചര്യങ്ങൾ

സ്കൂൾ	ആകെ വിദ്യാർത്ഥികൾ	അദ്ധ്യാപകർ	മുഴുവൻ സമയം	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
1. ഗവ ഹൈസ്കൂൾ കുറിച്ചി	560	29	4	2	ഉണ്ട്	ഇല്ല
2. എ. വി.ഹൈസ്കൂൾ കുറിച്ചി.	714	30	3	2	ഉണ്ട്	ഉണ്ട്.
3. സെന്റ് എം.എം. ഗേൾസ് ഹൈസ്കൂൾ കുറിച്ചി.	325	17	3	2	ഉണ്ട്	ഉണ്ട്
4. ഇത്തിത്താനം ഹൈസ്കൂൾ മലകുന്നം.	891	36	2	2	ഉണ്ട്	ഉണ്ട്
5. ഗവ. എൽ.പി. സ്കൂൾ കുറിച്ചി.	185	7	2	1	ഉണ്ട്	ഉണ്ട്
6. ഗവ.എൽ.പി. സ്കൂൾ ഇത്തിത്താനം	246	9	2	1	ഉണ്ട്	ഉണ്ട്
7. സെന്റ് ജോൺസ് ഗവ. എൽ. പി. സ്കൂൾ ഇത്തിത്താനം.	65	3	1	ഇല്ല	ഉണ്ട്	ഇല്ല
8. സി.എം.എസ് എൽ.പി. സ്കൂൾ കുറിച്ചി.	246	3	1	ഇല്ല	ഇല്ല	ഇല്ല
9. എൽ.എഫ് എൽ.പി.സ്കൂൾ ഇത്തിത്താനം.	286	8	1	1	ഉണ്ട്	ഉണ്ട്
10. ഇളങ്കാവ് എൽ.പി. സ്കൂൾ ഇത്തിത്താനം.	131	4	1	1	ഉണ്ട്	ഉണ്ട്
11 സെന്റ് മേരീസ് കോൺവെന്റ് ഇം. എൽ.പി., സ്കൂൾ കുറിച്ചി	169	7	6	2	ഉണ്ട്	ഉണ്ട്
12.വിമല ഇം.എൽ.പി. സ്കൂൾ കുറിച്ചി.	126	6	1	1	ഉണ്ട്	
13. ഗവ. ഹരിജൻ വെൽഫയർ യു.പി. സ്കൂൾ കുറിച്ചി.	520	15	2	1	ഉണ്ട്	ഉണ്ട്
14. ഗവ. ടെക്നിക്കൽ ഹൈസ്കൂൾ മലകുന്നം കുറിച്ചി	107	15	1	1	ഉണ്ട്	ഉണ്ട്

മുകളിൽ കൊടുത്ത രണ്ടു പട്ടികയിൽ നിന്നും സ ്കൂളുകളിൽ ഉണ്ടാവേണ്ട അടിസ്ഥാന ആവശ്യങ്ങളുടെ അപര്യാപ്തത മനസ്സിലാവും. വായന ശാലകളും ദൃശ്യബോധന മാധ്യമങ്ങളും ഒക്കെ മിക്കവാറും സ്കൂളുകളിലും ഇല്ല. ഇതിലൂടെയൊക്കെ നമ്മുടെ കുട്ടികളുടെ അറിവിന്റെ വ്യാപ്തി വളരെ അധികം ഉയർത്തിക്കൊണ്ടുവരാവുന്നതാണ്. 14 സ്കൂളുകളിൽ ആകെ ലൈബ്രറി സൗകര്യം ഉള്ളത് 9 സ്കൂളുകളിൽ മാത്രമാണ്. പുതിയ സാഹിത്യ കൃതികളോ ബാലസാഹിത്യ കൃതികളോ ഒന്നും തന്നെ ഈ ലൈബ്രറികളിലില്ല. ഇവയുടെയൊക്കെ നല്ലയൊരു ശേഖരം ഈ സ്കൂളുകളിലെല്ലാം എത്തേണ്ടിയിരിക്കുന്നു.ലാബ് സൗകര്യത്തിന്റെ കാര്യത്തിലും പ്രത്യേകം ശ്രദ്ധ ഉണ്ടാവേണ്ടതുണ്ട്. ഉള്ള ലാബുകൾ പൂർണ്ണമായ പഠനസഹായികൾ ആകുന്നില്ല. ഉപകരണങ്ങളുടെയും രാസവസ്തുക്കളുടെയും അപര്യാപ്ത ഇതിനു കാരണമാവുന്നതാണ്. പഠന നിലവാരം മെച്ചപ്പെടുത്തുന്ന ദൃശ്യ ബോധന മാധ്യമങ്ങൾ സ്കൂളുകളിൽ ഉണ്ടാവേണ്ട അത്യാവശ്യങ്ങളിൽ ഒന്നായി കാണേണ്ട ഭൗതിക സാഹചര്യങ്ങളെ സംബന്ധിച്ചും വിലയിരുത്തൽ ആവശ്യമാണ്. മിക്ക സ്കൂളുകളിലും കിണർ ഉണ്ടെങ്കിലും ജനുവരി മാസത്തിൽ തന്നെ ജലക്ഷാമം രൂക്ഷമാകും.

എല്ലാ സ്കൂളുകളിലും വൈദ്യുതി ഉണ്ടെങ്കിലും വിദ്യാർത്ഥികൾക്ക് പ്രയോജനകരമായി ഉപയോഗിക്കുവാൻ പറ്റുന്നില്ല എന്ന സത്യം നിലനിൽക്കുന്നു.

ചില സ്കൂളുകളിലെങ്കിലും വലിയ ഹാളിനെ വേർതിരിക്കുന്ന സ്ക്രീനുകളുടെയും മറ്റും അപര്യാപ്തത പഠനത്തെ ബാധിക്കുന്നു.

ഗവ എൽ.പി.സ്കൂൾ ഇത്തിത്താനം, ഗവ.എൽ.പി.ജി.സ്കൂൾ. കുറിച്ചി. സെൻറ് ജോൺസ് ഗവ. എൽ.പി. സ്കൂൾ ഇത്തിത്താനം എന്നീ സ്കൂളുകൾക്ക് സ്റ്റാഫ് റൂം ഇല്ല.

ഗവ. എൽ. പി. സ്കൂൾ ഇത്തിത്താനം, ഗവ. എൽ. പി. ജി. സ്കൂൾ കുറിച്ചി, സി.എം. എസ്. എൽ. പി. സ്കൂൾ. കുറിച്ചി എന്നീ സ്കൂളുകൾക്കും പാചക മുറിയില്ല. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും ഫർണീച്ചറുകളുടെ അപര്യാപ്തത കാണുന്നുണ്ട്. ഇതു സമ്പന്ധിച്ച് ആവശ്യമുള്ളവയുടെ പട്ടിക IV B കാണുക.

ഭൗതിക സാഹചര്യം സംബന്ധിച്ച് നമ്മുടെ സ്കൂളുകൾ വളരെ അധികം വികസനം ആവശ്യപ്പെടുന്നു എന്നുള്ളത് ചർച്ചചെയ്യപ്പെടേണ്ടതാണ്.

പഠനത്തോടൊപ്പം കായിക ശേഷിയും വർദ്ധിപ്പിക്കാനുള്ള സൗകര്യം പല സ്കൂളുകളിലും ഇല്ല ഇതും അടിയന്തിര ശ്രദ്ധയുണ്ടാകേണ്ട വിഷയമാണ്. കുറിച്ചി ഗവ. ഹൈസ്കൂളിൽ മൈതാനത്തിനായി എടുത്തിരിക്കുന്ന സ്ഥലം ഇതുവരെയും ഉപയോഗ്യയോഗ്യമായിട്ടില്ല. കായിക രംഗം അടിയന്തിര ശ്രദ്ധ പതിയേണ്ട ഒരു വിഷയമാണ്. പ്രത്യേകിച്ചും കായിക മേഖലയിൽ നിന്ന് വളരെ അധികം ജോലിസാധ്യതകൾ നിലനില്ക്കുന്ന സന്ദർഭത്തിൽ.

പട്ടിക IV (B)

ഭൗതികസാഹചര്യങ്ങൾ

സ്കൂളിന്റെ പേര്	ആവശ്യമുള്ളവയുടെ എണ്ണം				
	ഡസ്ക്	ബഞ്ച്	മേശ	കസേര	ഓഫീസ് ഉപകരണങ്ങൾ
1. ഗവ ഹൈസ്കൂൾ കുറിച്ചി	20	20	-	-	-
2. ഏ. വി.ഹൈസ്കൂൾ കുറിച്ചി.	-	-	-	-	-
3. സെന്റ് എം.എം. ഗേൾസ് ഹൈസ്കൂൾ കുറിച്ചി.	25	50	10	10	3
4. ഇത്തിത്താനം ഹൈസ്കൂൾ മലകുന്നം.	25	50	10	10	3
5. ഗവ. എൽ.പി. സ്കൂൾ കുറിച്ചി.	25	25	2	5	1
6. ഗവ.എൽ.പി. സ്കൂൾ ഇത്തിത്താനം	5	5	1	1	1
7. സെന്റ് ജോൺസ് ഗവ. എൽ. പി. സ്കൂൾ ഇത്തിത്താനം.	28	-	-	4	1
8. സി.എം.എസ് എൽ.പി. സെകൂൾ കുറിച്ചി.	4	10	-	-	-
9. എൽ.എഫ് എൽ.പി.സ്കൂൾ ഇത്തിത്താനം	1	15	3	3	10
10. ഇളങ്കാവ് എൽ.പി. സ്കൂൾ ഇത്തിത്താനം.	-	25	2	5	1
11 സി.എം.എസ് എൽ.പി. സ്കൂൾ കുറിച്ചി	-	-	-	-	-
12. സെന്റ് മേരീസ് ഇം. എൽ.പി., സ്കൂൾ, കുറിച്ചി.	5	5	2	2	-
13. വിമല ഇം.എൽ.പി. സ്കൂൾ കുറിച്ചി.	-	-	-	-	-
14. ഗവ. ടെക്നിക്കൽ ഹൈസ്കൂൾ മലകുന്നം കുറിച്ചി	5	5	3	3	1

അവലംബം സ്കൂൾ രേഖകൾ

പട്ടിക IV (C)

ഭൗതിക സാഹചര്യങ്ങൾ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ.

സ്കൂളിന്റെ പേര്	സ്കൂൾ കോംപൗണ്ടിന്റെ വിസ്തീർണ്ണം	കളിസ്ഥലത്തിന്റെ വിസ്തീർണ്ണം	ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്നസ്ഥലത്തിന്റെ വിസ്തീർണ്ണം	മറ്റു ഘടകങ്ങൾ
1. ഗവ ഹൈസ്കൂൾ കുറിച്ചി	3 ഏക്കർ	1 ഏക്കർ	1 ഏക്കർ	ചുറ്റുമതിൽ ഇല്ല
2. ഏ. വി.ഹൈസ്കൂൾ കുറിച്ചി	6-193 "	1 "		
3. സെന്റ് എം.എം. ഗേൾസ് ഹൈസ്കൂൾ കുറിച്ചി.	3 "	1.50 "	"	ചുറ്റുമതിൽ ഇല്ല
4. ഇത്തിത്താനം ഹൈസ്കൂൾ മലകുന്നം.	3.75 "	-	0.75 "	ചുറ്റുമതിൽ ഇല്ല
5. ഗവ. എൽ.പി. സ്കൂൾ കുറിച്ചി.	1.30 "	0.35	0.35 "	ചുറ്റുമതിൽ ഇല്ല
6. ഗവ.എൽ.പി. സ്കൂൾ ഇത്തിത്താനം	0.50 "	-	0.20 "	അറ്റകുറ്റപ്പണി നടന്നിട്ടില്ല
7. സെന്റ് ജോൺസ് ഗവ. എൽ. പി. സ്കൂൾ ഇത്തിത്താനം.	1.00 "	-		മൂന്നുഭാഗം ചുറ്റുമതിൽ ഇല്ല
8. സി.എം.എസ് എൽ.പി. സ്കൂൾ കുറിച്ചി.	0.41 "	0.10 "	-	ഒരു ഭാഗം ചുറ്റുമതിൽ ഇല്ല
9. എൽ.എഫ് എൽ.പി.സ്കൂൾ ഇത്തിത്താനം	-	-	-	ചുറ്റുമതിൽ ഇല്ല
10. ഇളങ്കാവ് എൽ.പി. സ്കൂൾ ഇത്തിത്താനം.	1.50 "	0.50	-	ചുറ്റുമതിൽ ഇല്ല
11. സി.എം.എസ് എൽ.പി. സ്കൂൾ കുറിച്ചി.	0.90 "	-	0.30 "	ചുറ്റുമതിൽ ഇല്ല
12 സെന്റ് മേരീസ് ഇം. എൽ.പി., സ്കൂൾ കുറിച്ചി	0.42 "	-	0.30 "	ചുറ്റുമതിൽ ഇല്ല
13. വിമല ഇം.എൽ.പി. സ്കൂൾ കുറിച്ചി	0.50 "	-	-	-
14. ഗവ. ടെക്നിക്കൽ ഹൈസ്കൂൾ മലകുന്നം കുറിച്ചി	-	-		വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

സ്കൂളുകളിലെ പഠന പാഠ്യേതര വളർച്ചയിൽ നിർണ്ണായക സ്വാധീനം ചെലുത്തേണ്ട ഘടകമാണ് ഭൗതിക സാഹചര്യങ്ങൾ. എന്നാൽ ഇതു സംബന്ധിച്ച ചാർട്ടുകൾ ചൂണ്ടിക്കാട്ടുന്നത് പല സ്കൂളുകളും ഈ അവശ്യഘടകത്തിന്റെ കാര്യത്തിൽ പിന്നോക്കമാണെന്നുള്ളതാണ്. വിദ്യാഭ്യാസ, സാമൂഹ്യ വളർച്ചയിൽ പാഠ്യേതര വിഷയ ങ്ങൾക്ക് പ്രാധാന്യം ഇല്ല എന്നുള്ള കാഴ്ച്ചപ്പാടാണോ ഇതിനു കാരണം എന്നതു പരിശോധിക്കപ്പെടണം.

കളിസ്ഥലം ഇല്ലാത്ത പല സ്കൂളുകളും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ഉള്ള സ്കൂളുകളിലാകട്ടെ ആവശ്യമായ സ്പോർട്സ് ഉപകരണങ്ങൾ ഇല്ല എന്നുള്ളതാണ് വാസ്തവം. അതുമാത്രമല്ല ഉള്ള കളിസ്ഥലമാകട്ടെ സ്പോർട്സിനും ഗയിംസിനും ഉപയോഗിക്കാൻ കഴിയുന്ന സ്ഥിതിയിലുമല്ല. പാഠ്യേതര കാര്യങ്ങളിൽ ഒരു സ്കൂളിന്റെയും നിലവാരം മെച്ചപ്പെട്ടതല്ലാത്തിതിന്റെ കാരണവും ഈ ഭൗതിക സാഹചര്യത്തിന്റെ അപര്യാപ്തത ആണ്. എല്ലാ തലത്തിലുമുള്ള സ്കൂളുകളിലും മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടിയ കളിസ്ഥലങ്ങൾ ഉണ്ടാകണം. ഇതിനു വേണ്ടി പല സ്കൂളുകളിലും 'ഉപയോഗിക്കപ്പെടാത്ത സ്ഥലം' വിനിയോഗിക്കണം. ഉപയോഗിക്കപ്പെടാത്ത സ്ഥലമില്ലാത്ത സ്കൂളുകളിൽ കളിസ്ഥലത്തിന് വേണ്ടി സ്ഥലം കണ്ടെത്തുകയും വേണം.

പഞ്ചായത്തിലെ സ്കൂളുകളിൽ പലതിനും ചുറ്റുമതിലില്ല എന്നുള്ളതും പരിശോധിക്കപ്പെടണം.ഇതു മൂലം പഠന സമയത്ത് ബാഹ്യമായ ഇടപെടലുകൾ ഉണ്ടാകുന്നത് തടയാൻ കഴിയാത്ത സാഹചര്യമുണ്ട്. മറ്റ് സമയങ്ങളിൽ സാമൂഹ്യ വിരുദ്ധന്മാരുടെ അഴിഞ്ഞാട്ടവും ചുറ്റുമതിൽ സ്ഥാപിക്കുന്നതിലൂടെ തടയുവാൻ കഴിയും.

ഏറെ പ്രധാനപ്പെട്ട മറ്റൊരു കാര്യം നമ്മുടെ പഞ്ചായത്തിലുള്ള ഗവ. ടെക്നിക്കൽ ഹൈസ്ക്കൂളിന് സ്വന്തമായി കെട്ടിടം പോലുമില്ല എന്നുള്ളതാണ്. അടിയന്തിരമായി ഈ സ്കൂളിന് സ്വന്തമായ സ്ഥലവും കെട്ടിടവും കണ്ടെത്തണം. സ്കൂളുകളിൽ വളരെ ഫലപ്രദമായി നടത്തിവരുന്ന ഉച്ചക്കഞ്ഞി വിതരണ പരിപാടി ഇന്ന് നന്നായി നടക്കുന്നതായി കാണുന്നില്ല. കൂടുതലും ദരിദ്ര ഭവനങ്ങളിൽ നിന്നു വരുന്ന നമ്മുടെ കുട്ടികൾക്ക് ഇതു വളരെ പ്രയോജനകരമായിരുന്നു. ശക്തമായ രക്ഷകർതൃസംഘടനയുടെ പ്രവർത്തനത്തിലൂടെയും മറ്റും ഇത് നന്നായി നടത്താവുന്നതാണ്.

പഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിന് വിദ്യാർത്ഥികൾക്ക് വിവിധ സംഘടനകളുടെയും, സ്ഥാപനങ്ങളുടെയും, വ്യക്തികളുടെയും മറ്റും പേരിൽ ഏർപ്പെടുത്തിയിരിക്കുന്ന ക്യാഷ് അവാർഡുകൾ നിലനില്ക്കുന്നുണ്ട്. ഇത് നന്നായി പഠിക്കുന്നവർക്കുമാത്രമായി ഒതുങ്ങിപ്പോകുന്നുണ്ട്. സാമ്പത്തിക സാമൂഹികകാരണങ്ങളാൽ നല്ല നിലയിൽ പഠിക്കേണ്ടവരായിട്ടും അതിനു സാധിക്കാത്ത വിദ്യാർത്ഥികൾക്കും ഇതിന്റെ പ്രയോജനം ലഭിക്കത്തക്കവിധത്തിൽ ഉള്ള സംവിധാനങ്ങൾ അടിയന്തിരമായി ചെയ്യേണ്ടതുണ്ട്. സാമൂഹിക, മത സംഘടനകൾക്ക് ഒക്കെ ഇതിനു വേണ്ടി ഗുണപരമായി പ്രവർത്തിക്കാനാവണം.

ഇതോടൊപ്പം കുട്ടികളുടെ കലാപരമായ വാസനകളെ വളർത്തിക്കൊണ്ടു വരാനുള്ള പ്രവർത്തനങ്ങളും സംഘടിപ്പിക്കെണ്ടിയിരിക്കുന്നു.

കുറിച്ചിയിലെ ഹൈസ്കൂളുകളിലെ കഴിഞ്ഞ അഞ്ചു വർഷത്തെ വിജയശതമാനമാണ് പട്ടിക5- ൽ കൊടുത്തിരിക്കുന്നത്.

പട്ടിക 5
S.S.L.C വിജയശതമാനം

സ്കൂൾ	91-92 %	92-93 %	93-94 %	94-95 %	95-96 %
1. ഗവ:ഹൈസ്കൂൾ കുറിച്ചി	61.7%	73%	56.9%	60.8%	59.8%
2. സെൻറ് എം. എം. ഗേൾസ് ഹൈസ്കൂൾ, കുറിച്ചി	51.6%	59.1%	63.2%	61.3%	65%
3. എ.വി. ഹൈസ്കൂൾ, കുറിച്ചി	47.5%	39.3%	42%	41%	20%
4. ഇത്തിത്താനം ഹൈസ്കൂൾ, മലകുന്നം	57%	60%	60%	82%	92%
5 ടെക്നിക്കൽ ഹൈസ്കൂൾ കുറിച്ചി	-	76.9%	72.9%	68.2%	72%

അവലംബം സ്കൂൾ രേഖകൾ

ഇതുപരിശോധിക്കുമ്പോൾ മിക്ക സ്ക്കൂളുകളിലും ക്രമാനുഗതമായ ഉയർച്ച കാണാൻ സാധിക്കും എന്നാൽ എ.വി. ഹൈസ്ക്കൂളിലെ വിജയശതമാനംകുറഞ്ഞു വരുന്നതായി കാണാം. എന്തായാലും കുറിച്ചി എ.വി. ഹൈസ്ക്കൂൾ ഒഴികെ സ്കൂളുക ളിലെ വിജയശതമാനം ആശാവഹമാണ്. എന്നാൽ 100% എന്നതുതന്നെയായിരി ക്കണം നമ്മുടെ ലക്ഷ്യം.

1996 ലെ എസ്.എസ്.എൽ.സി പരീ ക്ഷാഫലം മാർക്കിൻെറ അടിസ്ഥാനത്തിൽ അപഗ്രഥിച്ചിരിക്കുന്ന ഡയഗ്രമാണ്, ഡയഗ്രം No.1 ൽ കൊടുത്തിരിക്കുന്നത്.

ഇത് പരിശോധിച്ചാൽ വിവിധ വിഷ യങ്ങളിൽ വിവിധ സ്കുളുകളിലെ നിലവാരം പരിശോധിക്കുവാൻ കഴിയും. ശരാശരി നില വാരത്തിൽ നിന്നും ഏറെ താഴെയുള്ളത് ഇംഗ്ലീഷ് വിഷയത്തിനാണെന്നു കാണുവാൻ കഴിയും അതിൽത്തന്നെ മെച്ചപ്പെട്ട നില വാരം പുലർത്തുന്നത് ഇത്തിത്താനം ഹൈസ്ക്കൂളാണ് [33%] ഇംഗ്ലീഷ് വിഷയ ത്തിൻെറ സംസ്ഥാനശരാശരി 26 ആണ് എന്നാൽ ഈ വിഷയത്തിൻെറ കാര്യത്തിൽ ഏറ്റവും പിന്നോക്കം നില്ക്കുന്നത് എവി എച്ച്എസ് ആണ് [14%] മറ്റു രണ്ടു സ്കൂളു കളും ഈ വിഷയത്തിൻെറ കാര്യത്തിൽ ഏകദ്ദേശം തുല്യത പുലർത്തുന്നു.

മാതൃഭാഷയായ മലയാളമാണ് മറ്റു വിഷയങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മെച്ചപ്പെട്ട നിലവാരം പുലർത്തുന്നത് സെൻറ് മേരീസ് ഗേൾസ് ഹൈസ്ക്കൂളും ഇത്തി ത്താനം ഹൈസ്കൂളുമാണ് മറ്റു സ്കൂളുകളെ അപേക്ഷിച്ച് മലയാളം വിഷയത്തിൽ

ഡയഗ്രം No. 1

1996-S.S.L.C പരീക്ഷാഫലം - മാർക്ക് അവഗാഹനം

ഓരോ വിഷയത്തിനുമുള്ള ശരാശരി മാർക്ക് സ്കൂൾതലത്തിൽ

മുന്നിൽ. രണ്ടു സ്കൂളുകളിലും 58% വീതം. ഈ വിഷത്തിൽ ഏറെ പിന്നിൽ നിൽക്കുന്നത് എ.വി.ഹൈസ്ക്കൂൾ ആണ്. 41 %. ഈ വിഷയത്തിൽ സ്റ്റേറ്റ് ആവറേജ്47 ആണ്.

മറ്റു വിഷയങ്ങളെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ഡയഗ്രത്തിൽ നിന്ന് വ്യക്തമാണ്.

1996 എസ.എസ്.എൽസി. പരീക്ഷാ ഫലത്തിന്റെ അടിസ്ഥാനത്തിൽ ഓരോ സ്കൂളിലെയും വിവിധവിഷയങ്ങളുടെയും താരതമ്യം ആണ് ഡയഗ്രം No.2 ൽ കൊടുത്തിരിക്കുന്നത്.

സെൻറ്മേരീസ് ഗേൾസ് സ്കൂളിൽ മെച്ചപ്പെട്ട നിലവാരം പുലർത്തുന്നത് മലയാളം വിഷയത്തിനാണ്. (58%) മറ്റുള്ള വിഷയങ്ങൾ യഥാക്രമം സാമൂഹ്യപാഠം (46%) ഹിന്ദി(42%) കണക്ക് (37%) സയൻസ്(29%) ഇംഗ്ലീഷ് (23%) എന്ന നിലയിലാണ്.

ഗവൺമെൻറ് എച്ച്.എസിൽ മെച്ചപ്പെട്ട നിലവാരം മലയാളത്തിന് തന്നെയാണ് (51%) മറ്റു വിഷയങ്ങൾ യഥാക്രമം ഹിന്ദി(46%) സാമൂഹ്യപാഠം(38%) സയൻസ് (37%) കണക്ക് (36%) ഇംഗ്ലഷ്(25%)എന്ന നിലയിലാണ്.

എ.വി.എച്ച് എസ്സിൽ ഇത് യഥാക്രമം മലയാളം(41%)സാമൂഹ്യപാഠം(28%) ഹിന്ദി (26%) സയൻസ്, (19%) കണക്ക് (19%) ഇംഗ്ലിഷ് (14%) എന്ന നിലയിലാണ്

ഇത്തിത്താനം എച്ച് എസിൽ മലയാളം (58%) ഹിന്ദി(56%) സാമൂഹ്യപാഠം, സയൻസ്(48%) കണക്ക് (41%) ഇംഗ്ലീഷ് 33% എന്ന നിലയിലാണ്.

ഇതു സംബന്ധിച്ച സംസ്ഥാന ശരാശരി മലയാളം 47, ഹിന്ദി 18, സാമൂഹ്യപാഠം 41, സയൻസ് 50, കണക്ക് 33, ഇംഗ്ലീഷ് 26 എന്ന നിലയിലാണ്. പഞ്ചായത്തിലെ നാലു സ്ക്കൂളുകളിലെ ആകെ ശരാശരിയും സംസ്ഥാന ശരാശരിയുമായി താരതമ്യം ചെയ്തുകൊണ്ടുള്ള ഡയഗ്രം ആണ് 3 ൽ കൊടുത്തിരിക്കുന്നത് ഇതിൽ മലയാളം, ഹിന്ദി, സയൻസ് വിഷയങ്ങൾ സംസ്ഥാന ശാരാശരിയെക്കാൾ മുന്നിലാണ് എന്നാൽ ഇംഗ്ലീഷ്, കണക്ക്, സാമൂഹ്യപാഠം ഇവ സംസ്ഥാന ശരാശരിയെക്കാൾ പിന്നിലാണ്.

1996 മാർച്ച് എസ്.എസ്.എൽ.സി ഫലം ഒറ്റനോട്ടത്തിൽ

പരീക്ഷ എഴുതിയവർ	386
ജയിച്ചവർ	222

തോറ്റവർ 164 പേരിൽ

91% പേർ ഇംഗ്ലീഷിന് തോറ്റു

77% പേർ കണക്കിന് തോറ്റു

62% പേർ സയൻസിനു തോറ്റു

സാമൂഹ്യപാഠത്തിന് 27% മാത്രം തോൽവി

ഹിന്ദിയ്ക്ക് 16% മാത്രം തോൽവി

മലയാളത്തിന് 5% മാത്രം തോൽവി

തോല്പിക്കുന്ന വില്ലൻ "ഇം.ക.സ"

നമ്മുടെ കുട്ടികളെ തോല്പിക്കുന്ന ഈ വില്ലനെ കണ്ടെത്തിയതിനാൽ അവനെ ഇല്ലാതാക്കുകന്നതിനെ കുറിച്ച് വളരെ ശ്രദ്ധയോടെ ആലോചിക്കുകയും പരിഹാരം കാണുകയും ചെയ്യണം.

ചാർട്ട് No. 2

1996-S.S.L.C പരീക്ഷാഫലം - മാർക്ക് അവഗാഹനം

സ്കൂളിലെ വിവിധ വിഷയങ്ങളുടെ മാർക്ക് ശരാശരി താരതമ്യം

ചാർട്ട് No. 3

1996- S.S.L.C പരീക്ഷാഫലം - മാർക്ക് അപഗ്രഥനം

സംസ്ഥാന പഞ്ചായത്ത് ശരാശരികളുടെ താരതമ്യം

95-96 വിദ്യാഭ്യാസ വർഷത്തിൽ 5മുതൽ 9വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ നടത്തിയിരിക്കുന്ന വിശകലനം ചാർട്ടുകൾ പരിശോധിച്ചാൽ വ്യക്തമാകും. ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ 30% ന് താഴെ 30-40 വരെ 40-50 വരെ 50-60 വരെ 60ന് മുകളിൽ എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു.

ഗവ: ഹൈസ്കൂളിൽ 5-ാം സ്റ്റാൻഡേർഡിലെ വിദ്യാർത്ഥികളിൽ 44% വും, 60% ന് മുകളിൽ മാർക്ക് ലഭിച്ചവരാണ് എന്നാൽ 6-ാം സ്റ്റാൻഡേർ ഡിൽ എത്തുമ്പോൾ ഇത് 11%വും 7-ാം സ്റ്റാൻഡേർഡിൽ 3% വും 8-ാം സ്റ്റാൻഡേർഡിൽ 5% വും 9-ാം സ്റ്റാൻഡേർഡിൽ 7% വും 10-ാം സ്റ്റാൻഡേർഡിൽ 9% വും എന്നീ നിലയിലേക്കു കുറഞ്ഞു വരുന്നു എന്നുള്ളത് പ്രത്യേകം പരിശോധിക്കപ്പെടേണ്ടതാണ്. നേരേ മറിച്ച് 30%ൽ താഴെ മാർക്കു ലഭിച്ചവർ 5-ാം സ്റ്റാൻഡേർഡിൽ 22% ആയിരുന്നത് യഥാക്രമം 38%, 49%, 64%, 63%, 53% എന്നീ നിലയിലേക്ക് ഉയർന്ന ക്ലാസ്സുകളിലേക്കെത്തുമ്പോൾ കൂടി വരുന്നതായി കണക്കുകൾ തെളിയിക്കുന്നു.

സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിൽ 60% ന് മുകളിൽ മാർക്ക് ലഭിച്ചവർ 5-ാംസ്റ്റാൻഡേർഡിൽ 27% ആയിരുന്നു. 6-ാം സ്റ്റാൻഡേർഡിൽ ഇത് 16% വും 7ൽ 14% വും 8 ൽ5%വും 9ൽ 15%വും 10ൽ 17% വുമാണ്. ഇവടെയും തുടക്കത്തിൽ നില നിന്നിരുന്ന നിലവാരം ഉയർന്ന ക്ലാസ്സുകളിലേക്കെത്തുമ്പോൾ കുറഞ്ഞു വരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു.

ഇത്തിത്താനം ഹൈസ്കൂളിൽ വിവിധ ക്ലാസ്സു കളിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിലുള്ള വിഭജനം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. 5-ാം സ്റ്റാൻഡേർഡിൽ 30%ന് താഴെ മാർക്ക് ലഭിച്ചവർ 6% ആയിരുന്നതെങ്കിൽ ഉയർന്ന ക്ലാസ്സുകളിലെത്തു മ്പോൾ ഇത് യഥാക്രമം 15, 16, 23, 18 എന്നീ ക്രമത്തിലാണ്.

കൂടുതൽ വിവരങ്ങൾ ഡയഗ്രത്തിൽ നിന്നും ലഭിക്കും.

കുറിച്ചി പഞ്ചായത്തിലെ 4 ഹൈസ്ക്കൂളുകളിലെ 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ അക്കാഡമിക് നിലവാരം സംബന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു.

1. ഗവ:ഹൈസ്ക്കൂൾ കുറിച്ചി

ക്ലാസ്സ്	ആകെ.	30% താഴെ	കുട്ടികളുടെ പൊതു നിലവാരം			
			30-40%	40-50%	50-60%	60% കൂടുതൽ
V	87	19	5	11	13	39
VI	98	38	22	15	12	11
VII	86	42	17	15	9	3
VIII	99	63	15	11	5	5
IX	99	62	11	14	5	7
X	80	43	12	14	4	7

2. സെൻറ്. എം.എം. ഗേൾസ് ഹൈസ്ക്കൂൾ

ക്ലാസ്സ്	ആകെ.	30% താഴെ	കുട്ടികളുടെ പൊതു നിലവാരം			
			30-40%	40-50%	50-60%	60% കൂടുതൽ
V	32	6	4	6	7	9
VI	31	13	3	5	5	5
VII	51	19	11	9	5	7
VIII	73	36	20	6	7	4
IX	65	11	22	12	10	10
X	69	13	27	12	5	12

3. ഇത്തിത്താനം ഹൈസ്ക്കൂൾ

ക്ലാസ്സ്	ആകെ.	30% താഴെ	കുട്ടികളുടെ പൊതു നിലവാരം			
			30-40%	40-50%	50-60%	60% കൂടുതൽ
V	122	7	20	35	41	19
VI	152	23	52	45	22	10
VII	149	24	32	44	34	15
VIII	168	39	49	39	28	13
IX	153	27	35	42	24	25
X	148	25	33	42	32	16

4. ഗവ: ടെക്നിക്കൽ ഹൈസ്ക്കൂൾ. കുറിച്ചി

ക്ലാസ്സ്	ആകെ.	30% താഴെ	കുട്ടികളുടെ പൊതു നിലവാരം			
			30-40%	40-50%	50-60%	60% കൂടുതൽ
VIII	23	0	6	10	4	3
IX	41	7	12	13	7	2
X	43	0	10	13	9	11

ഏ.വി. ഹൈസ്ക്കൂളിൽ നിന്നും ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ ലഭിച്ചിട്ടില്ല.

ഇതിൽ ടെക്നിക്കൽ സ്കൂൾ ഒഴികെയുള്ള സ്കൂളുകളിലെ 5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ പഠന നിലവാരം പരിശോധിച്ചുക്കൊണ്ടുള്ള ചാർട്ട് ആണ് അടുത്തപേജുകളിലായി കൊടുത്തിരിക്കുന്നത്. ശതമാനക്കണക്കിലാണ് ചാർട്ട് തയ്യാറാക്കിയിരിക്കുന്നത്.

V-ാം സ്റ്റാൻഡാർഡ്

	Govt. H.S.	S.T.M.G.H.S	I.H.S
30%-ൽ താഴെ	22%	19%	6%
30% to 40%	6 %	13%	15%
40%to 50%	13%	19%	29%
50% to 60%	15 %	22%	34%
60% നു മുകളിൽ	44%	27%	16%

VI-ാം സ്റ്റാൻഡാർഡ്

	Govt. H.S.	S.T.M.G.H.S	I.H.S
30%-ൽ താഴെ	38 %	43 %	15 %
30% to 40%	23 %	9 %	35 %
40%to 50%	16 %	16 %	30 %
50% to 60%	12 %	16 %	14 %
60% നു മുകളിൽ	11 %	16%	6 %

VII-ാം സ്റ്റാൻഡാർഡ്

	Govt. H.S.	S.T.M.G.H.S	I.H.S
30%-ൽ താഴെ	49 %	37 %	16%
30% to 40%	20 %	22 %	21 %
40%to 50%	17 %	17 %	30 %
50% to 60%	11 %	10 %	23 %
60% നു മുകളിൽ	3 %	14 %	10 %

VIII-ാം സ്റ്റാൻഡാർഡ്

	Govt. H.S.	S.T.M.G.H.S	I.H.S
30%-ൽ താഴെ	64 %	49 %	23 %
30% to 40%	15 %	27 %	29 %
40%to 50%	11 %	8 %	23 %
50% to 60%	5 %	11 %	17 %
60% നു മുകളിൽ	5 %	5 %	8 %

IX-ാം സ്റ്റാൻഡാർഡ്

	Govt. H.S.	S.T.M.G.H.S	I.H.S
30%-ൽ താഴെ	63 %	17 %	18 %
30% to 40%	11 %	34 %	23 %
40%to 50%	14 %	19 %	27 %
50% to 60%	5 %	15 %	16 %
60% നു മുകളിൽ	7 %	15 %	16 %

വിവിധ സ്കൂളുകളിൽ 5-ാം സ്റ്റാൻഡേർഡിലെ വിദ്യാർത്ഥികൾക്ക് ലഭിച്ച ശരാശരി മാർക്കിന്റെ അടിസ്ഥാനത്തിലുള്ള അപഗ്രഥനം ശതമാന കണക്കിൽ കാണിച്ചിരിക്കുന്നു.




വിവിധ സ്കൂളുകളിൽ 6-ാം സ്റ്റാൻഡേർഡിലെ വിദ്യാർത്ഥികൾക്ക് ലഭിച്ച ശരാശരി മാർക്കിന്റെ അടിസ്ഥാനത്തിലുള്ള അപഗ്രഥനം ശതമാന കണക്കിൽ കാണിച്ചിരിക്കുന്നു.
ശതമാനം
60
50
40
30
20
10
38%
43%
15%
23%
18%
35%
16%
16%
30%
12%
16%
14%
11%
16%
6%
Govt.H.S.
S.T.M.G.H.S.
I.H.S.
30% താഴെ മാർക്ക് ലഭിച്ചവർ
30% to 40 മാർക്ക് ലഭിച്ചവർ
40% to 50 മാർക്ക് ലഭിച്ചവർ
50% to 60 മാർക്ക് ലഭിച്ചവർ
60 നു മുകളിൽ മാർക്ക് ലഭിച്ചവർ

വിവിധ സ്കൂളുകളിൽ 7-ാം സ്റ്റാൻഡേർഡിലെ വിദ്യാർത്ഥികൾക്ക് ലഭിച്ച ശരാശരി മാർക്കിന്റെ അടിസ്ഥാനത്തിലുള്ള അപഗ്രഥനം ശതമാന കണക്കിൽ കാണിച്ചിരിക്കുന്നു.





വിവിധ സ്കൂളുകളിൽ 8-ാം സ്റ്റാൻഡേർഡിലെ വിദ്യാർത്ഥികൾക്ക് ലഭിച്ച ശരാശരി മാർക്കിന്റെ അടിസ്ഥാനത്തിലുള്ള അപഗ്രഥനം ശതമാന കണക്കിൽ കാണിച്ചിരിക്കുന്നു.

വിവിധ സ്കൂളുകളിൽ 9-ാം സ്റ്റാൻഡേർഡിലെ വിദ്യാർത്ഥികൾക്ക് ലഭിച്ച ശരാശരി മാർക്കിന്റെ അടിസ്ഥാനത്തിലുള്ള അപഗ്രഥനം ശതമാന കണക്കിൽ കാണിച്ചിരിക്കുന്നു.



LIBRARY
NATIONAL INSTITUTE OF EDUCATIONAL PLANNING AND ADMINISTRATION

പഞ്ചായത്തിലെ കുട്ടികൾക്ക് ലഭിച്ചിട്ടുള്ള അവാർഡുകളെ സംബന്ധിച്ച് കിട്ടിയ വിവരമനുസരിച്ച് ഇത്തിത്താനം ഹൈസ്കൂളിലെ ഒരു കുട്ടിക്ക് സംസ്ഥാന തലത്തിലും അഞ്ചു കുട്ടികൾക്ക് ജില്ലാ തലത്തിലും കായികരംഗത്തും ഹരിജൻ വെൽഫെയർ യു. പി. സ്കൂളിലെ ഒരു കുട്ടിക്ക് സംസ്ഥാന തലത്തിലും ഗവ: എൽ. പി. സ്കൂൾ മലകുന്നത്തു രണ്ടു കുട്ടികൾക്ക് സംസ്ഥാന തലത്തിലും എ. വി. ഹൈസ്കൂളിലെ ഒരു കുട്ടിക്ക് സംസ്ഥാന തലത്തിലും ടെക്നിക്കൽ ഹൈസ്കൂളിലെ നാലു കുട്ടികൾക്ക് സംസ്ഥാന തലത്തിലും വിവിധ വിഷയങ്ങൾക്ക് അവാർഡു ലഭിച്ചിട്ടുണ്ട്. ഈ കണക്ക് അനുസരിച്ച് ഇക്കാര്യത്തിൽ നമ്മുടെ സ്കൂളുകൾ വളരെ പിന്നിലാണ്. ഇതിനു കാരണം കുട്ടികളുടെ കഴിവില്ലായ്മയാണോ, അദ്ധ്യാപകർ ഇതിനുവേണ്ടി അവരെ വേണ്ടവിധം പരിശീലിപ്പിക്കാത്തതാണോ എന്നുള്ള കാര്യം പരിശോധിക്കേണ്ടതാണ്. ഇതിൽ പി. റ്റി. എ. കൾക്കു ഫലപ്രദമായി ഇടപെടാനാകും.

പഞ്ചായത്തിലെ സ്കൂളുകളിലെ സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ ലഭ്യമായ വിവരങ്ങളും പഞ്ചായത്തിലെ സ്കൂളുകളിലെ ആവർത്തന ചെലവ് സംബന്ധിച്ച വിവരങ്ങളും പട്ടികയിൽ ചേർത്തിട്ടുണ്ട്.

സ്കൂളുകളിലെ ലൈബ്രറി ചെലവുകൾ പരിശോധിച്ചതിൽ ഭൂരിപക്ഷം സ്കൂളുകളും കഴിഞ്ഞ വിദ്യാഭ്യാസവർഷത്തിൽ ഈ ഇനത്തിൽ മതിയായ തുക ചിലവാക്കിയിട്ടില്ല എന്നു കാണാൻ കഴിയും. ശാസ്ത്ര സാങ്കേതിക സാമൂഹ്യരംഗങ്ങളിൽ അനുദിനം ഉണ്ടായികൊണ്ടിരിക്കുന്ന മാറ്റങ്ങൾ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ലഭിക്കുന്നതിന് ലൈബ്രറികളെ പരമാവധി പ്രയോജനപ്പെടുത്തണം. എന്നാൽ ഈ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ഇല്ല എന്നും വേണം കരുതുവാൻ. ലൈബ്രറികൾ ഉള്ള സ്കൂളുകൾ ആകട്ടെ അവിടുത്തെ പുസ്തകങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനോ അതിലെ അറിവുകൾ പകർന്ന് നൽകുന്നതിനോ ശ്രദ്ധിക്കാറില്ല.

ശാസ്ത്രവിദ്യാഭ്യാസത്തിനുവേണ്ടി ലാബറട്ടറി സൗകര്യങ്ങൾ പല സ്കൂളുകളും പ്രയോജനപ്പെടുത്തുന്നില്ല എന്ന് ഇതിന് വേണ്ടി ചിലവാക്കിയ തുക പരിശോധിച്ചാൽ വ്യക്തമാകും.

കായികവിനോദരംഗങ്ങളിലും കുട്ടികളുടെ വളർച്ചയ്ക്കു സഹായകരമായ വിധച്ചിലുള്ള പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല എന്നുള്ളതും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സ്കൂൾ	മെറിറ്റ് സ്കോളർഷിപ്പ് എണ്ണം	ലംസംഗ്രാന്റ് തുക	വികലാംഗ സ്കോളർഷിപ്പ് എണ്ണം	ജവഹർതായുടെ മക്കൾക്കുള്ള ആനുകൂല്യം	കർഷകതൊഴിലാളി കളുടെ മക്കൾക്കു ലഭിക്കുന്ന സ്കോളർഷിപ്പ്	മുസ്ലീം കുട്ടികൾക്കുള്ള സ്കോളർഷിപ്പ്	മത്സ്യതൊഴിലാളി കളുടെ മക്കൾക്കുള്ള സ്കോളർഷിപ്പ്
1. സെന്റ് ജോൺസ് ഗവ: എൽ. പി. സ്കൂൾ, ഇത്തിത്താനം	-	990	-	-	-	-	-
2. ഹരിജൻ വെൽഫെയർ യു. പി. സ്കൂൾ, കുറിച്ചി	11	19352	1	-	-	-	-
3. ഇളങ്കാവ് എൽ. പി. സ്കൂൾ, ഇത്തിത്താനം	-	301	-	-	-	-	-
4. ഗവ: എൽ. പി. സ്കൂൾ, ഇത്തിത്താനം	-	2954	-	3	-	-	-
5. ഗവ: എൽ. പി. സ്കൂൾ, കുറിച്ചി	-	9374	-	-	305	-	-
6. ഗവ: ഹൈസ്കൂൾ, കുറിച്ചി	-	9374	-	-	704	-	-
7. ഏ. വി. ഹൈസ്കൂൾ, കുറിച്ചി	16	34176	9	-	-	-	-
8. സി. എം. എസ്. എൽ. പി. സ്കൂൾ, കുറിച്ചി	-	3020	-	-	-	-	-
9. ടെക്നിക്കൽ ഹൈസ്കൂൾ, കുറിച്ചി	10	15പേർക്ക്	-	-	-	-	-
10. ഇത്തിത്താനം ഹൈസ്കൂൾ, മലകുന്നം	-	16926	-	-	-	3	-
11. എൽ. എഫ്. എൽ. പി. സ്കൂൾ, ഇത്തിത്താനം	-	16പേർക്ക്	-	-	-	-	-
12. സെന്റ് എം. എം. ജി. സ്കൂൾ	8	9184	1	-	-	-	1

അവലംബം സ്കൂൾരേഖകൾ

പഞ്ചായത്തിലെ സ്കൂളുകളിലെ സാദ്ധ്യായ ദിസവസങ്ങളെ സംബന്ധച്ചും സമരം മൂലം നഷ്ടപ്പെട്ട ദിവസങ്ങളെക്കുറിച്ചും പ്രത്യേക പൊതു അവധി ദിവസങ്ങളെക്കുറിച്ചും ഉള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

സ്കൂൾ	95-96 ൽ ലഭിച്ച സാദ്ധ്യായ ദിവസങ്ങൾ	സമരത്തിലൂടെ നഷ്ടപ്പെട്ട ദിവസങ്ങൾ	പ്രത്യേക പൊതു അവധിദിവസങ്ങൾ
1. ഗവ: ഹൈസ്കൂൾ, കുറിച്ചി	193	-	7
2. ഏ. വി. ഹൈസ്കൂൾ, കുറിച്ചി	193	-	7
3. ഇത്തിത്താനേ ഹൈസ്കൂൾ, ഇത്തിത്താനം, കുറിച്ചി	184	5	-
4. സെന്റ് എം. എം. ഗേൾസ് ഹൈസ്കൂൾ, കുറിച്ചി	193	-	6
5. ഗവ:ഹരിജൻ വെൽഫെയർ, യു. പി. കൂൾ, കുറിച്ചി	194	2	7
6. ഗവ: എൽ. പി. സ്കൂൾ, കുറിച്ചി	193	-	6
7. ഗവ: എൽ. പി. സ്കൂൾ, ഇത്തിത്താനം	192	-	7
8. ഗവ: എൽ. പി. ജി. സ്കൂൾ, കുറിച്ചി	191	-	6
9. സെന്റ് ജോൺസ് (ഗവ:) എൽ. പി. സ്കൂൾ ഇത്തിത്താനം	193	-	7
10. ഇളങ്കാവ്ങ്കെൽ. പി. സ്കൂൾ, ഇത്തിത്താനം	191	-	6
11. സി. എം. എസ്. എൽ. പി. സ്കൂൾ, കുറിച്ചി	192	-	5
12. സെന്റ് മേരൂസ് ഇം. എൽ. പി. സ്കൂൾ, കുറിച്ചി	192	-	-
13. വിമല ഇം. എൽ. പി. സ്കൂൾ കുറിച്ചി	200	-	-
14. ടെക്നിക്കൽ ഹൈസ്കൂൾ കുറിച്ചി	193	-	5

പഞ്ചായത്തിലെ സ്കൂളുകളിലെ ആവർത്തന ചെലവ് സംബന്ധിച്ച വിവരങ്ങൾ

പേര്	ചെലവ്								വരവ് A			വരവ് B				ആകെ ചെലവ്
	കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി	ഉപകരണം പർച്ചേസ്	ഉപകരണങ്ങൾ മാസവസ്തു	സ്പോർട്സ്	കലാവി നോദങ്ങൾ	ലൈബ്രറി	ഉച്ചക്കഞ്ഞി	മറ്റിനം	സർക്കാർ	തദ്ദേശ സ്വയം ഭരണസ്ഥാപനം	ആകെ	ഫീസ്	എൻഡോവ് മെന്റ്	PTA	മറ്റുള്ളവ	
1. സെന്റ് ജോൺസ് (ഗവ) എൽ. പി. സ്കൂൾ,ഇത്തിത്താനം	-	-	-	-	-	-	2545	455		662	662	-	-	1350	-	2012
2. ഹരിജൻ വെൽഫെയർ യു. പി. സ്സ്കൂൾ കുറിച്ചി	-	-	3000	-	-	-	6000	-	2400	2350	4750	500	-	450	2000	7700
3. ഇളങ്കാവ് എൽ.പി. സ്കൂൾ, ഇത്തിത്താനം	-	-	-	-	-	-	6666	35	395	395	790	-	-	-	775	1565
4. ഗവ:എൽ.പി. സ്കൂൾ, ഇത്തിത്താനം																
5. ഗവ: എൽ.പി. സ്കൂൾ, കുറിച്ചി	-	-	-	-	-	-	3500	350	810	810	1620	-	-	-	500	2120
6. ഗവ:ഹൈസ്കൂൾ കുറിച്ചി	1500	-	-	-	-	-	5232	-	2175	-	-	6417	-	2716	5000	16308
7. ഏ.വി.ഹൈസ്കൂൾ കുറിച്ചി	1200	-	-	5000	250	465	7000	-	2800	2800	5600	6000	5000	3420	-	20020
8. സി.എം.എസ്.എൽ. പി. സ്കൂൾ, കുറിച്ചി	1200	200	-	-	-	-	2250	-	594	600	1194	-	-	-	1300	2494
9. സെന്റ് എം.എം. ഗേൾസ് ഹൈസ്കൂൾ കുറിച്ചി	1840	600	350	410	-	223	2061	-	1847	544	2391	2990	-	2857	-	8193
10. ഇത്തിത്താനം ഹൈസ്കൂൾ, മലകുന്നം	6000	1500	500	2000	2000	2000	4000	1000	3777	-	3777	6000	-	903	-	10680
11. ടെക്നികൽ ഹൈസ്കൂൾ	-	500	-	1709	1006	-	-	1080	-	-	-	2700	-	6450	-	9150
12. എൽ.എഫ്. എൽ.പി. സ്കൂൾ ഇത്തിത്താനം	1200	400	341	250	200	-	2850	396	900	920	1820	-	-	1500	300	3620

അവലംബം - സ്കൂൾ രേഖകൾ

ഉന്നത വിദ്യാഭ്യാസത്തിനായി കുറിച്ചിയിലെ കുട്ടികൾ ആശ്രയിക്കുന്നത് തൊട്ടടുത്തുള്ള പട്ടണങ്ങളിലെ കോളേജ്കളെയാണ്. ഇത് അവരുടെ പഠനത്തിനുള്ള സമയം വളരെ അധികം യാത്രയ്ക്കു ചെലവാകുന്നതിന് ഇടയാക്കുന്നു. ഇതിനൊരു പരിഹാരവും വരും കാലങ്ങളിലെങ്കിലും കാണേണ്ടതായിവരും.

വൈദ്യ ശാസ്ത്ര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒന്നായ ആതുരാശ്രമം എൻ.എസ്.എസ്, ഹോമിയോ മെഡിക്കൽ കോളജ് കുറിച്ചി പഞ്ചായത്തിലാണ്. ആ രംഗത്ത് വിദ്യാഭ്യാസം നേടുവാനും ജോലി സമ്പാദിക്കുവാനും ഈ സ്ഥാപനം ഈ പഞ്ചായത്തിലെ പലരെയും സഹായിച്ചിട്ടുണ്ട്. ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ ഹോമിയോ വൈദ്യശാസ്ത്രവിദ്യാഭ്യാസ സ്ഥാപനമാണ് പ്രസ്തുത കോളജ്. ഈ ഹോമിയോ കോളേജിലെ അദ്ധ്യാപകർക്കു നേരിട്ടു ശമ്പളം കൊടുക്കുകയാണെങ്കിൽ ഇതിന്റെ പ്രധാന പ്രതിസന്ധിയ്ക്കു പരിഹാരം കാണാവുന്നതാണ്.

പ്രീ പ്രൈമറി തലത്തിൽ 28 അങ്കണവാടികളും പട്ടകജാതി വികസന വകുപ്പിന്റെ ഒരു നേഴ്സറിയും സ്വകാര്യമേഖലയിൽ രണ്ട് ഇംഗ്ലീഷ്, മീഡിയം നേഴ്സറികളും ഇവിടെ പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങളിൽ 942 കുട്ടികൾ പഠിക്കുന്നുണ്ട്. 9-ാം വാർഡിലെ ഒരു അങ്കണവാടിയ്ക്കു സ്വന്തമായി കെട്ടിടം ഇല്ല. കുട്ടികൾക്കു കുടിവെള്ളവും മറ്റു പഠന സൗകര്യങ്ങളും ഏർപ്പെടുത്തേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ ഇലക്ട്രീഷ്യൻ കോഴ്സ് ഉള്ള ഒരു ഐ.റ്റി.സി. പ്രവർത്തിക്കുന്നു. ആകെയുള്ള 40 കുട്ടികളിൽ 30 പേർ പട്ടിക ജാതി പട്ടികവർഗ്ഗവിദ്യാർത്ഥികളും 10 പേർ മറ്റു വിഭാഗത്തിൽപ്പെട്ടവരുമാണ്.

കൂടാതെ സ്വകാര്യമേഖലയിൽ ഓട്ടോമൊബൈൽ കോഴ്സുള്ള മഹാത്മാ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നു. ഈ രണ്ടു വർഷ കോഴ്സിനോടനുബന്ധിച്ച് ഡ്രൈവിംഗ് സ്കൂളും ഉണ്ട്. 40 കുട്ടികൾക്ക് പഠിക്കുവാനുള്ള സൗകര്യം ഉണ്ടെങ്കിൽക്കൂടി അത്രയും കുട്ടികൾ പഠിക്കുവാൻ എത്തുന്നില്ല.

കുറിച്ചിയുടെ വിദ്യാഭ്യാസ രംഗത്ത് കുറവല്ലാത്ത സംഭാവന നല്കുന്ന സ്ഥാപനങ്ങളാണ് ഇവിടെ പ്രവർത്തിക്കുന്ന പാരലൽ കോളേജുകളും ട്യൂട്ടോറിയൽ സ്ഥാപനങ്ങളും, സെൻറ്മേരീസ് കോളേജ്, പോപ്പുലർ കോളേജ്, എഡ്യൂക്കേഷൻ ചെയ്മ്പർ, നളന്ദ ട്യൂഷൻ സെൻറർ, പയനിയർ കോളേജ്, എം.ജെ. കോളേജ് ഇവയാണ് ഈ രംഗത്തെ പ്രധാനപ്പെട്ടവ.

ഉപഭോഗ സംസ്ക്കാരത്തിന്റെ പ്രതിഫലനം വിദ്യാഭ്യാസ മേഖലയിലും കാണുന്നു എന്നുള്ളതാണ് വിദ്യാഭ്യാസംരംഗത്തെ ഈ ദശകത്തിന്റെ സവിശേഷത. സമൂഹത്തിന്റെ സമ്പന്ന വിഭാഗത്തിൽപ്പെട്ടവർ ഇംഗ്ലീഷ് മാധ്യമത്തിൽ വിദ്യാഭ്യാസം നടത്തുന്ന സ്കൂളുകളിലേക്ക് തങ്ങളുടെ കുട്ടികളെ അയയ്ക്കാൻ തുടങ്ങിയതിന്റെ തുടർച്ച എന്നോണം. ഇടത്തട്ടുകാരും താഴെത്തട്ടിലുള്ളവരും ഇത്തരം സ്കൂളുകളിലേക്ക് പോകുന്നു എന്നുള്ളതാണ് ഈ രംഗത്ത് പുതുതായി കണ്ടുവരുന്ന ഒരു പ്രവണത. അതുകൊണ്ടുതന്നെ എയിഡ്സ് സ്കൂളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞു വരുകയും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പുതുതായി അൺഎയ്ഡഡ് സ്ക്കൂളുകൾ ആരംഭിക്കുകയും ചെയ്തു. ഈ സ്കൂളുകളിലേക്ക് മാത്രമല്ല പട്ടണ പ്രദേശങ്ങളി അൺ എയ്ഡഡ് സ്കൂളുകളിലേക്കും കുട്ടികളെ അയ്ക്കുവാൻ തുടങ്ങി. നേഴ്സറിതലം മുതൽ കുട്ടികളെ ഇംഗ്ലീഷ് മാധ്യമത്തിലുള്ള അധ്യാ

പനം ആരംഭിച്ചതോടുകൂടി മലയാളവും ഇംഗ്ലീഷും ശരിയായ ഉച്ചരിക്കുവാൻ പോലും കഴിയാത്ത ഒരു തലമുറയെ സൃഷ്ടിക്കുന്നു എന്നുള്ളതാണ്. ഈ പ്രത്യേക വിദ്യാഭ്യാസ രീതിയുടെ ദുര്യോഗം. അതുപോലെ തന്നെ സമൂഹത്തെക്കുറിച്ചോ, സാമൂഹ്യ ബന്ധങ്ങളെക്കുറിച്ചോ വ്യക്തമായ കാഴ്ചപ്പാട് ഈ തലമുറയ്ക്കില്ലാത്തത് ഭാവി ഭാരതത്തിന്റെ സൃഷ്ടിക്കുതന്നെ അപകടം ചെയ്യുന്നതാണ്.

ഈ വിദ്യാഭ്യാസരീതിയുടെ ഫലമായി രണ്ടു തരത്തിലുള്ള പൗരന്മാരാണ് സൃഷ്ടിക്കപ്പെടുന്നത്. ഇത് സാമൂഹിക അസമത്വത്തിലേക്ക് കൂടുതൽ കൂടുതൽ നയിക്കുന്നതിന് ഇടയാക്കും. പൊതു വിദ്യാഭ്യാസം കാലക്രമേണ തകരുന്നതിലൂടെ സ്വകാര്യമേഖല ലാഭത്തിനു വേണ്ടി മാത്രം ഈ സേവന മേഖലയിലേക്ക് കടന്നു കയറുകയും അമിതമായ ഫീസ് നല്കി സമ്പന്ന വർഗത്തിന് മാത്രം പഠിക്കാൻ കഴിയുന്ന സ്കൂളുകൾ അവശേഷിക്കുകയും ചെയ്യും. ഇതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് സെൻറ് ജോൺസ് ഗവ. എൽ.പി. സ്കൂൾ.

എയ്ഡ്ഡ് സ്കൂളുകളുടെ വിദ്യാഭ്യാസനിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിലൂടെ ഈ പ്രവണതയ്ക്ക് ഒരു പരിധിവരെ തടയിടുവാൻ കഴിയും.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

അങ്കണവാടികൾ

അങ്കണവാടികളിലെ ഭക്ഷണരീതികൾ പരിഷ്ക്കരിക്കുക. കളിപാട്ടങ്ങൾ നല്കുക, മൂത്രപ്പുരയും കക്കൂസും ഇല്ലാത്തിടത്ത് അതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക. ചേലചിറകോളനി പ്രത്യേകം ശ്രദ്ധിക്കണം). ചെറുവേലിപ്പീടികയുടെ ഭാഗത്തുള്ള അങ്കണവാടിയിലേക്ക് യാത്രാ സൗകര്യം ഇല്ല. കുടിവെള്ളമില്ല. എണ്ണക്കാച്ചിറയിൽ അങ്കണവാടിക്ക് സ്ഥലവും കെട്ടിടവും ഉണ്ടാകണം. എട്ടാം വർഡിലെ അങ്കണവാടി നന്നാക്കണം. ഒൻപതാം വർഡിലെ അങ്കണവാടിക്ക് സ്ഥിരം കെട്ടിടം ഉണ്ടാകണം. പന്ത്രണ്ടാം വാർഡിൽ ആനക്കുഴിയിൽ ഒരു അങ്കണവാടി സ്ഥാപിക്കുക.

നേഴ്സറിസ്കൂളുകൾ

നേഴ്സറി സ്ക്കൂളുകൾക്കും,എൽ.പി. സ്കൂളുകൾകും പഠനോപകരണങ്ങൾ നല്കുക. എട്ടാം വാർഡാടിൽ ഒരു ബാലവാടിയും നേഴ്സറിസ്കൂളും സ്ഥാപിക്കുക.

LP, U.P സ്ക്കൂളുകൾ

സി.എം.എസ്സ് . എൽ.പി. സ്കൂളിലെ പ്രവർത്തനം ശക്തിപ്പെടുത്തുക. സ്കൂളിൽ കെട്ടിടസൗകര്യം വർദ്ധിപ്പിക്കു. H.WU.P സ്കൂളിൽ സ്ഥലസൗകര്യം വർദ്ധിപ്പിക്കുക. ആവശ്യത്തിനുള്ള ഫർണിച്ചർ അനുവദിക്കുക. പഠനോപകരണങ്ങൾ ഉപയോഗപ്പെടുത്തണം. മൂന്നു മാസംവരെ അവധി എടുക്കുന്നവർക്കു പകരം അദ്ധ്യാപകരെ നിയമിക്കുക. ഉച്ചക്കഞ്ഞി വിതരണത്തിനുള്ള കഞ്ഞിപ്പുരയുടേയും മറ്റും സൗകര്യം വർദ്ധിപ്പിക്കുക. കലാ കായിക മത്സരങ്ങൾക്ക് പ്രോത്സാഹനം നൽകണം. രക്ഷകർത്താക്കൾക്ക് ബോധവത്ക്കരണം ആവശ്യമാണ്. അനാശ്യാസപ്രവർത്തനങ്ങൾ തടയണം.

ഗവൺമെൻറ് ഹൈസ്ക്കൂൾ

പ്ലസ്ടു സംവിധാനം ഏർപ്പെടുത്തണം. ചുറ്റുമതിൽ കെട്ടുകയും ഗെയിറ്റ് സ്ഥാപിക്കുകയും ചെയ്യുക ഹൈസ്കൂൾ ഗ്രൗണ്ട് കളികൾക്ക് ഉപയോഗിക്കത്തക്കവിധത്തിൽ വിപുലപ്പെടുത്തുക.

സ്റ്റാഫ് കഴിയുന്നതും സ്ഥലവാസികളായിരിക്കണം. അദ്ധ്യാപകർ സമയനിഷ്ടപാലിക്കണം. ബോധനനിലവാരം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കണം.

അദ്ധ്യാപക രക്ഷകർത്തൃ സംഘടന

ഒരു സ്കൂളിലും പി.ടി.എ. ഫലപ്രദമായി നടക്കുന്നില്ല. രക്ഷകർത്താക്കളെ ബോധവൽക്കരിക്കുകയും അദ്ധ്യാപക രക്ഷകർത്തൃസംഘടനകൾ ഫലപ്രദമായി പ്രവർത്തിക്കുകയും വേണം.

അദ്ധ്യാപനം മെച്ചപ്പെടുത്തുക

ഗൃഹപാഠങ്ങൾ ഫലപ്രദമല്ല. പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് ട്യൂഷൻ ക്ലൂസ്സുകളും എക്സ്ട്രാക്ലാസുകളും നടത്തണം. A.V.H.S ലെ പരീക്ഷാഫലം വർദ്ധിപ്പിക്കുന്നതിനും അദ്ധ്യയന നിലവരാം മെച്ചപ്പെടുത്തുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കണം. അദ്ധ്യാപകർ സമയനിഷ്ടപാലിക്കണം.

ലൈബ്രറി പ്രവർത്തനം

സ്ക്കൂൾ ലൈബ്രറി പുസ്തകങ്ങൾ ആഴ്ചതോറും വിതരണം ചെയ്യുകയും വായനകുറിപ്പുകൾ എഴുതുവാൻ കുട്ടികളെ പ്രേരിപ്പിക്കുകയും, അദ്ധ്യാപകർ അത് പരിശോധിക്കുകയും ചെയ്യുക.

സ്ക്കൂൾ ലാബറട്ടറികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുക. കലാ കായിക പരിശീലനം നടത്തുക.

മറ്റ് ആവശ്യങ്ങൾ

തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാമുഖ്യം നല്കുക. ലിറ്റിൽ ഫ്ലവർ സ്ക്കൂളിൽ ഒരു സഹകരണസംഘം തുടങ്ങണം. കൊഴിഞ്ഞുപോകുന്നവരുടെ പുനർ വിദ്യാഭ്യാസത്തിന് പഞ്ചായത്ത് സത്വര നടപടി സ്വീകരിക്കണം. ബോധനമാധ്യമം പ്രൈമറി തലത്തിൽ മലയാളമായിരിക്കണം. ഗ്രൂപ്പു ചർച്ചയും ഡിബോറ്റിംഗ് ക്ലബ്ബും സ്കൂൾതലത്തിൽ ആരംഭിക്കുക. സചിവോത്തമപുരം പ്രീ-മെട്രിക്ക് ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികൾക്ക് ട്യൂഷനും കലാകായിക മത്സരങ്ങളിൽ പ്രോത്സാഹനവും നല്കുക.

1. വിദ്യാർത്ഥികളുടെ പഠനനിലവാരത്തിലുള്ള തകർച്ചയുടെ മുഖ്യകാരണം മുഴുവൻ വിദ്യാർത്ഥികൾക്കും ക്ലാസ്സുകയറ്റം കൊടുക്കുന്നതാണ്. അക്ഷരംപോലും അറിയാത്ത കുട്ടികളെ പത്താം ക്ലാസുവരെ ക്ലാസ് കയറ്റം കൊടുത്ത് നശിപ്പിക്കുന്ന ഒരു രീതിയാണത്. ഒഴിവാക്കപ്പെടണം.

2. പാഠ പുസ്തകങ്ങളിലെ ക്രമീകരണം അനുസ്സരിച്ച് ശാസ്ത്രീയമായ ബോധന രീതികളും പഠനോപകരണങ്ങളും ഉപയോഗിച്ച് അദ്ധ്യാപനം നടത്തുക.

3. മാസ പരീക്ഷകൾ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വീണ്ടും പഠിപ്പിക്കുകയു ചെയ്താൽ കൂടുതൽ പ്രയോജനം കിട്ടും.

4. റിട്ടൺവർക്ക്സ് ക്രമ പ്രകാരം കൈകാര്യം ചെയ്യണം

5. ദൃശ്യ-ശ്രാവ്യ ഉപകരണങ്ങളുടെ സഹായത്താൽ പല കാര്യങ്ങളും പഠിപ്പിക്കാൻ കഴിയും.

6. അദ്ധ്യാപകർ അവധി എടുക്കുമ്പോൾ പകരം അദ്ധ്യാപകരെ നിയമിക്കണം. അധികവും ഗവൺമെന്റ് സ്കൂളുകളിലാണ് പകരം അദ്ധ്യാപകരെ നിയമിക്കാത്തത്. വർഷത്തിന്റെ മദ്ധ്യത്തിൽ അദ്ധ്യാപകരെ സ്ഥലംമാറ്റിയും കുഴപ്പം സൃഷ്ടിക്കുന്നുണ്ട്.

7. സ്കൂൾ ലൈബ്രറികൾ കൃത്യമായി കൈകാര്യം ചെയ്യാവുന്നതാണ്.

8. സ്കൂളിൽ അദ്ധ്യയനം ശരിയായി നടക്കുന്നതിന് ശാന്തമായ അന്തരീക്ഷം ആവശ്യമാണ്. ഇതിന് അദ്ധ്യാപക-രക്ഷാകർത്തൃസമിതിയും വിദ്യാർത്ഥി സംഘടനാ നേതാക്കന്മാരും കൂട്ടായി പ്രവർത്തിച്ച് കുട്ടികളെപഠിക്കാൻ പ്രേരിപ്പിക്കുകയും അച്ചടക്കംപാലിക്കാൻ സന്നദ്ധരാക്കുകയും ചെയ്യുക.

9. സ്കൂൾ കോംപ്ലസുകൾ സംഘടിപ്പിച്ച് അദ്ധ്യയനം നന്നാക്കുന്നതിനുളളമാർഗ്ഗങ്ങളെപ്പറ്റി അദ്ധ്യാപകർക്കു ചർച്ചചെയ്യാവുന്നതും മാതൃകാ ക്ലാസുകൾ എടുത്തുകാണിച്ചുകൊടുക്കാവുന്നതുമാണ്.

10. സ്കൂൾമാഗസീൻ പത്രവായന സാഹിത്യസമാജം തുടങ്ങിയവ സംഘടിപ്പിച്ച് കുട്ടികളുടെ എഴുതാനും വായിക്കാനും പ്രസംഗിക്കാനുമുളള കഴിവ് വർദ്ധിപ്പിക്കാവുന്നതാണ്.

11. പരിശോധനോദ്യോഗസ്ഥന്മാർ കൂടെകൂടെ സ്കൂൾ സന്ദർശിക്കുകയും വേണ്ട നിർദ്ദേശങ്ങൾകൊടുത്ത് സ്കൂൾ പ്രവർത്തനം കാര്യക്ഷമമാക്കിത്തീർക്കേണ്ടതാണ്.

12. ദാരിദ്രരേഖയ്ക്കുതാഴെ സാമൂഹ്യവും സാമ്പത്തികവുംമായി വളരെ പിന്നിൽ നില്ക്കുന്ന A.V.H.S ലെ കുട്ടികളുടെ വിജയശതമാനം വർദ്ധിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.

13 ഗ്രേഡ് തിരിച്ചുളള ബോധനം വഴിതാഴെ നില്ക്കുന്ന വിദ്യാർത്ഥികളെ ഉയർത്തിക്കൊണ്ടുവരാൻ കഴിയും

പൊതുനിർദ്ദേശങ്ങൾ

1. കുറിച്ചി ഗവൺമെന്റ് ഹൈസ്കൂളിന് സ്വന്തമായി സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കണം.

2. സ്കൂൾ കോംപ്ലക്സുകളെക്കുറിച്ച് ആലോചിക്കണം.

3. റ്റ്യൂറ്റോറിയൽ സിസ്റ്റം ഫലപ്രദമായി നടപ്പാക്കണം.

4. 'ഇം. ക. സ' എന്നവില്ലനെ ഇല്ലാതാക്കാൻ മനുഷ്യവിഭവശേഷിയെ ഫലപ്രദമായി ഉപയോഗിക്കുക.

5. പി. റ്റി. എ. പ്രവർത്തനം ശക്തമാക്കണം.

6. സ്ക്കൂളുകളിൽ അധികം വന്നിരിക്കുന്ന സ്ഥലവും സൗകര്യവും ഫലപ്രദമായി ഉപയോഗിക്കാനു ളളമാർഗം കണ്ടെത്തണം.

7. കുറിച്ചി ഗവൺമെന്റ് സ്കൂളിന് ചുറ്റുമതിൽ നിർമ്മിക്കുക.

8. കുറിച്ചിഗവ:സ്കൂളിന്റെ കളിസ്ഥലം ഉപയോഗ്യമാക്കുക.

9. കുറിച്ചി ഗവ:സ്കൂളിന്റെ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി V.H.S കോഴ്സുകൾ ആരംഭിക്കുക.

10. ഹൈസ്ക്കൂളിൽ പഠനോപകരണങ്ങൾ ലഭ്യമാക്കുക. ലാബറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

11. ഇത്തിത്താനം ഹൈസക്കൂളിനോടനുബന്ധിച്ച് +2 കോഴ്സ് തുടങ്ങുക.

12. പ്രൈമറി തലത്തിൽ ബോധനമാധ്യമം മലയാളമാക്കുക.

13. ശ്രവ്യ ദൃശ്യമാധ്യമങ്ങൾ ഉപയോഗിച്ചുള്ള പഠനം എല്ലാ സ്കൂളിലും നിർബന്ധമാക്കുക.

14. N.C.C, സ്കൗട്ട് മുതലയാവ പ്രവർത്തന ക്ഷമമാക്കുക.

15. കാലാകായികശേഷി വർദ്ധിപ്പിക്കുന്നതിനു ശാസ്ത്രീയ പരിശീലനം നൽകുക.

16. ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കു.

17. മാറി മാറി വരുന്ന പഠന രീതിക്കനുസരിച്ച് അദ്ധ്യാപകർക്ക് പരിശീലനം നൽകുക.

18. സ്വാശ്രയ ബോധം വളർത്തുന്നതിന് പൂന്തോട്ട പച്ചക്കറിത്തോട്ട പരിപാലനത്തിലും വ്യവസായിക നിർമ്മാണ പ്രവർത്തനത്തിലും പരിശീലനം നല്കുക. തൊഴിലധിഷ്ടിത കോഴ്സുകൾ ഇതിൽ അത്യാവശ്യമാണ്.

19. സാക്ഷരതാതുടർ പരിപാടി നടപ്പിലാക്കുക.

20. രക്ഷകർത്താക്കൾ ബോധന ക്ലാസ്സുകൾ സംഘടിപ്പിക്കുക.

5-5 പൊതുജനാരോഗ്യം

കുടിവെള്ളം

ആരോഗ്യത്തെക്കുറിച്ച് വിലയിരുത്തുമ്പോൾ അനാരോഗ്യത്തിന്റെ കാരണങ്ങളും അത് പരിഹരിക്കുന്നതിനുള്ള ചികിത്സ അടക്കമുള്ള സംവിധാനങ്ങളും പരിശോധിക്കപ്പെടണം.

ആരോഗ്യവും പരിസരവും തമ്മിൽ വ്യക്തമായ ബന്ധമുണ്ട്. ആരോഗ്യ സംവിധാനത്തെ തകരാറിൽ ആക്കുന്നത് രോഗങ്ങളെ പകർത്തുന്ന രോഗവാഹികളായ ജീവികളും മലിനജലവും മതിയായപോഷകാഹാര കുറവും പ്രധാനങ്ങളായ ആഹാരങ്ങളുടെ ദൗർലഭ്യം തുടങ്ങിയവയാണ്.നമ്മുടെ പഞ്ചായത്തിന്റെ പൊതുവായ ചരിവുമൂലം മലിനജലം കെട്ടി കിടക്കാതെ മഴവെള്ളത്തോടൊപ്പം ഒഴുകി കുളങ്ങളിലും തോടുകളിലും ഒക്കെ എത്തിച്ചേരാനുള്ള സൗകര്യം ഉണ്ട്. എന്നാൽ താഴ്ന്നപ്രദേശമായ ചേലച്ചിറ 4സെൻറ് കോളനി ആറുമാസകാലത്തോളം പൂർണ്ണമായും മലിനജലത്തിലും ഒഴുകി വരുന്ന ജലത്തിലുമായിട്ടാണു കിടക്കുന്നത്. അതുകൊണ്ട്തന്നെ വളരെ വേഗം രോഗങ്ങൾ പടരുവാനുള്ള സാദ്ധ്യതയുണ്ട്. ജല ജന്യരോഗങ്ങൾ നിയന്ത്രിക്കാനാവാത്തവണ്ണം പെരുകുന്നതിന്റെ പ്രധാനകാരണമാണിത്.

മറ്റൊന്ന് മതിയായ സാനിറ്റേഷൻ സൗകര്യം ഇല്ലാത്തതാണ്. സ്വന്തമായി കക്കൂസ് ഇല്ലാത്ത 1218 കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ഇവർ പ്രാഥമിക ആവശ്യങ്ങൾക്കു തുറസ്സായ സ്ഥലങ്ങളേയും കുളങ്ങളെയും ആശ്രയിക്കുന്നതുമൂലംരോഗങ്ങൾ വളരെ വേഗത്തിൽ പടരുവാൻ ഇടയാകും. ഇത്രയും കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിച്ചുകൊടുക്കുവാനുള്ള ഒരു ബ്രഹത്പദ്ധതിയ്ക്ക് (നിർമ്മൽ-2000) ജില്ലാബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളുടെയും സന്നദ്ധസംഘടനകളുടെയും സഹായത്തോടെയുള്ള പ്രവർത്തനങ്ങൾക്കുതുടക്കം കുറിച്ചിട്ടുണ്ട്.(പട്ടിക. 1 കാണുക.)

പ്രാചീനകാലംമുതൽ ആയൂർവേദ ചികത്സയുടെ കേന്ദ്രമായിരുന്നു കുറിച്ചി. അലോപ്പതി ഹോമിയോപതി ചികിത്സകളുടെ

ആവിർഭാവത്തോടെ ആയുർവേദ ചികത്സയുടെ പ്രാധാന്യം കുറഞ്ഞു എങ്കിലും ഇപ്പോഴും ഒരു ചെറിയ വിഭാഗംജനങ്ങൾ ഈ ചികസാരീതിയെ ആശ്രയിച്ചുവരുന്നു. കേരളത്തിൽ തന്നെ അപൂർവ്വമായ ക്ഷീരപാനചികിത്സ എന്ന ഒരു പ്രകൃതി ചികിത്സാരീതി ഇവിടെ നടന്നിരുന്നു. കുറിച്ചി ഹോമിയോ മെഡിക്കൽ കോളജ് സ്ഥാപകനായ സ്വാമി. ആതുരദാസ് ആയിരുന്നു ഈ ചികിത്സാ രീതിയുടെ പ്രയോക്താവും പ്രചാരകനും. രാജ്യത്തിന്റെ വിവധ ഭാഗങ്ങളിൽ നിന്നും ചികിത്സ തേടി പലരും ആതുരാശ്രമത്തിൽ എത്തിയതായി വിവരമുണ്ട്. എന്നാൽ ഇന്ന് ഈ ചികിത്സാരീതി ഏറ്റ് എടുത്ത് നടത്തിക്കൊണ്ടു പോകുവാൻ കഴിയാത്ത സ്ഥിതി വിശേഷമാണ്. ഇതിന്റെ ചികിത്സാ സംവിധാനങ്ങൾ എല്ലാം തന്നെ ഉപയോഗിക്കുവാനും ഈ ചികിത്സാ രീതിയെ വരും തലമുറയ്ക്ക് പ്രയോജനകരമായ രീതിയിൽ പകർന്നു കൊടുക്കുവാനുമുള്ള സംവിധാനം ഉണ്ടാകണം.

ഇന്ത്യയിൽ തന്നെ ഏറ്റവും വലിയ ഒരു ഹോമിയോ വൈദ്യശാസ്ത്ര വിദ്യാഭ്യാസ സ്ഥാപനമായ ആതുരാശ്രമം എൻ. എസ്. എസ്. ഹോമിയോ മെഡിക്കൽ കോളജ് സ്ഥാപിതമായതോടൊപ്പം രണ്ട് സർക്കാർ ഹോമിയോ ആശുപത്രികളും ഇവിടെ ആരംഭിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള "സെൻട്രൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹോമിയോപ്പതിയും", സംസ്ഥാന ഗവൺമെൻറിന്റെ നിയന്ത്രണത്തിലുള്ള ഹോമിയോപ്പതിക് മെഡിക്കൽ കോളജ് ആശുപത്രിയുമാണ് ഇവ. ഈ രണ്ട് ആശുപത്രികളിലും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ചികിത്സ തേടി ആളുകൾ എത്തുന്നുണ്ട്. ചെലവു കുറഞ്ഞ ഒരു ചികിത്സാ രീതി എന്ന നിലയിലും മാറാരോഗങ്ങൾക്ക് ഫലപ്രദമായ ഔഷധം എന്ന നിലയിലും, ഇതിന് വമ്പിച്ച പ്രചാരം സിദ്ധിച്ചിട്ടുണ്ട്. 1996 മദ്ധ്യത്തോടുകൂടി സംസ്ഥാനത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ പടർന്നു പിടിച്ച ജപ്പാൻ ജ്വരത്തിനെതിരായ പ്രതിരോധ ചികിത്സ ഫലപ്രദമായി നടത്തുവാൻ ഈ വൈദ്യശാസ്ത്ര സ്ഥാപനത്തിനു കഴിഞ്ഞു. ഇപ്പോൾ സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഹോമിയോ മെഡിക്കൽ കോളേജ് ആശുപത്രിയിൽ 100 കിടക്കകളുള്ള ഇൻ പേഷ്യന്റ് വിഭാഗവും പ്രവർത്തിച്ചു വരുന്നു. ഗവേഷണസ്ഥാപനമായ സി. ആർ. ഐ. എച്ച്. ൽ കൂടുതലായും ചികിത്സ തേടിയെത്തുന്നത് മനോരോഗികളാണ്. ഇതിന് ഫലപ്രദമായ ചികിത്സ ഉണ്ടെങ്കിലും താമസിപ്പിച്ച് ചികിത്സിപ്പിക്കുവാനുള്ള സൗകര്യവും സംവിധാനവും വേണ്ടത്ര ഇല്ല. മനോരോഗികൾക്കായി പ്രത്യേക സെല്ലുകൾ നിർമ്മിച്ച് ഇതിന് പരിഹാരം കാണണം. സ്വന്തമായി കെട്ടിടം ഇന്നും സി. ആർ. ഐ. എച്ച. ന്. ലഭിച്ചിട്ടില്ല. സെല്ലുകളോടുകൂടിയ സ്വന്തമായ കെട്ടിടം നിർമ്മിക്കുകയാണെങ്കിൽ ഈ ഗവേഷണസ്ഥാപനം നേരിടുന്ന പ്രധാന പ്രതിസന്ധി തരണം ചെയ്യുവാൻ കഴിയും.

സചിവോത്തമപുരം കോളനിയുടെ സ്ഥാപനത്തോടനുബന്ധിച്ച് നമ്മുടെ പഞ്ചായത്തിലെ അലോപ്പതി ആശുപത്രി 1945 ൽ ആരംഭിച്ചു. ഒരു ഡിസ്പെൻസറി ആയിട്ടായിരുന്നു ഇതിന്റെ തുടക്കം. ഇന്നിപ്പോൾ നൂറിൽ പരം കിടക്കയോടുകൂടിയ ഇൻപേഷ്യന്റ് വിഭാഗം പ്രവർത്തിക്കുന്നു. ഈ സ്ഥാപനത്തിന്റെ ബാലാരിഷ്ഠതകൾ ഇപ്പോഴും പിന്നിട്ടിട്ടില്ല. ആശുപത്രി കെട്ടിടത്തിന് പൂർണ്ണമായും അടച്ചുകെട്ട് ഇല്ല. രോഗികൾക്ക് പ്രാഥമിക ആവശ്യം നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങൾ വേണ്ടത്രയില്ല. ഈ ആശുപത്രി നേരിടുന്ന ഏറ്റവും വലിയ പ്രശ്നം ശുദ്ധജലത്തിന്റേതാണ്. ഇതൊക്കെയാണെങ്കിലും സാധാരണക്കാരന്റെയും പാവപ്പെട്ടവന്റെയും ആശാ കേന്ദ്രം എന്ന രീതിയിൽ ഈ പരിമിതികൾ എല്ലാം മറി കടന്നു

കൊണ്ട് ഈ ആശുപത്രി പ്രവർത്തിക്കുന്നു. ഇപ്പോൾ രണ്ട് ഡോക്ടർമാർ ഉള്ള ഈ ആശുപത്രിയിൽ മുഴുവൻ സമയവും സേവനം ലഭ്യമാകുന്നില്ല. ഇതിന് പരിഹാരം ഉണ്ടാകണമെങ്കിൽ ഒരു റെസിഡൻഷ്യൽ മെഡിക്കൽ ആഫീസറെ നിയമിക്കുകയും ആശുപത്രിയുടെ അടുത്തു തന്നെ താമസ സൗകര്യത്തിനായി ക്വാർട്ടേഴ്സ് നിർമ്മിച്ച് നൽകുകയും ചെയ്യണം. ആശുപത്രിയോടനുബന്ധിച്ച് ഒരു പ്രസവവാർഡ് ഉണ്ടെങ്കിലും ഇവിടെ മെച്ചപ്പെട്ട സൗകര്യങ്ങൾ ഇല്ല. പ്രസവത്തിനായി എത്തുന്നവർക്ക് ശരിയായ വിധത്തിൽ ചികിത്സ നിശ്ചയിക്കുന്നതിന് ഒരു ഗൈനക്കോളജിസ്റ്റിന്റെ സേവനം കൂടി ലഭ്യമാക്കേണ്ടതുണ്ട്. ചുറ്റുമതിലും ഗേറ്റും നിർമ്മിച്ച് രോഗികൾക്ക് കൂടുതൽ സുരക്ഷിതത്വം ഉറപ്പു വരുത്തണം.

നമ്മുടെ പഞ്ചായത്തിൽ ഒരു ഇ. എസ്. ഐ. ആശുപത്രി കൂടിയുണ്ട്. പൊതുജനങ്ങൾക്ക് ഇവിടെ നിന്നും ചികിത്സ ലഭിക്കുന്നില്ല. സ്വകാര്യമേഖലയിൽ രണ്ട് ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. അലോപ്പതി ഹോമിയോപ്പതി ചികിത്സയ്ക്കായി ചില സ്വകാര്യ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നുണ്ട്.

ആയുർവേദ ചികിത്സയ്ക്കു വേണ്ടി പഞ്ചായത്തിൽ ഒരു ആശുപത്രി ഇല്ല. എന്നാൽ ആയുർവേദ ചികിത്സയ്ക്കുള്ള "വൈദ്യശാലകൾ" പഞ്ചായത്തിലുണ്ട്.

ഈ പഞ്ചായത്തിൽ മൂന്ന് കുടുംബക്ഷേമ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. സചിവോത്തമപുരം, കുറിച്ചി എന്നീ കേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടങ്ങളില്ല. എന്നാൽ ഇത്തിത്താനം കേന്ദ്രത്തിന് കെട്ടിടമുണ്ടെങ്കിലും അത് കേടുപാട് സംഭവിച്ച അവസ്ഥയിലാണ്.

കുട്ടികളുടെ ആരോഗ്യനില

ഒരു വയസ്സിന് താഴെയുള്ള 422 കുട്ടികളിൽ ശരാശരി ആരോഗ്യനിലവാരമുള്ള 222 കുട്ടികൾ മാത്രമാണുള്ളത്. 12 കുട്ടികൾ ഗുരുതരമായ പോഷണക്കുറവു മൂലം വളരെ കുറഞ്ഞ് ആരോഗ്യനിലവാരം ഉള്ളവരാണ്. ഒരു വയസ്സിനും മൂന്നു വയസ്സിനും ഇടയ്ക്കുള്ള 719 കുട്ടികളിൽ ശരാശരി ആരോഗ്യനിലവാരം ഉള്ളവർ 353 കുട്ടികളും മൂന്നു വയസ്സിനും ആറു വയസ്സിനും ഇടയിലുള്ള 880 കുട്ടികളിൽ ശരാശരി ആരോഗ്യനിലവാരമുള്ളവർ 409 മാത്രമാണ്. വ്യക്തമായി പറഞ്ഞാൽ 6 വയസ്സിന് താഴെ ഉള്ള കുട്ടികളിൽ പൂർണ്ണ ആരോഗ്യമുള്ളവർ 50 ശതമാനം മാത്രമാണെന്ന് കാണുവാൻ കഴിയും അതായത് ഒരു വയസ്സിന് താഴെയുള്ള കുട്ടികളിൽ 52 ശതമാനം ആരോഗ്യമുള്ള കുട്ടികളും, ബാക്കി 48% ശതമാനം ലഘുവായതോ, മിതമായതോ, ഗുരുതരമായതോ ആയ പോഷണ കുറവു മൂലം അനാരോഗ്യരായിട്ടുള്ളവരാണ്. ഒരു വയസ്സിനും മൂന്നു വയസ്സിനും ഇടയ്ക്കുള്ളവരിൽ 49 ശതമാനം മാത്രമേ സമ്പൂർണ്ണ ആരോഗ്യമുള്ളവരുള്ളു. മൂന്നു വയസ്സിനും ആറു വയസ്സിനും ഇടയിലുള്ളവരിൽ ശരിയായ വിധത്തിൽ ആരോഗ്യമുള്ളവർ 46 ശതമാനം മാത്രമാണ്. കുറിച്ചി പഞ്ചായത്തിലെ ഭൂരിപക്ഷം കുട്ടികളും മതിയായ പോഷകാഹാര കുറവു മൂലം ആരോഗ്യം നഷ്ടപ്പെട്ടവരാണ്. ഇത് നമ്മുടെ മനുഷ്യ സമ്പത്തിനെ കൂടുതൽ ദുർബലമാക്കുന്ന സംഗതിയാണ്. അതുകൊണ്ടു തന്നെ ബന്ധപ്പെട്ട സാമൂഹ്യ ക്ഷേമ പരിപാടിയിലൂടെ സമ്പൂർണ്ണ പോഷകാഹാരവിതരണം ചെയ്യുന്നതിനുള്ള സംവിധാനം ചെയ്യണം.

ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിന് സമഗ്ര ആരോഗ്യസമീപനം ആവശ്യമാണ്.

ശ്മശാനം

നമ്മുടെ പഞ്ചായത്തിൽ ചില മത - സാമുദായിക വിഭാഗങ്ങളുടേതായി ശ്മശാനങ്ങൾ ഉണ്ട് എങ്കിലും ഒരു പൊതു ശ്മശാനം ഇല്ല. അതുകൊണ്ടു തന്നെ ഇപ്പോഴും സ്വന്തം പുരയിടത്തിൽ ശവശരീരം മറവു ചെയ്യുന്നുണ്ട്. കോളനികൾ ഒട്ടേറെയുള്ള ഈ പഞ്ചായത്തിൽ സ്വന്തം സ്ഥലത്ത് ശവം മറവു ചെയ്യുന്നത് ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകും. ഈ സ്ഥിതിക്ക് മാറ്റം ഉണ്ടാകണമെങ്കിൽ പഞ്ചായത്തിന് പൊതുവായ ശ്മശാനം ഉണ്ടാകണം.

പരിസരശുചിത്വം

നമ്മുടെ പഞ്ചായത്തിന്റെ വടക്കൻ പ്രദേശങ്ങളെ ബാധിക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് ഇലക്ട്രോ കെമിക്കൽസിൽ നിന്നുമുള്ള അന്തരീക്ഷ മലിനീകരണം. CRIH ന്റെ ആഭിമുഖ്യത്തിൽ നടത്തിയ പഠനത്തിൽ ഈ ഫാക്ടറിയുടെ ചുറ്റുപാടുമുള്ള ബഹുഭൂരിപക്ഷം ജനങ്ങളും ശ്വാസകോശ സംബന്ധമായ രോഗികളാണ്. ഫാക്ടറിയോടനുബന്ധിച്ച് പുക കുഴലുകളിൽ ഫിൽട്ടറിംഗ് സംവിധാനം വയ്ക്കുകയാണെങ്കിൽ ഇതിന് ഒരു പരിധി വരെ പരിഹാരം കാണുവാൻ കഴിയും.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വഴിയിൽ നടക്കുന്ന മത്സ്യ വിപണനവും ഹോട്ടലുകളിൽ നിന്നുള്ള മാലിന്യങ്ങളും മലിന ജലവും പൊതുജനാരോഗ്യത്തിന് എതിരായിട്ടുള്ള വെല്ലു വിളികളാണ്. മെച്ചപ്പെട്ട ഭക്ഷണസാധനങ്ങളല്ല പല ഹോട്ടലുകളിലും വില്ക്കുന്നത്. പഴകിയതും ഉപയോഗശൂന്യവുമായ ഭക്ഷണസാധനങ്ങളും വിതരണം ചെയ്യുന്നത് നിയമം മൂലം നിരോധിക്കണം. പകർച്ചവ്യാധികൾ വളരെ പെട്ടെന്ന് പടർന്ന് പിടിക്കുവാനുള്ള ഒരു സാഹചര്യമാണ് കോളനികൾ കേന്ദ്രീകരിച്ചുള്ളത്. ഇതിനെതിരായി മെച്ചപ്പെട്ട പ്രതിരോധ സംവിധാനങ്ങൾ സ്വീകരിക്കണം. രോഗത്തിന് ചികിത്സിക്കുന്നതിനേക്കാൾ നല്ലത് രോഗപ്രതിരോധം തന്നെയാണ്. ഇതിനുവേണ്ടി കിണറുകളിൽ ക്ലോറിനേഷൻ, കൊതുകു നശീകരണം, അലഞ്ഞ് തിരിയുന്ന പട്ടികളെ, നശിപ്പിക്കൽ, ഈച്ച നശീകരണം, എലി നശീകരണം എന്നിവ നടത്തണം. ഇതിനെല്ലാമുപരി ബോധവല്ക്കരണമാണ് അനിവാര്യമായി വേണ്ടത്. കൂടുതൽ പോഷകസമൃഷ്ടമായ ആഹാര സാധനങ്ങൾ നഷ്ടപ്പെടുത്തിയിട്ട് വൻ കിട കുത്തകകളുടെ പ്രചരണത്തിൽപെട്ട് പായ്ക്കറ്റ് സാധനങ്ങൾ വാങ്ങുന്ന സ്ഥിതി വിശേഷം ഒഴിവാക്കപ്പെടുകയും വേണം.

പഞ്ചായത്തിലെ മുഴുവൻ ആളുകളെയും സംബന്ധിച്ച് ഒരു ആരോഗ്യ സർവ്വേ ആശുപത്രികളുടെ സഹായത്തോടെ നടത്തുകയും അവരെ സംബന്ധിച്ചുള്ള ആരോഗ്യവുമായി ബന്ധപ്പെട്ട മുഴുവൻ വിവരങ്ങളും ചേർത്ത് ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുകയും വേണം.

പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ സ്ഥാപനങ്ങളോടനുബന്ധിച്ച് രക്തം ദാനം ചെയ്യുവാൻ സന്നദ്ധതയുള്ളവരുടെ ഗ്രൂപ്പുകൾ രൂപീകരിക്കണം. ഇതിനുവേണ്ടി ആരോഗ്യവകുപ്പിന്റേയും സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ രക്തഗ്രൂപ്പു നിർണ്ണയ ക്യാമ്പ് നടത്തണം ഇങ്ങനെ സന്നദ്ധരായിട്ടുള്ളവരുടെ പേരുവിവരം പഞ്ചായത്തിൽ രേഖപ്പെടുത്തി രക്ത ഗ്രൂപ്പ് നിർണ്ണയ രജിസ്റ്റർ സൂക്ഷിക്കണം. അതോടൊപ്പം തന്നെ രക്തദാനത്തിന്റെ ഗുണകരമായ വശ

ത്തെക്കുറിച്ച് ബോധവല്ക്കരണം നടത്തുന്നതിന് സെമിനാറുകൾ മറ്റു പ്രചരണ മാദ്ധ്യമങ്ങൾ തുടങ്ങിയവ ഉപയോഗിക്കണം.

കേരളത്തിൽ ശരാശരി 200പേരിൽ ഒരാൾ എന്ന നിരക്കിൽ എയ്ഡ്സ് രോഗബാധിതരാണെന്നാണ് കണക്ക്. ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ പഞ്ചായത്ത് നേതൃത്വത്തിൽ രോഗപ്രതിരോധത്തിനുള്ള ബോധവല്ക്കരണ പരിപാടികൾ നടത്തണം.

ഗ്രാമസഭാ നിർദ്ദേശങ്ങളും പരിഹാരവും

1. കുറിച്ചി ഗവൺമെന്റ് ആശുപത്രി വിപുലമാക്കി 24 മണിക്കൂറും പ്രവർത്തിക്കുന്നതും ലാബ് ഉൾപ്പെടുയള്ള സംവിധാനവും സ്ത്രീകളുടെ ചികിത്സയ്ക്കയി ലേഡി ഡോക്ടറെയും നിയമിക്കേണ്ടതാണ്.

2. കക്കൂസുകൾ ഇല്ലാത്ത ദരിദ്ര വിഭാഗങ്ങൾക്ക് സൗജന്യമായി കക്കൂസുകൾ നിർമ്മിച്ചു കൊടുക്കുക.

3. എല്ലാവാർഡുകളിലും പ്രൈമറി ഹെൽത്ത് സെന്റർ സ്ഥാപിക്കണം.

4. പൊതു ശ്മശാനം സ്ഥാപിക്കുക.

5. ഗവൺമെന്റ് ഉടമയിൽ ആയുർവ്വേദ ആശുപത്രികൾ സ്ഥാപിക്കുക.

6. മഞ്ഞപ്പിത്തം, ചെങ്കണ്ണ്, വയറുകടി. വയറിളക്കം, ചിക്കൻ പോക്സ് എന്നീ രോഗങ്ങൾ തടയുവാൻ നടപടി സ്വീകരിക്കുക.

7. കൊതുക് നശീകരണം നടത്തുക.

8. കുടുംബക്ഷേമകേന്ദ്രങ്ങളെ ഡോക്ടറുടെ സഹായത്തോടെ വിപുലമാക്കുക.

9. ആശുപത്രിയിൽ രോഗികൾക്ക് മെച്ചപ്പെട്ട ആഹാരം വിതരണം ചെയ്യുക.

10. ജീവൻ രക്ഷാ മരുന്നുകൾ പ്രാഥമിക ആരോഗ്യകേന്ദ്രത്തിലൂടെ സൗജന്യമായി കൊടുക്കുക.

11. ഹെൽത്ത് ഇൻസ്പെക്ടറുടെ സേവനം ലഭ്യമാക്കുക.

12. മദ്യം മയക്കുമരുന്ന് ഇവയ്ക്കെതിരെ വ്യാപകമായ ബോധവൽക്കരണം നടത്തുക.

13. മലിനജലം ഒഴുകിപ്പോകുവാനുള്ള ഡ്രെയിനേജുകൾ നിർമ്മിക്കുക.

14. എല്ലാ വാർഡിലും കുടുംബക്ഷേമ കേന്ദ്രം സ്ഥാപിച്ച് മാതൃശിശു സംരക്ഷണം ഉറപ്പാക്കുക.

15. ആരോഗ്യ - ശുചിത്വപരിപാടി തുടർച്ചയായി നടത്തുക.

16. കുട്ടികൾക്കും ഗർഭിണികൾക്കും പോഷകാഹാരം വിതരണം ചെയ്യുക.

17. തീരാരോഗവും മാറാ രോഗവും ഉള്ള ആളുകൾക്ക് ആശുപത്രിയിൽ പ്രത്യേകം സഹായവും സംരക്ഷണവും നൽകുക.

18. നാല് സെന്റ് കോളനികളിലും ലക്ഷം വീടു കോളനികളിലും ഡ്രെയിനേജ് സംവിധാനത്തോടുകൂടിയ പൊതുടാങ്കുകൾ സ്ഥാപിച്ച് ഓരോ കുടുംബങ്ങൾക്കും പ്രത്യേകം പ്രത്യേകം കക്കൂസുകർ നിർമ്മിച്ച് നൽകണം.

19. ഹോമിയോ മെഡിക്കൽ കോളജിനെ ഒരു റഫറൽ ആശുപത്രിയായി ഉയർത്തണം ആശുപത്രിയുടെ ആവശ്യത്തിലേക്ക് ആംബുലൻസ് ഉണ്ടാകണം.

20. ഹോമിയോ ആശുപത്രിയോടനുബന്ധിച്ച്, രോഗങ്ങൾക്ക് പ്രത്യേക വാർഡുകൾ ഉണ്ടാകണം.

ആരോഗ്യനിലവാരം ഒരവലോകനം

ആരോഗ്യത്തെക്കുറിച്ച് പറയുമ്പോൾ നമ്മുടെ കാഴ്ചപ്പാടിൽ മതിയായ സൗകര്യങ്ങളോടു കൂടിയ ആശുപത്രികൾ സ്ഥാപിച്ചാൽ ആരോഗ്യരംഗത്തെ എല്ലാ പ്രശ്നങ്ങളും അവസാനിക്കും എന്നുള്ളതാണ്. എന്നാൽ വസ്തുത ഇതല്ല എന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു. ചികിത്സയെക്കാൾ നല്ലത് രോഗം വരുന്നത് തടയുക എന്നുള്ളതാണ് ഇതിനുവേണ്ടിയുള്ള ഒരു സമഗ്ര സമീപനത്തിന് രൂപം കൊടുക്കണം. പോഷകാഹാരപ്രദമായ ആഹാരങ്ങൾ മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾ, പരിസരശുചിത്വം, രോഗങ്ങൾ പടരാതിരിക്കാനുള്ള സംവിധാനങ്ങൾ- എല്ലാം ശരിയായ വിധത്തിലാകണം.

(ആരോഗ്യപ്രശ്നവുമായി ബന്ധപ്പെട്ട ചാർട്ടുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.)

പട്ടിക - 1

കക്കൂസുകൾ സംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ	കക്കൂസ് ഇല്ലാത്ത വീടുകളുടെ എണ്ണം	വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം	പൂർത്തീകരിച്ചവ	ഇനിയും ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം
1	79	6	6	73
2	51	8	8	43
3	63	5	5	58
4	63	9	9	54
5	123	45	45	78
6	107	44	44	63
7	244	51	51	193
8	133	41	41	192
9	112	7	7	105
10	164	10	10	154
11	130	15	15	115
12	148	8	8	140
				1218

പട്ടിക - 2

ആരോഗ്യസ്ഥാപനത്തിൽ നിന്നുമുള്ള വിവരങ്ങൾ

വർഷം	ഇൻപേഷ്യന്റ് എണ്ണം	ഔട്ട് പേഷ്യന്റ് എണ്ണം	ത്വക്ക് രോഗം	വാതരോഗം	പകർച്ച വ്യാധികൾ	വി. ചികിത്സ	ആസ്മ	ഗ്രാസകോഗസം ബന്ധമായ രോഗങ്ങൾ	മുറിവും അതേ തുടർന്നുള്ള രോഗങ്ങളും	മറ്റ് രോഗങ്ങൾ	ആകെ
1992-93	3583	200398	23220	32875	45841	15	8522	11477	13323	57273	396527
93-94	3086	183500	22070	28453	39295	5	7444	10377	12135	52634	358999
94-95	3384	197069	23274	29545	46652	6	9785	13128	14121	52634	389598
95-96	3845	159429	18836	26155	46729	2	7003	9787	10733	36286	318805
	13898	740396	87400	117028	178517	28	32754	44769	50312	198827	1463929

അവലംബം - ആശുപത്രിരേഖകൾ

കുട്ടികളുടെ ആരോഗ്യ നിലവാരം സംബന്ധിച്ച ഒരു അവലോകനമാണ് ഡയഗ്രത്തിൽ കാണിച്ചിരിക്കുന്നത്



1 വയസിനു താഴെ



1 വയസ് മുതൽ 3 വയസ് വരെ



3 വയസിനും 6 വയസിനും ഇടയിൽ

I. ശരാശരി ആരോഗ്യനിലവാരമുള്ളവർ

II. മിതമായ പോഷണക്കുറവ് മൂലം അനാരോഗ്യമുള്ളവർ

III. ലഘുവായ പോഷണക്കുറവ് മൂലം അനാരോഗ്യമുള്ളവർ

IV. ഗുരുതരമായ പോഷണക്കുറവ് മൂലം അനാരോഗ്യമുള്ളവർ

കുടിവെള്ളം

കുറിച്ചി പഞ്ചായത്തിലെ കുടിനീർ സ്രോതസ്സുകൾ കിണറുകളാണ്. എന്നാൽ ഫെബ്രുവരി മുതൽ മെയ് മാസം വരെയുള്ള കാലയളവിൽ മിക്കവാറും കിണറുകൾ വറ്റിപ്പോ കാറുണ്ട്. അതുകൊണ്ടുതന്നെ ബഹുഭൂരിപക്ഷവും വേനൽ കാലത്തു കുടി നീരിനായി മറ്റു സംവിധാനങ്ങളെ ആശ്രയി ക്കുന്നു. എന്നാൽ മറ്റു സംവിധാനങ്ങളും മെച്ചപ്പെട്ടതല്ല എന്നുള്ളതാണ് ഇവിടുത്തെ വലിയൊരു ശാപം.

കുറിച്ചി പ്രദേശം ജലക്ഷാമത്തിന്റെ പിടിയിൽ അകപ്പെട്ടിട്ട് ഏറെക്കാലങ്ങളാ യിട്ടില്ല. കുട്ടനാടൻ പ്രദേശത്തോടു ചേർന്നു കിടക്കുന്ന ഒരു പ്രദേശമെന്ന നിലയിൽ ജല സ്രോതസ്സുകൾ ഉള്ള പ്രദേശമായിരുന്നു. എന്നാൽ വ്യക്തിപരമായ ആവശ്യങ്ങളും പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിനും കുളങ്ങളും തോടുകളും കൈയ്യേറിയതോടു കൂടി ഈ ജലസ്രോതസ്സുകൾ ഓരോന്നായി അപ്രത്യക്ഷമായിക്കൊണ്ടിരുന്നു. ഇതു തന്നെയാണ് കുറിച്ചി പ്രദേശം നേരിടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമത്തിനു കാരണവും, എന്നാൽ ഇതു നേരിടുന്നതിനും, പകരം സംവിധാനം എന്ന നിലയിൽ നമുക്കു വേണ്ടി മാത്രമായി ഒരു പദ്ധതിക്കു രൂപം കൊടുത്തിരുന്നില്ല.

കുട്ടാനാടിനുവേണ്ടി ഉണ്ടാക്കിയ ഒരു ശുദ്ധജല പദ്ധതിയിൽ നിന്നായിരുന്നു 1980 കളുടെ തുടക്കം വരെ നമുക്കു കുടിവെള്ളം ലഭിച്ചിരുന്നത്. എന്നാൽ ഈ പദ്ധതിയുടെ പരിധിയിൽ പെട്ട കുട്ടനാടൻ പ്രദേശങ്ങളിലെ ജലം തിരിച്ചു വിട്ടതോടുകൂടിയാണ് പഞ്ചായത്തിന്റെ ഒന്നു മുതൽ ഏഴു വരെ വാർഡുകളിൽ ശുദ്ധജല ക്ഷാമം രൂക്ഷമായത്. ഇതിനു പകരമായി കല്ലിശ്ശേരി പദ്ധതിയിൽ നിന്നുള്ള ജലം നമുക്കു നൽകുമെന്നു വ്യാപകമായി പ്രചരിക്കപ്പെട്ടെങ്കിലും ഇത് നഗര ജലദൗർലഭ്യം പരിഹരിക്കുന്നതി നുള്ള ഒരു പദ്ധതി മാത്രമാണ്. അതുകൊണ്ടു തന്നെ വരും കാലങ്ങളിലേക്ക് ഈ പദ്ധതി കളെ (വിശ്വസനീയമായി) ആശ്രയിക്കുവാൻ കഴിയുകയില്ല. നമ്മുടെ പഞ്ചായത്തിൽ തന്നെയുള്ള ഒരു ശുദ്ധജലപദ്ധതിയാണു "കല്ലുകടവ് പദ്ധതി". ഇത്തിത്താനം പ്രദേ ശത്തു ജലക്ഷാമം പരിഹരിക്കുന്നതിനു വേണ്ടിയാണ് ഇത് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ഈ പ്രദേശത്തിനു ആകെ തന്നെ ആവശ്യമായ ശുദ്ധജലം ലഭിക്കുന്നതിനുള്ള ഒരു കുടിനീർസ്രോതസ്സ് അല്ല അവിടെ ഉള്ളത്. നമ്മുടെ പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്തു കുരുങ്ങുമാലിയിൽ ഉള്ള കുളത്തിൽ നിന്ന് പമ്പു ചെയ്യുന്ന വെള്ളം ഏറിയ പങ്കും നീലംപേരൂർ പഞ്ചായത്തു പ്രദേശത്താണ്. വിതരണം ചെയ്യുന്നത്. വളരെ ചെറിയ ഒരു ഭാഗം മാത്രമാണ് ഒന്നാം വാർഡിന്റെ ചില പ്രദേശങ്ങളിൽ ലഭിക്കുന്നത്.

ജലവിഭവം

വാർഡ്	പൊതുകിണർ	പൊതു ടാപ്പുകൾ
1	-	19
2	-	18
3	-	18
4	-	21
5	3	23
6	6	15
7	10	16
8	10	15
9	2	18
10	-	15
11	2	18
12	1	14

മുകളിൽ സൂചിപ്പിച്ച പട്ടികയിൽ നിന്നും നമ്മുടെ പഞ്ചായത്തിൽ ആകെ

തന്നെ ആവശ്യമായ പൊതു ടാപ്പുകൾ ഉണ്ടെന്നു കാണുവാൻ കഴിയും അതുപോലെ തന്നെ ജലവിതരണത്തിനായി ജലം ശേഖരിക്കുന്നതിനുള്ള ടാങ്കുകളും ഉണ്ട്. പക്ഷെ വിതരണം ചെയ്യുന്നതിന് ആവശ്യമായ വെള്ളമില്ല എന്നുള്ളതാണ് അടിസ്ഥാന പ്രശ്നം. ഇത് പരിപൂർണ്ണമായി പരിഹരിക്കപ്പെടണമെന്നുണ്ടെങ്കിൽ നിലവിലുള്ള ജലവിതരണസ്രോതസ്സുകളെ നിലനിർത്തുകയും അവ പൂർണ്ണമായി വിനിയോഗിക്കുകയും ചെയ്യണം. ഇതിനുവേണ്ടി നിലവിലുള്ള കുളങ്ങളും തോടുകളും പൂർണ്ണമായി സംരക്ഷിക്കപ്പെടണം.. ഇതുകൂടാതെ സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ള വറ്റാത്ത ജലസ്രോതസ്സുകളെ ഏറ്റെടുത്തു പൊതുവിതരണത്തിനായി ഉപയോഗിക്കണം. വിവിധ വാർഡുകളിലായി ഇത്തരം കുളങ്ങൾ സ്വകാര്യവ്യക്തികൾക്കുണ്ട്.

നിർദ്ദേശങ്ങൾ

പഞ്ചായത്തു പ്രദേശത്ത് കുളങ്ങൾ മുഴുവൻ സംരക്ഷിച്ചു നില നിർത്തണം. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പള്ളത്തേട്ടു കുര്യാക്കോസിന്റെ പുരയിടത്തിലെ കുളവും 9-ാം വാർഡിൽ ചിറത്തലാട്ട് ഏബ്രഹാം വക പാറക്കുളവും ഏറ്റെടുത്തു കുടിവെള്ളത്തിനുള്ള പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

1. രണ്ടോ മൂന്നോ വാർഡുകൾ കേന്ദ്രീകരിച്ച് ഓരോ ശുദ്ധജലപദ്ധതിക്കു ജലലഭ്യതയുടെ അടിസ്ഥാനത്തിൽ രൂപം കൊടുക്കുക. ഇതിനുവേണ്ടി മണ്ണാൻകുളം, എണ്ണയ്ക്കാച്ചിറ കുളം, ആനക്കുഴി കുളം, പുലിക്കുഴി കുളം, ചേലച്ചിറ കുളം, എന്നീ കുളങ്ങൾ താഴ്ത്തി ശുദ്ധജല പദ്ധതികളാക്കി മാറ്റണം.

പൈപ്പുലൈൻ ഇല്ലാത്ത സ്ഥലങ്ങളിൽ പൈപ്പു ലൈൻ സ്ഥാപിക്കണം.

ഭൂഗർഭജലവകുപ്പിന്റെ സർവ്വേ നടത്തി കുഴൽ കിണർ സ്ഥാപിക്കുവാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ കുഴൽ കിണർ സ്ഥാപിക്കുക.

4. പഴയ പൈപ്പു ലൈൻ മാറ്റി പുതിയവ സ്ഥാപിക്കുക.

5. നിലവിലുള്ള പൊതു കിണറുകൾ സംരക്ഷിക്കുക.

6. അഞ്ചു സെന്റ് ഭൂമിയുള്ളവർക്ക് കിണർ കുഴിക്കുവാൻ ദീർഘകാല വായ്പ ആരംഭിക്കുക.

7. കൂടുതൽ ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ ടാങ്കറുകളിൽ ശുദ്ധജലം എത്തിച്ചു കൊടുക്കുക.

8. കൂടുതൽ ജലം ലഭിക്കുന്ന കുഴൽ കിണറുകളെ പൊതുവിതരണ പൈപ്പു ലൈനുകളുമായി ബന്ധപ്പെടുത്തണം.

9. ജലം മലിനമാകാതിരിക്കാനുള്ള നിയമനടപടികളും ബോധവല്ക്കരണവും നടത്തണം.

10. സ്വന്തമായി വാട്ടർ കണക്ഷൻ ഉള്ള വീട്ടുകാർ മെയിൻ പൈപ്പിന്റെ അടിഭാഗത്തുനിന്നും കണക്ഷൻ നൽകി ഭൂനിരപ്പിൽ താഴെ നിർമ്മിച്ചിരിക്കുന്ന ടാങ്കുകളിൽ ശേഖരിക്കുന്ന നടപടി നിരോധിക്കുക.

11. ശുദ്ധജലവിതരണത്തിന്റെ പൂർണ്ണചുമതല പഞ്ചായത്തിനു നൽകുക.

12. ചേലചിറയിൽ ഉള്ള "സ്വാമിക്കുളം" എന്ന് അറിയപ്പെടുന്ന കുളം വൃത്തിയാക്കി ശുദ്ധജല പദ്ധതി ആരംഭിക്കുക. ആവശ്യമായ സ്ഥലം സംഭാവനയായി ലഭിക്കും.

13. ചെമ്പുചിറ പാടത്തു കിണർ കുഴിച്ച് സചിവോത്തമപുരം കോളനി (പുത്തൻ കോളനി ഭാഗം) യിൽ നിവിലുള്ള ഗ്രൗണ്ടു വാട്ടർ ടാങ്കിൽ സംഭരിച്ചാൽ കുടിവെള്ളക്ഷാമം രൂക്ഷമായിട്ടുള്ള ഈ ഭാഗത്തു കുടിവെള്ളം ലഭ്യമാക്കുവാൻ സാധിക്കും.

14.പൊതു കുഴൽ കിണറുകളുടെ അറ്റകുറ്റ പണികൾ അടിയന്തിരമായി തീർക്കുക.

15. ദീർഘവീക്ഷണത്തോടെ നീർമറികൾ വികസിപ്പിക്കുക.



5-6
ഗതാഗതം ഊർജ്ജം മാർക്കറ്റ്

ഗതാഗതം

കുറിച്ചി പഞ്ചായത്തിനെ രണ്ടായി ഭാഗിച്ചുകൊണ്ട് M.C റോഡ് കടന്നു പോകുന്നു. ആദ്യഘട്ടത്തിൽ ഇടവഴികളും നടപ്പാതകളുമായിരുന്നു ഉണ്ടായിരുന്നത്. 1950 കാലയളവിൽ പഞ്ചായത്തുകൾക്കു മുമ്പുണ്ടായിരുന്ന വില്ലേജ് യൂണിയൻ എന്ന ഭരണസംവിധാനത്തിൽ ഗുണഭോക്താക്കളുടെ സഹകരണത്തോടുകൂടി ഔട്ട്പോസ്റ്റ് - കരുനാട്ടുവാല റോഡ് വില്ലേജ്യൂണിയൻ നിർമ്മിച്ചു. നമ്മുടെ പഞ്ചായത്തിലെ റോഡ്ശൃംഘല സാമാന്യം മെച്ചപ്പെട്ടതാണെങ്കിലും റോഡുകളുടെ അവസ്ഥ ശോചനീയമാണ്. വർഷകാലത്ത് മിക്കറോഡുകളിലും നീർക്കെട്ട് അനുഭവപ്പെടുന്നു. ഓവുചാലുകളുടേയും കലുങ്കുകളുടേയും അഭാവമാണ് ഇതിന് കാരണം. ആവശ്യത്തിനു ഫണ്ട് ഇല്ലായ്മ എല്ലാ വികസനപ്രവർത്തനങ്ങൾക്കും വിലങ്ങുതടിയാകുന്നു. ഈ പഞ്ചായത്തിലെ ഭൂരിഭാഗവും യാത്രയ്ക്കു കാളവണ്ടിയും വലിവണ്ടിയുമായിരുന്നു ഉപയോഗിച്ചു വന്നിരുന്നത്. പിന്നീട് മോട്ടോർ വണ്ടികൾക്കുവേണ്ടി ഇവ വഴിമാറി കൊടുക്കേണ്ടി വന്നു.

ജലഗതാഗതവും ഈ പഞ്ചായത്തിലെ ഒരു പ്രധാനപ്പെട്ട ഗതാഗതമാർഗമായിരുന്നു. പുത്തൂർ കടവ് കല്ലുപുരയ്ക്കൽ കടവ്, കുറിച്ചി പള്ളികടവ്, കല്ലുകടവ് എന്നീ സ്ഥലങ്ങളിൽ ചരക്കുകൾ എത്തിച്ചിരുന്നത്. വള്ളങ്ങൾ മുഖേനയായിരുന്നു. എന്നാൽ ഇപ്പോൾ ഇവ ജലഗതാഗതത്തിന് യോഗ്യമല്ലാതായിരുന്നു. പഞ്ചായത്തിലൂടെ കടന്നു പോയിരുന്ന കരിനാട്ടുവാല ആലപ്പുഴ, കരിനാട്ടുവാല, ചങ്ങനാശ്ശേരി ബോട്ട് സർവീസുകളും നിന്നുപോയിരുന്നു.

നിലവിൽ 18 കി.മി. ടാർ ചെയ്ത റോഡുകൾ ഉണ്ട്. റോഡുകളുടെ ഗുണനിലവാരമില്ലായ്മ, മികച്ച യാത്രാ സൗകര്യത്തിന് അനുയോജ്യമായ വിധം റോഡുകൾ മെച്ചപ്പെടുത്തുക എന്നീ പ്രശ്നങ്ങളും

ഉയർന്നു വന്നിരിക്കുന്നു. അപകടകരമായ വളവുകൾ, റോഡിന്റെ വീതികുറവ്, പാർശ്വങ്ങളിൽ നടപ്പാതയില്ലായ്മ എന്നീ വിഷയങ്ങൾ പരിഗണിക്കപ്പെടേണ്ടതുണ്ട്.

കച്ചറോഡ്	-	51.050 km
പക്കറോഡ്	-	20.900 km
ടാർറോഡ്:	-	
പഞ്ചായത്ത്		6.00 km
PWD	-	12.000 km
മറ്റുള്ളവ	-	22.013 km

ഗ്രാമസഭകളിൽ നിന്നുയർന്ന നിർദ്ദേശങ്ങൾ ഭൂരിഭാഗവും നിലവിലുള്ള ടാർറോഡുകളുടേയും മണ്ണ്റോഡുകളുടേയും ശോചനീയാവസ്ഥ ആസ്പദമാക്കിയുള്ളതാണ്. പൊട്ടിപ്പൊളിഞ്ഞും താറുമാറായും കിടക്കുന്ന റോഡുകളിൽ അടിയന്തരമായി അറ്റകുറ്റപണികൾ നടത്തുക എന്നത് പ്രധാന ആവശ്യമാണ്. ടാർചെയ്യുവാനുള്ള നിർദ്ദേശങ്ങൾ നിരവധിയാണ്. പുതിയ മൺ റോഡുകൾ നിർമ്മിക്കന്നതിനും ധാരാളം നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. മിക്ക നിർദ്ദേശങ്ങളിലും നിലവിലുള്ള ഇടവഴികൾ മൺറോഡാക്കി മാറ്റുവാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

നമുക്കു വണ്ടിത്താവളങ്ങളായി മന്ദിരം കവലയും കുറിച്ചി ഔട്ട്പോസ്റ്റും മാത്രമേയുള്ളൂ. മന്ദിരത്തിൽ 32ഓട്ടോറിക്ഷകളും 25 നുമേൽ കാറുകളും ടെമ്പോകളും, ഓട്ട്പോസ്റ്റിൽ 40-ലധികം ഓട്ടോറിക്ഷാകളും പാർക്കു ചെയ്യുന്നു.

നമ്മുടെ പഞ്ചായത്തിനെ രണ്ടായി ഭാഗിച്ചു റയിൽവേ കടന്നു പോകുന്നു. മീറ്റർ ഗേജ് റയിൽ ആയിരുന്ന സമയത്ത് ഇത്തിത്താനത്ത് ഒരു ഹാൾട്ടിംഗ് സ്റ്റേഷൻ ഉണ്ടായിരുന്നു. എന്നാൽ ബ്രോഡ്ഗേജ് റയിൽ ആയതോടുകൂടി സ്റ്റേഷൻ നിന്നു പോയി.

ഗ്രാമസഭാ നിർദേശങ്ങൾ

*	ഇടനാട്ടു ക്ഷേത്രം	-	മണ്ണങ്കരറോഡ്	-2 കി.മീ
*	പുതിയമഠം മൈതാനം	-	ഇടനാട്ടു ക്ഷേത്രം	-1 കി.മീ.
*	കുന്നേൽ മില്ലു	-	കണ്ണകേരി കടവ്	-1 കി.മീ
*	കൊച്ചുപറമ്പ്	-	കുറിഞ്ഞിക്കാവ് - കോളനി ചിറ	-11/2 കി.മീ
*	മീശമുക്കു	-	വാഴൂത്ര റോഡ്	-800 മീറ്റർ
*	ചെമ്പുചിറപൊക്കം	-	ആനാരി - മില്ലുകവല	-1 കി.മീ.
*	ഔട്ട്പോസ്റ്റ്	-	ലക്ഷം വീട്	-300 മീറ്റർ
*	ചാലച്ചിറതോടിനു തെക്കുവശം റോഡുകൾ നിർമ്മിക്കുക		ബണ്ടുറോഡ് എന്നീ	-500 മീറ്റർ
*	പത്തികടവ്	-	ചിറ്റടിച്ചിറ റോഡ്	- 31/2കി.മീ.

*	M.C. റോഡ്	-	ചന്ദ്രത്തിൽപടി 11/2 കി.മീ.
*	പുന്നക്കാട്ടുമുക്കു	-	പള്ളത്തേട് മുക്ക് -500 മീറ്റർ
*	സെന്റ് മേരീസ് കോളജ്	-	മോസ്ക്കോ കവല -200 മീറ്റർ
*	ആങ്ങനാട്ടുപടി	-	ചോറ്റപറമ്പ് -600 മീറ്റർ
*	പത്തിൽ കടവ്	-	അഞ്ചലശേരി റോഡ് -11/2 കി.മീ.
*	താഴ്ചയിൽ	-	പനയപ്പള്ളി -500 മീറ്റർ
*	മനന്താനത്തു പടി	-	കോലത്തുപടി -500 മീറ്റർ
*	പുത്തൻപള്ളി ജംഗ്ഷൻ	-	റെഡിമെയ്ഡ് കവല -700 മീറ്റർ
*	ഗവ:ഹൈസ്ക്കൂൾ	-	മഴുവഞ്ചേരി റോഡ് -200 മീറ്റർ
*	നക്കരമുക്ക്	-	പറമ്പാട്ടു മുക്ക് - 200 മീറ്റർ എന്നീ റോഡു

കളുടെ പണി പൂർത്തീകരിക്കുക.

*	റെഡിമെയ്ഡ്	-	നക്കരമുക്ക്
*	മഴുവഞ്ചേരി	-	കൊച്ചുപറമ്പ്
*	കാലായിപടി	-	ചാണ്ടിച്ചേരി റോഡ് - എള്ളാലപടി
*	M.C റോഡ്	-	കലിങ്കിൽ കടവ്
*	കൈതാരം മുക്ക്	-	ഈശ്വരൻ പറമ്പ്.
*	ഇല്ലിപറമ്പിൽ ജംഗ്ഷൻ	-	കലിങ്കിൽ കടവ്
*	പാപ്പാംചിറ	-	കോളനി റോഡ്
*	M.C റോഡ്	-	C.M.S സ്ക്കൂൾ റോഡ്
*	പള്ളത്രകവല	-	St.തോമസ് സ്ക്കൂൾ റോഡ്
*	ഔട്ട്പോസ്റ്റ്	-	എണ്ണക്കാച്ചിറ - ഹോമിയോകോളജ് റോഡ്
*	കനകക്കുന്ന്	-	M.C റോഡ്
*	പ്രതിഭാ ജംഗ്ഷൻ	-	S.P കോളനി റോഡ്
*	വില്ലേജ് ഓഫീസ്	-	മുറിയാക്കയ്ൽ പടി - മുട്ടത്തു വർക്കി സ്മാരിക വായനശാല റോഡ്
*	കേളൻ കവല	-	പൊൻപുഴ
*	തച്ചകുന്ന്	-	കളമ്പാട്ടു ചിറ
*	സമിമോത്തമപുരം	-	കോളനി റോഡ്
*	SNDP. ജംഗ്ഷൻ	-	പാപ്പാംചിറ റോഡ്

* മില്ലുകവല - ചെമ്പുചിറപൊക്കം റോഡ്
* കപ്യാരുകവല - ചൂരചിറ റോഡ്
* ഇളങ്കാവ് - പടിഞ്ഞാറേപടി റോഡ്
* കുതിരപടി - പീച്ചാങ്കേരി റോഡ്
* കുതിരപടി - കല്ലുകടവ് റോഡ് എന്നീ റോഡുകൾ ടാർ ചെയ്യുക.
* ചാലച്ചിറ - അഞ്ചൽകുറ്റി റോഡ്
* പുളിമൂട് - കാലയിപ്പടി റോഡ്
* കണ്ണന്ത്രപടി - മലകുന്നം റോഡ്
* മില്ലുകവല - കണ്ണന്ത്രപടി റോഡ് എന്നീ റോഡുകൾ റീ - ടാർ ചെയ്യുക.
* വേലുത്രപടി - പൂവക്കളം റോഡ്
* ചോറ്റപറമ്പ് - കലഞ്ഞൂർ റോഡ്
* കണ്ടാളം കടവ് - മഴുവഞ്ചേരി റോഡ്
* മാമ്പഴക്കൽ പടിഞ്ഞാറു നിന്നും പാടശേഖരങ്ങളിലേയ്ക്കുള്ള വഴി
* ചേരിയിൽ കുന്നുംപുറം - അമ്പാട്ടു പറമ്പ് റോഡ്
* ചെറുവേലിപ്പടി - കാരിക്കോട്ടുവാല റോഡിൽ കയ്യാത്താഴെ ഭാഗത്തുനിന്നും പാടശേഖരങ്ങളിലേയ്ക്കുള്ള ഇടവഴി
* കുറിച്ചി മെഡിക്കൽ ട്രസ്റ്റ് - പാലച്ചുവട്
* മാമ്പുഴാക്കൽ പടി - ചേരാറ്റു കുളം റോഡ്
* മന്ദിരം കവല പാലത്തിൽ നിന്നും റെയിൽവേ റോഡ്
* ചതുരതുണ്ടി - CSI പള്ളിറോഡ്
* എണ്ണക്കാച്ചിറ - വാഴച്ചിറ ഭാഗംറോഡ്
* കുപ്പച്ചേരിപടി - മുഞ്ഞനാട്ട്റോഡ്
* വഞ്ചിപ്പുര - മൈലമൂട്റോഡ്
* ചേലച്ചിറ - കൂമ്പാടിറോഡ്
* ആശാരിപറമ്പ് - ചക്കിട്ട പറമ്പ്റോഡ്

* ചേലചിറ കലുങ്ക് - ചേലചിറ കോളനി റോഡ്
* പാറക്കുളം - തച്ചകുന്നം പെട്ടിതാഴ വഴി
* യോഗത്താൻ മുക്ക് - വെട്ടിതാത്തവഴി
* കുരട്ടിമല - ചീരഞ്ചിറ
* എണ്ണയ്ക്കാച്ചിറ - പുലിക്കുഴി റോഡ്
* വില്ലേജ് ഓഫീസ് - കച്ചറ റോഡ്
* തച്ചകുന്നു - പാലമൂട്
* പൊൻപുഴ - കൊച്ചുപറമ്പ്
* ബാങ്കുപടി - കൂവക്കാട് - കുമരകുളം
* കുമരകുളം - ലക്ഷം വീടു കോളനി - മുട്ടുചിറ
* ബാങ്കുപടി - കണ്ണകേരിപടി
* പുളിമൂട്ജംഗ്ഷൻ - മാടപ്പള്ളിച്ചിറ - പാമ്പൂരാംപാറ
* കൂവക്കാട് - കൊല്ലമറ്റം പടി
* പൊടിപ്പാറ പള്ളി - കല്ലുകടവ്
* അമ്പലക്കോടി - തുണ്ടത്തിൽമുക്ക്
* കാഞ്ഞിരത്തുംമുക്കു - കാലാവടക്കൽ മുക്കു
* മാത്തൻകുന്ന് - പടിഞ്ഞാറേ ഭാഗം റോഡ്
* ശാന്തിറോഡ് - ആനക്കുഴി - മലകുന്നം റോഡ്
* പുല്ലാട്ടു പടി - പുത്തൂർ റോഡ്
* ഫ്രഞ്ചിമുക്കു - ആലഞ്ചേരി റോഡ്
* പീച്ചാംകേരി - തോണി കടവ് റോഡ്
* ഇത്തിത്താനം റെയിൽവേ പാലത്തിൽ നിന്നും തെക്കോട്ടുള്ള ഇടവഴി
* പൊടിപ്പാറ - ചാലച്ചിറ പമ്പു ഹൗസ് റോഡ് എന്നീ റോഡുകളും ഇടവഴികളും വീതി കൂട്ടി സഞ്ചാര യോഗ്യമാക്കുക
* കൂരുവിക്കാട്ടു പാലം സഞ്ചാര യോഗ്യമാക്കുക
* മണ്ണങ്കരമൂലയിൽ നിന്നും ചിങ്ങവനം കുന്നക്കാട്ടു തറ റോഡിലേക്കും ചിറ്റടിചിറയിലേയ്ക്കും പാലം നിർമ്മിക്കുക

* ചന്ദ്രത്തിൽ പടി - പള്ളത്രമുക്കു റോഡിൽ വലതുഭാഗത്ത് കലുങ്കും ഓടയും നിർമ്മിക്കുക.

* കുളങ്ങരപടി - കാഞ്ഞിരക്കാട്ടു പടി റോഡിൽ കുള ങ്ങര പടിയിലുള്ള സ്റ്റെപ്പുകൾ സ്ലോപ്പാക്കി മാറ്റുക

* ചെറുവേലിപടിക - കാരിക്കോട്ടു വാലം റോഡിൽ പടുവ ത്തിൻ ചിറ ഭാഗം മണ്ണിട്ടു നികത്തി സംരക്ഷണഭിത്തി കെട്ടി ടാർ ചെയ്യുക.

* പേരകത്തുമുക്ക് - പാറമുപതു പാലം അമ്മാനി - പാറമുപ്പതു പാലം എന്നീ റോഡുകൾ വീതി കൂട്ടി ടാർ ചെയ്യുക.

* ഔട്ട്പോസ്റ്റു ജംഗ്ഷൻ - നാല്പതു കവല റോഡിൽ റെയിൽവേ ഗെയിറ്റു സ്ഥാപിക്കുക.

* ശങ്കരപുരം - കച്ചറ റോഡിൽ മണ്ണിട്ടു നികത്തി കലു ങ്കും ഓടയും സംരക്ഷണ ഭിത്തിയും കെട്ടി സഞ്ചാരയോഗ്യമാക്കുക.

നിർദ്ദേശങ്ങൾ

1. റോഡുകളുടെ അറ്റകുറ്റപണികൾ കാലാകാലങ്ങളിൽ നടത്തുക.

2. റോഡുകളുടെ നീർകെട്ടു പ്രദേശ ങ്ങൾ മണ്ണിട്ടുയർത്തി കലുങ്കുകളും ഓടക ളും നിർമ്മിക്കുക.

3. പാർശ്വഭിത്തികൾ കെട്ടി റോഡിലെ മണ്ണൊലിപ്പു തടഞ്ഞു സംരക്ഷിക്കുക.

4. റോഡിന്റെ അതിരുകൾ കല്ലു നാട്ടി വേർതിരിക്കുക, റോഡുകൾ കയ്യേറു ന്നതു നിരുത്സാഹപ്പെടുത്തുക, കയ്യേറിയതു നിയമ നടപടികൾ മൂലം തിരിച്ചെടുക്കുക.

5. ഇടവഴികൾ വീതിക്കൂട്ടി സഞ്ചാര യോഗ്യമാക്കുക.

6. പ്രധാന ബസ്സ്റ്റോപ്പുകളിൽ കാത്തിരുപ്പു കേന്ദ്രം സ്ഥാപിക്കുക.

7. റോഡുകളിൽ ബസ് സ്റ്റോപ്പു ബോർഡുകൾ സ്ഥാപിക്കുക.

8. കളമ്പാട്ടു ചിറ - പാലച്ചിറ - കല്ലുകടവ് തോടിന്റെ ആഴം വർദ്ധിപ്പിച്ചു വശങ്ങൾ കരിങ്കല്ലുകെട്ടി വള്ളത്തിലുള്ള ചരക്കു ഗതാഗതം സൗകര്യപ്പെടുത്തുക. ഈ തോട്ടു മാർഗ്ഗം പുതുപ്പള്ളി, വാകത്താനം, കുട്ടനാട്ടു മേഖലകളിൽ ചരക്കെത്തിക്കുവാൻ കഴിയും. നിന്നു പോയ ചാലച്ചിറ ചന്ത പുനർജീവിപ്പിച്ചാൽ കാർഷിക ഉല്പന്നങ്ങൾ വില്ക്കുറവും വാങ്ങുവാനും കഴിയും.

9. കോളനികളിലുള്ള റോഡുകൾ ടാർ ചെയ്യുക.

10. ഇത്തിത്താനത്ത് റയിൽവേ ഹാൾട്ടിംഗ് സ്റ്റേഷൻ പുനരാരംഭിക്കുക.

റോഡുകളുടെ വികസനത്തിനു നമുക്കു കൈമുതലായുള്ളത് ജനശക്തി

യാണ്. ശ്രമദാനം മൂലം പുതിയ റോഡുക ളുടെ നിർമ്മാണം നടത്തുവാൻ കഴിയണം. പഞ്ചായത്തിന്റെ പരിമിതമായ ധനശേഷിയും ഭീമമായ തുകയുടെ ആവശ്യകതയും സുല ഭമായ ആൾബലവും ഒരുമിച്ചു പരിഗണി ക്കുമ്പോൾ നമ്മുടെ മാർഗ്ഗം വ്യക്തമാണ്. റോഡുകളുടെ നിർമ്മാണത്തിന് ആകെ വരുന്ന ചെലവിന്റെ 1/3ഭാഗമെങ്കിലും ശ്രമ ദാന ദിനങ്ങളുടെ വിലയും പൊതു സംഭാ വനയും ചേർത്തതാകണം. എല്ലാ ഗ്രാമസ ഭകളും ഇക്കാര്യത്തിൽ ശ്രമദാനം സംഘടി പ്പിക്കുവാൻ സന്നദ്ധരാണെന്ന് അറിയിച്ചിട്ടു ള്ളത് ശുഭകരമാണ്.

ഊർജ്ജം

വികേന്ദ്രീകൃത ആസൂത്രണത്തിലൂന്നിയ ഒരു ഊർജ്ജനയത്തിന് രൂപം കൊടുത്തെ ങ്കിൽ മാത്രമേ ഊർജ്ജരംഗത്തെ പ്രതി സന്ധി പരിഹരിക്കാനാവൂ. ആഹാരം പാകം ചെയ്യാനാവശ്യമായതും വിറകിൽ നിന്നു ലഭി ക്കുന്നതുമായ ഊർജ്ജം, വിളക്കുകത്തിക്കു ന്നതിനും വ്യവസായിക ആവശ്യത്തിനും ഉപ യോഗിക്കുന്ന വൈദ്യുതോർജ്ജം എന്നതിന്റെ അടിസ്ഥാനത്തിൽ ഇതിനെ കാണണം.

പഴയകാലം മുതൽ തന്നെ വിറക് ആണ് വ്യാപകമായി ആഹാരം പാകം ചെയ്യാൻ ഉപയോഗിച്ചിരുന്നത്. ഇന്നും ഈ സ്ഥിതിയിൽ വലിയ മാറ്റം വന്നിട്ടില്ല. ചുരുക്കം വീടുകളിൽ പാചകവാതകത്തിന്റെ ഉപയോഗം നിലവിൽ വന്നിട്ടുണ്ട്. ഒരു കാലത്ത് നമ്മുടെ തൊടികളിൽത്തന്നെ സുലഭമായിരുന്ന മരങ്ങളിൽ നിന്നും തെങ്ങിന്റെ ഭാഗങ്ങളിൽ നിന്നുമാണ് ആവശ്യ മായ വിറകു ലഭിച്ചിരുന്നത്. മരങ്ങളുടെ സുല ഭത മൂലം ആവശ്യമായ വിറകും ഉല്പാദി ക്കപ്പെട്ടിരുന്ന വിറകും തമ്മിൽ ഒരു സംതു ലിതാവസ്ഥ നിലനിന്നിരുന്നു. എന്നു മാത്ര മല്ല ഇതിൽ നിന്നു കിട്ടിയിരുന്ന ചാരം കൃഷി യുടെ ആവിശ്യത്തിന് വ്യാപകമായി ഉപ യോഗിക്കുകയും ചെയ്തിരുന്നു. വസ്ത്രങ്ങൾ അലക്കുന്നതിനും ചാരം ഉപയോഗിച്ചിരുന്ന തായി കാണുന്നുണ്ട്. ഇന്ന് വിറകിന് പൊതുവേ വിറകു കടകളെയാണ് ആശ്ര യിക്കുന്നത്. ഇത് ഒരു ചെറുകിട വ്യവസാ യമായി വളർന്നിരുന്നു. റബർ വിറകാണ് വ്യാപകമായി വില്പനയിൽ കാണുന്നത്. വിറ കിന്റെ വില വളരെ ഉയർന്ന നിലയിലാണ്.

ചില വീടുകളിലെങ്കിലും മണ്ണെണ്ണ പാചകത്തിന് ഉപയോഗിക്കുന്നുണ്ട്.

കാലിസമ്പത്ത് നന്നായി ഉണ്ട് എങ്കി ലും പാചകവാതകം നിർമ്മിക്കുന്ന ഗോബർ ഗ്യാസ് പ്ലാന്റുകൾ രണ്ടിലോ മൂന്നിലോ ഒതുങ്ങി നില്ക്കുന്നു. സൗരോർജ്ജസെല്ലുക ളും ഉപയോഗിക്കുന്നതായി കാണുന്നില്ല. ഇവ യുടെ വ്യാപനവും ഉപയോഗവും വൻപിച്ച സാധ്യതയുള്ള മേഖലയാണ്.

വൈദ്യുതി

നമ്മുടെ പഞ്ചായത്തിൽ ഒരു മേജർ ഇലക്ട്രിക്കൽ സെക്ഷനുണ്ട്. കുറിച്ചിയിൽ വൈദ്യുതി വിതരണം നടത്തുന്നത് പ്രധാന മായും ഈ മേജർ സെക്ഷൻ ആഫീസു മുഖേനയാണ്.

എന്നാൽ 1,2,3 വാർഡുകളുടെ പടി ഞ്ഞാറൻ പ്രദേശങ്ങളിൽ പുഞ്ച ഇലക്ട്രി ക്കൽ സെക്ഷൻ ആഫീസിൽ നിന്നാണ് വൈദ്യുതി വിതരണം ചെയ്യുന്നത്.

പൂവൻ തുരുത്ത് 220 K.V സബ്സ്റ്റേഷനിൽ നിന്നാണു കുറിച്ചി പഞ്ചാ യത്തിനാവശ്യമായ വൈദ്യുതി വിതരണം നട ക്കുന്നത്. പഞ്ചായത്തുമായി ബന്ധപ്പെട്ടു 15

ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. ട്രാൻസ്ഫോർമറുകളുടെ മുഴുവൻ ശേഷിയും ഈ പഞ്ചായത്തിൽ ഉപയോഗിക്കുന്നില്ല. മറ്റു പഞ്ചായത്തുകൾക്കും വേണ്ടിയാണു സ്ഥാപിച്ചിട്ടുള്ളത്. നിലവിൽ 7082 ഉപഭോക്താക്കൾ ഉണ്ട്. ഗാർഹികം 5984, വ്യാപാരം 823 വ്യവസായം 173 കാർഷികം 120 എന്നിങ്ങനെയാണ്. ട്രാൻസ്ഫോർമറുകളുടെ ശേഷിയും ഉപഭോക്താക്കളുടെ എണ്ണവും പഠിച്ചതിൽ നിന്നും എല്ലാ ട്രാൻസ്ഫോർമറുകളും അധികഭാരം വഹിക്കുന്നതായി മനസ്സിലാക്കുവാൻ കഴിഞ്ഞു. ഉപഭോക്താക്കളുടെ എണ്ണത്തിലും കണക്റ്റെഡ് ലോഡിലും വർദ്ധനവുണ്ടായിക്കൊണ്ടിരിക്കുന്നു. ഊർജ്ജ ഉപയോഗത്തിന്റെ 60% ഗാർഹിക മേഖലയാണ്. കാർഷിക മേഖലയിൽ 5% മാത്രമാണ് ഉപഭോഗം. 65% വീടുകളും വൈദ്യുതീകരിച്ചതാണ് ഇവയിൽ 30% വീടുകളിൽ മാത്രമേ ട്യൂബുലൈറ്റ് ഉള്ളൂ.

വൈദ്യുതി കണക്ഷനു വേണ്ടിയുള്ള അപേക്ഷകരിൽ 203 ഓർഡിനറിയും 9 ഒ.വൈ.ഇ.സി സും കണക്ഷൻ ലഭിക്കുവാൻ ബാക്കിയുണ്ട്. പഞ്ചായത്തിൽ ആകെ 997 വഴിവിളക്കുകളിൽ 90 ട്യൂബുലൈറ്റുകൾ മാത്രമാണുള്ളത്.

വൈദ്യുതി ഉപഭോക്താക്കൾക്കുള്ള പ്രധാന പ്രശ്നം വോൾട്ടത കുറവാണ്.

സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന കുടുംബങ്ങൾ സ്റ്റെപ് അപ്പ് ട്രാൻസ്ഫോർമറുകൾ ഉപയോഗിക്കുന്നത് കൂടുതൽ വോൾട്ടത കുറവു രൂക്ഷമാക്കുന്നു. വീടുകളുടെ കണക്റ്റെഡ് ലോഡ് വൈദ്യുതി ബോർഡിന്റെ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ കൂടുതലാണ് എന്നാണ്.

പട്ടിക

വാർഡു നമ്പർ	ഫ്ളൂറസെന്റ് ലാമ്പ്	ബൾബ്	ആകെ
1	4	83	87
2	6	86	92
3	6	88	94
4	9	56	65
5	9	68	77
6	14	89	103
7	8	69	77
8	7	51	58
9	6	72	78
10	3	74	77
11	3	93	96
12	5	88	93
ആകെ	80	917	997

അവലംബം-പഞ്ചായത്തു രേഖകൾ

അതേപോലെ തന്നെ 3% മീറ്ററുകൾ കേടാണ്. ആറുമാസത്തിലൊരിക്കൽ മീറ്റർ പരിശോധിച്ചു ബില്ലു നിർണ്ണയിക്കുന്ന രീതിയാണു നിലവിലുള്ളത്. വൈദ്യുതിമോഷണം പഞ്ചായത്തിൽ വളരെ കുറവാണ്. പ്രേക്ഷണ വിതരണ സംവിധാനങ്ങളുടെ തകരാറുകാരണമാണ് വൈദ്യുതി നഷ്ടം ഉണ്ടാകുന്നത്. വൈദ്യുതി ലൈനുകളിൽ മുട്ടിക്കിടക്കുന്ന മരച്ചില്ലകൾ മുറിച്ചുമാറ്റിയും വിതരണം ശാസ്ത്രീയമായി പുനക്രമീകരണം നടത്തിയും വോൾട്ടതകുറവ് ഒരു പരിധി വരെ പരിഹരിക്കുവാൻ സാധിയ്ക്കും.

ഈ പഞ്ചായത്തിലെ 65% വീടുകളിലും വിറകു അടുപ്പുകളാണ് പാചകത്തിനുപയോഗിക്കുന്നത്. തന്മൂലം വളരെ അധികം മരങ്ങൾ പരിസ്ഥിതിക്കു കോട്ടം തട്ടുന്ന രീതിയിൽ മുറിച്ചുമാറ്റപ്പെടുന്നു. കൂടാതെ വിലയ്ക്കു വിറകു വാങ്ങേണ്ടി വരുന്നു. ഇതു ഒഴിവാക്കുന്നതിന് എല്ലാ വീടുകളിലും ദക്ഷതകൂടിയ അടുപ്പുകളും, ബയോഗ്യാസ് അടുപ്പുകളും വിളക്കുകളും സ്ഥാപിക്കുകയാണുത്തമം. സാധാരണ മൂന്നു കല്ലു വച്ച അടുപ്പുകളാണു ഉപയോഗിക്കുന്നത്. ഇതിൽ നാലുഭാഗത്തും തീകാണത്തക്കരീതിയിൽ വിറകു വച്ചു കത്തിക്കുന്നു. അപ്പോൾ അടുപ്പിൽ നിന്നും പുറത്തേയ്ക്കു വരുന്ന ചൂട് ഏറ്റ് സ്ത്രീകൾക്കു ഉദരസംബന്ധമായ അസുഖങ്ങൾ ഉണ്ടാകുന്നു. കൂടാതെ വിറകിനു വേണ്ടി വളരെ അധികം പണം ചെലവഴിക്കുന്നു. ഇതിൽ നിന്നും രക്ഷ നേടുവാൻ ദക്ഷതകൂടിയ പരിഷത്ത് അടുപ്പുകൾ കൊണ്ടു സാധിയ്ക്കും.

രണ്ടു പശുക്കളെ വളർത്തുന്ന കുടുംബങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുവാൻ കഴിയും. കൃഷിവകുപ്പിൽ നിന്നും ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസിൽ നിന്നും ധനസഹായം ലഭിക്കും.

പാചക ഊർജ്ജം ലാഭിക്കുന്നതിനു സാധിയ്ക്കുന്ന ഉപകരണങ്ങളാണ് കച്ചിപ്പെട്ടി, പ്രഷർകുക്കർ തുടങ്ങിയവ ഇതു മൂലം വലിയ ഒരളവിൽ ഇന്ധനവും സമയവും ലാഭിയ്ക്കുവാൻ കഴിയും. നമ്മുടെ വീടുകളിൽ അരിവയ്ക്കുമ്പോഴാണ് കൂടുതൽ ചെലവാകുന്നത്. അരിയ്ക്കുള്ള വെള്ളം തിളച്ചു കഴിഞ്ഞാൽ പിന്നെ അടുപ്പു കത്തിയ്ക്കേണ്ട ആവശ്യമില്ല. വെപ്പുപാത്രത്തിലെ ചൂട് നിലനിർത്തിയാൽ മതി. ഇതിനു ഒരു നല്ല താപപ്രതിരോധ ശേഷിയുള്ള ഒരു പെട്ടിയിൽ പാത്രം ഇറക്കിവച്ച് അടച്ചുവച്ചാൽ മതി. ഇതിനുള്ള ഒരു ലഘുമാതൃകയാണു കച്ചിപ്പെട്ടി. ഒരു വീഞ്ഞപ്പെട്ടിയിൽ വൈക്കോലോ, ചകിരിയോ ഇട്ടു താപപ്രതിരോധം സൃഷ്ടിച്ചു അടച്ചുവയ്ക്കാൻ സഹായിക്കുന്ന ഉപകരണം. ദക്ഷത കൂടിയ മണ്ണെണ്ണ സ്റ്റൗ ഉപയോഗിച്ചു ഊർജ്ജലാഭം വരുത്തുവാൻ കഴിയും. സബ്സിഡിയോടുകൂടി അനർട്ട് IREP യിലൂടെ സ്റ്റൗവിതരണം ചെയ്യുന്നുണ്ട്. അതുപോലെ പമ്പുസെറ്റുകളിൽ ഭാരവും ഘർഷണവും കുറഞ്ഞ ഫ്രിക്ഷൻലെസ് ഫുട് വാൽവുകൾ ഉപയോഗിച്ചാൽ ഊർജ്ജ ലാഭം വരുത്തുവാൻ കഴിയും.

വെളിച്ചത്തിനു ട്യൂബുലൈറ്റുകളും കോംപാക്റ്റ് ഫ്ളൂറസെന്റ് ലാമ്പുകളും ഉപയോഗിച്ചു ഊർജ്ജലാഭം വരുത്താം.

ഗ്രാമസഭ നിർദ്ദേശങ്ങൾ

* പരീക്ഷണാടിസ്ഥാനത്തിൽ 1 സൗരോർജ്ജവിളക്കുകൾ സ്ഥാപിക്കുക.

* YMA ഭാഗം, നടപ്പുറം ഭാഗം. ചേലചിറ, കേളൻ കവല, കല്ലുകടവ് എന്നിവിടങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക. കളമ്പാട്ടുചിറയിൽ നിലവിലുള്ള ട്രാൻസ്ഫോർമർ മാറ്റി ശേഷി കൂടിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

* സ്ട്രീറ്റ്‌ലൈറ്റുകൾ സ്ഥാപിക്കുക. ജംഗ്ഷനുകളിൽ ട്യൂബ്‌ലൈറ്റുകൾ സ്ഥാപിക്കുക. മന്ദിരം ജംഗ്ഷനിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക. OLH കോളനികളിലും 4 സെന്റ് കോളനികളിലും വഴിവിളക്കുകൾ സ്ഥാപിക്കുക.

* പാട്ടാശേരിമുക്ക് കുന്നേൽ പുരയിടത്തിന്റെ വടക്കുഭാഗം, എണ്ണക്കാച്ചിറ വടക്കുഭാഗം, എണ്ണക്കാച്ചിറ പടിഞ്ഞാറുഭാഗം തുടങ്ങി വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുക.

* നടപ്പുറം ഭാഗത്തു അനുവദിച്ച 11 K.V ലൈൻ കഴിഞ്ഞ ഗവ.കാലത്തു മന്ത്രി സ്റ്റേ ചെയ്തത് ഒഴിവാക്കുക.

* കാർഷിക മേഖലയിൽ മോട്ടോർ കണക്ഷൻ നൽകുക.

* വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഉത്തരവാദിത്വം പഞ്ചായത്തിനെ ഏൽപ്പിക്കുക.

* കാലായിൽ പടിയിൽ നിന്നും പടിഞ്ഞാറു ഭാഗത്തേയ്ക്കുള്ള ലൈൻ ത്രീ ഫെയ്സ് ലൈൻ ആക്കുക.

* കാരിക്കോട്ടുകടവ് അഞ്ചൽ കുറ്റിവരെയുള്ള ഉപഭോക്താക്കളെ പുഞ്ചാ സെക്ഷനിൽ നിന്നും കുറിച്ചി സെക്ഷന്റെ കീഴിലാക്കുക.

* അനർട്ടു മുഖേന സൂര്യവിളക്കുകൾ സ്ഥാപിക്കുക.

* സാമ്പത്തിക പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്കു സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുക.

* ദുർബലവിഭാഗങ്ങൾക്കു സൗജന്യ നിരക്കിൽ വൈദ്യുതി നൽകുക.

* ബയോഗ്യാസ് പ്ലാന്റ് പദ്ധതി നടപ്പിൽ ആക്കുക.

* ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ദക്ഷത കൂടിയ പരിഷത്ത് അടുപ്പുകൾ സബ്സിഡി തുക നൽകി പഞ്ചായത്തിലുള്ള എല്ലാ കുടുംബങ്ങളിലും സ്ഥാപിക്കുക.

* വൈദ്യുതി ബോർഡ് ജനസമ്പർക്ക പരിപാടി നടപ്പിലാക്കുക.

എല്ലാ ഗ്രാമസഭകളും വഴിവിളക്കുകൾക്കുവേണ്ട നീണ്ട പട്ടിക തന്നെ സമർപ്പിച്ചിരിക്കുന്നു.

നിർദേശങ്ങൾ

1. എല്ലാ വൈദ്യുതി ലൈനുകളും ത്രീഫെയ്സ് ലൈനുകളാക്കി മാറ്റുക.

2. ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു ശാസ്ത്രീയമായ രീതിയിൽ പ്രേക്ഷണ വിതരണ സംവിധാനം പരിഷ്ക്കരിക്കുക.

3. പഞ്ചായത്തു ചുമതലയിൽ സബ്സിഡിയോടുകൂടി ദക്ഷതക്കൂടിയ വിറകു അടുപ്പുകൾ സ്ഥാപിക്കുക

4. സബ്സിഡിയോടുകൂടി ആവശ്യക്കാർക്കു ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുക.

5. ദക്ഷതകൂടിയ മണ്ണെണ്ണ സ്റ്റൗ അനർട്ടിന്റെ സഹായത്തോടുകൂടി വിതരണം ചെയ്യുക.

6. ഊർജ്ജ ഉപയോഗം കുറയ്ക്കുന്നതിനു ദക്ഷതക്കൂടിയ അടുപ്പ്, കച്ചിപ്പെട്ടി

ബയോഗ്യാസ് പ്ലാന്റ്, സൂര്യവിളക്ക് കോംപാക്റ്റ് ഫ്ളൂറസെന്റ് ലാമ്പ് എന്നിവയെ സംബന്ധിച്ചുള്ള ബോധവൽക്കരണ പരിപാടി പഞ്ചായത്തു നടപ്പിലാക്കുക.

7. വഴിവിളക്കുകൾക്കുള്ള ഉപകരണങ്ങൾ വാങ്ങിസ്ഥാപിക്കുവാനും മീറ്റർ അനുസരിച്ചു വൈദ്യുതി ചാർജ്ജ് അടയ്ക്കുവാനുമുള്ള അനുവാദം പഞ്ചായത്തുകൾക്കു നൽകുക.

8. വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ അടിയന്തരമായി വൈദ്യുതി എത്തിക്കുക.

9. ലക്ഷംവീടു കോളനികൾ 4 സെന്റു കോളനി എന്നിവടങ്ങളിൽ ഉൾപ്പെടെ വഴിവിളക്കുകൾ സ്ഥാപിക്കുക.

10. നിർധനരും ദരിദ്രരുമായവർക്കു സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുക.

11. ദുർബലവിഭാഗങ്ങൾക്കു സൗജന്യ നിരക്കിൽ വൈദ്യുതി നൽകുക.

12. വൈദ്യുതി ലൈനുകളിൽ മുട്ടിക്കിടക്കുന്ന എല്ലാ വൃക്ഷശാഖകളും അടിയന്തരമായി മുറിച്ചുമാറ്റുക.

13. സമ്പന്നകുടുംബങ്ങളിൽ സ്റ്റെപ് അപ് ട്രാൻസ്ഫോർമർ ഉപയോഗിക്കുന്നതിനെതിരെ ബോധവൽക്കരണം നടത്തുക.

14. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ബോർഡ് ജീവനക്കാരുടെ വിമുഖത ഒഴിവാക്കുക.

15. ബോർഡിന്റെ പ്രവർത്തനം ജനകീയ പരിശോധനയ്ക്കു വിധേയമാക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക.

മാർക്കറ്റ്

നമ്മുടെ പഞ്ചായത്തിൽ മാർക്കറ്റുകൾ ഒന്നും തന്നെയില്ല. ഇത് നമ്മുടെ പഞ്ചായത്തിൽ ലഭിക്കാമായിരുന്ന പണത്തിന്റെ ഒഴുക്ക് മറ്റു പ്രദേശങ്ങളിലേക്ക് ഉണ്ടാകുവാൻ കാരണമാകുന്നു. ചിങ്ങവനം, കോട്ടയം, ചങ്ങനാശ്ശേരി എന്നീ മാർക്കറ്റുകളിലാണ് നമ്മുടെ കാർഷികോല്പന്നങ്ങൾ വില്ക്കുന്നതും ആവശ്യമുള്ള നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതും. പഞ്ചായത്ത് ചാലച്ചിറയിൽ ഒരു മാർക്കറ്റ് സ്ഥാപിച്ചു എങ്കിലും കാലക്രമേണ പ്രവർത്തനമില്ലാതെ വരികയാണു ചെയ്തത്. നമ്മുടെ കൃഷിക്കുള്ള ജൈവ വസ്തുക്കൾ (ചാണകം, ചാരം തുടങ്ങിയവ) കുട്ടനാട്ടിൽ നിന്നും വള്ളത്തിൽ കല്ലുകടവ്, ചാലച്ചിറ എന്നിവിടങ്ങളിൽ എത്തുമായിരുന്നു. അവ വാങ്ങി കർഷകർ ഉപയോഗിച്ചിരുന്നു. ഇപ്പോൾ വള്ളങ്ങൾ ചാലച്ചിറയിൽ എത്തുകയില്ല.

കളമ്പാട്ടുചിറ-ചാലച്ചിറ-കല്ലുകടവ്-കണ്ണംപേരൂർചിറ തോട് ആഴം കൂട്ടി പാർശ്വഭിത്തി കെട്ടി സൂക്ഷിച്ചാൽ വള്ളങ്ങൾക്കുള്ള സഞ്ചാരസൗകര്യം ലഭിക്കും.

ചാലച്ചിറയിൽ പഞ്ചായത്ത് ഷോപ്പിംഗ് സെന്റർ സ്ഥാപിക്കുകയും നിത്യോപയോഗ സാധനങ്ങൾ ഇഷ്ടാനുസരണം തെരഞ്ഞെടുക്കാൻ കഴിയുകയും ചെയ്താൽ ഇവിടെ മാർക്കറ്റ് ആക്കി മാറ്റുവാൻ കഴിയും. കരമാർഗ്ഗവും ജലമാർഗ്ഗവും യാത്രാ സൗകര്യം ലഭിക്കുമെന്നതിനാൽ മാർക്കറ്റിന് പുരോഗതി ഉണ്ടാകും.

കുറിച്ചി ഔട്ട് പോസ്റ്റിന് സമീപം മാർക്കറ്റ് സ്ഥാപിച്ചാൽ കരമാർഗ്ഗമായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളുമായി ബന്ധപ്പെടുവാൻ കഴിയും.

5-7

സാമൂഹ്യക്ഷേമവും പാർപ്പിടവും



സാമൂഹ്യക്ഷേമം

സാമൂഹ്യരംഗത്ത് കേരളത്തിന്റെ പ്രവർത്തനം ഇൻഡ്യയ്ക്ക് ആകെത്തന്നെ മാതൃകയാണ്. രണ്ടുതരത്തിലുള്ള സ്കീമുകൾ ഇന്ന് സംസ്ഥാനത്ത് നിലവിലുണ്ട്. ഒന്നാമത്തേത് സംസ്ഥാന സർക്കാരിന്റെ പൂർണ്ണസഹായത്തോടു കൂടിയതും, രണ്ടാമത്തെത് തൊഴിൽ ഉടമയുടെയും തൊഴിലാളികളുടെയും പങ്കാളിത്തത്തോടുകൂടിയതുമാണ്.

മേൽപ്പറഞ്ഞ എല്ലാ ക്ഷേമപദ്ധതികളും ഈ പഞ്ചായത്തിൽ നടപ്പിലുണ്ട്. ലഭിച്ച കണക്കനുസരിച്ച് നാളിതുവരെ വിവിധ ക്ഷേമപദ്ധതി മുഖേന അർഹരായവർ വളരെയധികം പേർ ഈ പഞ്ചായത്തിലുണ്ട്. ഇതിനായി IRDP സർവ്വെപ്രകാരം തയ്യാറാക്കിയ ലിസ്റ്റനുസരിച്ച് 1302 പേർക്ക് സഹായം ലഭിച്ചിട്ടുണ്ട്. അർഹരായവരിൽ 2462 പേർ ഇപ്പോൾ പദ്ധതിയുടെ ഗുണം ലഭിക്കാതെ അവശേഷിക്കുന്നു. ഇതിനു കാരണം പദ്ധതിയെക്കുറിച്ച് ജനങ്ങളുടെ അറിവു കുറവും ഉദ്യോഗതലത്തിൽ ഉള്ള സഹകരണക്കുറവുമാണ്.

മാടപ്പള്ളി ബ്ലോക്കിന്റെ നിയന്ത്രണത്തിൽ പദ്ധതി നടപ്പിലാക്കിയിരുന്നു. 18 വയസ്സു മുതൽ 35 വയസ്സുവരെ പ്രായമുള്ള യുവതീ യുവാക്കൾക്ക് തൊഴിൽ പരിശീലനം നല്കിയതിന്റെയും സ്വയം തൊഴിൽ കണ്ടെത്തിയവരുടെയും സ്ഥിതിവിവരം താഴെപട്ടിക 2ൽ കൊടുക്കുന്നു.

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിന് വേണ്ടി പത്തോ അതിൽ അധികമോ ആളുകൾ കൂട്ടായി പ്രവർത്തിക്കുന്ന രംഗമാണ് D W C R A. ഈ പദ്ധതി പ്രകാരം സഹായം ലഭിച്ച ആളുകളുടെ വിവരം താഴെ ചേർക്കുന്നു.

ക്രമനമ്പർ	തൊഴിൽസംരഭത്തിന്റെ ഇനം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്നവരുടെ എണ്ണം	പ്രവർത്തനക്ഷമത സംബന്ധിച്ചുള്ള വിവരം
1.	അഞ്ജലി ഫാഷൻ അമ്പ്രല്ലാ യൂണിറ്റ്	1994	10	പ്രവർത്തനം കാര്യക്ഷമമല്ല
2.	ഐശ്വര്യ കയർ പ്രഡക്ഷൻ സചിവോത്തമപുരം	1995	10	തൃപ്തികരം
3.	സചിവോത്തമപുരം ജനതാ കൂൺ കൃഷി കേന്ദ്രം ഇത്തിത്താനം	1995	10	തൃപ്തികരമല്ല.
	അവലബം ഗ്രാമ വികസന വകുപ്പ്			

ഇതിൽ ഇത്തിത്താനത്ത് പ്രവർത്തിക്കുന്ന ജനതാ കൂൺകൃഷി യൂണിറ്റ് പ്രതിസന്ധിയിലാണ്. സാങ്കേതിക പരിശീലനക്കുറവു കൊണ്ട് ഉൽപ്പന്നത്തിന്റെ ഗുണമേന്മക്കുറവും അതോടൊപ്പം വിപണിയുടെ അപര്യാപ്തതയുമാണ് ഇതിനു പ്രധാന കാരണം. കൂടാതെ നടത്തിപ്പുകാരുടെ യോജിപ്പുകുറവും മറ്റൊരു കാരണമാണ്.

അഞ്ജലി അമ്പ്രല്ലാ യൂണിറ്റിന്റെ പ്രവർത്തനവും കാര്യക്ഷമമല്ല. വൻകിട ഫാക്ടറികളിൽ നിർമ്മിക്കുന്ന കുടകളോട് മത്സരിക്കുന്നതിനുള്ള കഴിവ് ഇല്ല. പ്രവർത്തകരുടെ ഇടയിൽ യോജിപ്പില്ല.

ഐശ്വര്യ കയർ പ്രൊഡക്ട് യൂണിറ്റിന്റെ പ്രവർത്തനം സാമാന്യം തൃപ്തികരമാണ്.

സാമൂഹ്യക്ഷേമ വകുപ്പുവഴിയും മറ്റു വകുപ്പുകൾ വഴിയും ഈ പഞ്ചായത്തിൽ സഹായം ലഭിച്ചിട്ടുണ്ട്. പട്ടിക 2 നോക്കുക.

അർഹരായ മുഴുവൻ ആളുകൾക്കും നാളിതു വരെ സഹായം ലഭിച്ചിട്ടില്ല. കൂടാതെ അനുവദിച്ചവർക്കു പോലും കൃത്യമായി കിട്ടുന്നില്ലെന്നുള്ളത് ബുദ്ധിമുട്ടുണ്ടാക്കുന്നവയാണ്. ഇത് അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

ICDS പദ്ധതി പ്രകാരം ഈ പഞ്ചായത്തിൽ പന്ത്രണ്ടു വാർഡുകളിലായി 28 അംഗൻവാടികൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ അംഗൻവാടികൾ എല്ലാം സാമാന്യം തൃപ്തികരമായി പ്രവർത്തിച്ചുവരുന്നു. സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാതെ പ്രവർത്തിച്ചു വരുന്ന അംഗൻവാടിയുമുണ്ട്. നിലവിലുള്ള ചട്ടപ്രകാരം ജനസംഖ്യാനുപാതികമായി അംഗൻവാടികളുടെ എണ്ണം വർദ്ധിപ്പിക്കണം. അംഗൻവാടികളിൽ സാനിട്ടേഷൻ സൗകര്യം കുറവാണ്. ഇത് പരിഹരിക്കണം. ശിശുക്കൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഉള്ള പോഷകാഹാരവിതരണം കുറ്റമറ്റതാക്കണം.

ഈ മേഖലയിൽ പ്രവർത്തിക്കുന്ന വരുടെ വേതനം അടിയന്തിരമായി ഉയർത്തേ ണ്ടതാണ്. ഇവരുടെ സേവനം പരിശോധി ച്ചാൽ വളരെ തുശ്ചമായ വേതനമാണ് അവർക്കു ലഭിക്കുന്നത്. അതുകൊണ്ടുതന്നെ അംഗൻവാടി ജീവനക്കാരെ ഗവ. ജീവനക്കാ രായി പരിഗണിച്ച് ഈ കാലഘട്ടത്തിൽ ജീവിക്കുന്നതിനുള്ള വേതനം ലഭ്യമാക്കണം.

ഈ പഞ്ചായത്തിൽ മൂന്നു നഴ്സറി സ്കൂളുകൾ പ്രവർത്തിച്ചു വരുന്നു. ഇതിന്റെ പ്രവർത്തനം നല്ല നിലയിലാണ്. ഒരെണ്ണം പട്ടിക ജാതിയിൽ പെടുന്നവർക്കുവേണ്ടി സചിവോത്തമപുരത്തും മറ്റ് രണ്ടെണ്ണം സ്വകാര്യ മേഖലയിൽ പ്രവർത്തിച്ചു വരുന്നവ യുമാണ്.

പഞ്ചായത്തിലെ 14 റേഷൻ കടകളി ലായി, 28783 ഗുണഭോക്താക്കളുണ്ട്. ഇവരിൽ 12 വയസ്സിൽ താഴെയുള്ളവർ 4749 വരും. റേഷൻ കടകൾ കൂടാതെ പഞ്ചായ ത്തിൽ സിവിൽ സപ്ലൈസിന്റെ 1 മാവേലി സ്റ്റോറും പ്രവർത്തിക്കുന്നു. 3 സഹകരണ ബാങ്കുകളുടെയും നേതൃത്വത്തിൽ കൺസ്യൂ മർ സ്റ്റോറുകളും പ്രവർത്തിക്കുന്നുണ്ട്. പൊതുവിതരണ രംഗത്ത് റേഷൻ കടകൾ കഴിഞ്ഞാൽ ഏറ്റവും ഗുണപരമായ സഹായം ചെയ്യുന്നത് മാവേലി സ്റ്റോറുകളാണ്. കൂടു തൽ മാവേലി സ്റ്റോറുകൾ തുറക്കുന്നതി ലൂടെ ഇത് കൂടുതൽ വ്യാപകമാക്കാം.

വികലാംഗ പെൻഷൻ

പഞ്ചായത്തിൽ 443 വികലാംഗരുണ്ട്. ഇവരുടെ വാർഡ് തിരിച്ചുള്ള വിഭജനം താഴെ ചേർക്കുന്നു.

എന്നാൽ മുഴുവൻ വികലാംഗർക്കും പെൻഷൻ ലഭിക്കുന്നില്ല. 1995-96 -ൽ പെൻഷൻ ലഭിച്ചവരുടെ എണ്ണം കേവലം 14 ആണ്. ഇവർ ക്കുവേണ്ടി കൂടുതൽ തുക നീക്കി വയ്ക്കണം.

കൂടാതെ വാർദ്ധക്യകാല പെൻഷൻ, അഗതി പെൻഷൻ, ക്ഷയരോഗികൾ ക്കായുള്ള പെൻഷൻ, വിധവാ പെൻഷൻ, അവശകലാകാരൻമാർക്കുള്ള പെൻഷൻ തുടങ്ങിയവ ലഭിക്കുന്നവരുടെ എണ്ണം പട്ടിക 2 ൽ ചേർത്തിട്ടുണ്ട്. അർഹതയുള്ളവരിൽ ഒരു ന്യൂനപക്ഷത്തിന് മാത്രമേ ഇപ്പോൾ ലഭിക്കുന്നുള്ളൂ.

പെൻഷനുകളും ആനുകൂല്യങ്ങളും അർഹരായ മുഴുവൻ ആളുകൾക്കും കൊടു ക്കുന്നതിനുള്ള സംവിധാനം ചെയ്യണം. കൂടാ തെ പെൻഷനുകളുടെ വിതരണം പൂർണ്ണ മായും ഗ്രാമ പഞ്ചായത്തിന്റെ ചുമതലയിൽ കൊണ്ടുവരികയും വേണം.

പ്രായം	സ്ത്രീ	പുരുഷൻ
5 വയസ്സിൽ താഴെ	4	9
5 വയസ്സിനും 10 വയസ്സിനും ഇടയിൽ	14	20
10നു മുകളിൽ 18 വരെ	19	38
18നു മുകളിൽ 25 വരെ	25	32
25 നു മുകളിൽ 40 വരെ	64	86
45 നു മുകളിൽ 60 വരെ	35	48
60 നു മുകളിൽ	26	23
	187	256

ഈ പഞ്ചായത്തിലെ സാമൂഹ്യക്ഷേമരംഗത്തെ പ്രശ്നങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ മുന്തിയ പരിഗണന നൽകേണ്ടത് കോളനിക്കാൾക്കാണ്. കോളനികളുടെ നാടാണ് ഈ പഞ്ചായത്ത്, സെറ്റിൽമെൻറു കോളനികളും ലക്ഷംവീടു കോളനികളും മടക്കം 126 കോളനികൾ ഇവിടെയുണ്ട്. ചില കോളനികൾക്കും വേണ്ടി എടുത്തിട്ടുള്ള സ്ഥലം ജനവാസത്തിനുപറ്റിയതല്ല. പ്രത്യേകിച്ച് ചേലച്ചിറ കോളനി. രണ്ടു ദിവസം അടുപ്പിച്ചു മഴ പെയ്താൽ ഈ കോളനി വെള്ളത്തിനടിയിലാകും. കോളനികൾക്ക് സ്ഥലം വാങ്ങുവാൻ ഗവൺമെൻറ് നിശ്ചിയക്കുന്ന തുക തീരെ അപര്യാപ്തമാണ്. ഇതുമൂലമാണ് നല്ല സ്ഥലം കിട്ടാതെ വരുന്നത്. കോളനി നിവാസികളുടെ ജീവിതം ഏറെ ദുസ്സഹമാണ്. പകർച്ചവ്യാധികൾ ആദ്യം പടർന്നു പിടിക്കുന്നത് കോളനികളിലാണ് പലപ്പോഴും ശുദ്ധജല ദൗർലഭ്യം കൊണ്ടാണ് ഇവിടെ രോഗങ്ങളുണ്ടാകുന്നത്. ശുചിത്വ ബോധക്കുറവ് കോളനികളുടെ മറ്റൊരു പ്രശ്നമാണ്. വ്യക്തി ജീവിതത്തിലും സാമൂഹ്യ ജീവിതത്തിലും ശുചിത്വം ഒരു ജീവിത ശൈലിയാക്കുന്നതിനുള്ള ബോധപൂർവ്വമായ പ്രവർത്തനങ്ങൾ ഉണ്ടാകണം. തൊഴിലില്ലായ്മ കോളനികളെ തുറിച്ചുനോക്കുന്ന ദുർഭൂതമാണ്. കോളനികളുടെ ഡ്രെയിനേജു പ്രശ്നവും സാനിട്ടേഷൻ പ്രശ്നവും ഗൗരവമായി നിലനിൽക്കുന്നു. ഇവരുടെ വിദ്യാഭ്യാസ നിലവാരവും മെച്ചപ്പെടുന്നില്ല. സ്വന്തമായി പത്രം വരുത്തിവായിക്കുന്നവർ വിരലിലെണ്ണാവുന്നവർ മാത്രമാണ്. കോളനികൾക്കുവേണ്ടി ചില ക്ഷേമപദ്ധതികൾ ഉണ്ടെങ്കിലും അവയിൽ പലതും ഫലപ്രദമാകുന്നില്ല. പൊൻപുഴ, എണ്ണയ്ക്കാചിറ, ചേലച്ചിറ, എന്നീ കോളനി ഐ.എച്ച്. ഡി.പി. കോളനികളായി പ്രഖ്യാപിച്ച് തീവ്രസാങ്കേതിക വികസനം പരിപാടികൾ നടത്തിയിട്ടും പ്രശ്നങ്ങൾ ബാക്കി നിൽക്കുന്നു. കോളനികൾക്കുവേണ്ടിയുള്ള പ്രത്യേക സാമൂഹിക ക്ഷേമ പദ്ധതികൾ ആവിഷ്കരിക്കണം.

പഞ്ചായത്തിലെ 28 അംഗൻ വാടികളിൽ, 20 അംഗൻ വാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്. നാലംഗൻവാടികൾക്ക് സ്വന്തമായി സ്ഥലമുണ്ട്. എന്നാൽ കെട്ടിടമില്ല. സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത നാല് അംഗൻവാടികൾ ഉണ്ട്. ചുരുക്കം അംഗൻവാടികൾക്കു മാത്രമെ സാനിട്ടേഷൻ സൗകര്യമുള്ളു. അംഗൻവാടികൾക്ക് സാനിട്ടേഷൻ സൗകര്യം ഉണ്ടാക്കുന്നതിന് പ്രത്യേക ഊന്നൽ നൽകണം. ഗർഭിണികളായ സ്ത്രീകൾക്ക് സി.എസ്. ബി., സോയാബിൻ ഓയിൽ എന്നിവയാണ് പോഷകാഹാരമായി അംഗൻവാടികൾ മുഖേന നൽകുന്നത്. പോഷകാംശമുള്ള കൂടുതൽ ആഹാരങ്ങൾ നൽകണം.

വികലാംഗർക്കുള്ള ക്ഷേമ പദ്ധതികൾ കാര്യമായി ഒന്നും തന്നെയില്ല. വികലാംഗ പെൻഷൻ മാത്രമാണ് ഇപ്പോഴുള്ളത്. അതും ചുരുക്കം പേർക്ക് കിട്ടുന്നുള്ളു. വികലാംഗർക്ക് വേണ്ടി പഞ്ചായത്തിൽ അവർക്കു ചെയ്യാൻ പറ്റുന്ന തൊഴിൽ സംരംഭങ്ങൾ ഉണ്ടാകണം. ഇതിനുപഞ്ചായത്ത് മുൻകയ്യെടുക്കണം.

വിധവകളായ സ്ത്രീകൾക്കു വിധവാ പെൻഷൻ, പാവപ്പെട്ട വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം എന്നിവയാണ് ഇപ്പോഴുള്ളത്. വിധവകൾക്ക് പ്രത്യേക പരിഗണനകൊടുത്തു കൊണ്ടുള്ള ചെറുകിട വ്യവസായ സംരംഭങ്ങൾ ഉണ്ടാകണം.

പാവപ്പെട്ടവർക്ക് അസുഖം വന്നാൽ ചികിത്സിക്കുവാൻ വളരെയേറെ പാടുപെടുന്നു. അടുത്തകാലത്തുണ്ടായിട്ടുള്ള മരുന്നുകളുടെ വിലവർദ്ധന ഇത് കൂടുതൽ രൂക്ഷമാക്കിയിട്ടുണ്ട്. ഇവർക്കുവേണ്ടിയുള്ള ധനസഹായ പദ്ധതികൾ സർക്കാർ തലത്തിലിപ്പോഴുണ്ടെങ്കിലും ഫലവത്തല്ല. ജനസഹകരണരോഗികൾക്കുവേണ്ടിയുള്ള ഒരു ചികിത്സാ സഹായനിധി പഞ്ചായത്തിലുണ്ടാകണം.

പ്രായമായവർക്കുവേണ്ടിയുള്ള ഓൾഡ് ഏജ് ഹോം നിർമ്മിക്കണം.

സാമൂഹ്യക്ഷേമ പദ്ധതികൾ കൃത്യസമയത്തും, വിട്ടുവീഴ്ച കൂടാതെയും നടപ്പിലാക്കുന്നുണ്ടെന്നുറപ്പു വരുത്തുവാൻ മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കണം.

ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

വാർഡ്	പരിശീലന വിവരം	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവർ	ഇതര തൊഴിലിൽ ഏർപ്പെട്ടവർ	അവശേഷിക്കുന്നവർ
1.	ഇലക്ട്രീഷൻ	1			
	പ്രിന്റിംഗ് & കമ്പോസിംഗ്	3	3	-	-
2.	കമ്പോസിംഗ് & പ്രിന്റിംഗ്	3	2	1	-
3.	ഇലക്ട്രീഷൻ	2			
	വെൽഡിംഗ്	3	3	-	-
	ബുക്ക് ബയന്റിംഗ്	3	3	-	-
	പ്രിന്റിംഗ് & കമ്പോസിംഗ്	2	-	-	-
	T.V. മെക്കാനിസം	1	-	-	-
4.	ഇലക്ട്രീഷൻ	1	1	1	1
	ബയന്റിംഗ്	6	2	3	1
5.	NIL				
6.	NIL				
7.	മോട്ടോർ വൈന്റിംഗ്	1	1	-	-
	ഫിറ്റിംഗ്	2	1	-	-

	പ്ലംബിംഗ്	2	2	-	-
	ഇലക്ട്രീഷൻ	3	-	2	1
	റേഡിയോ, T.V മെക്കാനിസം	2	-	2	-
	ടെയിലറിംഗ് എബ്രോയിഡറി	2	2	-	-
	റബ്ബർ ടാപ്പിംഗ്	1	-	1	-
	ഫൈബർ പ്രൊസസ്സിംഗ്	5	-	-	-
8.	T.V. മെക്കാനിസം	3	1	2	-
	പ്ലംബിംഗ്	2	-	-	2
	മോട്ടോർ മെക്കാനിസം	1	1	-	-
	ഇലക്ട്രീഷൻ	2	-	-	2
	ടെയിലറിംഗ് & എമ്പ്രോയിഡറി	3	1	-	2
	വെൽഡിംഗ്	1	1	-	-
9.	ഇലക്ട്രീഷൻ	2	2	-	-
	പ്ലംമ്പിംഗ്	1	1	-	-
	പ്രിൻറിംഗ് കമ്പോസിംഗ്	1	1	-	-
10.	റേഡിയോ മെക്കാനിസം	1	-	1	-
11.	മോട്ടോർ മെക്കാനിസം	1	1	-	-
	റേഡിയോ മെക്കാനിസം	1	1	-	-

പട്ടിക - 2 **പെൻഷൻ ധനസഹായം സംബന്ധിച്ച വിവരങ്ങൾ**

ആണ്ട്	അഗതി പെൻഷൻ	വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	വാർദ്ധക്യ കാല പെൻഷൻ	അവശകലാകാരൻ/ സാഹിത്യകാരന്മാർ എന്നിവർക്ക് പെൻഷൻ	അവശ കായിക താര പെൻഷൻ	ക്ഷയരോഗ പെൻഷൻ	കുഷ്ഠരോഗ പെൻഷൻ	ക്യാൻസർ പെൻഷൻ	കർഷകത്തൊഴിലാളി പെൻഷൻ	തൊഴിലില്ലായ്മ വേതനം
1991-92	ഇല്ല.	-	-	-	-	-	9	-	-	-	62
1992-93	-	15	16	1	-	-	14	-	1	401	66
1993-94	-	19	14	3	-	-	5	-	3	456	-
1994-95	-	16	14	6	-	-	7	-	-	442	-
1995-96	-	16	14	6	4	-	6	-	4	437	524

അവലബം - റവന്യൂ വകുപ്പ്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തൊഴിൽ വകുപ്പ്.

ഭവനനിർമ്മാണം

ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ പുരോഗതികൈവരിക്കുവാൽ ശ്രമിക്കുന്ന നമ്മുടെ ഗ്രാമപഞ്ചായത്ത് നേരിടുന്ന വെല്ലുവിളികളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ജനങ്ങളുടെ പ്രാഥമിക ആവശ്യങ്ങളിൽ ഒന്നായ പാർപ്പിട പ്രശ്നം.

കേരളത്തിൽ ഭൂപരിഷ്കരണം നടപ്പിലാക്കിയതിനു ശേഷമാണ് വിടുകളുടെ സ്വഭാവത്തിൽ മാറ്റം ഉണ്ടായത്. ജന്മികാല ഘട്ടത്തിൽ വീടിന്റെ നിർമ്മാണത്തിൽ കാര്യമായ വ്യത്യാസങ്ങൾ ഉണ്ടായിരുന്നു. മണ്ണ്, ഓല, പനമ്പ്, പുല്ല്, എന്നിവ ഉപയോഗിച്ച് നിർമ്മിച്ച കുടിലുകളായിരുന്നു താഴ്നജാതികാർക്കുണ്ടായിരുന്നത്. അവർക്ക് ഉറപ്പുള്ള നല്ല വീടുകൾ പാടില്ലായിരുന്നു.

കുറിച്ചി ഗ്രാമപഞ്ചായത്തിൽ 1991-ലെ സെൻസെസ്സ് അനുസരിച്ച് 5985 കുടുംബങ്ങൾ ഉണ്ട്. ഭൂരിപക്ഷം ആളുകളും ചെറിയ ഇടത്തരം വീടുകളിൽ താമസിക്കുന്നു. പട്ടിക ഒന്നു പരിശോധിച്ചാൽ വീടുകളുടെ പൊതുസ്വഭാവം കിട്ടും.

ഓടിട്ട വീടുകളിൽ ബഹുഭൂരിപക്ഷവും ചെറിയ ഇടത്തരം വീടുകളാണ്. ആകെവീടുകളിൽ 2085 എണ്ണം വിലകുറഞ്ഞഷിറ്റോ, ഓലയോമേഞ്ഞ കുടിലുകളാണ്. ഇത് പാർപ്പിട പ്രശ്നത്തിന്റെ ത്രീവ്രതയിലേക്കു വിരൽ ചൂണ്ടുന്നു.

കോൺക്രിറ്റ് കെട്ടിടനിർമ്മാണത്തിൽ ആളുകൾക്ക് ഭ്രമം കൂടിവരുന്നു. ഗൾഫിൽജോലിയുള്ളവർ ഈ പഞ്ചായത്തിൽ താരതമ്യന കുറവാണെങ്കിലും, ഉള്ളവർ അവരുടെ സാമ്പാദ്യം ആർഭാടമായ കോൺക്രിറ്റ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാണ് ഉപയോഗിക്കുന്നത്. പ്രത്യുല്പാദനപരമായ കാര്യങ്ങൾക്ക് മുതൽ മുടക്കുന്നതിന് അവർക്ക് താല്പര്യം കുറവാണ്. ഈ മനോഭാവം മാറേണ്ടിയിരിക്കുന്നു.

പാടങ്ങൾ നികത്തി കെട്ടിടങ്ങൾ വ്യാപകമായി, ഈ പഞ്ചായത്തിലും നിർമ്മിച്ചുവരുന്നു. പരിസ്ഥിതിയെ ദോഷകരമായി ബാധിക്കുന്ന ഈ പ്രവണത നിയമം മൂലം കർശനമായി തടയണം.

95-96 സാമ്പത്തികവർഷത്തിൽ അവസാനത്തിൽ നമ്മുടെ പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം7045ആണ് അതായത് 1991-ലെ സെൻസസ് കണക്കുകളിൽ പറയുന്ന 5985 വീടുകൾ എന്നുള്ളത് 7045 ആയി വർദ്ധിച്ചും കൂടുതലായി നിർമ്മിച്ചത് 1060 വിടുകൾ.

അത്യവശ്യം പാർപ്പിട സൗകര്യങ്ങളോടുകൂടിയ വീടുകൾ ഇല്ലാത്ത ധാരാളം കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. മറുവശത്ത് അനാവശ്യവും ആർഭാടപൂർണവുമായ, കെട്ടിടങ്ങൾ നിർമ്മിക്കപ്പെടുന്നു. എന്നാൽ ഇപ്പോഴും ഒരു തുണ്ടുഭൂമിയും താമസിക്കുവാൽ ഇടവു മില്ലാത്ത ധാരാളം ആളുകൾ റോഡിന്റെയും, തോടിന്റെയും റെയിൽവേയുടെയും പുറംപോക്കിൽ കഴിയുന്നുണ്ട്. ഇവരിൽ ബഹുഭൂരിപക്ഷവും സ്വന്തമായി സ്ഥലം വാങ്ങാനും കെട്ടിടം നിർമ്മിക്കാനും കഴിവില്ലാത്തവരാണ്.

റോഡ്, തോട്, പുറംപോക്കുകളിൽ താമസിക്കുന്ന 120-ൽ പരം കുടുബങ്ങളെ പുനരധിവസിപ്പിക്കണം. കൂടാതെ ദുർബലവിഭാഗത്തിൽപ്പെട്ട 643 കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചുകൊടുക്കുന്നതിനുള്ള പദ്ധതിക്കും രൂപം നൽകുന്നു. ഈ പഞ്ചായത്തിൽ പട്ടിക്കജാതിക്കാർക്കു വേണ്ടിയുള്ള സചിവോത്തമപുരം കോളനിയും നാലു ലക്ഷംവീടുകോളനികളും നാല് 4 സെന്റ്

കോളനികളും മുന്ന് സെറ്റിൽമെന്റ് മ കോളനികളും ഉണ്ട്. പ്രധാനമായും പട്ടിക ജാതിപട്ടിക വർഗ്ഗ വിഭാഗങ്ങൾക്കു വേണ്ടി സ്ഥാപിച്ച സചിവോത്തമപുരം കോളനിയിൽ 329-കുടുബങ്ങൾ ഉള്ളതിൽ 264പട്ടിക ജാതി പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവ രുടെയും 65-എണ്ണം മറ്റു വിഭാഗത്തിൽപ്പെട്ട വരുടെയും ആണ്. ഇവിടെയുള്ള കുടുംബ ങ്ങളിൽ ചെറിയ വിഭാഗത്തിന് വൈദ്യു തിയോ, കക്കൂസുകളോ ഇല്ല. കോളനി സ്ഥാപിച്ച കാലത്തുണ്ടായിരുന്ന വീടുകളിൽ പലതും യഥാസ മയത്ത് അറ്റകുറ്റപണിക ളുടെ അഭാവം മൂലം വാസയോഗ്യമല്ലാതാ യിട്ടുണ്ട്. കുടുംബങ്ങളിൽ അംഗങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവ് ഒരു പ്രശ്നമാണ്. ഇതു പുതിയ വീടുകളുടെ ആവശ്യം വർദ്ധിപ്പിക്കുന്നു.

പൊതുക്കിണറുകളും,പൊതുടാപ്പുകളും ഉണ്ടെങ്കിലും വേനൽകാലത്ത് കുടിവെള്ള ക്ഷാമം രൂക്ഷമാണ്. ജലസേചനത്തിനു വേണ്ടി ഒരു സ്ക്കിംനടപ്പാലാക്കിയെങ്കിലും അത് തീർത്തും പരാജയമാണ്. ഒരു ലൈബ്രറി ഉള്ളത് പ്രവർത്തനരഹിതമായി കെട്ടിടം ജീർണ്ണിച്ച് നശിച്ചുകൊണ്ടിരിക്കുന്നു. ഇതിന്റെ പുനരുദ്ധാരണത്തിനു പഞ്ചായത്ത് അധികാരികൾ ശ്രദ്ധിക്കണം. ഒരു യു.പി സ്ക്കൂളും,ഒരു നേഴ്സറിയും, I.T.Cയും ഈ കോളനിയിലുണ്ട്. സ്ക്കൂളിലെ അമിതമായ വിദ്യാർത്ഥികളുടെ എണ്ണംമൂലം നിലവിലു ള്ളകെട്ടിടം വളരെ അപര്യാപ്തമാണ്. പുതിയ കെട്ടിടം ആവശ്യമായിതീർന്നിരി ക്കുന്നു. മൊത്തത്തിൽ സ്ക്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടി യിരിക്കുന്നു. ഒരു ഗവ:വക പ്രീ മെട്രിക് ഹോസ്റ്റൽ ഉണ്ട്. ഈ കോളനിയിലെ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്തിന്റെ പ്രത്യേക ശ്രദ്ധ ഉണ്ടാകണം. ഒരു ഹരിജൽ വെൽഫയർ സഹകരണ സംഘം ഉള്ളതിന്റെ പ്രവർത്തനം കാര്യ ക്ഷമമല്ല.

2. ഇത്തിത്താനം ലക്ഷംവീടുകോളനി

ഈ കോളനിയിൽ ആകെ 20 കുടുബങ്ങളുണ്ട്. ഒരു കെട്ടിടത്തിൽ രണ്ടു കുടുബങ്ങൾ വീതം ഉണ്ട്. കെട്ടിടങ്ങൾക്ക് ഭിത്തികൾ പൊട്ടിയും മേൽക്കൂര ജീർണ്ണിച്ചും കേടു സംഭവിച്ചിട്ടുണ്ട്. അടുത്തകാലത്ത് ഗവൺമെന്റിൽനിന്നും ലഭിച്ച സഹായം ഉപയോഗിച്ച് 16 വീടിന്റെ പുനരുദ്ധാരണം നടത്തി. ബാക്കിവീടുകൾക്ക് സഹായം അത്യാവശ്യമാണ്. അഞ്ചുവീടിന് കക്കൂസും, മുന്നുവീടിന് വൈദ്യതിയും ഇല്ല.ഒരു കിണറുള്ളത് അടിഭാഗത്തുള്ള മണ്ണിടിഞ്ഞു വീണ് ഉപയോഗശൂന്യമാണ്. രണ്ടുടാപ്പുകൾ ഉണ്ടെങ്കിലും വേനൽകാലത്ത് ഇതിൽ വെള്ളം കിട്ടുന്നില്ല. വേനൽകാലത്ത് കുടി വെള്ളക്ഷാമം രൂക്ഷമാണ്. നല്ലരീതിയിൽ പ്രവർത്തിക്കുന്ന ഒരു അഗൻവാടി ഉണ്ട്.

3. പുലികുഴി ലക്ഷംവീടുകോളനി

ഈ കോളനിയിൽ 14 വീടുകൾ ഉണ്ട്. എല്ലാവീടുകളും വൈദ്യുതികരിച്ചിട്ടുണ്ട്. അടുത്തകാലത്ത് സർക്കാരിൽനിന്നും ലഭിച്ച ധനസഹായം ഉപയോഗിച്ച് പത്തുവീടിന്റെ പുനരുദ്ധാരണ പ്രവർത്തനം നടത്തിയിട്ടുണ്ട്. ബാക്കി നാലുവീടുകൾക്കും പുനരുദ്ധാരണം നടത്തേണ്ടതുവളരെ ആവശ്യമായിരിക്കുന്നു. കുടുബാഗങ്ങളുടെ എണ്ണം വർദ്ധിച്ചതുമൂലം ഭവനങ്ങളുടെ ആവശ്യം ഉയർന്നിരിക്കുന്നു.

4 കുമരംകുളം ലക്ഷം വീടുകോളനി

ഇരുപതു വീടുകൊൾ ഈ കോള നിയിൽ ഉൾപ്പെടുന്നു. വെട്ടുകല്ലുകൊണ്ട് നിർമ്മിച്ചവീടുകളുടെ ചുമരുകൾ തേയ്ക്ക യാകയാൽ കേടു സംഭവിച്ചിട്ടുണ്ട്. അറ്റകുറ്റ പണികൾ നടത്തേണ്ടതു വളരെ അത്യാവ

ശ്യമാണ്. കഴിഞ്ഞ കാലവർഷത്തി ൽ രണ്ട് വീട് ഇടിഞ്ഞുവീണു. വെള്ളപ്പൊക്ക ദുരി താശ്വാസനിധിയിൽ നിന്നും രണ്ടു വീടിനും പുനർനിർമാണത്തിന് ധനസഹായം കിട്ടി യിട്ടുണ്ട്. സർകാരിൽനിന്നും ലഭിച്ച ധനസഹായം ഉപയോഗിച്ച് 8 വീടിന്റെ പുനരുദ്ധാരണ പ്രവർത്തനം നടത്തിയിട്ടുണ്ട്. ബാക്കി വീടുകൾക്കും പുനരുദ്ധാരണപ്രവ ർത്തനം നടത്തേണ്ടത് വളരെ അത്യാവശ്യമാ യിരിക്കുന്നു. അഞ്ചു വീടിനു കക്കൂസുകളില്ല. അഞ്ചുവീടിന് വൈദ്യുതിയും ലഭിച്ചിട്ടില്ല. കുമരംകുളംസെറ്റിൽമെന്റും കോളനിയും, കുമരംകുളം നാലുസെന്റുകോളനിയും ഈ കോളനിയോട് ചേർന്ന് യഥാക്രമം പടി ഞ്ഞാറും വടക്കും ഭാഗങ്ങളിലായി സ്ഥിതി ചെയ്യുന്നു. വീടുകൾ അടുത്തടുത്ത് സ്ഥിതി ചെയ്യുന്നതിനാലും, അംഗങ്ങളുടെ എണ്ണം വർദ്ധിച്ചതിനാലും, ആരോഗ്യപരിപാലനം ഒരു പ്രശ്നം തന്നെയാണ്.

ഒരു പൊതുകിണറും, ഒരുടാപ്പും ഉണ്ട്, വേനൽകാലത്ത് കുടിവെള്ളക്ഷാമം രൂക്ഷ മാണ്.

"കുമരംകുളം ലക്ഷംവീട് ഡവലപ്പ് മെന്റ് അസോസിയേഷൻ Reg No K 18/ 96" ഈ കോളനിയുടെ പുരോഗതി ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു.

5 അട്ടചിറ ലക്ഷംവീടുകോളനി

ഈ കോളനിയിൽ 12 വീടുകൾ ഉണ്ട്. ഈ വർഷം, 5 വീടിന് ഗവൺമെന്റ് സഹായം ഉപയോഗിച്ച് പുനരുദ്ധാരണം നടത്തി. ബാക്കിവീടിനും പുനരുദ്ധാരണം നടത്തേണ്ടത് വളരെ അത്യാവശ്യമാണ്. ഒരു പൊതുകിണറും, അഞ്ചുവീടുകൾക്ക് സ്വന്തമായി കിണറും ഉണ്ട്. എല്ലാവീടും വൈദ്യുതികരിച്ചിട്ടുണ്ട്. മൂന്നുവീടുകൾക്കു കക്കൂസ് ഇല്ല. വേനൽകാലത്തു കുടിവെള്ള ക്ഷാമം ഉണ്ട്. സ്ട്രീറ്റ് ലൈറ്റ് സ്ഥാപി ക്കേണ്ടത് അത്യാവശ്യമാണ്.

6 കുമരംകുളം നാലുസെന്റ് കോളനി

ഇരുപതു വീടുകളുള്ള ഈ കോളനി കുമരംകുളം ലക്ഷംവീടുകോളനിയോടു സെറ്റിൽമെന്റു കോളനിയോടും ചേർന്ന് സ്ഥിതിചെയ്യുന്നു. 96-94-ൽ ബ്ലോക്കിൽ നിന്നും സഹായം കൊടുത്ത എട്ടുവീടിന്റെ നിർമ്മാണം നടക്കുന്നു. ബാക്കി എല്ലാ കുടുംബങ്ങൾക്കും വീടുണ്ട്. വൈദ്യുതിയും കക്കൂസും എല്ലാവീട്ടുകാർക്കും ലഭിക്കണം. കോളനിയിൽ താഴ്ന്നപ്രദേശത്ത് വർഷകാലത്ത് വെള്ളക്കെട്ടുമൂലം വാസ യോഗ്യമല്ല. ചാലുകീറിയോ, മണ്ണിട്ടു പൊക്കിയോ ഇതു പരിഹരിക്കാവുന്നതാണ്.

കോളനിപ്രദേശത്തുള്ള സ്ട്രീറ്റ് ലൈറ്റ് ഇല്ല. ഉള്ളറോഡ് സഞ്ചാരയോഗ്യമല്ല.

7 പാപ്പാൻ ചിറനാലുസെന്റു കോളനി

നാല്പതു വിടുകൾ ഉൾപ്പെട്ടതാണ് ഈ കോളനി. ഭൂരിപക്ഷം വീടുകളുടെയും ഭിത്തി സിമിന്റോ, കുമ്മായമോ തേയ്ക്കാ ത്തതിനാൽ ബലവത്തല്ല. വീടുകൾ അറ്റകുറ്റപണി ചെയ്ത് മെച്ചപ്പെടുത്തേണ്ടത് വളരെ അത്യാവശ്യമാണ്. വൈദ്യുതി ഇല്ലാത്ത 38 വീടുകളുണ്ട്. നല്ലശതമാനം വീടിനും കക്കൂസ് ഇല്ല. ഒരു പൊതുകിണറും, കുഴൽകിണറും ഉണ്ട്. വേനൽകാലത്ത് കുടിവെള്ളക്ഷാമം ഉണ്ട്. നല്ലവഴിയും തെരുവുവിളക്കുകളും ഇല്ല. അതിനാൽ യാത്രാക്ലേശം അനുഭവപെടുന്നു. വീടുകളിൽ അംഗസംഖ്യ വർദ്ധിച്ചിട്ടുണ്ട്. കോളനിയിൽ ആരോഗ്യപരിപാലനം ഒരു പ്രശ്നം തന്നെ.

8 ചേലചിറ നാലു സെന്റു കോളനി

എൺപത്തിനാലു വീടുകൾ ഉൾപ്പെട്ട താണ് ഈ കോളനി. പതിനെട്ടുവീടുകൾ വാസയോഗ്യമല്ല. പത്തു വീട്ടുകാർക്ക് വൈദ്യുതിയും, ഇരുപതു വീട്ടുകാർക്ക് കക്കൂസും ഇല്ല. താഴ്ന്ന പ്രദേശമായതിനാൽ മഴപെയ്താൽ വെള്ളക്കെട്ടുമൂലം വളരെ പ്രയാസം അനുഭവിക്കുന്നു.

വഴി കുണ്ടും കുഴിയുമായി യാത്രായോ ഗ്യമല്ല. തെരുവുവിളക്കില്ല. മെച്ചപ്പെട്ട സാനിട്ടേഷൻ സൗകര്യം ഇല്ല. ഒരു പൊതു ടെലിവിഷൻ സെറ്റുണ്ട്. ഒരു അംഗൻവാടി പ്രവർത്തിക്കുന്നു.

9. ചിറവുമുട്ടം നാലു സെന്റ് കോളനി

ഇരുപതുവീടുകളുള്ള ഈ കോളനിയിൽ പത്തു വാസയോഗ്യമായ വീട് ഗവ:സഹായ ത്തോടു നിർമ്മിച്ചു. ഒൻപതു വീട്ടുകാർ സഹായം ഉപയോഗിച്ച് പണി നടത്തി ക്കൊണ്ടിരിക്കുന്നു. കോളനിയിലേക്ക് നല്ല വഴിയില്ല. പൊതുടാപ്പുകളോ, കിണറു കളോ ഇല്ല. കുടിവെള്ളത്തിനു വേണ്ടി വല യുന്നു. കോളനിയിൽ വൈദ്യുതി എത്തിയിട്ടില്ല.

10 എണ്ണക്കാച്ചിറ സെറ്റിൽമെന്റ് കോളനി

എൺപതു കുടുംബങ്ങളിൽ 24 എണ്ണം പട്ടികജാതി പട്ടികവർഗ്ഗക്കാരുടെയും 50 എണ്ണം മററു വിഭാഗക്കാരുടെയും ആകുന്നു. ഗവ; ധനസഹായം ഭവന നിർമാണത്തിന് 19 പേർക്കെ ലഭിച്ചു. ബഹു ഭൂരിപക്ഷം വീടിനും വൈദ്യുതി ലഭിച്ചിട്ടില്ല. ബഹുഭൂരിപക്ഷംവീടും വാസയോഗ്യമല്ല. താഴ്ന്നപ്രദേശം ആയതിനാൽ വെള്ളക്കെ ട്ടുകൊണ്ട് ബുദ്ധിമുട്ടനു ഭവപ്പെടുന്നു. ഒരു അംഗൻവാടിയുള്ളതിന് സ്വന്തമായി സ്ഥലവും കെട്ടിടവുമില്ല. ഫലപ്രദമായ സനിട്ടേഷൻ സൗകര്യമില്ല.

11 കുമരംകുളം സെറ്റിൻമെന്റു കോളനി

അൻപത്തിരണ്ടു കുടുബങ്ങളിൽ ഒൻപത് എണ്ണം പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും ബാക്കി നാല്പത്തിമൂന്നണ്ണം മറ്റു വിഭാഗക്കാർക്കും ആകുന്നു. ഭവന നിർമ്മാണത്തിന് 19 വീട്ടുക്കാർക്ക് സഹായം കിട്ടി. ബാക്കി കുടുംബങ്ങൾക്കും സഹായം നല്കണം.. വൈദ്യുതിയും, കക്കൂസും ഇല്ലാത്ത വീടുകളാണ് ബഹുഭൂരിപക്ഷവും. വഴി വിളക്കുകളില്ല. ശുചിത്വം പൊതുവേ കുറവാണ്.

12 പൊൻപുഴ അംബേക്കർ കോളനി

പൊൻപുഴ സെറ്റിൻമെന്റ് കോളനി യാണ് അംബേക്കർ കോളനിയാക്കി മാറ്റിയത്. ഇതിൽ 125 കുടുംബങ്ങൾ ഉണ്ട്. ഇവരിൽ 80 കുടുംബങ്ങൾ പട്ടികജാതി പട്ടികവർഗ്ഗ ക്കാരാണ്. അർഹരായ പൊതുക്കിണറുകളും, പൊതുടാപ്പുകളും ഉണ്ടെങ്കിലും വേനൽ കാലത്ത് കുടിവെള്ള ക്ഷാമം രൂക്ഷമാണ്. ജലസേചനത്തിനു വേണ്ടി ഒരു സ്ക്കിംനടപ്പാ ലാക്കിയെങ്കിലും അത് തീർത്തും പരാജയമാണ്. ഒരു ലൈബ്ര റി ഉള്ളത് പ്രവർത്തനരഹിതമായി കെട്ടിടം ജീർണ്ണിച്ച് നശിച്ചുകൊണ്ടിരിക്കുന്നു. ഇതിന്റെ പുനരുദ്ധാരണത്തിനു പഞ്ചായത്ത് അധികാരികൾ ശ്രദ്ധിക്കണം. ഒരു യു.പി സ്ക്കൂളും,ഒരു നേഴ്സറിയും, I.T.Cയും ഈ കോളനിയിലുണ്ട്. സ്ക്കൂളിലെ അമിതമായ

വിദ്യാർത്ഥികളുടെ എണ്ണംമൂലം നിലവിലുള്ളകെട്ടിടം വളരെ അപര്യാപ്തമാണ്. പുതിയ കെട്ടിടം ആവശ്യമായിതീർന്നിരിക്കുന്നു. മൊത്തത്തിൽ സ്ക്കൂളിന്റെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. ഒരു ഗവ:വക പ്രീ മെട്രിക് ഹോസ്റ്റൽ ഉണ്ട്. ഈ കോളനിയിലെ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്തിന്റെ പ്രത്യേക ശ്രദ്ധ ഉണ്ടാകണം. ഒരു ഹരിജൽ വെൽഫയർ സഹകരണസംഘം ഉള്ളതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.

2. ഇത്തിത്താനം ലക്ഷംവീടുകൊളനി

ഈ കോളനിയിൽ ആകെ 20 കുടുബങ്ങളുണ്ട്. ഒരു കെട്ടിടത്തിൽ രണ്ടു കുടുബങ്ങൾ വീതം ഉണ്ട്. കെട്ടിടങ്ങൾക്ക് ഭിത്തികൾ പൊട്ടിയും മേൽക്കൂര ജീർണ്ണിച്ചും കേടു സംഭവിച്ചിട്ടുണ്ട്. അടുത്തകാലത്ത് ഗവൺമെന്റിൽനിന്നും ലഭിച്ച സഹായം ഉപയോഗിച്ച് 16 വീടിന്റെ പുനരുദ്ധാരണം നടത്തി. ബാക്കവീടുകൾക്ക് സഹായം അത്യവശ്യമാണ്. അഞ്ചുവീടിന് കക്കൂസും, മുന്നുവീടിന് വൈദ്യതിയും ഇല്ല.ഒരു കിണറുള്ളത് അടിഭാഗത്തുള്ള മണ്ണിടിഞ്ഞുവീണ് ഉപയോഗശൂന്യമാണ്. രണ്ടുടാപ്പുകൾ ഉണ്ടെങ്കിലും വേനൽകാലത്ത് ഇതിൽ വെള്ളംകിട്ടുന്നില്ല. വേനൽകാലത്ത് കുടിവെള്ളക്ഷാമം രൂക്ഷമാണ്. നല്ലരീതിയിൽ പ്രവർത്തിക്കുന്ന ഒരു അഗൽവാടി ഉണ്ട്.

3. പുലികുഴി ലക്ഷംവീടുകോളനി

ഈ കോളനിയിൽ 14 വീടുകൾ ഉണ്ട്. എല്ലാവീടുകളും വൈദ്യുതികരിച്ചിട്ടുണ്ട്. അടുത്തകാലത്ത് സർക്കാരിൽനിന്നും ലഭിച്ച ധനസഹായം ഉപയോഗിച്ച് പതതുവീടിന്റെ പുനരുദ്ധാരണ പ്രവർത്തനം നടത്തിയിട്ടുണ്ട്. ബാക്കി നാലുവീടുകൾക്കും പുനരുദ്ധാരണം നടത്തേണ്ടതുവളരെ ആവശ്യമായിരിക്കുന്നു. കുടുബാഗങ്ങളുടെ എണ്ണം വർദ്ധിച്ചതുമൂലം ഭവനങ്ങളുടെ ആവശ്യം ഉയർന്നിരിക്കുന്നു.

4 കുമരംകുളം ലക്ഷം വീടുകോളനി

ഇരുപതു വീടുകൊൾ ഈ കോളനിയിൽ ഉൾപ്പെടുന്നു. വെട്ടുകല്ലുകൊണ്ട് നിർമ്മിച്ചവീടുകളുടെ ചുമരുകൾ തേയ്ക്കയാകയാൽ കേടു സംഭവിച്ചിട്ടുണ്ട്. അറ്റകുറ്റപണികൾ നടത്തേണ്ടതു വളരെ അത്യാവശ്യമാണ്. കവിഞ്ഞ കാലവർഷത്തി ൽ രണ്ട് വീട് ഇടിഞ്ഞുവീണു. വെള്ളപ്പൊക്ക ദുരിതാശ്വാസനിധിയിൽ നിന്നും രണ്ടു വീടിനും പുനർനിർമാണത്തിന് ധനസഹായം കിട്ടിയിട്ടുണ്ട്. സർകാരിൽനിന്നും ലഭിച്ചധനസഹായം ഉപയോഗിച്ച് 8 വീടിന്റെ പുനരുദ്ധാരണ പ്രവർത്തനം നടത്തിയിട്ടുണ്ട്. ബാക്കി വീടുകൾക്കും പുനരുദ്ധാരണപ്രവർത്തനം നടത്തേണ്ടത് വളരെ അത്യാവശ്യമായിരിക്കുന്നു. അഞ്ചു വീടിനു കക്കൂസുകളില്ല. അഞ്ചുവീടിന് വൈദ്യുതിയും ലഭിച്ചിട്ടില്ല. കുമരംകുളംസെറ്റിൽമെന്റും കോളനിയും, കുമരംകുളം നാലുസെന്റുകോളനിയും ഈ കോളനിയോട് ചേർന്ന് യഥാക്രമം പടിഞ്ഞാറും വടക്കും ഭാഗങ്ങളിലായി സ്ഥിതിചെട്ടുന്നു. വീടുകൾ അടുത്തടുത്ത് സ്ഥിതിചെയ്യുന്നതിനാലും, അംഗങ്ങളുടെ എണ്ണം വർദ്ധിച്ചതിനാലും, ആരോഗ്യപരിപാലനം ഒരു പ്രശ്നം തന്നെയാണ്.

ഒരു പൊതുകിണറും, ഒരുടാപ്പും ഉണ്ട്

, വേനൽകാലത്ത് കുടിവെള്ളക്ഷാമം രൂക്ഷമാണ്.

"കുമരംകുളം ലക്ഷംവീട് ഡവലപ്പ്മെന്റ് അസോസേഷൻ Reg No K 18/96" ഈ കോളനിയുടെ പുരോഗതി ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു.

5 അട്ടച്ചിറലക്ഷം വീടുകോളനി

ഈ കോളനിയിൽ 12 വീടുകൾ ഉണ്ട്. ഈ വർ, 5 വീടിന് ഗവൺമെന്റ് സഹായം ഉപയോഗിച്ച് പുനരുദ്ധാരണം നടത്തി. ബാക്കിവീടിനും പുനരുദ്ധാരണം നടത്തേണ്ടത് വളരെ അത്യാവശ്യമാണ്. ഒരു പൊതുക ിണറും, അഞ്ചുവീടുകൾക്ക് സ്വന്തമായി കിണറും ഉണ്ട്. എല്ലാവീടും വൈദ്യുതികരിച്ചി ട്ടുണ്ട്. മൂന്നുവീടുകൾക്കു കക്കൂസ് ഇല്ല. വേനൽകാലത്തു കുടിവെള്ളക്ഷാമം ഉണ്ട്. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

6 കുമരകുളം നാലുസെന്റ് കോളനി

ഇരുപതു വീടുകളുള്ള ഈ കോളനി കുമരംകുളം ലക്ഷംവീടുകോളനിയോടു സെറ്റിൽമെന്റു കോളനിയോടും ചേർന്ന് സ്ഥിതിചെയ്യുന്നു. 96-94-ൽ ബ്ലോക്കിൽ നിന്നും സഹായം കൊടുത്ത എട്ടുവീടിന്റെ നിർമ്മാണം നടക്കുന്നു. ബാക്കി എല്ലാ കുടുബങ്ങൾക്കും വീടുണ്ട്. വൈദ്യുതിയും കക്കൂസും എല്ലാവീട്ടുകാർക്കും ലഭിക്കണം. കോളനിയിൽ താഴ്ന്നപ്രദേശത്ത് വ്യഷകാലത്ത് വെള്ളക്കെട്ടുമൂലം വാസയോഗ്യമല്ല. ചാലുകൂറിയോ, മണ്ണിട്ടുപൊക്കിയോ ഇതു പരിഹരിക്കാവ ുന്നതാണ്.

കോളനിപ്രദേശത്തുള്ള സ്ട്രീറ്റ് ലയിറ്റ് ഇലന്മല. ഉള്ളറോഡ് സഞ്ചാരയോഗ്യമല്ല.

7 പാപ്പാൻ ചിറനാലുസെന്റു കോളനി

നാല്പതു വിടുകൾ ഉൾപ്പെട്ടതാണ് ഈ കോളനി. ഭൂരിപക്ഷം വീടുകളുടെയും ഭിത്തി സിമിന്റോ, കുമ്മായമോ തേയ്ക്കാത്തതിനാൽ ബലവത്തല്ല. വീടുകൻ അറ്റകുറ്റപണി ചെയ്ത് മെച്ചപ്പെടുത്തേണ്ടത് വളരെ അത്യാവശ്യമാണ്. വൈദ്യുതി ഇല്ലാത്ത 38 വീയുകളുണ്ട്. നല്ലശതമാനം വീടിനും കക്കൂസ് ഇല്ല. ഒരു പൊതുകിണറും, കുഴൽകിണറും ഉണ്ട്. വേനൽകാലത്ത് കുടിവെള്ളക്ഷാമം ഉണ്ട്. നല്ലവഴിയും തെരുവുവിളക്കുകളും ഇല്ല. അതിനാൽ യാത്രക്ലേശം അനുഭവപെടുന്നു. വീടുകളിൽ അംഗസംഖ്യ വർദ്ധിച്ചിട്ടുണ്ട്. കോളനിയിൽ ആരോഗ്യപരിപാലനം ഒരു പ്രശ്നം തന്നെ.

8 ചേലചിറ നാലു സെന്റു കോളനി

എൺപത്തിനാലു വീടുകൾ ഉൾപ്പെട്ടതാണ് ഈ കോളനി. പതിനെട്ടു വീടുകൾ വാസയോഗ്യമല്ല. പത്തു വീട്ടുകാർക്ക് വൈദ്യുതിയും, ഇരുപതു വീട്ടുകാർക്ക് കക്കൂസും ഇല്ല. താഴ്ന്ന പ്രദേശമായതിനാൽ മഴപെയ്താൽ വെള്ളക്കെട്ടുമൂലം വളരെപ്രയാസം അനുഭവിക്കുന്നു.

വഴി കുണ്ടും കുഴിയുമായി യാത്രായോഗ്യമല്ല. തെരുവുവിളക്കില്ല. മെച്ചപ്പെട്ട സാനിട്ടേഷൻ സൗകര്യം ഇല്ല. "മംഗളം കലാസാഹത്യവേദി Reg No: 130/86" നല്ലരീതിയിൽ പ്രവർത്തിക്കുന്നു. ഒരു പൊതു ടെലിവിഷൻ സെറ്റുണ്ട്. ഒരു അംഗൻവാടി പ്രവർത്തിക്കുന്നു.

9. ചിറവുമുട്ടം നാലു സെന്റ് കോളനി

ഇരുപതുവീടുകളുള്ള ഈ കോളനിയിൽ പത്തു വാസയോഗ്യമായ വീട് ഗവ:സഹായ ത്തോടു നിർമ്മിച്ചു. ഒൻപതു വീട്ടുകാർ സഹായം ഉപയോഗിച്ച് പണി നടത്തി ക്കൊണ്ടിരിക്കുന്നു. കോളനിയിലേക്ക് നല്ല വഴിയില്ല. പൊതുടാപ്പുകളോ, കിണറുകളോ ഇല്ല. കുടിവെള്ളത്തിനു വേണ്ടി വലയുന്നു. കോളനിയിൽ വൈദ്യുതി എത്തിയിട്ടില്ല.

10 എണ്ണക്കാച്ചിറ സെറ്റിൽമെന്റ് കോളനി

എൺപതു കുടുംബങ്ങളിൽ 24 എണ്ണം പട്ടികജാതി പട്ടികവർഗ്ഗക്കാരുടെയും 50 എണ്ണം മററു വിഭാഗക്കാരുടെയും ആകുന്നു. ഗവ; ധനസഹായം ഭവന നിർമാണ്ണത്തിന് 19 പേർക്കെ ലഭിച്ചു. ബഹു ഭൂരിപക്ഷം വീടിനും വൈദ്യുതി ലഭിച്ചിട്ടില്ല. ബഹുഭൂരിപക്ഷംവീടും വാസയോഗ്യമല്ല. താഴ്ന്നപ്രദേശം ആയതിനാൽ വെള്ളക്കെ ട്ടുകൊണ്ട് ബുദ്ധിമുട്ടനു ഭവപ്പെടുന്നു. ഒരു അംഗൻവാടിയുള്ളതിന് സ്വന്തമായി സ്ഥലവും കെട്ടിടവുമില്ല. ഫലപ്രദമായ സനിട്ടേഷൻ സൗകര്യമില്ല.

11 കുമരംകുളം സെറ്റിൻമെന്റു കോളനി

അൻപത്തിരണ്ടു കുടുബങ്ങളിൽ ഒൻപത് എണ്ണം പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും ബാക്കി നാല്പത്തിമൂന്നണ്ണം മറ്റു വിഭാഗക്കാർക്കും ആകുന്നു. ഭവന നിർമ്മാണത്തിന് 19 വീട്ടുക്കാർക്ക് സഹായം കിട്ടി. ബാക്കി കുടുംബങ്ങൾക്കും സഹായം നല്കണം.. വൈദ്യുതിയും, കക്കൂസും ഇല്ലാത്ത വീടുകളാണ് ബഹുഭൂരിപക്ഷവും. വഴി വിളക്കുകളില്ല. ശുചിത്വം പൊതുവേ കുറവാണ്.

12 പൊൻപുഴ അംബേക്കർ കോളനി

പൊൻപുഴ സെറ്റിൻമെന്റ് കോളനി യാണ് അംബേക്കർ കോളനിയാക്കി മാറ്റിയത്. ഇതിൽ കുടുംബങ്ങൾ ഉണ്ട്. അർഹരായവർ ക്കെല്ലാം വീടുവയ്ക്കുന്നതിനുള്ള സഹാ യവും, വിവിധ തൊഴിലിനുവേണ്ടിയുള്ള I. R.D P സഹായവും ലഭിച്ചിട്ടുണ്ട്. കോളനി റോഡായ കല്യാണിമുക്ക്- രാജമംഗലം റോഡിന്റെ മെറ്റലിങ്ങ് ഒരുമിച്ച് നടത്തി. ബാക്കി പണി ചെയ്യേണ്ടതു വളരെ അത്യാവ ശ്യമാണ്. കോളനിയുടെ മദ്ധ്യഭാഗത്തുള്ള ഇട വഴി സഞ്ചാരയോഗ്യമാക്കണം. വൈദ്യുതി വിളക്കില്ല. രണ്ടു പൊതുക്കിണർ, മൂന്നു ടാപ്പ് ഒരു കുഴൽക്കിണർ എന്നിവയാണ് കുടിവെള്ളത്തിന് ആശ്രയം. വേനൽക്കാല ത്തു കുടി വെള്ളക്ഷാമം അനുഭവപ്പെടുന്നു. ഒരു അംഗൻ വാടി പ്രവർത്തിക്കുന്നു. ഒരു T.V സെറ്റുണ്ട്.

കോളനി നിവാസികളുടെ ക്ഷേമം ലക്ഷ്യമാക്കി ഒരു അസോസിയേഷൻ പ്രവർ ത്തിക്കുന്നു.

പാർപ്പിട നിർമ്മാണ രംഗത്തെ ഏറ്റവും വലിയ പ്രശ്നം ഭൂമിയുടെ അനിയ ന്ത്രിതമായ വിലക്കയറ്റുമാണ്. പഞ്ചായ ത്തിന്റെ സമീപപ്രദേശങ്ങളിൽ നിന്നുള്ള കുടിയേറ്റവും, ജനസംഖ്യാവർദ്ധനവും മൂലം പുതിയ വീടുകളുടെ ആവശ്യം ഉയർന്നു വരുന്നതുമാണ് വിലക്കയറ്റത്തിനുള്ള പ്രധാന കാരണം. ഒരു സെന്റുഭൂമിക്ക് ഇവിടെ 10,000 രൂപാ മുതൽ 30,000 രൂപാ വരെ വില

എത്തി നില്ക്കുന്നു. പണിയെടുക്കുന്ന ആളുകൾക്ക് വരുമാന ത്തിൽനിന്നും മിച്ചം സ്വരൂപിച്ച് രണ്ടു സെന്റു സ്ഥലം വാങ്ങാനാവാത്ത സാഹചര്യമാണ് നിലവിലുള്ളത്.

ഭൂരഹിതർക്ക് പതിച്ചു നല്കുന്നതിന് അനുയോജ്യമായ തരിശുഭൂമികളോ, പുറമ്പോക്കു ഭൂമികളോ കുറിച്ചി പഞ്ചായത്തിൽ ഇല്ല.

കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റമാണ് ഭവന നിർമ്മാണത്തിന് ആഗ്രഹിക്കുന്നവരെ നേരിടുന്ന മറ്റൊരു പ്രശ്നം. ഒരു ചാക്ക് സിമിന്റിന് 92-93 ൽ 150 രൂപ ആയിരുന്നത് 95-96 ൽ 180രൂപ ആയി വർദ്ധിച്ചു. 92-94 ൽ 500 രൂപ ആയിരുന്ന ഒരു ലോഡ് കരിങ്കല്ലിന് 900രൂപ ആയും, 1 കിഗ്രാം കമ്പിക്ക് 13രൂപ 50പൈസ ആയിരുന്നത് 95-96ൽ 16 രൂപ ആയും എത്തി നില്ക്കുന്നു തടി, മണൽ, തുടങ്ങിയ എല്ലാത്തിനും ഈ രീതിയിൽ വിലവർദ്ധന ഉണ്ടായിട്ടുണ്ട്.

പാർപ്പിട നിർമ്മാണ സാമഗ്രഹികളുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. ഒരു കാലത്ത് കെട്ടിടനിർമ്മാണത്തിന് ആവശ്യമായ ഗുണമേന്മയുള്ള വെട്ടുകല്ല് കുറിച്ചിയിൽ സുലഭമായിരുന്നു. അമ്പലപ്പുഴ അമ്പലത്തിലെ പാൽപായസം വയ്ക്കാനുള്ള അടുപ്പിനുള്ള വെട്ടുകല്ല് ഇത്തിത്താനത്തു നിന്നുമാണ് കൊണ്ടുപോയിരുന്നത്. ഇത് ഇവിടുത്തെ വെട്ടുകല്ലിന്റെ മേന്മയെ വിളിച്ചറിയിക്കുന്നു. കല്ലുവെട്ട് ഒരു വ്യവസായം എന്ന നിലയിൽ നടന്നിരുന്നു. ഇപ്പോൾ നല്ലഗുണനിലവാരമുള്ള കല്ലു കിട്ടാനില്ല. ഉണ്ടെങ്കിൽ ഉയർന്ന വിലയാണ്.

കെട്ടിടനിർമ്മാണ സാമഗ്രികളുടെ ഉല്പാദനം ഇവിടെ കാര്യമായി നടക്കുന്നില്ല. ഏതാനും ഹോളോബ്രിക്സ് യൂണിറ്റുകളും, ഗ്രില്ല് ഗേയ്റ്റ് എന്നിവ ഉണ്ടാക്കുന്ന യൂണിറ്റുകളുമെ നിലവിലുള്ളു.

കൂലി വർദ്ധനവും മറ്റൊരു പ്രശ്നം ആണ്. 93-94ൽ ഒരു വിദഗ്ദ്ധ തൊഴിലാളി 100-110 രൂപായും ഒരു അവിദഗ്ദ്ധ തൊഴിലാളിക്ക് 70-80രൂപ ആയിരുന്നതഴ ഇപ്പോൾ യഥാക്രമം 150രൂപയും-100രൂപയുമായി ഉയർന്നു. സ്ത്രി തൊഴിലാളികളുടെ കൂലി നിരക്ക് 70-80 രൂപയാണ്.

നിർമ്മാണ തൊഴിലാളിയെ കിട്ടുന്നതിനുള്ള വലിയ ദാരിദ്ര്യം ഈ പഞ്ചായത്തിൽ ഇല്ല. മുൻ കാലങ്ങളിൽ മരയാശാരി, കല്ലാശാരി, കൊല്ലൻ എന്നീ പ്രത്യേക ജാതിയിൽപെട്ടവരായിരുന്നു. കെട്ടിടനിർമ്മാണ തൊഴിലിൽ എർപെട്ടിര ുന്നത്.

ഇന്ന് എല്ലാവിഭാഗത്തിൽപ്പെട്ട ആളുകളും ഈ രംഗത്തുണ്ട്. കൂടാതെ ധാരാളം തമിഴ്നാട്ടുകാർ ഇവിടെ താമസിച്ചു പണി എടുക്കുന്നു. തൊഴിൽ എടുക്കുന്നവരിൽ വന്ന ഈ മാറ്റത്തിനുള്ള പ്രധാന കാരണം ഓല, ഓട്, തടി എന്നിവയുടെ സ്ഥാനത്തു കോൺക്രീറ്റും ഇരുമ്പുമാണ് ഉപയോഗിക്കുന്നത്. കേരളതനിമയാർന്ന വസ്തുശില്പശാസ്ത്രത്തിന്റെ പ്രസക്തി കുറഞ്ഞുവരുന്നു. തച്ചന്റെ സ്ഥാനത്ത് എഞ്ചിനീയറാണ് കെട്ടിടത്തിന് രൂപ കല്പനനടത്തുന്നത്.

കടംവാങ്ങാതെ വീടു നിർമ്മിക്കാൻ പോലും കഴിയാത്തവരാണ് ഈ പഞ്ചായത്തിൽ ഭൂരിപക്ഷവും. ഈ പഞ്ചായത്തിൽ ഹൗസിങ്ങ് സൊസൈറ്റികളൊന്നുമില്ല. വാഴപ്പള്ളിപഞ്ചായത്തിൽ തൂരുത്തി ഹൗസിങ്ങ് സൊസൈറ്റിയും, കേരളഭവനനിർമ്മാണബോർഡ് ചങ്ങനാശേരിയും, കോട്ടയം ജില്ലാസഹകരണബാങ്കുമാണ്. ധനസ

ഹായത്തിന് ആശ്രയം. സ്ഥാപനങ്ങളുടെ സാമ്പത്തികമാന്ദ്യം മൂലം യഥാസമയം വായ്പലഭിക്കാൻ പ്രയാസമാണ്. വായ്പാവ്യവസ്ഥകൾ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.

ദുർബല ജനവിഭാഗങ്ങളുടെ ഭവന നിർമ്മാണത്തിനുള്ള പല പദ്ധതികളും ഗവൺമെന്റ് വിവിധ ഏജൻസിവഴി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഭവനരഹിതരുടെ സ്ഥിതി വളരെ ആശങ്കാജനകമാണ്.

ഇപ്പോൾ ലഭിക്കുന്ന വായ്പയും, സകയവും വീടിന്റെ നിർമ്മാണം പൂർത്തിയാക്കാൻ തുലോം അപര്യപ്തമാണ്. സഹായം ലഭിച്ചിട്ടും പൂർത്തിക്കരിക്കാത്ത പല വീടുകളും ഈ പഞ്ചായത്തിൽ കാണാം.

പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് താഴെപറയുന്ന നിർദ്ദേശങ്ങൾ വയ്ക്കുന്നു.

ഭൂമിയുടെ അമിതമായ വില വർദ്ധനവ് കർശനമായി നിയന്ത്രിക്കുക.

കെട്ടിടനിർമ്മാണ സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ സ്ഥാപിക്കുക. സിമിന്റ്, കമ്പി തുടങ്ങിയ നിർമ്മാണസാമിഗ്രകളുടെ വില്പന ഈ സംഘംവഴി നടത്തുക.

ചെലവ്കുറഞ്ഞ കെട്ടിടനിർമ്മാണത്തിനുള്ള പരിശീലനം ജനങ്ങൾക്ക് നല്കുക.

ചെലവ് കുറഞ്ഞ കെട്ടിടം എന്ന ആശയം ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കണം.

ചെലവ് കുറഞ്ഞ കെട്ടിടനിർമ്മാണ സാമകികളുടെ നിർമ്മാണത്തിനുള്ള സാങ്കേതിക പരിശീലനം ജനങ്ങൾ നല്കുകയും. അവയുടെ ഉല്പാദനവും വിതരണവും സഹകരണാടിസ്ഥാനത്തിൽ നടത്തുകയുംചെയ്യുക.

സർക്കാർ വിവധ ഏജൻസികൾ വഴി നല്കുന്ന, വായ്പയുടെയും, സഹായത്തിന്റെ പരിധി ഉയർത്തുകയും, വായ്പാവ്യവസ്ഥകൾ ലഘൂകരിക്കുകയും ചെയ്യുക.

നിലവിലുള്ള വായ്പയുടെ പലിശ കുറക്കുകയും രജിസ്ട്രഷൽ ഫീസ് നിർത്തലാക്കുകയും ചെയ്യുക.

ഭൂരഹിതർക്ക് 5 സെന്റ്ഭൂമി സൗജന്യമായി നല്കുകയും, അതിൽ വീടുവയ്ക്കുന്നതിനുള്ള ധനസഹായം നല്കുകയും ചെയ്യുക.

പ്രധാനറോഡിൽനിന്നും 3 മിറ്റർ അകലത്തിലേ കെട്ടിടം നിർമ്മിക്കാവൂ എന്നുള്ള നിയമം ലഘൂകരിക്കുക.

ഒരു നിശ്ചിതതുകയിൽ കൂടുതൽ നിർമ്മാണ ചെലവുവരുന്ന കെട്ടിടങ്ങൾക്ക് അധികവരുമാനചുമത്തുകയും, നിലവിലുള്ള കെട്ടിട നികുതി ശാസ്ത്രിയമായി പരിഷ്കരിക്കുകയും ചെയ്യുക. ഇതിൽനിന്നുള്ള അദികവരുമാനം ദുർബലവിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണത്തിനു ഉപയോഗിക്കുക.

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിന്റെ പരിധി നിശ്ചയിക്കുക.

പഞ്ചായത്തിന്റെ ഒരു ഭവന നയം രൂപീകരിച്ച് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഗുണഭോക്താക്കളുടെയും ബഹുജനങ്ങളുടെയും സഹായത്തോടെ ദുർബലവിഭാഗങ്ങളുടെ ഭവന ദാരിദ്ര്യം നിർമ്മാഇജ്ജനം ചെയ്യുന്നതിനുള്ള ഒരു തീവ്രയത്ന പരിപാടി ആവിഷ്കരിച്ചു നടപ്പിലാക്കുക.

പട്ടിക - 1. **പഞ്ചായത്തിലെ കെട്ടിടങ്ങളുടെ നില**

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽക്കൂടുതൽനിലയുള്ള കെട്ടിടങ്ങളുടെ എണ്ണം	മേൽക്കൂരയുടെ സ്വഭാവം			
			കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ
1	568	-	13	423	107	25
2	611	2	49	382	168	12
3	634	3	8	530	94	2
4	633	5	21	339	253	20
5	713		22	408	260	23
6	490	8	20	191	209	70
7	435	2	19	224	120	72
8	554	4	35	256	202	61
9	631	3	4	535	87	5
10	589	4	16	449	118	6
11	657	4	7	619	28	3
12	530	6	7	373	132	18
Total	7045	23	221	4729	1778	317

അവലബം - ഗ്രാമ പഞ്ചായത്ത് രേഖകൾ

പട്ടിക - 2

കെട്ടിടങ്ങളുടെ എണ്ണം

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം				
	1991-92	1992-93	1993-94	1994-95	1995-96
1	538	540	545	548	568
2	560	567	574	591	611
3	608	612	619	625	634
4	605	608	615	623	633
5	680	688	692	695	713
6	475	481	482	485	490
7	418	425	428	432	435
8	542	546	548	552	554
9	612	614	618	625	631
10	580	584	585	587	589
11	628	634	648	652	657
12	514	516	528	526	530

അവലബം - ഗ്രാമ പഞ്ചായത്ത് രേഖകൾ

പട്ടിക-3

ഭവന നിർമ്മാണത്തെ സംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം	വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ	പൂർത്തിയാകാനുള്ള വീടുകൾ	ഇനിയും അനുവദിക്കേണ്ടവയുടെ എണ്ണം
1	31	4	4	-	27
2	43	6	6	-	37
3	36	2	2	-	34
4	59	6	6	-	53
5	77	42	42	-	35
6	98	42	40	2	56
7	146	44	42	2	102
8	118	39	37	2	79
9	58	5	5	-	53
10	49	8	8	-	41
11	67	12	12	-	55
12	76	5	5	-	71

5-8

സംസ്ക്കാരം

വിശിഷ്ടമായ ഒരു പാരമ്പര്യത്തിന്റെ പൈതൃകം പേരിൽത്തന്നെ ഉൾക്കൊള്ളുന്ന കുറിച്ചി ഗ്രാമം ഉൽകൃഷ്ടമായ ഒരു സാംസ്ക്കാരിക പാരമ്പര്യത്തിന്റെ പ്രദേശമാണ്. ജാതിയും ഉപജാതിയും തീണ്ടലും തൊടീലും എല്ലാം കേരളത്തിന്റെ ആകമാനമുള്ള സ്ഥിതി എന്ന നിലയിൽ ഇവിടെയും നില നിന്നിരുന്നു. ഇതിലൂടെയൊക്കെ ഒരു അടി സ്ഥാനവർഗവും ഉപരിവർഗവും ഇവിടെയും രൂപപ്പെട്ടുവന്നു. ഈ രണ്ടു വർഗങ്ങളിലും അധികം വ്യത്യസ്ഥതയേയാടെയല്ലാത്ത ഒരു സാംസ്ക്കാരിക പൈതൃകവും പിന്നീട് ഇവയുടെ സമന്വയത്തിലൂടെ കുറിച്ചിയുടെ സാംസ്ക്കാരിക പൈതൃകവും രൂപം കൊണ്ടു.

ഇവിടെ നിലനിന്നിരുന്ന കലാരൂപങ്ങളെ യും പാട്ടുരൂപങ്ങളെയും ആദ്യകാല സംസ്ക്കാരത്തിന്റെ രൂപങ്ങളായി കാണാമെങ്കിൽ വർഗവ്യത്യാസമില്ലാതെതന്നെ ഇവയെല്ലാം രൂപപ്പെട്ടത് ഉദ്പാദനമേഖലയുമായും ഉത്സവങ്ങളുമായും ബന്ധപ്പെട്ടാണെന്ന് കാണാൻ കഴിയും. ഉത്സവങ്ങൾപലപ്പോഴും മതങ്ങളു മായും നാട്ടാചാരങ്ങളുമായും വിളവെടുപ്പുമായും ബന്ധപ്പെട്ടിരിക്കുന്നു. ഇങ്ങനെ രൂപപ്പെട്ടുവന്ന കലാരൂപങ്ങൾ ഒരുപ്രത്യേക മതവിഭാഗത്തിന്റെയോ, നാടിന്റെ മൊത്തമായോ ഉള്ള കലാരൂപങ്ങളായി നിലനിന്നുവന്നു.

ഞാറ്റുപാട്ട്, കൊയ്ത്ത്പാട്ട്, ചക്രപ്പാട്ട് പടപ്പാട്ട്, ഇടനാടൻപാട്ട് മുതലായ അടിസ്ഥാന വർഗത്തിന്റെയും പിന്നീട് നാടിന്റെ മൊത്തത്തിന്റെയും കലാരൂപമായിവന്നു. ഇത് ഉദ്പാദന മേഖലയുമായി ബന്ധപ്പെട്ടാണ് രൂപപ്പെട്ടത്. പാടിപ്പതിഞ്ഞ ഈ ഈരടികളിലൂടെ സ്തുതി കൾക്കും കഥാരൂപങ്ങൾക്കും പുറമേ ജന്മിത്വത്തിനോടും, അടിമത്വത്തിനോടും പോരാടുന്നതിനുള്ള സന്ദേശവും ഇവരുടെ സിരകളിലേക്ക് ഒഴുകിയെത്തുന്നതിന് ഇടയായി, ഇതോടൊപ്പം ഇവയിൽ ഇവരുടെ ജീവിത നിലവാരത്തെക്കുറിച്ചുള്ള വിലയിരുത്തലുകളും ഉണ്ടായിരുന്നു. ഇതിൽ നിന്നും തങ്ങളുടെ ജീവിത സ്ഥിതിയെക്കുറിച്ച് ധാരണയുണ്ടാക്കുവാനും ഇവർക്കു കഴിഞ്ഞു.

ചക്രപ്പാട്ട്

തെയ്തെയ്തകതെയ്തെയ്തക
തെയ്തെയ്തക തെയ്തെയ്തെയ്
ബാലിയെ ശ്രീരാമദേവൻ കൊലചെയ്തശേഷം
വാഴിച്ചു സുഗ്രീവനേയും താരയേയുംകൂടെ
തെയ്...

നാലുമാസം മലമീതെ രാമചന്ദ്രൻ ഇരുന്നാറെ
നല്ലപോലെകിഷ്കിന്തയിൽ വാണു സുഗ്രീവൻ
തെയ്...

ആരോമൽപെണ്ണാകും എന്റെ ജാനകിയെ
നിരുപിച്ച്
അകതാരിൽ വെന്തുരുകി ഇരുന്നു രാമൻ
തെയ്...

ലക്ഷ്മണനാം അനുജനെ കടാക്ഷിച്ചു രാമചന്ദ്രൻ
തൽക്ഷണമൊന്നരുൾചെയ്തു തമ്പിയോട്
തെയ്...

ചെന്നവന്റെ മുൻപിൽ നിന്നു ചൊല്ലേണം

സുഗ്രീവനോട്
ജേഷ്ഠനെ ക്കൊന്നൊരുബാണം ഇരുപ്പുണ്ടെന്ന്
തെയ്...

ഈ ഈരടികളിൽ കഥാകഥനം ആണ് കാണുന്നത്.

കൊയ്ത്തുപാട്ട് ഞാറ്റുപാട്ട്

തെയ്യാകം തെയ്യാകം തെയ്യാകം താരാ
തെയ്യാം തെയ്യാകം തിന്തിമി തെയ്യാംകം താര
നാറുന്ന ദേഹത്ത് കീറത്തുണിചുറ്റി
പുല്ലുകെട്ടും തൻ തലയിൽ താങ്ങി
വട്ടിയോ കുട്ടയോ കയ്യിലേന്തിക്കൊണ്ട്
വെമ്പലോടെ നടന്നങ്ങുമിങ്ങും
തെയ്യാകം...

കിട്ടിയകാശിനു അരി മരച്ചീനിയും
മറ്റു കറിക്കോപ്പും വാങ്ങിക്കൊണ്ട്
കയ്യിൽപലതരം ചുളളിക്കമ്പും
മറ്റെകയ്യിലൊരൽപമാം തീയുമായി
തെയ്യാകം...

മാടത്തിൽ ചെന്നപ്പോൾ കാണുന്നതില്ല
തന്നോമന കുഞ്ഞുങ്ങളെങ്ങുപോയി
മാടിവിളച്ച് ചാരത്തണഞ്ഞവർ
നാലുപാടുംനോക്കി ആർത്തിയോടെ
തെയ്യനകം...

അപ്പാമില്ലെങ്കിൽ ഈ ചീനിയെല്ലാം
ഞങ്ങൾ പച്ച തിന്നു തീർക്കും
അപ്പനിപ്പോൾവരും അപ്പവുംവാങ്ങിക്കൊണ്ട്
അല്പനേരം നിങ്ങൾ കാത്തിരിക്ക
തെയ്യകം...

മാറുമക്കളെ ദേഹം തളരുന്നു
അത്താഴം വയ്ക്കണ്ടെ അന്തിയായി
അച്ഛൻവരുന്നുണ്ട് കൊച്ചുങ്ങളോടുന്നു
വട്ടമിട്ടിങ്ങനെ നോക്കിടുമ്പോൾ
തെയ്യകം...

വേലയില്ല പൊടിവേലയെ ചെയെതാള്ളു
കൂലിയായിട്ടൊന്നും കിട്ടിയില്ല
ഓട്ടക്കലം തന്നിൽ വെളളംചരിച്ചേറ്റി
നുളളരിനുളളികലത്തിലിട്ടു
തെയ്യാകം...

മറ്റുവിഭവങ്ങൾ എത്രയും വേഗത്തിൽ
ഉളളതുകൊണ്ടൊക്കെ പാകമാക്കി
ഉളളചോറഞ്ഞൂറ്റിപിള്ളുകൾക്കേകി
മറ്റുളളതാം വെളളവും പാനം ചെയ്തു
തെയ്യാകം...

അത്താഴവും കഴിച്ചത്തരത്തിൽ
തന്റെ ഭർത്താവോടൊത്തും പൈതങ്ങളോടു
ദൈവമേ എങ്ങോട്ടുനാളെ പോയിടേണ്ടു
ഈ വന്ന കാലത്തിൽ പുല്ലുമില്ല
തെയ്യാകം...
പുല്ലുതിന്നുന്നതിന് സമമല്ലയോ
പുല്ലിൻവിലകൊണ്ടുള്ള ഉപജീവനം

അടിസ്ഥാന വർഗത്തിന്റെ ജീവിതനില വാരത്തെക്കുറിച്ചും അവരുടെ കഷ്ടപ്പാടുകളെക്കുറിച്ചും അവരിൽബോധമുണ്ടായിവരുന്ന കാലഘട്ടത്തിന്റെ പാട്ടാവാം ഇത്

വേറെ ഒരു ഞാറ്റുപാട്ടിൽ പറക്കളളിപെറ്റപറമകൻ തന്റെ അമ്മയെ വയസുകാലത്ത് നോക്കുന്നതിനായി അമ്മാവന്റെ മകളെക്കൂട്ടിക്കൊണ്ടുവരുന്നതിന്പോകുന്നതും പോകുന്നവഴിയിൽ തമ്പുരാനുമായി നേരിട്ടെതിർക്കേണ്ടിവരുന്നതും അഭ്യാസിയായ പറമകൻ തമ്പുരാനെ കൈകാര്യം ചെയ്യുന്നതും തന്റെ പെണ്ണുമായി തിരിച്ചുവരുന്ന സമയത്ത് എതിർത്ത കളരിക്കാരെ എതിർക്കുന്നതുമെല്ലാം ഭംഗിയായി വിശദീകരിക്കുന്നു. ഒരുപക്ഷേ അടിച്ചമർത്തപ്പെട്ടവരുടെ മാനസികഭാവത്തിലുണ്ടായമാറ്റം ഇത് പ്രതിധ്വനിപ്പിക്കുന്നുണ്ടാവാം.

ഞാറ്റുപാട്ട്

താനോ താനോ തകതിന്തതക തകതിന്തതക
കേട്ടാലും കേക്കടാ എടാപൊന്നുമകനേ
എനിക്കൊന്നു പോകണ്ടാഎട പൊന്നുമകനേ
കേട്ടാലും കേക്കടാ പെറ്റോരു തളേള
ഞാനൊന്നു പോയിവരട്ടേ പെറ്റോരു തളേള
അമ്മയ്ക്കുകൂടെപ്പിറന്നിട്ടാരുമൊട്ടില്ലേ
ഉണ്ടേണ്ടേ ഉണ്ടെണ്ടട പൊന്നു മകനേ
പാലുമെൻ ദേശത്തെയിന്നൊണ്ടു മകനേ
ഏഴല്ലാ അമ്മാവൻമാരും കൂടെപ്പിറന്നേ
ഏഴിലും ആറുപേരുണ്ടു ചത്തതുപോയേ
ഒളേളലെ ജയമ്മാവൻ പാലുവനച്ചൻ
പാലുവാദേശത്തെയിന്നൊണ്ടു മകനേ
കേട്ടാലും കേക്കണ്ടേ അമ്മ പെറ്റൊരു തളേള
അച്ചനും പെൺമക്കളെയും പെറ്റോരു തളേള
ഉണ്ടടാ ഉണ്ടടാ പൊന്നു മകനേ
ഏഴല്ലോ പെൺമക്കളെ അച്ചനും പെറ്റുവളത്തുന്ന
ഏഴിലുംആറുപേരെ ഇന്നു വാഴുന്നുണ്ട്
ഒളേളലും ഇളയപെണ്ണാനവളുമെൻ പെണ്ണേ
അവളവിടെ ഉണ്ടെടാ പൊന്നു മകനേ
ഇങ്ങനെ തുടരുന്നു

മതങ്ങളോടും. നാട്ടാചാരങ്ങളോടും ബന്ധപ്പെട്ട് വന്ന കലാരൂപങ്ങളാണ് കാളകെട്ട്, മുടിയാട്ടം, തൂക്കം, പുലവൃത്തംകളി തുടങ്ങിയവ ഇവ ഹിന്ദു ആചാരങ്ങളോടു ബന്ധപ്പെട്ടിട്ടു ളളതാണ്. മാർഗംകളി പരിചമുട്ടുകളി തുടങ്ങിയ കലാരൂപങ്ങൾ ക്രിസ്ത്യൻ ആചാരങ്ങളോടും ബന്ധപ്പെട്ടുകിടക്കുന്നു

പുലവൃത്തം കളിയോടനുബന്ധിച്ചു വരുന്ന പാട്ട്

ദന്തിമുഖനേറെയൊരു പഴം കയ്യിലെടുത്തപ്പോൾ
കൈയ്ക്കു പിടിപെട്ടു വേലായുധനമപ്പോൾ
ഒപ്പമല്ലാതിപ്പഴം ഞാൻ തരുകാല്ലെന്റച്ഛനാണാ
പേർക്കൊതിയൻ കൊമ്പിലൊന്നു കളഞ്ഞാനപ്പോൾ
തെയ് തെയ്...
തമ്പിതല്ലുകൊണ്ടുദന്തമൊന്നുപോയ തമ്പുരാനേ
ഇമ്പമോടെയിടപ്പളളിൽ വാഴും നാഥാ
കൈതൊഴുന്നേൻ

കാളകെട്ട് ഇന്നും നിലനില്ക്കുന്ന

കലാരൂപമാണ് ഇതുമായി ബന്ധപ്പെട്ട ക റുത്ത ചെമ്പുചിറ കുഞ്ഞപ്പി, കോളനി സൂനു ചാലയ്ക്കപ്പറമ്പ് പാപപ്പൻപൊൻപുഴ മുതലായവർ ഇന്നുംപ്രവർത്തിക്കുന്നു.

മുടിയാട്ടവുമായി ബന്ധപ്പെട്ട് ചീര പുല്ലാ നിപ്പറമ്പ്, മോനി, തുടങ്ങിയവർ പ്രവർ ത്തിക്കുന്നു. തൂക്കം ഗരുഡൻ മുതലായവയോ ടനുബന്ധിച്ച് കുറിച്ചി പി. എസ്. കുമാരൻ, വാസുദേവൻ നായർ അമ്പാട്ട്, തങ്കപ്പൻ കോളനി അനിൽകുമാർ കോളനി തുടങ്ങിയ വർ പ്രവർത്തിക്കുന്നു. പുലവൃത്തം കളിയു മായിബന്ധപ്പെട്ട് ഇത്തിത്താനത്ത് പ്രവർ ത്തിക്കുന്ന വരിൽപ്രമുഖർ പി.കെ. നാരായണൻ നായർ പൊൻപുഴ മുല്ലശ്ശേരിൽ (ആശാൻ) കൃഷ്ണൻനായർ ഇടത്തിട്ടയിൽ മാധവൻനായർ വെളളിക്കര തുടങ്ങിയ വരാണ്

വേലകളിയുമായി ബന്ധപ്പെട്ട് പ്രവർ ത്തിക്കന്നവരാണ് വാസുദേവൻ നായർ പാലമൂട്ടിൽ, ഗോപാലൻ നായർ അമ്പാട്ട് വാസുദേവൻനായർ അമ്പാട്ട് തുടങ്ങിയവർ.

കമ്പുകളിയുമായി ബന്ധപ്പെട്ട് ഔത (മുടിയാശാൻ) കോളക്കുളം, സി.സി. കുഞ്ഞൂഞ്ഞ് കോളനി ചന്ദ്രൻ കോളനി കെ.ജാ വാസു ചീരംചിറ, ആഗസ്തി കപ്പാംമൂട് തുട ങ്ങിയവർ ഇന്നും പ്രവർത്തിക്കുന്നു.

പരിചമുട്ടുകളിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നയാളാണ് രാമൻ ആനാരി

ഇത്തരം ജനകീയ കലാരൂപങ്ങൾ നിലനിന്നുവരുന്നതിനോടൊപ്പം തന്നെ നൃത്തനൃത്യങ്ങൾക്കും താളലയങ്ങൾക്കും പ്രാധാന്യം ഏറെയുള്ള കഥകളി ചെണ്ടമേളം അർജുനനൃത്തം ചവിട്ടുനാടകം മുതലായ കലാരൂപങ്ങളും കുറിച്ചിയുടെ കലാ സംഭാ വനയുടെ ഭാഗമാണ്.

കഥകളിരംഗത്ത് കുറിച്ചികുഞ്ഞൻ പണിക്കരാശാന്റെയും കുറിച്ചി കൃഷ്ണപിള്ള യുടെയും മറ്റും സംഭാവന അതുല്യമാണ്. സാഹിത്യ സാസ്കാരിക രംഗങ്ങളിൽ അറി യപ്പെടുന്നവരാണ് കുറിച്ചി സദനും മൺ മറ ഞ്ഞുപോയ ആനാരിൽ അപ്പുക്കുട്ടൻ നായരും.

ചെണ്ടമേളം വളരെ വികസിച്ച് കാണു ന്ന ഒരുപ്രദേശമാണ് കുറിച്ചി. സുരേന്ദ്രപ്പണിക്കർ വടക്കേൽമഠം. കുഞ്ഞൂഞ്ഞ് ചാലയൂപ്പറമ്പ്. പുല്ലുവിളാകം സഹോദരന്മാർ മുതലായവ രാണ് ഈ രംഗത്തെ പ്രമുഖർ.

പാവക്കൂത്തുമായി ബന്ധപ്പെട്ട് കെ. എസ്. മാധവഗണകൻ കണിയാം പറമ്പിൽ അറിയപ്പെടുന്ന കലാകാരനാണ്.

അർജുന നൃത്തത്തിന് കേന്ദ്രഗവൺ മെന്റിന്റെ ഗ്രാന്റ് ഉൾപ്പടെയുള്ള സഹായ ങ്ങളും കേരളസംഗീത നാടക അക്കാദമി ഉൾപ്പെടെ നിരവധി അവാർഡുകളും നേടിയ വ്യക്തിയാണ് കുറിച്ചി പി. എസ്. കുമാരൻ. ഇദ്ദേഹത്തിന്റെ മേൽ നോട്ടത്തിൽ അർജുന നൃത്തത്തിനുള്ള ഒരു അക്കാ ദമി ഉണ്ട്.

ചവിട്ടുനാടകത്തിൽ നാരദന്റെ വേഷ ത്തിൽ അഭിനയിച്ചിട്ടുള്ള എബ്രഹാം പാറത്താഴെ ഈ രംഗത്ത് വിലമതിക്കപ്പെടുന്ന സേവനം കാഴ്ചവ ച്ചയാളാണ്.

തിരുവാതിരയുമായി ബന്ധപ്പെട്ട് ലക്ഷ്മി ആശാട്ടി അറിയപ്പെടുന്നു. ശ്രീ ഭദ്രകലാസമിതി ഈ രംഗത്ത് വളരെ തിളക്കത്തോടെ നില്ക്കുന്നു.

ബാൻഡ്സെറ്റ് രംഗത്ത് ബ്രദേഴ്സ് ബാന്റ്സെറ്റ് പുളിമൂട്ഇത്തിത്താനം അറിയ പ്പെടുന്ന ഗ്രൂപ്പാണ്. എണ്ണയ്ക്കാച്ചിറ കേന്ദ്രീ കരിച്ചും ഒരു ബാന്റ് സെറ്റ് ഗ്രൂപ്പുണ്ട്. കുംഭ കുടം ഇന്ന് ക്ഷേത്ര ത്തിനോടബന്ധിച്ചും അല്ലാതെയുള്ള ആഘോഷങ്ങൾക്കും വ്യാപകമായി കാണുന്നുണ്ട്.

നാടകരംഗത്ത് കുറിച്ചിയിൽ നിന്നുള്ള സംഭാവനയാണ് A.Pചാലയ്ക്കൽ. ഇന്ന് ഈ രംഗത്ത് പ്രവർത്തിക്കുന്നവരാണ് ലൗലി പ്രേത്തൻ, ശശി കുറിക്കാട്, മോഹൻ ഡി. കുറിച്ചി എന്നിവർ നാടകര ചനാരംഗത്തെ പ്രമുഖനാണ് കുറിച്ചി സദൻ, സോമനാഥ് തുരുത്തി എന്നിവർ. കഥാപ്രസംഗ രംഗത്തെ ഇന്നത്തെ പ്രമുഖരാ ണ് ഇത്തിത്താനം ഭാസി, രാധാഭാസി തുടങ്ങിയവർ. ക്ലാനായ സമുദായത്തിന്റെ ചരിത്രം "ക്ലായി ത്തൊമ്മൻ" നാടകരൂപത്തിൽ കേരളത്തിലാദ്യമായി അവതരിപ്പിച്ചത് കുരിച്ചിയിലെ സെന്റ് ഇഗ്നേഷ്യസ് രംഗവേദിയാണ്. C. S. സ്കറിയാകുട്ടി, ചേരിയിൽ ആണിതിന്റെ രചയിതാവ്.

ശാസ്ത്രീയ സംഗീത രംഗത്ത് പ്രവർത്തിക്കുന്നവരാണ് കുരട്ടിമല കുട്ടപ്പൻ ഭാഗവതർ പി. കെ. ദാമോദരൻ പുതുപ്പറമ്പ് തുടങ്ങിയവർ ഇന്ന് ഈ രംഗത്ത് പുതിയ തലമുറയുടെ കടന്നുവരവ് നല്ല നിലയിലാണ്.

ദൃശ്യമാധ്യമരംഗത്ത് കുറിച്ചിയുടെ സംഭാവനയാണ് കുറിച്ചിരാജുശേഖരനും മാഹൻ.ഡി കുറിച്ചിയും തങ്കച്ചൻ ചെമ്പുചിറയും

പഴയകാലം മുതൽ ഇത്തിത്താനത്തും കുറിച്ചിയിലും കലാ സാംസ്ക്കാരിക സംഘടനകൾ പ്രവർത്തിച്ചുവന്നിരുന്നു. ഇന്ന് ഇത്തിത്താനത്ത് ശ്രീഭദ്രാകലാസമിതിയും പൊൻവുഴയിൽ എഴുത്തച്ഛൻ സ്മാരകകലാവേദിയും കുമരംകുളത്ത് ചൈതന്യ റീഡിംഗ് റൂം അനുപമകലാസമിതി യുവജന ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് എന്നിവയും സചിവോത്തമപുരം കോളനിയിൽ അക്ഷര ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്, അനുഗ്രഹകലാക്ഷേത്രം എന്നിവയും കോസ്മോസ് മലകുന്നവും, യുവരശ്മി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് ചേലചിറയും, മംഗളം കലാസാഹിത്യവേദി ചേലചിറയും, പ്രതിഭ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് ഫ്രഞ്ചിമുക്കിലും സെവൻ ആർട്സ് ക്ലബും എണ്ണയ്ക്കാച്ചിറയും പോലുള്ള വളരെയധികം സംഘടനകൾ പ്രവർത്തിക്കുന്നു.

കുറിച്ചിരണ്ടാം വാർഡിൽ വളരെ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന അയൽക്കൂട്ടം സംഘടനയുടെ പ്രവർത്തനം അഭിനന്ദനാർഹമാണ്. കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ സഹായിക്കുകയും വിവിധ വിഷയങ്ങളിൽ ജനങ്ങൾക്കു വേണ്ടിയുള്ള ബോധവൽക്കരണവും ഗോരക്ഷാക്യാമ്പുകളും കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഇവർ സംഘടിപ്പിച്ചിട്ടുണ്ട്.

സാംസ്ക്കാരികരംഗത്ത് ഏറ്റവും മുന്നിൽ നിന്നു പ്രവർത്തിക്കുന്ന സംഘടന യുവരശ്മി ചേലചിറ ആണ്. സാക്ഷരതാ പ്രവർത്തനത്തിൽ ഇവർ വഹിച്ചിട്ടുള്ള പങ്ക് സ്തുത്യർഹമാണ്. നെഹുരു യുവകേന്ദ്രവുമായി ബന്ധപ്പെട്ടിട്ടുള്ള ഒട്ടേറെ ക്യാമ്പുകൾ ഇവർ സംഘടിപ്പിച്ചിട്ടുണ്ട്. പുറം പോക്കിൽ പ്രവർത്തനം ആരംഭിച്ച യുവരശ്മി സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം നിർമ്മിച്ചുവരികയാണ്. ഇവർ മുൻ കൈ എടുത്ത് അംഗൻവാടി ട്യൂഷൻസെന്റർ വനിത വ്യവസായ യൂണിറ്റ് തുടങ്ങിയ സംരംഭങ്ങൾ നടത്തിവരുന്നു.

എണ്ണത്തിൽ വളരെയധികം സംഘടനകൾ പ്രവർത്തിക്കുന്നു എങ്കിലും ഫലപ്രദമായി പ്രവർത്തിക്കുന്നവ കുറവാണ്എന്ന കാര്യം നിലനില്ക്കുന്നു.

ഗ്രന്ഥശാല പ്രസ്ഥാനത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പി എൻ പണിക്കർ കുറിച്ചി മേഖലയിലും പ്രവർത്തിച്ചിട്ടുണ്ട്.ഈ സമയത്തെ അദ്ദേഹത്തിന്റെ കുറിച്ചിയിലെ താവളം കുറിച്ചിനാഷണൽക്ലബ് ആയിരുന്നു. ഈ ക്ലബ് 1959ൽ പ്രവർത്തനം ആരംഭിച്ചതാണ്.

പുരാതന ചിത്രകല ശില്പകല വാസ്തുശില്പകല എന്നിവയ്ക്ക് മകുടോദാഹര

ണമാണ് ചിറവം മുട്ടം ക്ഷേത്രത്തിനോട് അനുബന്ധിച്ചു കാണുന്ന ചുവർ ചിത്രങ്ങളും ദാരുശില്പങ്ങളും ഇത് അടിയന്തിര സംരക്ഷ ണം ആവശ്യ പ്പെടുന്നനിലയിലാണ് ഇന്ന് കാണുന്നത്.

ഇന്ന് ചിത്രകലാരംഗത്ത് പ്രവർത്തി ക്കുന്നവരാണ് ആന്റണി കൂവക്കാട്, കെ.എസ് ദാമോദരൻ കളത്തിൽപറമ്പിൽ എന്നിവർ.

ഒരുകാലത്ത് കുറിച്ചിയുടെ മുഖമുദ്ര യായിരുന്നു എഴുത്താശ്ശാൻകളരികൾ. വിദ്യാ ഭ്യാസരംഗത്ത് ഇവരുടെ സംഭാവന നിസ്തുല മാണ്. മാതുആശാൻ മഴവന്നൂർ, മാധവൻ പിളള ചെറിയാൻടത്ത്, ഗൗരി ആശാട്ടി ഇടത്തിൽ തുടങ്ങിയവർ ഓർമ്മിക്കപ്പെടേണ്ട വരാണ്.

ഗണകവിഭാഗത്തിൽപ്പെട്ടവരുടെ സംഭാ വന ഈരംഗത്ത് വിലപ്പെട്ടതാണ്. ഇംഗ്ലീല വിദ്യാഭ്യാസത്തിന്റെ വ്യാപനം വളരെ നടന്നു എങ്കിലും ഇത്തരം കളരികൾ നിലനില്ക്കു ന്നു എന്നുളളത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. കൃഷ്ണൻ കുട്ടി ആശാൻ കണിയാംപറമ്പ് ഉണ്ണിയാശാൻ, പീറ്ററാശാൻ, തങ്കമ്മ വടക്കേൽ.

മുതലായവർ ഇന്നും ഈ രംഗത്ത് പ്രവർത്തിക്കുന്നവരാണ്. അക്ഷരവും അക്കവും കുട്ടികൾക്ക് ഉറപ്പിക്കാൻ ഇത്തരം കളരിയഭ്യാസം തന്നെവേണമെന്ന കുറിച്ചി ക്കാരന്റെ തിരിച്ചറിവിനെയാണ് ഇതു കാണി ക്കുന്നത്.

ഇത്തിത്താനത്തും കുറിച്ചിയിലും വായനശാലകൾ വളരെ മുൻപുതന്നെ സ്ഥാപിതമായിരുന്നു. ഇത്തിത്താനത്ത് ചിറവംമുട്ടം ക്ഷേത്രത്തിനു മുൻവശം നിന്നിരുന്ന ചിറവംമുട്ടംശ്രീപരമശിവ വിലാസം വായനശാലയാണ് ഇതിലൊന്ന് കുറിച്ചി ഔട്ട്പോസ്റ്റ് കേന്ദ്രമാക്കി പ്രവർത്തി ച്ചിരുന്നതും ഇതിൽ ഉൾപ്പെടുന്നതാണ്.

നേരത്തെ നിലനിന്നിരുന്നതും ഇന്ന് നിലനിലക്കുന്നതുമായ വായനശാലകൾ ജനങ്ങളുടെ സാംസ്ക്കാരിക നിലവാരം ഉയർ ത്തുന്നതിൽ വളരെ വലിയ പങ്കുവഹിച്ചിട്ടുണ്ട്.

ഇന്ന് 9 വായന ശാലകളാണ് പഞ്ചായ ത്തിലുളളത്. പുതിയതായി പുസ്തകംവാങ്ങുന്ന വായന ശാലകൾക്കെല്ലാം 500രൂപ വീതം പഞ്ചായത്തുവക ഗ്രാന്റ് നൽകുന്നുണ്ട്.

1 യുവരശ്മി, ചേലചിറ, സചിവോത്തമപുരം
2 ഇത്തിത്താനം പ്രോഗ്രസീവ് ലൈബ്രറി
3 കെ .എൻ. എം. ലൈബ്രറി
4 ഇത്തിത്താനം പബ്ലിക് ലൈബ്രറി
5 ചൈതന്യ കുമരംകുളം
6 കുറിച്ചി Y.M.A
7 നാഷണൽ ക്ലബ്
8 കുറിച്ചി YMCA
9 വിജയാക്ലബ് കുറിച്ചി

ആദ്യകാലങ്ങളിൽ വളരെ നല്ല നിലയിൽ പുസ്തകശേഖരം നടത്തിയിരുന്ന വായനശാല കളാണ് ഇവയിൽ പലതും. എങ്കിലും പിന്നീട് ഗ്രന്ഥശേഖരത്തിൽ വളരെക്കുറവ് വന്നിരിക്കുന്നു എന്നത് ഒരു സത്യമാണ്. ജനങ്ങളുടെ വായനാശീലത്തിലും വളരെ കുറവുവന്നു.

യുവരശ്മി വായനാശാലയാണ് ഏറ്റവും ഫലപ്രദമായി നടന്നുവരുന്നത്. ഈ വായനാശാലകളിലെല്ലാം പുതിയ പുസ്തകങ്ങളുടെ അഭാവം ഒരു പ്രശ്നമാണ്. ഇവിടങ്ങളിലെല്ലാം പത്രങ്ങളും മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങളും വരുത്തുന്നുണ്ട്. സാം സ്ക്കാരികമായ ഉയർ ച്ചയ്ക്ക് വളരെയധികം സംഭാവനനല്കു ന്നവയാണ് ഇവ.

കുറിച്ചി പഞ്ചായത്തിലെ മന്ദിരം കവല യുടെ പടിഞ്ഞാറുവശം പഞ്ചായത്തുവക സാം സ്ക്കാരിക നിലയം സ്ഥിതിചെയ്യുന്നു.

ണമാണ് ചിറവം മുട്ടം ക്ഷേത്രത്തിനോട് അനുബന്ധിച്ചു കാണുന്ന ചുവർ ചിത്രങ്ങളും ദാരുശില്പങ്ങളും ഇത് അടിയന്തിര സംരക്ഷ ണം ആവശ്യ പ്പെടുന്നനിലയിലാണ് ഇന്ന് കാണുന്നത്.

ഇന്ന് ചിത്രകലാരംഗത്ത് പ്രവർത്തി ക്കുന്നവരാണ് ആന്റണി കൂവക്കാട്, കെ.എസ് ദാമോദരൻ കളത്തിൽപറമ്പിൽ എന്നിവർ.

ഒരുകാലത്ത് കുറിച്ചിയുടെ മുഖമുദ്ര യായിരുന്നു എഴുത്താശ്ശാൻകളരികൾ. വിദ്യാ ഭ്യാസരംഗത്ത് ഇവരുടെ സംഭാവന നിസ്തുല മാണ്. മാതുആശാൻ മഴവന്നൂർ, മാധവൻ പിളള ചെറിയാൻടത്ത്, ഗൗരി ആശാട്ടി ഇടത്തിൽ തുടങ്ങിയവർ ഓർമ്മിക്കപ്പെടേണ്ട വരാണ്.

ഗണകവിഭാഗത്തിൽപ്പെട്ടവരുടെ സംഭാ വന ഈരംഗത്ത് വിലപ്പെട്ടതാണ്. ഇംഗ്ലീല വിദ്യാഭ്യാസത്തിന്റെ വ്യാപനം വളരെ നടന്നു എങ്കിലും ഇത്തരം കളരികൾ നിലനില്ക്കു ന്നു എന്നുളളത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. കൃഷ്ണൻ കുട്ടി ആശാൻ കണിയാംപറമ്പ് ഉണ്ണിയാശാൻ, പീറ്ററാശാൻ, തങ്കമ്മ വടക്കേൽ.

മുതലായവർ ഇന്നും ഈ രംഗത്ത് പ്രവർത്തിക്കുന്നവരാണ്. അക്ഷരവും അക്കവും കുട്ടികൾക്ക് ഉറപ്പിക്കാൻ ഇത്തരം കളരിയഭ്യാസം തന്നെവേണമെന്ന കുറിച്ചി ക്കാരന്റെ തിരിച്ചറിവിനെയാണ് ഇതു കാണി ക്കുന്നത്.

ഇത്തിത്താനത്തും കുറിച്ചിയിലും വായനശാലകൾ വളരെ മുൻപുതന്നെ സ്ഥാപിതമായിരുന്നു. ഇത്തിത്താനത്ത് ചിറവംമുട്ടം ക്ഷേത്രത്തിനു മുൻവശം നിന്നിരുന്ന ചിറവംമുട്ടംശ്രീപരമശിവ വിലാസം വായനശാലയാണ് ഇതിലൊന്ന് കുറിച്ചി ഔട്ട്പോസ്റ്റ് കേന്ദ്രമാക്കി പ്രവർത്തി ച്ചിരുന്നതും ഇതിൽ ഉൾപ്പെടുന്നതാണ്.

നേരത്തെ നിലനിന്നിരുന്നതും ഇന്ന് നിലനിലക്കുന്നതുമായ വായനശാലകൾ ജനങ്ങളുടെ സാംസ്ക്കാരിക നിലവാരം ഉയർ ത്തുന്നതിൽ വളരെ വലിയ പങ്കുവഹിച്ചിട്ടുണ്ട്.

ഇന്ന് 9 വായന ശാലകളാണ് പഞ്ചായ ത്തിലുളളത്. പുതിയതായി പുസ്തകംവാങ്ങുന്ന വായന ശാലകൾക്കെല്ലാം 500രൂപ വീതം പഞ്ചായത്തുവക ഗ്രാന്റ് നൽകുന്നുണ്ട്.

1 യുവരശ്മി, ചേലചിറ, സചിവോത്തമപുരം
2 ഇത്തിത്താനം പ്രോഗ്രസീവ് ലൈബ്രറി
3 കെ .എൻ. എം. ലൈബ്രറി
4 ഇത്തിത്താനം പബ്ലിക് ലൈബ്രറി
5 ചൈതന്യ കുമരംകുളം
6 കുറിച്ചി Y.M.A
7 നാഷണൽ ക്ലബ്
8 കുറിച്ചി YMCA
9 വിജയാക്ലബ് കുറിച്ചി

ആദ്യകാലങ്ങളിൽ വളരെ നല്ല നിലയിൽ പുസ്തകശേഖരം നടത്തിയിരുന്ന വായനശാല കളാണ് ഇവയിൽ പലതും. എങ്കിലും പിന്നീട് ഗ്രന്ഥശേഖരത്തിൽ വളരെക്കുറവ് വന്നിരിക്കുന്നു എന്നത് ഒരു സത്യമാണ്. ജനങ്ങളുടെ വായനാശീലത്തിലും വളരെ കുറവുവന്നു.

യുവരശ്മി വായനാശാലയാണ് ഏറ്റവും ഫലപ്രദമായി നടന്നുവരുന്നത്. ഈ വായനാശാലകളിലെല്ലാം പുതിയ പുസ്തകങ്ങളുടെ അഭാവം ഒരു പ്രശ്നമാണ്. ഇവിടങ്ങളിലെല്ലാം പത്രങ്ങളും മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങളും വരുത്തുന്നുണ്ട്. സാം സ്ക്കാരികമായ ഉയർ ച്ചയ്ക്ക് വളരെയധികം സംഭാവനനല്കു ന്നവയാണ് ഇവ.

കുറിച്ചി പഞ്ചായത്തിലെ മന്ദിരം കവല യുടെ പടിഞ്ഞാറുവശം പഞ്ചായത്തുവക സാം സ്ക്കാരിക നിലയം സ്ഥിതിചെയ്യുന്നു.

ഇതോട നുബന്ധിച്ച് ഒരു ടി. വി. സെറ്റ് പ്രവർത്തിപ്പിക്കുന്നു. 2 പത്രങ്ങൾ വരുത്തുന്നു. മറ്റു പ്രവർത്തനങ്ങളിലേക്കു വന്നിട്ടില്ല. റഫറൻസു ബുക്കുകളുടെ ശേഖരണം പുസ്തക വിതരണം എന്നിവ നടക്കുന്നുമിടുന്നു.

കുറിച്ചിയിലെ30%വീടുകളിലും റ്റി. വിയുണ്ട്. മിക്ക വീടുകളിലുമുണ്ടായിരുന്ന റേഡിയോയുടെ പ്രാധാന്യം ഇതുമൂലം വളരെകുറഞ്ഞിട്ടുണ്ട്. വിദേശകുത്തകകളുടെ റ്റി.വി പരസ്യത്തിലൂടെയുള്ള സ്വാധീനം അല്പമെങ്കിലുമൊക്കെ കുറിച്ചിയേയും സ്വാധീനിക്കുന്നുണ്ട്.

പത്രം വളരെക്കുറച്ചു വീടുകളിലെ വരുത്തുന്നതായിക്കാണുന്നുള്ളൂ.

കായികരംഗം.

നമ്മുടെ തനതായ കായികരംഗമാണ് നാടൻ പന്തുകളി. കേരള അടിസ്ഥാനത്തിൽ നടന്ന പന്തുകളി മത്സരങ്ങൾ ഇവിടെ സംഘടിപ്പിക്കപ്പെട്ടിരുന്നു. ഷാജിചേരിയിൽ ഒന്നാന്തരം നാടൻ പന്തുകളിക്കാരനാണ്.

ജാതിവ്യവസ്ഥ നിലനിന്നിരുന്നു എങ്കിലും ജാതിയുടെ വൈതാളികരുടെ ക്രൂരമായ ആക്രമണത്തിന്റെ പിടിയിൽ ഒരിക്കലും കുറിച്ചി പെട്ടിരുന്നില്ല. ഇത് കുറിച്ചിയ്ക്ക് അഭിമാനിക്കാവുന്ന ഒരു സംസ്ക്കാരിക തനിമയാണ്. ഇങ്ങനെ നിലനിന്ന ഒരു സൗഹാർദ്ദത്തിന്റെ പ്രതീകമായി കുറിച്ചി അദ്വൈതാവിദ്യാശ്രമത്തിൽ സ്വാമി ശ്രീനാരായണ തീർത്ഥരാൽ സ്ഥാപിതമായ സർവമത പ്രതിഷ്ഠയെ നമുക്ക് കാണാനാവും ഈ പ്രതിഷ്ഠയിൽ ഇന്ത്യയിലെ പ്രധാനപ്പെട്ട എല്ലാ മതങ്ങളുടെയും ചിഹ്നങ്ങൾ രേഖപ്പെടുത്തി യിരിക്കുന്നു. ഈ സൗഹാർദം നിലനിർത്താൻ കുറിച്ചിക്കാർ എന്നും ശ്രദ്ധിച്ചിരുന്നു.

ഇതോടൊപ്പം കാണേണ്ട മറ്റൊരു മാറ്റമാണ് അടുത്ത കാലത്ത് കുറിച്ചിയിൽ ഈ സൗഹാർദപരമായ അന്തരീക്ഷത്തിന് ഏറ്റ ചെറിയപോറലുകൾ. പ്രാപ്രദമായ ഇടപെടലു കളിലൂടെയും ആളുകളുടെ സംയമനത്തിലൂടെയും ഈ പോറലുകൾ മാറ്റാനും പ്രശ്നങ്ങൾ പരിഹരിക്കാനും കഴിഞ്ഞു എന്നുള്ളത് ആശ്വാസകരമാണ്.

ഗ്രാമസഭ നിർദ്ദേശങ്ങൾ

1 പ്രവർത്തനരഹിതമായിക്കിടക്കുന്ന ചാലച്ചിറയിലെ ഇത്തിത്താനം പ്രോഗ്രസീവ് ലൈബ്രറി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.

2 ചാലച്ചിറയിലെ പഞ്ചായത്തു മൈതാനത്ത് ഒരു സാംസ്ക്കാരിക നിലയം സ്ഥാപിക്കുക.

3 സാംസ്ക്കാരിക കേന്ദ്രങ്ങൾക്ക് ടി.വി. അനുവദിക്കുക

4 ചാലച്ചിറ മൈതാനത്തുനിന്ന് ഇറച്ചിക്കടമാറ്റി സാംസ്ക്കാരിക പുരോഗതിക്കായി ഈ സ്ഥലം വിനിയോഗിക്കുക.

5 കോട്ടയം ജില്ലയുടെ മാത്രം പ്രത്യേകതയായ നാടൻ പന്തുകളിക്ക് പ്രേത്സാഹനം നൽകുക.

6 പുരാതനകലകളായ പുലവൃത്തം കളി വേലകളി മുതലായവ പ്രോൽസാഹിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.

7 അയൽക്കൂട്ടം സംഘടനയും ദിഗ് വിജയ ക്ലബും ശരിയായി പ്രവർത്തിക്കുന്നതിന് സ്വന്തമായി ആസ്ഥാനം നിർമ്മിച്ചു നൽകുക.

8 കുറിച്ചി ഗവ :ഹൈസ്കൂളിന്റെ ഉപയോഗശൂന്യമായ ഗ്രൗണ്ട് പ്രയോജനമാക്കി തീർക്കണം.

9 ശ്രീഭദ്രാകലാ സമിതിയുടെ പ്രവർ

ത്തനം മെച്ചപ്പെട്ടുത്തുന്നതിന് ഒരു ആസ്ഥാന മന്ദിരം നിർമ്മിക്കുക.(ward x)

10 ഒരു സാംസ്കാരിക നയം രൂപീകരിക്കുക.

11 വാർഡ് അടിസ്ഥാനത്തിൽ കലാ-കായിക മൽസരങ്ങൾ

നടത്തണം.

12 പഞ്ചായത്ത് കോമ്പൗണ്ടിൽ ലൈബ്രറി സ്ഥാപിക്കുക(ward 5)

13 എണ്ണയ്ക്കാ ചിറയിൽ വായനശാല അനുവദിക്കുക.

14 8-ാം വാർഡിൽ വായനശാല സ്ഥാപിക്കുക.

15 8-ാം വാർഡിൽ കളിസ്ഥലം നിർമ്മിക്കുക.

16. 8-ാംവാർഡ് റേഡിയോ സെന്റർ തുറന്നു പ്രവർത്തുക്കുക.

17. നാടൻ കലകളുടെ സംരക്ഷണം അടിയന്തിര ശ്രദ്ധ അർഹിക്കുന്നു വേണ്ട പരിഗണന കൊടുക്കണം.

18. കൈയ്യെഴുത്തു മാസികകളുടെ പ്രവർത്തനം കലാ സാംസ്കാരിക സംഘടനകൾ ഏറ്റെടുക്കണം.

19. പൊതുവായി കലാ സാംസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് സാംസ്കാരിക കേന്ദ്രം നിർമ്മിക്കുക.

20. കോളനികൾ കേന്ദ്രീകരിച്ച് ആളുകൾക്ക് ഒരുമിച്ച് ചേരാനും പത്രം വായിക്കാനും മറ്റുമായി കേന്ദ്രങ്ങൾ സ്ഥാപിക്കണം.

പഞ്ചായത്തുകളിൽ കമ്മ്യൂണിറ്റി ഹാളുകളും ഇതിനോടനുബന്ധിച്ച് ഇൻഫർമേഷൻ സിസ്റ്റവും സ്ഥാപിക്കുക.

നിർദ്ദേശം

ജനകീയകലാരൂപങ്ങളുടെ സംരക്ഷണവും പരിപോഷണവും അടിയന്തിരശ്രദ്ധ അർഹിക്കുന്നു,





5-9

വനിത

"പുരുഷന്റെ മാതാവും, അവന്റെ അസ്ഥിയും മാംസവും സ്ത്രീയാകുന്നു."

മഹാത്മാഗാന്ധി

ലിംഗസമത്വമില്ലാത്ത മനുഷ്യവികസനം അപകടപ്പെടുത്തുന്നതാകുന്നു. എന്ന വാക്യത്തിൽ നിന്നും ആസൂത്രണ പ്രക്രിയയിലൂടെ മനുഷ്യന്റെ സമഗ്ര വികസനം ലക്ഷ്യമിടുന്ന നാം വനിതകളുടെ വികസനത്തെ സംബന്ധിച്ച് പ്രത്യേക പരിഗണനയോടെ ചിന്തിക്കേണ്ടതിന്റെ ആവശ്യം വെളിവാകുന്നു. ഭാരത ചരിത്രത്തിൽ സ്ത്രീയ്ക്ക് വളരെ ഉന്നതമായ സ്ഥാനമാണ് നൽകിയിരുന്നതെങ്കിലും ചരിത്രത്തിന്റെ തേരോട്ടത്തിൽ എവിടെയോ അവൾക്ക് അത് നഷ്ടമായി. ഇവിടെയും സ്ത്രീകളെ ഒന്നായികാണുന്നത് ഒട്ടും ശരിയാവില്ല. ഏറ്റവും ദുരിതമനുഭവിച്ചിരുന്നത് പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകളായിരുന്നു. മറ്റു വിഭാഗങ്ങളുടെയും സ്ഥിതി ഒട്ടും മെച്ചപ്പെട്ടതായിരുന്നില്ല.

കുറിച്ചി പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം സ്ത്രീകൾക്ക് വിദ്യാഭ്യാസപരമായും സാമൂഹികപരമായും സാംസ്ക്കാരികമായും വളരെ പിന്നോക്കാവസ്ഥ നിലനിന്നിരുന്നു. ഈ കാലഘട്ടങ്ങൾ പുരുഷമേധാവിത്വത്തിന്റേതായിരുന്നു. എന്നാൽ ആയുർദൈർഘ്യത്തെ സംബന്ധിച്ചിടത്തോളം സ്ത്രീകൾ മെച്ചമായ നിലവാരം പുലർത്തിയിരുന്നു. അന്ന് താഴെക്കിടയിലുള്ള സ്ത്രീകളുടെ പ്രധാന ജോലി കാർഷികരംഗവുമായി ബന്ധപ്പെട്ടായിരുന്നു. ഈ വിഭാഗം ശരിക്കും ചൂഷണത്തിനു വിധേയമായിരുന്നു. ഇടത്തരക്കാരിലെ സ്ത്രീകൾ ഗൃഹജോലിയുമായി ബന്ധപ്പെട്ടാണ് കഴിഞ്ഞിരുന്നത്. ബ്രാഹ്മണ സമൂഹം പോലെയുള്ളവരിലെ സ്ത്രീകൾ ജോലി ചെയ്യേണ്ടി ഇരുന്നില്ല എങ്കിലും സാമൂഹിക സമത്വം അനുഭവിച്ചിരുന്നില്ല.

ഭരണഘടന അനുശാസിക്കുന്ന നിർബന്ധിത വിദ്യാഭ്യാസത്തിന്റെ വരവോടെ സ്ത്രീകളുടെ വിദ്യാഭ്യാസം സർവ്വസാധാരണമായി. എന്നാൽ ഈ നൂറ്റാണ്ടിന്റെ ആദ്യ

കാലത്തു തന്നെ സ്ത്രീ വിദ്യാഭ്യാസത്തിനുത കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ കുറിച്ചി യിൽ സ്ഥാപിതമായിരുന്നു, കാവികുന്നിലെ ഗേൾസ് സ്ക്കൂളിന്റെ സ്ഥാപനം ഇതിലൊ ന്നാണ്.

ഈ സ്ക്കൂളിന്റെ സ്ഥാപനം കുറി ച്ചിയിലെ സ്ത്രീ വിദ്യാഭ്യാസത്തിനു തുടക്ക മിട്ടു. പിന്നീട് സ്ഥാപിതമായ എല്ലാ സ്ക്കൂ ളുകളിലും പെൺകുട്ടികളെ അയയ്ക്കുന്ന പതിവിന് ഇത് വഴിവച്ചിട്ടുണ്ട്. ഇന്ന് ആൺകുട്ടികൾക്കെന്നപോലെ തന്നെ എല്ലാ പെൺകുട്ടികൾക്കും വിദ്യാഭ്യാസം നൽകു ന്നതിൽ മാതാപിതാക്കൾ ശ്രദ്ധവയ്ക്കുന്നു എന്നു മാത്രമല്ല. ഉന്നത വിദ്യാഭ്യാസത്തി നായി പെൺകുട്ടികൾക്ക് പറ്റുന്ന അത്ര പഠി ക്കുന്നതിന് സൗകര്യം ചെയ്യുന്നതിന് ഇവർ തയ്യാറാകുന്നു.

വിദ്യാഭ്യാസപരമായ ഈ മാറ്റം ഔ ദ്യോഗികരംഗത്ത് കടന്നു വരുന്നതിന് സഹാ യിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ ഭൂരി ഭാഗം വരുന്ന സ്ത്രീകളെ സംബന്ധിച്ചിട ത്തോളം ഈ സ്ഥിതി കാണാൻ കഴിയുന്നി ല്ല. ഇതിൽ പ്രത്യേകിച്ചും പട്ടികജാതി പട്ടി കവർഗ വിഭാഗത്തിലെ വനിതകൾ.

1991-ലെ സെൻസസ് പ്രകാരം കുറിച്ചി പഞ്ചായത്തിലെ ജനസംഖ്യ സംസ്ഥാന,ദേ ശീയ അനുപാതത്തിൽ നിന്ന് അൽപം വ്യത്യ സ്തമാണ്. കുറിച്ചിയിലെ സ്ത്രീകളുടെ ജന സംഖ്യ 14709 ആണ് ഇത് പുരുഷന്മാരുടെ ജനസംഖ്യയെക്കാൾ 159 എണ്ണം കുറവാണ്. പട്ടികജാതി പട്ടികവർഗ വിഭാഗത്തിലെ സ്ത്രീകളുടെ എണ്ണം പരിശോധിക്കുമ്പോഴും ഈ കുറവ് നിലനിൽക്കുന്നതായികാണാം.

വിദ്യാഭ്യാസരംഗത്തെ ആൺകുട്ടികളു ടെയും പെൺകുട്ടികളുടെയും കണക്കുപരി ശോധിക്കുമ്പോൾ തുല്യത പുലർത്തുന്നു എന്നത് ഇവരുടെ വിദ്യാഭ്യാസത്തിൽ മാതാ പിതാക്കൾ ശ്രദ്ധ വയ്ക്കുന്നു എന്നതിന്റെ ചൂണ്ടുപലകയാണ്.

ഇന്നത്തെ സമൂഹത്തിൽ കുടുംബ ത്തിന്റെ വരുമാനം, പുരുഷന്റെയും സ്ത്രീക ളുടെയും വരുമാനത്തിന്റെ ആകെത്തുക യാണ്. പുരുഷനോടൊപ്പം സ്ത്രീയും ജോലി ചെയ്ത് വരുമാനം ഉണ്ടാക്കേണ്ടത് അവരു ടെ സാമ്പത്തിക ഭദ്രതയ്ക്ക് അത്യാവശ്യ മായി മാറിയിരിക്കുന്നു.

പഞ്ചായത്തിലെ മൊത്തം തൊഴിലി ല്ലാത്തവരിൽ [20393] 12532 പേർ സ്ത്രീകളാണ്. ഇവർ 61.45% വരും.

തൊഴിലുള്ളവരിൽത്തന്നെ ഏറ്റവും കൂടുതൽ കർഷകത്തൊഴിലാളികളാണ്. ഇവർ തൊഴിലുള്ളവരുടെ 68.26% വരും.

സ്ത്രീയും പലപ്പോഴും പുരുഷനോടൊ പ്പം തന്നെ ജോലി ചെയ്യുന്നുണ്ടെങ്കിലും കൂലി നിരക്കിൽ വലിയ അന്തരം നിലനിൽക്കുന്ന തായി കാണുന്നുണ്ട്. കൂലി നിരക്കിലുള്ള വിവേചനം സംബന്ധിച്ച പട്ടിക താഴെ കൊ ടുക്കുന്നു.

തൊഴിൽ മേഖല	സ്ത്രീകൾ	പുരുഷന്മാർ
കർഷകതൊഴിലാളി	50	100
നിർമ്മാണതൊഴിലാളി	75	110

ഇതിൽ നിന്നും കർഷകതൊഴിലാളി യുടെ മേഖലയിൽ കൂലിവ്യത്യാസം 100% ആണെന്നു കാണാൻ കഴിയും നിർമ്മാണ. തൊഴിലാളിയുടെ മേഖലയിൽ ഇത് 40%

ഇപ്പോഴും സ്ത്രീകൾ വളരെ വലിയ ചൂഷണത്തിനു വിധേയരാവുന്നു എന്ന തിന്റെ തെളിവാണ് ഈ കൂലിനിരക്കിലുള്ള അന്തരം കാണിക്കുന്നത്.

പൊതുവെ ജീവിതനിലവാരം മെച്ചപ്പെട്ടതോടുകൂടി കുടുംബങ്ങളിലെ പട്ടിണി കുറെയൊക്കെ മാറിയപ്പോഴും സ്ത്രീ പട്ടിണിക്കാരിയായിത്തന്നെ തുടരുന്ന നില പലപ്പോഴുമുണ്ട്.

വിദ്യാഭ്യാസപരമായി ഉയർന്ന നിലവാരത്തിൽ ന്യൂനപക്ഷം സ്ത്രീകൾ എത്തിയെങ്കിലും അവസരസമത്വം ഇവർക്ക് നിഷേധിക്കപ്പെടുന്നു എന്നുള്ളത് പ്രധാനപ്രശ്നമാണ്. ഗൃഹ സംബന്ധമായ ജോലികളിൽ ഇവരുടെ പങ്കാളിത്തം വളരെ കൂടുതലോ മുഴുവനായോ ആണ്. പക്ഷെ ഇത് വിലമതിക്കാത്ത ഒന്നായി കാണപ്പെടുന്നു.

പീഡനം ഏറ്റവുമധികം കൂടുതൽ അനുഭവിക്കുന്ന ഒരു വിഭാഗമാണ് സ്ത്രീകൾ. കുറിച്ചി പഞ്ചായത്തിൽത്തന്നെ മരണത്തിലേക്കു നയിച്ച പീഡന സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിന് ഒരു കാരണമായി സ്ത്രീധന പ്രശ്നം ഉയർന്നു വരുന്നു. ഈ സാമൂഹിക ദുഷ്പ്രവണതയ്ക്കെതിരെ അഭിപ്രായം ഉയർന്നു വരേണ്ടതുണ്ട്. മറ്റുള്ള കാരണങ്ങൾ ചർച്ച ചെയ്യുകയും മാറ്റങ്ങൾ ഉണ്ടാക്കിയെടുക്കുകയും ചെയ്യണം.

രാജ്യത്തിന്റെ ഭാവിയെ കരുപിടിപ്പിക്കുന്ന സാമ്പത്തിക രാഷ്ട്രീയ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിൽ ഇവരുടെ പങ്കാളിത്തം ഒട്ടും തന്നെ ഇല്ലെന്നു പറയാം. കുറിച്ചി പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഭരണ സംവിധാനത്തിൽ സ്ത്രീ പങ്കാളിത്തം 30% ആണ്. പങ്കാളിത്തത്തോടൊപ്പം തന്നെ തീരുമാനങ്ങൾ കരുപിടിപ്പിക്കുന്നതിലും ഇവരുടെ അഭിപ്രായങ്ങൾ പൂർണമായി പരിഗണിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

ഇന്നത്തെ സാമൂഹിക ഘടനയിൽ നീതി ലഭിക്കാത്ത ഒരു വിഭാഗമായിത്തന്നെ വനിതകളെ കാണേണ്ടി വരും. ഇതിനുള്ള കാരണങ്ങളും പരിഹാരങ്ങളും ചർച്ച ചെയ്യപ്പെടണം.

ഇന്നു പൊതു രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം ആശാവഹമല്ല. പൊതു രംഗത്ത് പ്രവർത്തിക്കുവാൻ തൽപരരായ വനിതകളെ പുരുഷന്മാർ നിരുത്സാഹപ്പെടുത്തുന്ന ഒരു പ്രവണത കണ്ടു വരുന്നു. ഇതു മാറിയേതീരു.

സാമൂഹികരംഗത്ത് വളരെക്കാലമായി പിന്നിലായിരുന്ന സ്ത്രീകളെ ബോധ പൂർവമായ ഇടപെടലിലൂടെ മുന്നോട്ടു കൊണ്ടുവന്നാലെ പൊതുജീവിതത്തിലും തൊഴിൽ മേഖലയിലും അർഹമായ പങ്കു വഹിക്കാൻ പ്രാപ്തരാക്കാൻ കഴിയുകയുള്ളു. സ്വന്തം പദവിയെക്കുറിച്ചും കഴിവുകളെക്കുറിച്ചും സ്ത്രീകൾക്ക് ആത്മവിശ്വാസമില്ലായ്മ പ്രധാന പ്രശ്നമാണ്. തന്മൂലം ജോലികളേറ്റെടുക്കുവാനുള്ള വിമുഖത സ്ത്രീകളുടെ ഭാഗത്തും ഉത്തരവാദിത്വം ഏല്പിക്കുവാനുള്ള താൽപര്യക്കുറവ് പുരുഷന്മാരുടെ ഭാഗത്തും ഉണ്ട്.

സ്ത്രീകളുടെ നേതൃത്വം അംഗീകരിക്കുവാൻ വൈമുഖ്യമുള്ള പുരുഷന്മാരുടെ മനോഭാവത്തിലും മാറ്റംവരേണ്ടതുണ്ട്.

ഈ രംഗങ്ങളിൽ സ്ത്രീകളെ പുരുഷന്മാർക്കൊപ്പം പ്രാപ്തരാക്കുന്നതിനു വേണ്ടി ഫലപ്രദമായി പ്രവർത്തിക്കുന്ന സംഘടനയാണ് 10-ാം വാർഡിൽ പ്രവർത്തിക്കുന്ന ശ്രീ ഭദ്രകലാസമിതി, സംഗീത നാടക അക്കാഡമി അംഗത്വവും ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്ട്രേഷനുമുള്ള ഈ സംഘടനയുടെ പ്രവർത്തനത്തിനുവേണ്ട സഹായം പഞ്ചായത്ത് ആലോചിക്കേണ്ടതാണ്.

ഇതോടൊപ്പം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ വനിതാ സഹക

രണ സംഘങ്ങളുടെ പ്രവർത്തനവും ശ്ലാഘനീയമാണ്.

ദളിത് വിമൻസ് സൊസൈറ്റി ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനയാണ്.

സാമൂഹ്യ രംഗത്തും പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ അവർക്കായി പ്രത്യേത പരിശീനം പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. പൊതുപ്രവർത്തനരംഗത്ത് മുൻപരിചയമെടുത്ത സ്ത്രീകൾ തങ്ങളുടെ അനുഭവങ്ങൾ പുതിയ തലമുറയുമായി പങ്കുവെയ്ക്കുകയും അങ്ങനെ അവരിൽ ആത്മാവിശ്വാസം ഉളവാക്കുകയും വേണം. വനിതകളുടേത് മാത്രമായ സംഘടനകൾക്ക് വേണ്ട സഹായങ്ങൾ നൽകി പ്രോത്സാഹിപ്പിക്കണം. സ്ത്രീകളെ നേതൃനിരയിൽ കൊണ്ടുവരുന്നതിന് രാഷ്ട്രീയ സംസ്ക്കാരിക സംഘടനകൾ ശ്രമിക്കണം.

സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്ത്രീകളുടേതായ തൊഴിൽ യൂണിറ്റുകളും സഹകരണ സംഘങ്ങളും ആരംഭിക്കണം.

അതിനുള്ള സാധ്യത പഞ്ചായത്തിലുണ്ട് റെഡിമെയ്ഡ് വസ്ത്രമേഖല, പാൽ ഉൽപന്നങ്ങൾ നിർമ്മിക്കൽ, ഉപ്പേരിയുണ്ടാക്കൽ, ജാം ഉണ്ടാക്കൽ, കുറ്റിമുല്ല കൃഷി പൂക്കട, എന്നിവ സ്ത്രീകളുടെ നേതൃത്വത്തിൽ നടത്താവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള DWCRA യൂണിറ്റുകളുടെ നേതൃത്വത്തിലുള്ള സ്ത്രീകൾക്ക് വേണ്ട പരിശീലനം നൽകേണ്ടതാണ്.

സ്ത്രീകൾക്ക് നേരെയുള്ള അക്രമങ്ങൾ നമ്മുടെ പഞ്ചായത്തിലും ഇല്ലാതില്ല. സ്ത്രീകൾക്കിടയിലുള്ള നിരക്ഷരത നിർമ്മാർജ്ജനം ചെയ്യാൻ 1990-ലെ സാക്ഷരതാ പ്രവർത്തനം വളരെ സഹായകരമായിട്ടുണ്ട്.

വനിതാ മേഖല നേരിടുന്ന പ്രശ്നങ്ങൾ

1. സ്ത്രീകൾക്ക് മാന്യപദവി എന്നത് പദത്തിലല്ലാതെ ഫലത്തിലില്ല. എല്ലാ മേഖലകളിലും സ്ത്രീകൾക്ക് അവഗണന അനുഭവപ്പെടുന്നു.

2. സാമൂഹ്യ സാംസ്ക്കാരിക രംഗങ്ങളിൽ ധീരമായി കടന്നു വരുന്ന സ്ത്രീകളെ വേണ്ട രീതിയിൽ പ്രോത്സാഹിപ്പിക്കുന്നില്ല

3. ഉചിതമായ 'സ്വയം തൊഴിൽ' കണ്ടെത്തി പ്രവർത്തിക്കുന്നതിനുതകും വിധം ഉദാരമായവായ്പ പദ്ധതികൾ നടപ്പിലാക്കണം. സാമ്പത്തിക ഇടത്തട്ടുകാരായ വനിതകൾക്കും അത് ലഭ്യമാക്കണം

4. തുല്യജോലിക്ക് തുല്യവേതനം ലഭ്യമാക്കണം. കൂലിനിരക്കിൽ ഇന്നുള്ള വിവേചനം അവസാനിപ്പിക്കണം.

5.തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര പരിജ്ഞാനമില്ല പരിശീലനത്തിന് സൗകര്യങ്ങൾ ലഭിക്കുന്നില്ല.

6.സ്വയം തൊഴിൽ കണ്ടെത്തുവാനുള്ള സ്ഥായിയായ തടസ്സം സാമ്പത്തിക ഞെരുക്കം ആണ്.

7. സർക്കാർ സഹായ പദ്ധതികൾ ഏതൊക്കെ എന്ന വ്യക്തമായ അറിവില്ലായ്മ സ്ത്രീകളെ വിഷമിപ്പിക്കുന്നു.

8. അങ്കണവാടി അദ്ധ്യാപികമാർ ന്യായമായ കൂലി കിട്ടാതെ വിഷമിക്കുന്നു. സൗകര്യങ്ങളില്ലാത്ത പല അങ്കണവാടികളുമുണ്ട്.

9. സ്വയം ശക്തിയാർജ്ജിച്ച് രംഗത്തിറങ്ങാനുള്ള മനോദാർഢ്യം സ്ത്രീകളിൽ കുറവാണ്

10. പൊതു സ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്കു വേണ്ട സൗകര്യമില്ല.

സ്ത്രീകൾക്കിടയിലെ പ്രശ്ന പരിഹാരമാർഗ്ഗം

താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം

1. ഉല്പാദനപരമായ സ്വയം തൊഴിൽ സംരംഭങ്ങൾ സ്ത്രീകൾക്കിടയിൽ സംഘടിപ്പിക്കുവാൻ മുൻ കൈ യെടുക്കുക.

2. തൊഴിൽ സാധ്യത കണക്കിലെടുത്ത് തൊഴിൽ യൂണിറ്റുകൾ തുടങ്ങുകയും അവയുടെ പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.

3. വനിതാ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

4. തുല്യ ജോലിക്കു തുല്യവേതനം നടപ്പിലാക്കുവാൻ ശ്രദ്ധിക്കുക.

5. തൊഴിലവസരങ്ങൾ തൊഴിൽ നിയമങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുക.

6. തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക

7. കർഷകതൊഴിലാളിപെൻഷൻ, അഗതിപെൻഷൻ, വിധവപെൻഷൻ എന്നിവ അർഹരായമുഴുവൻ സ്ത്രീകൾക്കും മുടക്കം വരാതെ ലഭ്യമാക്കുക.

8. അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക. കുട്ടികളുടെ വിനോദത്തിനും വിശ്രമത്തിനും ആരോഗ്യത്തിനും വേണ്ട സംവിധാനം വികസിപ്പിക്കുക.

9. സ്ത്രീകളുടേതായ സാംസ്ക്കാരിക സംഘടനകൾക്ക് അർഹമായ സഹായം നൽകി പ്രോത്സാഹിപ്പിക്കുക.

10. സ്ക്കൂളുകളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ ആവശ്യമായ സഹായം ചെയ്യുക.

11. സ്ത്രീകൾക്കു എതിരായ അക്രമങ്ങൾ തടയുന്നതിനും പ്രത്യേക സംരക്ഷണം ഉറപ്പാക്കുന്നതിനും ഒരു "വനിതാ സംരക്ഷണയൂണിറ്റ്" സംഘടിപ്പിക്കുക.

12. നിലവിലുള്ള Health Centre കൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക. കൂടുതൽ Health Centre-കൾ സ്ഥാപിക്കുക. Health Centre കളിൽ സ്ഥിരമായി ഡോക്ടർന്മാരെ നിയമിക്കുക.

13. നമ്മുടെ പഞ്ചായത്തിനാവശ്യമായ മുട്ട, പാൽ, ഇറച്ചി എന്നിവ സംഭരിക്കത്തക്കവിധം ആട്, പശു, കോഴി എന്നിവയെ വളർത്തുന്നതിനും യൂണിറ്റുകൾ സ്ഥാപിക്കുക.

14. സ്ത്രീകളുടെയും, കുഞ്ഞുങ്ങളുടെയും ആരോഗ്യപരിപാലനത്തിന് സൗജന്യമായി പോഷകാഹാരം നൽകുക.

15. (പരമ്പരാഗത തൊഴിലുകളെ പ്രോത്സാഹിപ്പിക്കുക) കുട്ട, വട്ടി, പായ് തുടങ്ങിയ കുടിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുക.

16. പരമ്പരാഗത തൊഴിലിനാവശ്യമായ അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കുക, ഉൽപന്നങ്ങൾ വിറ്റഴിക്കുവാൻ സംവിധാനമുണ്ടാക്കുക.

17. കുറ്റിമുല്ലകൃഷി പ്രോത്സാഹിപ്പിക്കുക, പൂമാല കെട്ടുക.

18. DWCRA യൂണിറ്റുകൾ പ്രവർത്തി

ക്കുന്നതിന് സ്ഥലവും കെട്ടിടവും ലഭ്യമാക്കുക.

19. സ്ത്രീകൾ നാഥകളായുള്ള കുടുംബങ്ങൾക്ക് സ്വയം തൊഴിലിന് പ്രത്യേകപരിഗണന നൽകുക.

20. പൊതു സ്ഥലങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഉറപ്പുവരുത്തുക.

21. വ്യാപകമായ വ്യാജചാരായവിൽപന, ചീട്ടുകളി എന്നിവ അവസാനിപ്പിക്കുന്നതിനു് അധികാരികളുടെ ഭാഗത്തു നിന്ന് വേണ്ടത്ര ശ്രമങ്ങളുണ്ടാവുക.

പട്ടിക 1

തൊഴിൽ മേഖലയിലെ സ്ത്രീ പുരുഷ പങ്കാളിത്തത്തെ സൂചിപ്പിക്കുന്ന പട്ടിക

തൊഴിൽ മേഖല	സ്ത്രീകളുടെ എണ്ണം	പുരുഷന്മാരുടെ എണ്ണം
കർഷകർ	31	778
കർഷകത്തൊഴിലാളികൾ	1252	2430
ചെറുകിട വ്യവസായം	48	746
ഗതാഗതം, സംഭരണം	15	529
വ്യാപാരം	64	851
മറ്റു ജോലികൾ	400	770
മറ്റു കാർഷിക മേഖല	17	162
മാനുഫാക്ടറിംഗ് & പ്രോസസിംഗ്	7	49
ജോലി ഇല്ലാത്തതും	12532	7861

5-10

സഹകരണമേഖല

ഇന്ത്യയിൽ സഹകരണപ്രസ്ഥാനം ആരംഭിച്ചത് ബ്രിട്ടീഷ് ഭരണകാലത്താണ്. ഇതിന്റെ മുഖ്യ ലക്ഷ്യം "കടത്തിൽ ജനിച്ച് കടത്തിൽ വളർന്ന് തന്നെ പിൻ തലമുറക്കാർക്ക് ഭാഗിച്ചു കൊടുത്തുകൊണ്ട് മരണമടയുന്ന" ഇന്ത്യയിലെ കൃഷിക്കാരെ ഋണബാദ്ധ്യതയിൽ നിന്നും, കുടിയായ്മ കെട്ടുപാടുകളിൽ നിന്നും ഉദ്ധരിക്കുക എന്നു ള്ളതായിരുന്നു. 1892-ൽ മദ്രാസ് ഗവൺമെന്റ് സർ ഫ്രെഡറിക് നിക്കോൾസനെ സഹകര ണപ്രസ്ഥാനത്തെ പറ്റി പഠിച്ച് റിപ്പോർട്ടു സമർപ്പിക്കുന്നതിനുവേണ്ടി യൂറോപ്പിലേക്ക യച്ചു. അദ്ദേഹത്തിന്റെ റിപ്പോർട്ടിന്റെ അടി സ്ഥാനത്തിൽ 1904-ൽ ബ്രിട്ടീഷ് ഗവൺമെന്റ് ഇന്ത്യയിലെ X-ാം നമ്പർ ആക്ടായി ആദ്യത്തെ സഹകരണ നിയമം പാസ്സാക്കി.

തിരുവിതാംകൂറിൽ ശ്രീ. പി. രാജ ഗോപാലാചാരി ദിവാനായിരുന്ന കാലത്ത് സഹകരണനിയമം പാസ്സാക്കുകയും അത് 1914 ഏപ്രിൽ 4-ാം തീയതി പ്രാബല്യത്തിൽ വരികയും ചെയ്തു. ഈ നിയമപ്രകാരം ആദ്യം സ്ഥാപിക്കപ്പെട്ട തിരുവിതാംകൂർ സെൻട്രൽ സഹകരണബാങ്കാണ് ഇന്നത്തെ കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്.

ഈ സഹകരണനിയമം വന്നതോടു കൂടി സഹകരണസംഘങ്ങളെ പറ്റിയുള്ള ആശയം ഗ്രാമീണ കൃഷിക്കാരിലും പ്രചാര ത്തിലായി. ഗ്രാമങ്ങളിൽ പരസ്പരസഹായസ ഹകരണസ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് സർക്കാർ ഉദ്യോഗസ്ഥന്മാരും പ്രാദേശിക ഗ്രാമനേതാക്കന്മാരും മുൻകൈയ്യെടുത്തു. ഈ പശ്ചാത്തലത്തിലാണ് കുറിച്ചി പകുതിയിൽ പരസ്പരസഹായ സഹകരണസംഘങ്ങൾ രൂപം കൊള്ളുന്നത്. 1920നും 1930നും ഇട യ്ക്കാണ് കുറിച്ചി പഞ്ചായത്തിൽ സഹകര ണസംഘങ്ങൾ ഉണ്ടാകുന്നത്. കുറിച്ചി പഞ്ചാ യത്തിലെ വായ്പാ സഹകരണസംഘങ്ങ ളുടെ ഒരു ലിസ്റ്റ് പട്ടിക - 1 ൽ കൊടുത്തി രിക്കുന്നു.

പട്ടിക -1
Credit സംഘങ്ങൾ

Sl. No.	പേര്	നമ്പർ	സ്ഥാപിച്ച വർഷം പ്രവർത്തനം ആരംഭിച്ച തീയതി	അംഗങ്ങളുടെ എണ്ണം	ജീവനക്കാരുടെ എണ്ണം	ഓഹരി മൂലധനം	വാർഷിക ടേൺ ഓവർ	ലാഭം/ നഷ്ടം
1.	ഇത്തിത്താനം സർവ്വീസ് സഹകരണ ബാങ്ക് LTD. മലകുന്നം, P.O.	476	12-8-1923	2536	7	Rs.720900/-	Rs. 68688984.90	നഷ്ടം
2.	കുറിച്ചി സർവ്വീസ് സഹകരണ ബാങ്ക് LTD.	1583	24-3-1926	8662	8	Rs.1389720/-	Rs.103910162.68	നഷ്ടം
3.	ഇത്തിത്താനം ജനതാ സർവ്വീസ് സഹകരണ ബാങ്ക് LTD.	1297	13-6-1926	3618	10	Rs.1389720/-	Rs.71365745.66	ലാഭവും നഷ്ടവും ഇല്ല

അവലംബം -വാർഷിക റിപ്പോർട്ട് സ്മരണിക, അഭിമുഖം, അംഗങ്ങളിൽ നിന്നും ശേഖരിച്ച വിവരം.

കൃഷിക്കാരെ സഹായിക്കുക എന്ന ലക്ഷ്യം മുൻ നിറുത്തി കുറിച്ചി വില്ലേജിൽ ആദ്യം ഉണ്ടായ സഹായസഹകരണസംഘ മാണ് 476-ാംനമ്പർ സംഘം. ഇതിന്റെ പ്രാരംഭപ്രവർത്തകർ തോമ്മസ് ജോസഫ് ചാക്യായിൽ, തൊമ്മൻ മാത്യു ചാലയ്ക്കൽ, അയ്യപ്പൻ നായർ, കിട്ടൻ നായർ ആക്കാട്ട്, ഔസേപ്പ് ദേവസ്യാ ചക്യായിൽ, ഔസേപ്പു ദേവസ്യാ കാഞ്ഞിരത്തുംമൂട്ടിൽ ഇത്താക്ക് പീലിപ്പോസ് തോടാശ്ശേരി, ചാക്കോ തോമ്മസ് വടക്കേ ചാലയ്ക്കൽ, എന്നിവരായിരുന്നു. ഔസേപ്പ് ദേവസ്യാ ചക്യായിൽ പ്രസിഡന്റായിരുന്നു. ചെങ്ങാട്ട് ആഗസ്തി ചാക്കോ, ദീർഘകാല ഓണററി സെക്രട്ടറി ആയിരുന്നു. 15-1-1963 ൽസർവ്വീസ് ബാങ്കായി ഉയർത്തപ്പെട്ടു.

ഇതേതുടർന്ന് കുറിച്ചി കരയിൽ രൂപ വല്കരിച്ച പരസ്പരസഹായ സഹകരണ സംഘമാണ് 1538-ാം നമ്പർ കുറിച്ചി സർവ്വീസ് സഹകരണബാങ്ക്. ഈ സംഘ ത്തിന്റെ ആദ്യകാലകമ്മറ്റി അംഗങ്ങൾ റ്റി. സി. മാത്യു തുരുത്താമഠം, വി. ഒ. ഏബ്ര ഹാം പൂഴികുന്നേൽ, സി. പി. ശങ്കരൻ നായർ ചേരിയിൽ, കാഞ്ഞിരക്കാട്ട് കെ. റ്റി. സ്കറി യാ, ചാക്കോ പുന്നൂസ് പെരുന്നാട്, കെ. കെ. പത്മനാഭൻ മുട്ടത്ത്, ഉതുപ്പാൻ ഏബ്ര ഹാം എടത്തിൽ, ചെറിയാൻ പുന്നൂസ് പ ള്ളത്ര എന്നിവരായിരുന്നു. ഓ. വി. ഏബ്രഹാം പ്രസിഡന്റും, റ്റി. സി. മാത്യു തുരുത്താമഠം ദീർഘകാല ഓണററി സെക്രട്ടറിയുമായിരുന്നു.

ഈ പഞ്ചായത്തിൽ മൂന്നാമതു രൂപം കൊണ്ട ബാങ്കാണ് പട്ടികയിൽ മൂന്നാമതായി കൊടുത്തിട്ടുള്ള ഇത്തിത്താനം ജനതാ സർവ്വീസ് സഹകരണബാങ്ക്. 13-6-1926-ൽ സംഘത്തിന്റെ ആദ്യയോഗം കൂടി. 45പേർ പങ്കെടുത്തു. അവരിൽ പള്ളിയമ്പറ ത്തുമഠത്തിൽ നരസിംഹർ ഈശ്വരർ, ആനാ രിൽ രാമൻ പിള്ള നാരായണപിള്ള, പൂവ മ്പള്ളിൽ നാരായണൻ ഇളയത് കേശവൻ ഇളയത്, അമ്പാട്ടു നാരായണപിള്ള കേശ വപിള്ള, മുണ്ടയ്ക്കൽ കൃഷ്ണപിള്ള പര മുപിള്ള, പുതുശ്ശേരിൽ അച്യുതൻ കുട്ടി, പുത്തൻ വീട്ടിൽ കേശവപിള്ള, ഗോപാല പിള്ള എന്നിവരെ കമ്മറ്റി അംഗങ്ങളായും, പുത്തൻ വീട്ടിൽ കേശവപിള്ള ഗോപാലപി ള്ളയെ സെക്രട്ടറിയായും തെരഞ്ഞെടുത്തു. ഈ സംഘത്തിന്റെ ആദ്യത്തെ പേര് "ഇത്തിത്താനം ഹൈന്ദവപരസ്പരസഹായസ ഹകരണസംഘം" എന്നായിരുന്നു. 11-1-1937- ൽജനതാ സഹകരണസംഘം എന്നു പേരു മാറ്റി. 1966-ൽ ജനതാ സർവ്വീസ് സഹകരണ ബാങ്കായി. ശ്രീ. കെ. വി. കരുണാകരൻ നായൻ തുരുത്തിപ്പെള്ളിൽ ദീർഘകാലം ഓണററി സെക്രട്ടറിയായിരുന്നു.

സർവ്വീസ് സഹകരണ ബാങ്കുകളുടെ ഇന്നത്തെ അവസ്ഥ

ഇത്തിത്താനം 476-ാം നമ്പർ സഹ കരണ ബാങ്ക് സ്വയം തൊഴിൽ, വീട്ടുപകര ണങ്ങൾ വാങ്ങുക, എന്നിവയ്ക്ക് വായ്പ കൾ അനുവദിക്കുന്നു. സ്വർണ്ണപ്പണയ വായ്പയും നൽകുന്നു. ഈ ബാങ്കിൽ ഇ പ്പോൾ 25000 രൂപയുടെ 8 പ്രതിമാസ ലേല ച്ചിട്ടികൾ നടത്തിവരുന്നു. വളം ഡിപ്പോയിൽ എല്ലാ വിധ വളങ്ങളും ലഭ്യമാണ്. ഓണ ക്കാലത്ത് ഓണച്ചന്തയും നടത്തുന്നു. വി ദ്യാർത്ഥികൾക്ക് അവാർഡുകൾ നൽകുന്നു. അംഗങ്ങൾ എടുക്കുന്ന വായ്പകൾ കൃത്യ ശിഖ വരുത്തുന്നതിനാൽ ഈ ബാങ്ക് നഷ്ട ത്തിൽ പ്രവർത്തിക്കുന്നു. സഹകാരികൾ കൂടുതൽ സഹകരിച്ചാൽ ലാഭകരമായി പ്രവർത്തിക്കാൻ കഴിയും.

1538-ാം നമ്പർ കുറിച്ചി സർവ്വീസ് സഹകരണ ബാങ്ക് (1-ാം പട്ടിക നമ്പർ 2)

കുറിച്ചി പഞ്ചായത്തു മുഴുവൻ ഈ ബാങ്കിന്റെ പ്രവർത്തനപരിധിയാണ്. ഈ

ബാങ്കിനു രണ്ടു ബ്രാഞ്ചുകളുണ്ട് ഒന്ന് കരുനാട്ടുവാലയിലും, മറ്റൊന്ന് 40 ൽ കവലയിലുമാണ്. കാർഷിക വായ്പ, സ്വർണ്ണപണയ വായ്പ, മറ്റ് അനവധി ആവശ്യങ്ങൾക്കുംവായ്പകൾ നൽകുന്നുണ്ട്. ബ്രാഞ്ച് ഹെഡാഫീസിൽ കൺസ്യൂമർ സ്റ്റോർ നല്ല നിലയിൽ പ്രവർത്തിക്കുന്നു. കൺസ്യൂമർ സ്റ്റോറും വളം ഡിപ്പോയും ഇപ്പോൾ തുറന്നു പ്രവർത്തിക്കുന്നില്ല. കൺസ്യൂമർ സ്റ്റോറും വളം ഡിപ്പോയും ഏറ്റെടുത്തു നടത്തുവാൻ ആരും മുന്നോട്ടു വരാത്തതു മൂലമാണ് ഇവ തുറന്നു പ്രവർത്തിക്കുവാൻ കഴിയാത്തത്. ഹെഡാഫീസിലും ബ്രാഞ്ചിലുമായി 95-96 ൽ13 നമ്പരുകളിലായി 32,5000 ചിട്ടികൾ ഉണ്ടായിരുന്നു. ജൗളി, വിഷം എന്നിവയുടെ വ്യാപാരം ഉണ്ടായിരുന്നു. അവ നഷ്ടത്തിൽ കലാശിച്ചതിനാൽ നിറുത്തൽ ചെയ്തു. അംങ്ങൾ വായ്പ കുടിശിഖ അടയ്ക്കുന്നതിൽ അലംഭാവം കാണിക്കുന്ന തിനാൽ ബാങ്ക് ലാഭത്തിലെത്തിക്കുവാൻ കഴിയുന്നില്ല. 1976-ൽ സർവ്വീസ് ബാങ്കായി.

1267-ാംനമ്പർ ഇത്തിത്താനം ജനതാ സർവ്വീസ് സഹകരണ ബാങ്ക് (1-ാം പട്ടിക നമ്പർ3)

ഈ ബാങ്കിന് കേളൻ കവലയിൽ ഒരു ബ്രാഞ്ചുണ്ട്. അംഗങ്ങളുടെ എണ്ണവും, ഓഹരിയും മൂലധനവും വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ഈ ബാങ്കിന്റെ കുടിശിഖ ശതമാനം 15.42 ൽ എത്തിയിരിക്കുന്നു. അതുകൊണ്ട് ഈ ബാങ്കിന് 95-96 ൽകാര്യമായ ലാഭം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ജില്ലാ ബാങ്കിൽ നിന്നും ലഭിക്കുന്ന കാർഷിക വായ്പ ഉപയോഗപ്പെടുത്തുവാൻ കൂടുതൽ സഹകാരികൾ മുമ്പോട്ടു വരുന്നില്ല. നെൽ കൃഷിവായ്പ അധികം ആരും എടുക്കാറില്ല. വളം, കീടനാശിനി, പലചരക്ക്, സിമന്റ് എന്നിവയുടെ വ്യാപാരം നടക്കുന്നു. ഓണക്കാല കച്ചവടവും നടത്തുന്നു. പലചരക്ക് വ്യാപാരം കമ്മീഷൻ അടിസ്ഥാനത്തിൽ നടത്തുന്നത് ബാങ്കിന് ലാഭകരമാണ്. എന്നാൽ ഏജന്റിനെ സംബന്ധിച്ചിടത്തോളം പ്രത്യക്ഷത്തിൽ 2000രൂപ കിട്ടുമെങ്കിലും പരോക്ഷമായി നഷ്ടമാണെന്നും അതിനാൽ ഏജന്റ് അത് വിട്ടു പോവുകയും ഇപ്പോൾ ബാങ്ക് ഏറ്റെടുത്ത് നടത്തുകയും ചെയ്യുന്നു.

വസ്തു വാങ്ങുന്നതിനും, സ്വയം തൊഴിലിനും മറ്റ് ഗാർഹികാവശ്യങ്ങൾക്കും വായ്പകൾ നൽകുന്നു. വസ്തു ഈടിന്മേൽ 50000 രൂപ വരെയും സ്വർണ്ണ പണയത്തിന്മേൽ 50000രൂപാ വരെയും വായ്പ നൽകുന്നു, ഇപ്പോൾ ബ്രാഞ്ചിലും സ്വർണ്ണ പണയത്തിന്മേൽ വായ്പ നല്കുന്നു. 1966-നുശേഷം ഈ സഹകരണസംഘം മൂന്നു റേഷൻ കടകൾ നടത്തിയിരുന്നു, ആ വ്യാപാരം നഷ്ടമായിരുന്നു. അതിനാൽ നിറുത്തൽ ചെയ്തു. ജൗളി വ്യാപാരവും നഷ്ടത്തിലായി. കൊപ്രാ സംഭരണം നടത്തി. കൊപ്രാ കിട്ടാതിരുന്നതിനാൽ അതും നിത്തി. ചിട്ടി ഈ ബാങ്കിന്റെയും ഒരു പ്രധാന പ്രവർത്തനമാകുന്നു.

അവലോകനം

കുറിച്ചി പഞ്ചായത്തിലെ ഈ മൂന്നു സർവ്വീസ് സഹകരണബാങ്കുകളിലുമായി 14816 അംഗങ്ങളുണ്ട്. ഈ അംഗങ്ങൾ ബാങ്കുകളിൽ നിന്നും വിവിധ ഇനം വായ്പകൾ എടുത്തും, ചിട്ടിയിൽ ചേർന്നും, സ്വർണ്ണപണയത്തിന്മേലും പണം എടുത്തും അവരുടെ കാർഷികവും ഗാർഹികവുമായ ആവശ്യങ്ങൾ നിറവേറ്റിക്കൊണ്ടിരിക്കുന്നു. ഈ ബാങ്കുകളുടെ പ്രവർത്തനം മൂലം ഈ നാട്ടിലെ ജനങ്ങളുടെ സാമ്പത്തികവും സാമൂഹികവും, സാംസ്കാരികവുമായ പുരോഗതി അനുസ്യൂതം തുടരുകയാണ്.

ബാങ്കുകൾ നഷ്ടത്തിലേക്കു നീങ്ങുന്നതിന്റെ കാരണം പ്രധാനമായും സഹകാരികൾ എടുക്കുന്ന വായ്പ കൃത്യ സമയത്ത് തിരിച്ചടയ്ക്കാത്തതാണ്. കേസ്, ജപ്തി മുതലായ കാരണങ്ങളാൽ ബാങ്കിന് കൂടുതൽ നഷ്ടത്തിന് ഇടയാകുകയും ചെയ്യുന്നു. വ്യാപാരത്തിൽ സംഘങ്ങൾക്കു നഷ്ടം നേരിടുന്നതിന്റെ പ്രധാന കാരണം ഇരുപ്പു ചരക്കുകൾക്ക് കമ്പോളത്തിലെ വില വർദ്ധനവിനനുസരിച്ച് വില കൂട്ടി വില്ക്കാൻ പാടില്ലാത്ത വ്യവസ്ഥയാണ്. സഹകരണ പ്രസ്ഥാനം ലാഭത്തിനുവേണ്ടിയല്ല, സേവനത്തിനുവേണ്ടിയാണ് എന്ന ആശയം അംഗീകരിച്ചാൽത്തന്നെ മുടക്കുമുതലിന് പലിശയും കൈകാര്യം ചെയ്യുന്ന ആളിന് വേണ്ട കൂലിയും ലഭിക്കണം. നിക്ഷേപ സമാഹരണം മൂലം ടാർജറ്റിൽ കവിഞ്ഞ തുക സമാഹരിക്കുന്ന ബാങ്കുകളാണ് എല്ലാം.

വ്യാവസായികമായിട്ടുള്ള നൂതന സംരംഭങ്ങളിലൊന്നും ഇട പെടുന്നതിന് സർവ്വീസ് സഹകരണസംഘങ്ങൾ മടിച്ചു നില്ക്കുന്നു. ജീവനക്കാരുടെ വർദ്ധിച്ചു കൊണ്ടിരിക്കുന്ന എസ്റ്റാബളിഷ്മെന്റ് ചിലവുകൾ, സ്ഥലം കെട്ടിടം ഇവ ഉണ്ടാക്കുന്നതിനുള്ള ചെലവ്, വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ അഭ്യാനം, അസംസ്കൃത സാധനങ്ങളുടെ അഭാവം, തൊഴിൽ പ്രശ്നങ്ങൾ, വിപണി കണ്ടെത്താനുള്ള പ്രയാസങ്ങൾ, ഇവയെല്ലം ചിന്തിച്ച് വെളുക്കാൻ തേച്ചത് പാണ്ടാകുമോ എന്നു ഭയപ്പെട്ടു നില്ക്കുകയാണ്.

പട്ടിക - 2

കാർഷികേതര വായ്പാ സംഘം

സചിവോത്തമപുരം പട്ടികജാതി സർവ്വീസ് സഹകരണസംഘം LTD No. 3037

Sl. No	പേര്	No.	സ്ഥാപിച്ച വർഷം	അംഗങ്ങളുടെ എണ്ണം	ജീവനക്കാർ	ഓഹരി മൂലധനം	വാർഷിക ടേൺഓവർ	ലാഭം/ നഷ്ടം
1.	സചിവോത്തമപുരം പട്ടികജാതി സർവ്വീസ് സഹകരണ സംഘം	3037	30-7-1850	635	1	Rs.13442/-	Rs.4122.84	നഷ്ടം

ഈ സംഘത്തിന്റെ ആദ്യ യോഗം 1950 ഒക്ടോബർ 29-ാംതീയതി സചിവോത്തമപുരം കോളനിയിൽ ഉള്ള ഹാളിൽ വച്ച് കൃഷി ഓഫീസർ കെ. രാമകൃഷ്ണപിള്ളയുടെ അദ്ധ്യക്ഷതയിൽ കൂടി. തെക്കൻ ഡിവിഷൻ അവശസമുദായ സഹകരണസംഘം ഇൻസ്പെക്ടർ കെ. പി. നാരായണപിള്ള ഈ യോഗത്തിൽ സംബന്ധിച്ചു. ആദ്യയോഗത്തിൽ 27 അംഗങ്ങൾ പങ്കെടുത്തു. അവരിൽ റ്റി.. റ്റി. കേശവൻ ശാസ്ത്രി, M.L.A. പി. കെ. ഗോപാലൻ കെ. പി. ഗോപാലകൃഷ്ണൻ, കിട്ടൻ ഗോപാലൻ, പി. കെ. മാധവൻ, കെ. ശുക്രൻ, കെ. ഓ. കുട്ടി എന്നിവരെ കമ്മറ്റി അംഗങ്ങളായും, കൃഷി ഓഫീസർ കെ. രാമകൃഷ്ണപിള്ളയെ എക്സ് ഒഫീഷ്യോ പ്രസിഡന്റായും പി. കെ. ഗോപാലനെ സെക്രട്ടറിയായും തെരഞ്ഞെടുത്തു.

ആരംഭത്തിൽ ഈ സംഘം തുടങ്ങിയത് സചിവോത്തമപുരം നഴ്സറി സ്കൂളിലായിരുന്നു. ലോട്ടറി ടിക്കറ്റു വില്പ്പന, സൈക്കിളിൽ മത്സ്യ കച്ചവടം, തയ്യൽ മിഷ്യൻ വിതരണം, ഓല മെടച്ചിൽ, കൺസ്യൂമർ സ്റ്റോർ എന്നിവ നടത്തിയിരുന്നു, 1987 ജൂൺ വരെ സംഘം 40 ൽകവലയിലെ ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റു വക കെട്ടിടത്തിൽ നടത്തിയിരുന്നു. ആ കെട്ടിടം നഷ്ടപ്പെട്ടപ്പോൾ മില്ലു കവലയിൽ 50 രൂപാ വാടകയ്ക്ക് ഒരു ചെറിയ മുറി എടുത്ത് ഓഫീസ് പ്രവർച്ചനം നടത്തി. 1979 വരെ FACT യുടെ വളക്കച്ചവടം നടത്തിയിരുന്നു. 89-90ൽ വെൽഫെയർ ഡിപ്പാർട്ടു മെന്റു കൊടുത്ത അഞ്ചു സെന്റ് സ്ഥലത്ത് വെൽഫെയർ ഡിപ്പാർട്ടുമെന്റ് തന്നെ അനുവദിച്ച ഒരു ലക്ഷം രൂപാ ഉപയോഗിച്ച് കെട്ടിടം പണിയിച്ച് ആ കെട്ടിടത്തിൽ ഈ സംഘം പ്രവർത്തിക്കുന്നു. ഈ സംഘത്തിന്റെ ഭരണസമിതി അംഗങ്ങൾക്ക് ഓണറേറിയമോ സിറ്റിംഗ് ഫീസോ ഇല്ല. ഡിപ്പാർട്ടുമെന്റിൽ നിന്നും ഒരു പവർ ടില്ലർ സൗജന്യമായി അനുവദിച്ചിട്ടുണ്ട്.

സംഘം സെക്രട്ടറിക്ക് മാസം 600 രൂപാ ശമ്പളം നൽകുന്നു. ഈ സംഘത്തിന് പട്ടികജാതി ക്ഷേമവകുപ്പിൽ നിന്ന് കിട്ടുന്ന ധനസഹായമല്ലാതെ മറ്റു യാതൊരു വായ്പയും ലഭിക്കുന്നില്ല. ഈ സംഘത്തിൽ യാതൊരു പ്രവർത്തനവും ഇപ്പോൾ നടക്കുന്നില്ല. നിക്ഷേപസമാഹരണമില്ല. ജനങ്ങളുടെ സഹകരണക്കുറവും സർക്കാരിന്റെ അനാസ്ഥയും ഈ സ്ഥാപനത്തെ അധഃപതിപ്പിച്ചിരിക്കുന്നു. പട്ടികജാതിക്കാരുടേതു മാത്രമായ ഈ സംഘത്തെ പുനരുദ്ധരിക്കുകയും അവരുടെ തൊഴിൽ പരവും, സാമൂഹ്യ ക്ഷേമത്തിനും ജനകീയ ആസൂത്രണത്തിൽ മുൻഗണന നൽകേണ്ടതാണ്.

പട്ടിക 3

ഇതുവരെ ഹരിജനക്ഷേമവകുപ്പിൽ നിന്നു കിട്ടിയിട്ടുള്ള ആനുകൂല്യങ്ങൾ

1. പ്രവർത്തനമൂലധനഗ്രാന്റ്	-	Rs. 100,00/-
2. പ്രവർത്തനമൂലധനഗ്രാന്റ് S.C.A.	-	Rs. 35500/-
3. മാനേജീരിയൽ സബ്സിഡി	-	Rs. 11100/-
4. പലിശയിളവ്	-	Rs. 20,680,78/-
5. ഓഹരിമൂലധനം	-	Rs. 20,000/-
6. ഷെയർഗ്രാന്റ്	-	Rs. 2376/-
7. ബിൽഡിംഗ് ഗ്രാന്റ്	-	Rs. 100000/-
8. ഫർണിച്ചർഗ്രാന്റ്	-	Rs. 5000/-

പട്ടിക - 4

കുറിച്ചി ഗ്രാമപഞ്ചായത്തിലെ ക്ഷീരോല്പാദകസംഘങ്ങൾ

Sl. No	പേര്	No.	സ്ഥാപിച്ച വർഷം	അംഗങ്ങളുടെ എണ്ണം	ജീവനക്കാരുടെ എണ്ണം	ഓഹരി മൂലധനം	വാർഷിക ടേൺഓവർ	ലാഭം/ നഷ്ടം
1.	സചിവോത്തമപുരം ക്ഷീരവ്യവസായ സഹകരണസംഘംക്ലിപ്തം	290	25-3-1967	962	3പേർ സ്ഥിരം 4പേർ Daily Wages	Rs.4810/-	Rs.586881.75	ലാഭം
2.	മലകുന്നം ക്ഷീരോല്പാദക സഹകരണസംഘം Apcos	K.61 (D)	21-7-1981	238	3പേർ	Rs.3050/-	Rs.897470.69	ലാഭം
3.	പൊൻപുഴ ക്ഷീരോല്പാദക സഹകരണ സംഘം Apcos	K 64 (D)	27-2-1989	117	2	Rs.1660/-	Rs.449114/-	ലാഭം

പട്ടിക - 5

മൊത്തം വിതരണം ചെയ്യുന്ന പാലിന്റെ അളവ്

	മൊത്തം ശേഖരിക്കുന്ന പാൽ ലിറ്റർ	പഞ്ചായത്തിൽ തന്നെ വില്ക്കുന്ന പാൽ ലിറ്റർ	പുറത്തേക്കു വിടുന്ന പാൽ ലിറ്റർ
1. സചിവോത്തമപുരം ക്ഷീരവ്യവസായ സഹകരണസംഘം ക്ലിപ്തം No. 290	203786.400	156687	46402.400
2. മലകുന്നം ക്ഷീരോല്പാദക സഹകരണസംഘം Apcos No. 61	101715.90	25153.50	75562.50
3. പൊൻപുഴ ക്ഷീരോല്പാദക സഹകരണസംഘം Apcos No. 64	40388.30	14669.45	25718.85

1. സചിവോത്തമപുരം ക്ഷീര വ്യവ സായ സഹകരണസംഘം

ഇതിന്റെ പ്രവർത്തനപരിധി കുറിച്ചി കരമുഴുവനും ആകുന്നു. ഇത് ഒരു വിപ ണന സഹകരണസംഘമാണ്. ഇതിന് ഔട്ട്പോസ്റ്റ്, കരുനാട്ടുവാലാ, ഇന്ദിരാ നഗർ, ഫ്രഞ്ചി മുക്ക്, എന്നിവിടങ്ങളിൽ ബ്രാഞ്ചു കൾ പ്രവർത്തിക്കുന്നു. ഇതിന് സ്വന്തമായി• ഓഫീസ് കെട്ടിടം ഉണ്ട്. ഈ സംഘത്തിന്റെ പ്രവർത്തനഫലമായി ഒരു മൃഗാശുപത്രി സ്ഥാപിക്കുന്നതിനും അതിനുവേണ്ടിയുള്ള കെട്ടിടം പണിയിച്ച് അഞ്ചു കൊല്ലത്തേക്ക് വാടകയ്ക്ക് കൊടുത്തിരിക്കുന്നു. കാലിത്തീറ്റ വ്യാപാരം നടത്തുന്നു. ഈ സംഘം ഒരു മിൽക്കു ബാർ നടത്തിയിരുന്നു. ആദ്യമൊക്കെ ലാഭം ഉണ്ടായിരുന്നെങ്കിലും പിന്നീടു നഷ്ട ത്തിലായി. ഇപ്പോൾ അതു നടത്തുന്നില്ല. സം ഘം ലാഭത്തിൽ പ്രവർത്തിക്കുന്നു.

2. മലകുന്നം ക്ഷീരോല്പാദകസഹക രണസംഘം ക്ലിപ്തം നമ്പർ **K 61 (D) Apcos**

ഇതിന്റെ പ്രവർത്തനപരിധി X, XII വാർഡുകളാണ്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

3. പൊൻപുഴ ക്ഷീരോല്പാദകസഹ കരണസംഘം ക്ലിപ്തം നമ്പർ കെ. **64 (D) Apcos**

കുറിച്ചി പഞ്ചായത്തിൽ ഒൻപതാം വാർഡു മുഴുവൻ, പാപ്പാംഞ്ചിറയും പുളിമൂ ടും ഒഴികെയുള്ള എട്ടാംവാർഡ്, പതിനൊ ന്നാം വാർഡിന്റെ ചാലച്ചിറ വടക്കുഭാഗവും ചെമ്പുചിറയുമുൾപ്പടെയുള്ള ഭാഗങ്ങൾ. ആദ്യ കാലത്ത് കാലിത്തീറ്റ, ധാതുലവണം, പുൽവിത്ത്, നെയ്യ് മുതലായവ വില്പന നട ത്തിയിരുന്നു. ആ വ്യാപാരം നഷ്ടമായതിനാൽ നിറുത്തൽ ചെയ്തു.

ഈ സംഘത്തിന്റെ നേതൃത്വത്തിൽ ഒരു വനിതാ ക്ഷീരോല്പാദകയൂണിറ്റ് സർക്കാ രിന്റെ 15 ഇനപരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചു. 38000 രൂപ ലോൺ എടു ത്താണ് ഈ യൂണിറ്റ് സ്ഥാപിച്ചത്. നാലു വനിതകളും സംഘവും ലാഭം തുല്യമായി വീതിക്കുക എന്നതാണ് വ്യവസ്ഥ. ഈ യൂണിറ്റ് ഉല്പാദിപ്പിച്ചിരുന്നത് സിപ്പ്-അപ്പ്, തൈര്, മിൽക്ക് ചോക്കലേറ്റ് എന്നിവയായി രുന്നു. എന്നാൽ വനിതകൾ തമ്മിലുള്ള മത്സരം കാരണം അതിന്റെ പ്രവർത്തനം നില ച്ചു. ഇതിന്റെ പ്രധാന കാരണം സാമ്പത്തി കമായി അല്പം മുന്നിൽ നില്ക്കുന്നവരായി രുന്നു ഈയൂണിറ്റിൽ പ്രവർത്തിച്ചത്. ഈ തൊഴിൽ ഒരു ഉപജീവനമാർഗ്ഗമായി അവർക്ക് ആവശ്യമില്ലായിരുന്നു.

ക്ഷീരോല്പാദകസഹകരണസംഘങ്ങൾ അല്പം ലാഭം ഉണ്ടാക്കുന്നതിന്റെ രഹസ്യം പാലിന് ഉല്പാദകർക്ക് നൽകുന്ന വിലക്കുറ വും ജീവനക്കാർ തുച്ഛമായ ശമ്പളത്തിന് ജോലി ചെയ്യുന്നു എന്നുള്ളതുമാകുന്നു. ഉല്പാ ദകർക്കു കൊടുക്കുന്ന വില ലിറ്ററിന് 8രൂ.50സ. മിൽമ ഒരു ലിറ്ററിന് സംഘത്തിന് കൊടുക്കുന്ന വില 12.50സ. മിൽമയ്ക്ക് കൊടു ക്കുന്നതുകൊണ്ട് ഉണ്ടാകുന്ന നഷ്ടം നികക ത്തുന്നത് ലോക്കൽ വില്പന കൊണ്ടാണ്.

സ്കൂൾ സഹകരണസംഘങ്ങൾ

ഈ പഞ്ചായത്തിൽ നാല് ഹൈസ്കൂളു കളുണ്ട്. ഈ സ്കൂളുകളിൽ എല്ലാം തന്നെ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഗവൺമെന്റിൽ നിന്നും വിതരണം ചെയ്യുന്ന പാഠ പുസ്തകങ്ങളും, നോട്ടുബുക്കുകളും വിതരണം ചെയ്യുന്നു.

റബ്ബർ ഉല്പാദകസംഘം രജിസ്റ്റർ നമ്പർ K. 32/ 89 മലകുന്നം P. O.,

കേരകർഷകസമിതി K. 38/94 മലകുന്നം P.O. എന്നിവ പ്രവർത്തിക്കുന്നുണ്ട്.

ഗ്രാമസഭകളിൽ നിന്ന് വന്നിട്ടുള്ള നിർദ്ദേശങ്ങൾ

1. വായ്പകൾ

വായ്പകൾ കൃത്യസമയത്ത് വിതരണം ചെയ്യുക. ഒരു വീട്ടിൽ നിന്നു മൂന്നു പേർക്ക് പരസ്പര ജാമ്യത്തിന്മേൽ വായ്പ അനുവദിക്കുക. ഭവനനിർമ്മാണ്ണവായ്പ സാധാരണക്കാരനും ലഭ്യമാക്കുക. കാർഷികവികസത്തിനുവേണ്ടി നബാർഡിൽനിന്നുള്ള വായ്പ ലഭ്യമാക്കുക. ജാമ്യവ്യവസ്ഥക്ക് അയവുവരുത്തി കർഷകത്തൊഴിലാളികൾക്ക് ക്കൂടുൽ ധനസഹായം നല്കുക. കൃഷിക്കാർക്ക് പലിശ 5% മായി കുറച്ച് ദീർഘഗാലവായ്പ നല്കുക. കൃത്യസമയത്ത് വായ്പകൾ അടച്ചു തീർക്കുന്ന എല്ലാ വായ്പകൾക്കും സബ്സിഡി നല്കുക. കോഴി വളർത്തൽ, കന്നുകാലിവളർത്തൽ മുതലായവയ്ക്ക് കുറഞ്ഞ പലിശനിരക്കിൽ വായ്പ നല്കുക. ക്ഷേമ പ്രവർത്തനങ്ങൾക്കും, വിവാഹം, വിദ്യാഭ്യാസം എന്നിവയ്ക്കും കുറഞ്ഞ പലിശനിരക്കിൽ വായ്പ നൽകുക.

2. കാർഷികവികസനത്തിന്

നെൽകൃഷി, വാഴക്കൃഷി എന്നിവയ്ക്ക് നല്ല ഇനം വിത്ത് വിതരണം ചെയ്യുക. പച്ചക്കറിയുടെ ഉല്പാദനവും വിതരണവും ലക്ഷ്യമാക്കി ഒരു സഹകരണ സംഘം രൂപവല്ക്കരിക്കുക. ഇടത്തട്ടുകാരെ ഒഴിവാക്കി കാർഷിക ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സഹകരണ മാർക്കറ്റിംഗ് സംഘങ്ങൾക്ക് രൂപം നൽകുക. നെല്ലു സംഭരിക്കുകയും അതോടൊപ്പം നെല്ല് അരിയാക്കിമാറ്റുന്നതിന് ഒരു പ്രോജക്ട് സഹകരണസംഘം നടപ്പാക്കുക. സർക്കാർ വക സ്ഥലങ്ങൾ സഹകരണാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിന് തൊഴിലാളികൾക്ക് ലേലം ചെയ്തുകൊടുക്കുക. പമ്പുസെറ്റ്, തൂമ്പാ, മൺവെട്ടി എന്നിവ വാടകയ്ക്ക് സഹകരണസംഘം വഴി ലഭ്യമാക്കുക. ഭൂമി കൂഴിക്കുക, മണ്ണെടുക്കുക, കല്ലുവെട്ടുക എന്നി നിരോധിക്കുക. വിളകൾക്ക് ഇൻഷുറൻസ് ഏർപ്പെടുത്തുക.

3. പൊതുവിതരണം

കെട്ടിട നിർമ്മാണത്തിനാവശ്യമായ സാധനസാമിഗ്രികൾ സഹകരണ സംഘങ്ങൾ വിതരണം ചെയ്യുക. നിലവിലുള്ള കൺസ്യൂമർ സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. ആറാം വാർഡിൽ സഹകണാടിസ്ഥാനത്തിൽ ഒരു മാവേലി സ്റ്റോർ സ്ഥാപിക്കുക. ഒൻപതാം വാർഡിൽ സഹകരണാടിസ്ഥാനത്തിൽ ഒരു മാവേലിസ്റ്റോർ സ്ഥാപിക്കുക. ഈ വാർഡിൽ തന്നെ കാർഷിക വിഭവങ്ങൾ, മുട്ട ഇവ ശേഖരിക്കുന്നതിനുള്ള ഒരു കേന്ദ്രവും, കാലിത്തീറ്റ, കോഴിത്തീറ്റ് ഇവ സഹകരണാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനുള്ള നടപടികളും ഉണ്ടാകണം.

4. വ്യവസായം

വനിതകളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുവേണ്ടി സഹകരണ സംഘം രൂപീകരിച്ച് ബുക്ക് ബൈൻഡിംഗ്, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം മുതലായുടെ നടപ്പാക്കുക. പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക. SC/ST വിഭാഗത്തിന് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുവേണ്ടി വ്യവസായിക സംരംഭങ്ങൾ ഉണ്ടാക്കണം.

5. നിർമ്മാണ പ്രവർത്തനങ്ങൾ.

പാലം, കലുങ്ക്, റോഡ്, ആശുപത്രികൾ മുതലായവയുടെ നിർമ്മാണം കോൺട്രാക്ടറന്മാരെ ഒഴിവാക്കി സഹകരണാടിസ്ഥാനത്തിൽ നടത്തണം.

6. മറ്റു നിർദ്ദേശങ്ങൾ

മൂന്നാം വാർഡിൽ ഒരു ക്ഷീരസഹകരണസംഘം സ്ഥാപിക്കുക. സചിവോത്തമപുരം ക്ഷീരസഹകരണസംഘത്തിൽ കൃഷിക്കാരെ അംഗങ്ങളാക്കി ചേർക്കുന്നതിനുള്ള വിമുഖത മാറ്റണം. ഗൾഫ് പണം സഹകരണബാങ്കിൽ നിക്ഷേപിക്കുന്നതിനും അത് വികസനപ്രവർത്തനത്തിനും ഉപയോഗിക്കുന്നതിന് ശ്രമിക്കണം.

പ്രശ്നങ്ങൾ

1. സഹകാരികളുടേയും തൊഴിലാളികളുടെയും പങ്കാളിത്തക്കുറവ്.

2. പുതിയ മേഖലയിലെക്കു കടന്നു കയറാനുള്ള പരിജ്ഞാനക്കുറവും ആരവധൈര്യം ഇല്ലായ്മയും

3. ആഭ്യന്തര സ്വതന്ത്ര്യക്കുറവ്

4. ജനാധിപത്യ ക്രമത്തെ ഇല്ലാതാക്കുന്ന ഗവ:നടപടികൾ.

5. നിലവിവിലുള്ള നിയമങ്ങളുടെ ദുർവിനിയോഗം

6. വർദ്ധിച്ചുകൊണ്ടിരിക്കുന്ന എസ്റ്റാബ്ലിഷ്മെൻറ് ചെലവ്.

7. സാങ്കേതിക നവീകരണത്തിന്റെ ആഭാവം

8. ഡിപ്പാർട്ടുമെൻറിന്റെ മേധാവിത്വം.

സാദ്ധ്യതകൾ

1. വായ്പ എടുക്കുന്നതിനുള്ള നിബന്ധനകൾ ലളിതമാക്കുക. S.B.T. യിൽ വസ്തു ഈടുവെച്ച് പണം എടുക്കുന്നതുപോലുള്ള നിയമങ്ങളും നടപടിക്രമങ്ങളും സർവ്വീസ് സഹകരണബാങ്കുകളിലും നടപ്പാക്കുക.

2. ബാങ്കിൽ ഡിപ്പോസിറ്റ് ഉള്ളവർക്ക് വായ്പയും, ചിട്ടിപ്പണവും ഡിപ്പോസിറ്റ് പണത്തിന്റെ ഈടിന്മേൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

3. നെൽകൃഷി, വാഴകൃഷി, പച്ചക്കറികൃഷി എന്നിവയ്ക്കുള്ള വിത്തുകൾ വിതരണം ചെയ്യുന്നതിനും ഉല്പന്നങ്ങൾ സംഭരിച്ച് വിതരണം ചെയ്യുന്നതിനും സഹകരണസംഘങ്ങൾ രൂപവല്ക്കരിക്കു ക.

4. നെല്ല് സംഭരിക്കുന്നതിനും അരിയാക്കി മാറ്റുന്നതിനുമുള്ള ഒരു സഹകരണസംഘം രൂപവല്ക്കരിക്കുക

5. കൃഷിക്ക് ആവശ്യമുള്ള ഉപകരണങ്ങൾ, പമ്പ്സെറ്റ് എന്നിവയുടേയും കെട്ടിടനിർമ്മാണ സാമഗ്രികളുടെയും വ്യാപരം സഹകരണസംഘങ്ങൾ നടത്തുക.

6. നിലവിലുള്ള സംഘങ്ങളിൽ റബ്ബർ, കുരുമുളക്, നെല്ല് ഇവ ശേഖരിക്കുയും വില്പന നടത്തുകയും ചെയ്യുക.

7. നിലവിലുള്ള കൺസ്യൂമർ സ്റ്റോറുകളുടെ പ്രവർത്തനം കാര്യമക്ഷമമാക്കുക.

8. ആറ്, എട്ട്, ഒൻപത് എന്നീ വാർഡുകളിൽ സഹകരണാടിസ്ഥാനത്തിൽ മാവേലിസ്റ്റോറുകൾ സ്ഥാപിക്കുക.

9. ഒൻപതാം വാർഡിൽത്തന്നെ കാർഷിക വിഭവങ്ങൾ, മുട്ട ഇവശേഖരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

10. വനിതകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ബ്യൂക്ക്ബൈൻറിംഗ്, റെഡിമെയ്ഡ്, വസ്ത്രനിർമ്മാണം, മെഴുകുതിരി നിർമ്മാണം ഇവയ്ക്കു വേണ്ടി ഒരു സഹകരസംഘ രൂപവല്ക്കരിക്കുക. നാലു ഹൈസ്ക്കൂളുകളുടെ ഏഴ് എൽ.പി., യു.പി സ്ക്കൂളുകളുംഈ പഞ്ചായത്തിലുണ്ട്. അതിനാൽ ഈ ഉല്പന്നങ്ങൾക്ക് ഇവിടെ വിപണി ഉണ്ടാകും. സ്ക്കൂൾ സഹകരണ സംഘങ്ങളുമായി യോജിച്ച് നടത്തുന്നതിനുള്ള സംവിധാനം പഞ്ചായത്ത് സ്വീകരിക്കുക.

11. പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക.

12 SC/ST വിഭാഗത്തിന്റെ തൊഴിലില്ലായമ പരിഹരിക്കുന്നതിനും സാമൂഹിക ഉന്നമനത്തിനും സചിവോത്തമപുരം പട്ടികജാതി സർവ്വീസ് സഹകരണസംഘത്തെ പുനരുജ്ജീവിപ്പിക്കുയും ഈ വിഭാഗം ജനങ്ങൾക്ക് സഹകരണസീലവും, സമ്പാദ്യശീലവും വളർത്തുന്നതിനുള്ള ബോധവല്ക്കരണം നടത്തുകയും മറ്റു സർവ്വീസ് സഹകരണസംഘങ്ങൾക്ക് കിട്ടുന്ന എല്ലാവിധ സഹായങ്ങളും ഈ സംഘത്തിനും ലഭ്യമാക്കുന്നതോടൊപ്പം പലിശകുറച്ച് വായ്പ ലഭിക്കുന്നതിനുള്ള സംവിധാനവും ഉണ്ടാകണം.

14. താല്പര്യം ഉള്ളവരെ ചേർത്തു അയൽക്കൂട്ടങ്ങളും ചെറിയ ചെറിയ ഉല്പാദനയൂണിറ്റുകളും സംഘടിപ്പിച്ച് തൊഴിൽ ചെയ്യാൻ പ്രേരിപ്പിക്കുക.

15. തൊഴിൽ പരിശീലനം നല്കി ആളുകളെ പ്രാപ്തരാക്കുക.

16. തൊഴിലാളികൾക്ക് പ്രത്യേകം പഠനക്ലാസ്സുകൾ നടത്തുക.

17. കോ-ഓപ്പറേറ്റീവ് മാനേജ്മെൻറിൽ വനിതകൾക്ക് ആനുപാതിക പ്രാധിന്യം നല്കുക.

18. സോഷ്യൽ ഓഡിറ്റിംഗ് നടപ്പാക്കുക.

19. ക്ഷീരസഹകരണസംഘങ്ങൾ ഗുണനിലവാരമുള്ള ക്ഷീരോല്പന്നങ്ങൾ നിർമ്മിക്കുന്നതിനും,ഇവ കേടുകൂടാതെ സൂക്ഷിക്കുന്നതിലുനുമുള്ള സാങ്കേതിക വിദ്യ ശീലിക്കുകയും നിലവിലുള്ള സംഘങ്ങൾ കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കുന്നതിന് ശ്രമിക്കുകയും ചെയ്യുക. പാലിന് ഉല്പ്പാദകർക്ക് കൂടുതൽ വില ലഭ്യമാക്കുക

20. സചിവോത്തമപുരം ക്ഷീരസഹകരണസംഘത്തിൽ കൃഷിക്കാരെ അംഗങ്ങളായി ചേർത്ത് അതിന്റെ മൂലധനം വർദ്ധിപ്പിക്കുകയും പ്രവർത്തനം ഊർജ്ജിതമാക്കുകയും വേണം.

21. ബറ്റർ ഫാമിംഗ് സംഘങ്ങളും കൂട്ടുകൃഷി സംഘങ്ങളും പുനഃസംഘടിപ്പിക്കുക.

22. കാലി വളർത്തൽ സംഘങ്ങൾ രൂപവൽക്കരിക്കുന്നതിനുള്ളസാധ്യതയുണ്ട്.

23. സഹകരണ ഭവനനിർമ്മാണ സംഘം രൂപവൽക്കരിക്കാവുന്നതാണ്.

24.ക്രെഡിറ്റ് സംഘങ്ങളിൽ അംഗങ്ങളുടെ ആവശ്യത്തിനനുസരിച്ച് സ്കീമുകൾ തയ്യാറാക്കുക.

25. ഒരു റബ്ബർ ഉത്പ്പാദകസഹകരണ സംഘം രൂപവൽക്കരിക്കാനുള്ള എല്ലാ സാധ്യതകളും ഈ പഞ്ചായത്തിലുണ്ട്.

5-11

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

കുറിച്ചിയിലെ ഗ്രാമീണ ജനതയുടെ യത്ര ഉയർന്ന നിലയിലേക്ക് സാമൂഹികമായും സാമ്പത്തികമായും എത്താത്ത അധാനിക്കുന്ന ജനവർഗ്ഗം എന്ന നിലയിൽ അടിയന്തിരശ്രദ്ധ അർഹിക്കുന്ന വിഭാഗമാണ് പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ഈ വിഭാഗം കാർക്ഷികഉത്പാദനമേഖലയിലെ ചൂടും ചൂരും ഈ വിഭാഗമാണ്.

ഒരു കാലത്ത് ഭൂവുടമകളുടെ ഭൂമിയിൽ അടിമകളെപ്പോലെ ജോലി ചെയ്യുകയും സ്വന്തമായി ഒരു കൂരയോ ഒരു നേരം വയറു നിറച്ചു കഴിക്കാൻ ഭക്ഷണമോ ഇല്ലാതെ കഴിയുകയും ചെയ്തിരുന്ന ഒരു ജനവിഭാഗമായിരുന്നു ഇവർ. അന്ന് തീണ്ടൽ തൊടീൽ അടക്കമുള്ള അനാചാരങ്ങൾക്ക് ഇവർ വിധേയരായിരുന്നു. കൂലി നിരക്കിലും ജോലി സമയത്തിലും ഉണ്ടായിരുന്ന ചൂഷണം ഈ വിഭാഗത്തിൽ പ്പെട്ടവർക്കായിരുന്നു കൂടുതൽ അനുഭവിക്കേണ്ടി വന്നത്.

സചിവോത്തമപുരം കോളനിയുടെ സ്ഥാപനത്തോടെ ഇവരിൽ കുറച്ചുപേർക്കെങ്കിലും സ്വന്തമായി ഭൂമി ആയതോടുകൂടി ഇവരിൽ സാമൂഹിക പുരോഗതിയുടെ തുടക്കമായി. ഭൂ പരിഷ്ക്കരണ നിയമം നടപ്പിലായതോടെയും വിദ്യാഭ്യാസ രംഗത്ത് ഇവരുടെ പ്രാധിനിത്യം കുറിച്ചിയിൽ ഉറപ്പായതോടെയും ഇതിന് ആക്കം കൂട്ടി. എന്നാൽ ഇന്നും വിദ്യാഭ്യാസപരമായും സാമ്പത്തികമായും ഇവരുടെ നില തീർത്തും നിരാശാജനകമാണ്.

കഴിഞ്ഞ മൂന്നു ദശകങ്ങളിലെ കുറിച്ചിയിലെ പട്ടികജാതി വിഭാഗത്തിന്റെ ജനസംഖ്യ സംബന്ധിച്ച പട്ടിക താഴെ കൊടുത്തിരിക്കുന്നു.

വർഷം	ആകെജനസംഖ്യ	പട്ടികജാതിജനസംഖ്യ	സ്ത്രീ	പു.
1961	17661	1506	748	758
1971	21875	2385	1164	1221
1981	25357	3014	1468	1546
1991	29577	3769	1882	1887

1961-ൽ മൊത്ത ജനസംഖ്യയുടെ 8.5% ആയിരുന്നു ഇവർ. 1971-ൽ ഇത് 10.9% ആയി ഉയർന്നു.

1981- ൽ ഇവരുടെ ജനസംഖ്യ ആകെ ജനസംഖ്യയുടെ 11.9% ആയി ഉയർന്നു. ഇന്ന് ഇവർ 12.74% ഉണ്ട്. ഈ മൂന്നു ദശകങ്ങളിലും സ്ത്രീ പുരുഷ അനുപാതം വലിയ വത്യാസമില്ലാതെ തുടരുന്നതായി കാണാം.

പഞ്ചായത്തിലെ പട്ടികവർഗ്ഗവിഭാഗത്തിന്റെ ജനസംഖ്യ 1991-ലെ സെൻസസ് അനുസരിച്ച് 167 ആണ്. ഇതിൽ 79 പുരുഷൻമാരും 88സ്ത്രീകളും ഉൾപ്പെടുന്നു. ഇത് മൊത്ത ജനസംഖ്യയുടെ 0.56% വരും.

കേരളസംസ്ഥാനത്തെ ജനസംഖ്യ പരിശോധിക്കുമ്പോൾ മോത്തം ജന സംഖ്യയുടെ 9.9% പട്ടിക ജാതിക്കാരും 1.1% പട്ടിവിഭാഗക്കാരുമാണ്. നമ്മുടെ പഞ്ചായത്തിലെ പട്ടിക ജാതിക്കാരുടെ എണ്ണം സംസ്ഥാന ശരാശരിയെക്കാൾ 3%ത്തോളം കൂടുതലായിരിക്കുമ്പോൾ പട്ടിക വർഗ്ഗക്കാരുടെ നിരക്ക് സംസ്ഥാനശരാശരി യെക്കാൾ താഴെയാണ്.

എന്നാൽ ഈ പട്ടികയിലൊന്നും പെടാത്ത ദളിത് ക്രൈസ്തവർ ഈ പഞ്ചായത്തിൽ ഏതാണ്ട് 2000 ത്തോളം വരും.

കുട്ടനാടൻ പ്രദേശങ്ങളിൽ നിന്നുള്ള കുടിയേറ്റമാണ് ഇവരുടെ ജനസംഖ്യയിൽ പെട്ടെന്ന് വർദ്ധനവുണ്ടാവാൻ കാരണം.

കുറിച്ചി പഞ്ചായത്തിലെ വിവിധ വാർഡുകളീൽ ഉള്ള പട്ടികജാതി വിഭാഗത്തിന്റെ ജനസംഖ്യയുടെ പട്ടികയാണ് താഴെ കാണിച്ചിരിക്കുന്നത്. [91-ലെ സെൻസസ് അനുസരിച്ച് 11 വാർഡുകളിൽ]

വാർഡ്നമ്പർ	സ്ത്രീ	പു	ആകെ	ശതമാനം
1	23	28	51	1.20%
2	51	55	106	2.81%
3	67	73	140	3.71%
4	143	138	281	7.45%
5	265	249	514	13.63%
6	399	426	825	21.88%
7	473	459	932	24.72%
8	141	113	254	6.73%
9	68	72	140	3.71%
10	146	139	285	7.56%
11	114	135	249	6.6%

ഈ പട്ടികയിൽ നിന്നും കോളനികൾ സ്ഥിതിചെയ്യുന്ന വാർഡുകളിൽ ഇവരുടെ ജനസംഖ്യയുടെ ശതമാനം വളരെ ഉയർന്ന നിലയിലാണെന്ന് കാണാൻ കഴിയും.

കുറിച്ചിയുടെ പഞ്ചായത്തിലെ വിവിധവാർഡുകളിലെ പട്ടികവർഗജനസംഖ്യയുടെ പട്ടിക ചുവടെ ഫേർക്കുന്നു. [1991 സെൻ സ്സ് അനുസരിച്ച്11 ൽ വാർഡുകൾ]

വാർഡ്	സ്ത്രീ,	പു.	ആകെ
1	5	4	9
2	4	5	9
3	22	24	46
4	-	-	-
5	15	15	30
6	22	17	39
7	3	3	6
8	17	11	28
9	-	-	-
10	-	-	-
11	-	-	-
ആകെ	88	79	167

നമ്മുടെ പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപെട്ട പകുതിയിൽ താഴെ കുടുംബങ്ങൾ വിവിധ കോളനികളിലായി അധിവസിക്കുന്നു. ബാക്കി വരുന്ന ഭൂരി പക്ഷം വിവിധ പ്രദേശങ്ങളിലും താമസി ക്കുന്നു.

ഇവരുടെ പുനരധിവാസത്തിനായി സംസ്ഥാനത്ത് തന്നെ ആദ്യമായി ഒരു പട്ടികജാതി കോളനി ആരംഭിക്കുന്നത് കുറിച്ചി പഞ്ചായത്തിലാണ്. സ്വന്തമായി പാർപ്പിടം ഇല്ലാതിരുന്ന ഈ വിഭാഗ ത്തിൽപ്പെട്ടവർ 20-ാം നൂറ്റാണ്ടിന്റെ ആദ്യ ഘട്ടത്തിൽ ഏറെ പ്രതിസന്ധികളെ നേരി ട്ടു. പ്രകൃതിയോടും മേലാളന്മാരോടും മല്ലി ട്ടാണ് ഇവർ ഇന്ന് സചിവോത്തമപുരം കോള നിസ്ഥിതിചെയ്യുന്ന സ്ഥലത്ത് കുടിൽ കെട്ടി താമസമാക്കിയത്. ഇവരുടെ സംഘടിതമായ ഈ ശ്രമത്തിന് നേതൃത്വം നല്കിയ വ്യ ക്തിയാണ് ശ്രീ ആനന്ദൻ. ഇതിനെത്തുടർന്ന് തരിശായിക്കിടന്നിരുന്ന ഈ പ്രദേശത്ത് സർ.സി.പി. രാമസ്വാമി അയ്യരുടെ നാമേധ യത്തിലും താല്പര്യത്തിലും സചിവോത്തമ പുരം കോളനിസ്ഥാപിക്കപ്പെട്ടു. ശ്രീ അ യ്യൻകാളി, റ്റി.റ്റി. കേശവൻ ശാസ്ത്രികൾ, സ്വാമി ശ്രീനാരായണ തീർത്ഥർ മുതലയായ വർ ഈ കോളനിയുടെ സ്ഥാപനവുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചവരാണ്.

ഈ കോളനി സ്ഥിതി ചെയ്യുന്ന പ്രദേശം 112 ഏക്കർ ആണ്. ആദ്യഘട്ട ത്തിൽ 40 കുടുംബങ്ങൾക്ക് 25 സെൻറ് ഭൂമി വീതവും 2 മുറിയുള്ള ഓടുമേഞ്ഞവീടും സൗ ജന്യമായി നല്കി. ബാക്കി വരുന്ന 102 ഏക്കർ ഭൂമി കൂട്ടുകൃഷിയ്ക്കായി മാറ്റിവച്ചു. ഇതിന്റെ മേൽ നോട്ടത്തിന് വാർഡനും കൃഷി ഉദ്യോഗസ്ഥനും മറ്റും ഉണ്ടായിരുന്നു. കപ്പ, തെങ്ങ്, തീറ്റപ്പുല്ല്, പച്ചക്കറികൾ എന്നിവ കൃഷി ചെയ്തതോടൊപ്പം കന്നു കാലി വളർത്തലും ഇവിടെയുണ്ടായിരുന്നു.

എന്നാൽ ഇവരുടെ സ്വാശ്രയ ജീവിതത്തിൽ പര്യാപ്തമാക്കാമായിരന്ന ഈ പദ്ധതി ഫല പ്രദമായി മുന്നോട്ടു കൊണ്ടുപോകാനായി ല്ല. 1948ആയപ്പോഴേക്കും 40 കുടുംബ ങ്ങൾക്കു കൂടി 25 സെൻറ് വീതം ഭൂമിയും വീടുപണിയാനുള്ള സാമഗ്രികളും കോളനി യിലെ കാലിത്തൊഴുത്തു പുതുക്കിപ്പണിത് 8 കുടുംബങ്ങളെക്കൂടി ഇവിടെ പുനരധിവ സിപ്പിച്ചു. അവർക്കും 25 സെൻറ് ഭൂമി വീതം നല്കിയിരുന്നു. 1951-ൽ കോളനിസർവേ യ് ക്കു ശേഷം കോളനിയിലെ 88കുടുംബങ്ങൾക്കും 50 സെൻറ് തരിശു ഭൂമി വീതം നല്കി. ബാക്കി ഉണ്ടായിരുന്ന സ്ഥലത്ത് 1957 -58 കാലയളവിൽ മറ്റുപ്ര ദേശങ്ങളിൽ നിന്നു വന്നവർ കൂടിയേറി താമസിച്ചു. ഒരു മാതൃക കോളനി എന്ന നിലയിൽ സ്ഥാപിതമായ ഈ കോളനിയിൽ ഒരു നെയ്ത്ത് ശാലയു് പരമ്പരാഗത കൈ ത്തൊഴിൽ ചെയ്യുന്നതിനുള്ള സൗകര്യങ്ങ ളും ഗവൺമെൻറ് ഏർപ്പെടുത്തിയിരുന്നു. എന്നാൽ പിന്നീട് മാനേജ്മെൻറിൻെറ കെടു കാര്യസ്ഥതമൂലം ഇവയെല്ലാം പ്രവർത്തന ര ഹിതമായി.

ഇപ്പോൾ ഈ കോളനിയിൽ 264 കുടുംബങ്ങളുണ്ട്.

സചിവോത്തമപുരം കോളനി കൂടാതെ

സചിവോത്തമപുരം കോളനിയിലെ ആദ്യകാലകുടുംബങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

സമുദായം	കുടുംബവിഭാഗം ആദ്യകാലകുടുംബം	പിൻതലമുറ	പുതുതായി വന്നവർ	ആകെ
പുലയർ	34	40	2	76
പറയർ	2	2	0	4
നായാടി	2	0	0	2
ഈഴവർ	3	1	6	10
വിശ്വകർമ്മ	0	2	2	4
ക്രിസ്ത്യാനി	0	0	3	3
ആകെ	41	45	13	99

9 കോളനികൾ കൂടി കുറിച്ചി പഞ്ചായത്തിൽ ഉണ്ട്. ഈ കോളനികളിലെല്ലാം കൂടി 196 കുടുംബങ്ങൾ ഉണ്ട്.

പ്രസ്തുത കോളനികളെ സംബന്ധിച്ചുള്ള വിവരം

കോളനിയിൽ താമസിക്കുന്നവരിലും

നമ്പർ	പേര്	പട്ടിക ജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ
1	ചേലച്ചിറകോളനി ഐ. എച്ച്. ഡി. കോളനി	4 8
2	പാപ്പാൻ ചിറ കോളനി	19
3	എണ്ണക്കാചിറ ഐ. എച്ച്. ഡി. പി. കോളനി	24
4	പുലിക്കുഴി കോളനി	3
5	കുമതകുളം ഒ.എൻ.എച്ച്.സി	9
6	മാത്തൻ കുന്ന് ഒ.എൽ.എച്ച്.സി	3
7	കുമരംകുളം നാലുസെൻറ് കോളനി	7
8	ഇത്തിത്താനം നാലുസെൻറ് കോളനി	3
9	പൊൻപുഴ ഐ.എച്ച്.ഡി.പി. കോളനി	80

മായും പാർപ്പിടം ലഭിക്കാത്തതിന്റെ ഒരു കാരണം.

കുറിച്ചി കേന്ദ്രമാക്കിപ്രവർത്തിക്കുന്ന ദളിത് വിമൻസ് സൊസൈറ്റി പഞ്ചായത്തിലെ 1, 4,.5, 6വാർഡുകളിലെ നൂറു ദളിത് കുടുംബങ്ങളെ ഉൾപ്പെടുത്തി 1992 മാർച്ച് മാസത്തിൽ നടത്തിയസർവേയുടെ അടിസ്ഥാനത്തിൽ നൂറിൽ രണ്ടുപേർക്ക് മാത്രമാണ് നല്ല വീടുള്ളത്. അധികം പേരും ഒന്നോ രണ്ടോ മുറികളുള്ള വീട്ടിൽ താമസിക്കുന്നു. 45 കുടുംബങ്ങളിൽ അഞ്ചിൽ കൂടുതൽ അംഗങ്ങളുണ്ട്. 61 കുടുംബങ്ങൾക്ക് കക്കൂസ് ഇല്ല. പഞ്ചായത്തിലെ പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിന്റെ പൊതുസ്ഥിതി ഏതാണ്ട് ഇതിനു സമാനമാണ്.

കോളനിക്കു പുറത്തു താമസിക്കുന്ന ഗണ്യമായ വിഭാഗത്തിലും പെട്ടവർക്ക് സുരക്ഷിതമായ പാർപ്പിട സൗകര്യങ്ങൾ ഇന്നുമില്ല. ലഭിച്ച ആനുകൂല്യങ്ങൾ മറ്റാവശ്യങ്ങൾക്കായി വിനിയോഗിക്കുന്നതും നിലവിലുള്ള നിയമങ്ങൾ മൂലമുള്ള സാങ്കേതിക തടസ്സങ്ങളുമാണ് ആ വിഭാഗത്തിൽപ്പെട്ടവർക്ക് പൂർണ്ണ

പഞ്ചായത്തിലെ പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിലെ നിയമപരമായി വീടുകൾക്കും കക്കൂസുകൾക്കും അർഹരായവരുടെ പട്ടിക ചുവടെ ചേർക്കുന്നു. (സ്വന്തമായി 3 സെൻറ് സ്ഥലമുള്ളവർ)

വാർഡ്	ഭവനം	കക്കൂസ്
1	1	3
2	1	6
3	7	8
4	4	18
5	20	35
6	8	17
7	39	70
8	38	44
9	9	16
10	12	11
11	3	10
12	7	9
ആകെ	149	242

അർഹരായവർ തന്നെ ഇത്രയധികം ഈ വിഭാഗത്തിലുണ്ട്. എന്നുള്ളത് പ്രത്യേകം ചർച്ചചെയ്യപ്പെടേണ്ടതാണ്.അതോടൊപ്പം സ്വന്തമായി ഭൂമി ഇല്ലാത്തവരു, പുറംപോക്കിലും, 3 സെൻറിൽ കുറവു സ്ഥലത്തും താമസിക്കുന്നവരായ ധാരാളം ഈ വിഭാഗത്തിൽപെട്ടവർ ഉണ്ട് എന്നുള്ളതും ശ്രദ്ധിക്കപ്പെടേണ്ടതാണ്.

ഭൂമി സംബന്ധിച്ച വിവരം

100 വീടുകളിലെ സർവേയിൽ നിന്ന്

5 സെൻറിൽ താഴെ	31കുടുംബങ്ങൾ
5നും 10നും ഇടയ്ക്ക് സെൻറ്	27കുടുംബങ്ങൾ
10 നു മുകളിൽ	25കുടുംബങ്ങൾ
ഭൂരഹിതർ	17കുടുംബങ്ങൾ
	100

[ദളിൽ വിമൻ സൊസൈറ്റി സർവേ 1992 മാർച്ച്]

മുകളിൽ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്ന് പഞ്ചായത്തിലെ ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് ഇവർക്കുള്ള പങ്ക് വെളിപ്പെടുന്നു. ഭൂമിയെ സംബന്ധിടത്തോളം വളരെ നാമമാത്രമായ അവകാശമേ ഇവർക്ക് ഉള്ളൂ എന്നാൽന്നത് ഇവരുടെ സാമ്പത്തിക പിന്നോക്കാവസ്ഥയ്ക്ക് ഏറ്റവും വലിയ കാരണങ്ങൾ.

കുടിവെള്ളം സംബന്ധിച്ച് മുൻപു വിശദീകരിച്ച് സർവേ അനുസരിച്ച് 100ൽ 61 കുടുംബങ്ങൾ മറ്റുള്ളവരുടെ കിണറുകളെ ആശ്രയിക്കുന്നതായി കാണുന്നു. പട്ടികജാതി പട്ടികവർഗവിഭാഗത്തിൽപെട്ട ആളുകൾ അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നമാണിത് പഞ്ചായത്തിന്റെ ആകെ സ്ഥിതിയും ഈ സർവേയുടെ കണ്ടെത്തലുകൾക്ക് സമാനമാണ്. ഈ പ്രശ്നം അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്. കുടിയ്ക്കാൻ വെള്ളത്തിന് ഇത്രയധികം വിഷമം നേരിടുന്നവർ കൃഷിയുടെ ആവശ്യ.ത്തിനും വ്യവസായിക ആവശ്യത്തിനും വെള്ളം ലഭിക്കാത്തതു മൂലം ആ രംഗങ്ങളിൽ നിന്ന് പൂർണമായും ഒഴിഞ്ഞു നില്ക്കുന്നതിന് ഇടയായിട്ടുണ്ട്.

സർവേ അനുസരിച്ച് 100കുടുംബങ്ങളിൽ 20 വീടുകൾ മാത്രമേ വൈദ്യുതീകരിക്കപ്പെട്ടിട്ടുള്ളു. ഇതിനുള്ള പരിഹാരം എത്രയും വേഗം നടപ്പാക്കേണ്ടതാണ്. പട്ടിക ജാതി പട്ടികവർഗ വിഭാഗത്തിൽപെട്ട ആളുകൾ പ്രധാനമായും വിറക് അടുപ്പുകളെയാണ് പാചകത്തിന് ആശ്രയിക്കുന്നത്. ദക്ഷത കൂടിയ അടുപ്പുകൾ ഉപയോഗിക്കുനതായി കാണുന്നില്ല. വിറക്, കരിയില , ചുള്ളിക്കമ്പ് മുതലായവ ശേഖരിക്കുന്നതിന് ഇവർ വളരെയധികം പ്രയാസം നേരിടുന്നുണ്ട്. ഊർജത്തിന്റെര പുതിയ സംരക്ഷണ മേഖലകൾ കണ്ടെത്തി അവയെ ഇവരുടെ സാഹചര്യങ്ങൾക്കനുസരിച്ചു രൂപപ്പെടുത്തുന്നതിൽ പഞ്ചായത്തിന് ഫലപ്രദമായി ഇടപെടാനാവും. അത് ഇവരുടെ ഉന്നമനത്തിലേക്ക് വഴിവയ്ക്കുകയും ചെയ്യും.

വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നു ലഭിച്ച ചില കണക്കുകളുടെ അടിസ്ഥാനത്തിൽ പട്ടിക ജാതി പട്ടിക വർഗ വിഭാഗത്തിൽപ്പെട്ടവരുടെ രോഗാതുരതയുടെ ശതമാനം വളരെ കൂടുതലാണ്. കുടിവെള്ളത്തിന്റെ പ്രശ്നം രൂക്ഷമായതുകൊണ്ട് ജല ജന്യരോഗങ്ങൾ പൊതുവേ കൂടുതലാണ്. വീടുകൾ പൊതുവേ പുറംപോക്കുകളിലും വെള്ളം കെട്ടികിടക്കുന്ന ചതുപ്പു പ്രദേശത്തും ആണ്. പ്രാഥമിക സൗകര്യങ്ങൾ കുറവാണെന്നതും ആരോഗ്യപരമായ പ്രശ്നങ്ങൾ ഇവർ നേരിടുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഇതും അടിയന്തിര ശ്രദ്ധ ഉണ്ടാവേണ്ട കാര്യമാണ്.

പട്ടിക ജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ട നിരക്ഷരരായവർക്ക് അക്ഷരാഭ്യാസം നല്കുന്നതിന് സചിവോത്തമപുരം കോളനിയോടനുബന്ധിച്ച് ആരംഭിച്ച നിശാപാഠശാലയാണ് പിന്നീട് സചിവോത്തമപുരം ഹരിജൻവെൽഫെയർ യു.പി. സ്കൂൾ എന്ന നിലയിലേക്ക് ഉയർന്നത്. ആദ്യകാലങ്ങളിൽ കുട്ടികൾക്ക് വേണ്ടത്ര വിദ്യാഭ്യാസം നല്കുന്നതിന് താല്പര്യവും ശ്രദ്ധയും കാണിക്കാതിരുന്ന മാതാപിതാക്കൾ ഇപ്പോൾ ഈ കാര്യത്തിൽ താല്പര്യം കാണിക്കാൻ തുടങ്ങിയിട്ടുണ്ട്.

സ്കൂളിലെ കൊഴിഞ്ഞുപോകൽ നിലവാരം പരിശോധിച്ചാൽ ഇത് വ്യക്തമാകും . പിട്ടകജാതി പട്ടികവർഗവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കൽ 1.63% ആണ്. മറ്റുവിഭാഗങ്ങളെ അപേക്ഷിച്ച് ഇത് കൂടുതലാണെന്ന് കാണാൻ കഴിയും. മറ്റുവിഭാഗങ്ങളിലുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ 0.66% മാത്രമാണ്.

5 വയസ്സിനും 15 വയസ്സിനും ഇടയ്ക്കുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള സ്കൂളിൽ പെകുന്ന കുട്ടികളുടെ കണക്ക്

ആകെ കുട്ടികൾ		പട്ടികജാതി വിഭാഗ കുട്ടികൾ		പട്ടികവർഗവിഭാഗ കുട്ടികൾ	
ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
2176	2196	49	45	1	2

100 വീടുകളിൽ നടത്തിയ സർവേ അനുസരിച്ച്.

7-ാം ക്ലാസ്സ് വരെ പഠിച്ചവർ 49%	165	
10-ാം "	127	37%
പി.ഡി.സി. തോറ്റവർ	42	12%
ഡിഗ്രിവരെ പഠിച്ചവർ	5	2%
	339	

ഈ പട്ടിക അനുസരിച്ചു 7-ാം ക്ലാസ്സുവരെ പഠിച്ചവർ 49% വും 10-ാം കളാസ്സുവരെ പഠിച്ചവർ 37% വും വരും. 14% പേർ മാത്രമെ എസ്.എസ്.എൽ.സിയ്ക്കു ശേഷം തുടർന്നു പഠിക്കുന്നുള്ളു. ഇതിൽ തന്നെ 2% ആളുകൾ മാത്രമെ ഡിഗ്രി തലത്തിൽ എത്തുന്നുള്ളു.

ഒരു സമൂഹത്തെ സംബന്ധിച്ചിടത്തോളം ഭൂഉടമസ്ഥതപോലെ തന്നെ പ്രാധാന്യമുള്ളതാണ്. വിദ്യാഭ്യാസത്തിന്റെ ഉടമസ്ഥതയും, പക്ഷെ പട്ടികജാതി പട്ടികവർഗവിഭാഗത്തെ സ്ബന്ധിച്ചിടത്തോളം മുകളിൽ കൊടുത്തകണക്കുകൾ അനുസരിച്ച് ഇതിന്റെ നിലയും വളരെ പരിതാപകരമായ അവസ്ഥയിലാണ്. ഇതുമൂലം ജോലി സംവരണം നിലനില്ക്കുന്നു എങ്കിലും അതിന് അർഹരാകുന്നവർ നമ്മുടെ പഞ്ചായത്തിൽ തുലോം കുറവായി നില്ക്കുന്നു. ഇത് അവരുടെ സാമ്പത്തിക സാമൂഹിക സാംസ്കാരിക പുരോഗതിയ്ക്ക് ഏറ്റവും വലിയ തടസമായി നില്ക്കുന്നു.

സാക്ഷരതായജ്ഞതിലൂടെ ഈ വിഭാഗത്തിൽപ്പെട്ട വളരെയധികം ആളുകളെ സാക്ഷരരാക്കാൻ സാധിച്ചു എങ്കിലും തുടർസാക്ഷരതാ പരിപാടിയുടെ അഭാവം മൂലം ഇന്നു ഈ വിഭാഗത്തിൽപെട്ട 12% ആളുകൾ നിരക്ഷരരായി തുടരുന്നു. ഇത് അടിയന്തിരശ്രദ്ധ പതിയേണ്ട വിഷയമാണ്.

മനുഷ്യന്റെ സാംസ്കാരിക ബോധത്തെ ഏറ്റവും സ്വാധീനിക്കുന്ന ഘടകങ്ങളാണ് വാർത്താമാധ്യമങ്ങൾ. 100 വീടുകളുടെ സർവേ അനുസരിച്ച് 14 കുടുംബങ്ങളിൽ മാത്രമാണ് പത്രം വരുത്തുന്നത്. പഞ്ചായത്തിലെ മൊത്തം സ്ഥിതി ഇതിലും താഴെയാണ്. സർവെ അനുസരിച്ച് 29 വീടുകളിൽ റേഡിയോ ഉണ്ട്. 2 വീടുകളിൽ മാത്രമാണുള്ളത്.

100 വീടുകളിൽ
4 വീടുകളിൽ പത്രം വരുത്തുന്നു
29 വീടുകളിൽ റേഡിയോ ഉണ്ട്
2 വീടുകളിൽ ടി.വി.ഉണ്ട്.

ഈ കുറവ് ഈ വിഭാഗത്തിൽപ്പെട്ടവർക്ക് ജോലി, ആനുകൂല്യങ്ങൾ, പാഠ്യവി

ഷയങ്ങൾ എന്നിവ സംബന്ധിച്ചുള്ള അറിവ് കിട്ടാതിരിക്കുന്നതിന് ഇടയാക്കുന്നു. മറ്റുവിഭാഗങ്ങളെ അപേക്ഷിച്ച് ജീവിത നിലവാരം ഇവരിൽ കുറവാകുന്നതിന് ഇത് ഇടയാകുന്നു.

പട്ടിക ജാതി പട്ടികവർഗ വിഭാഗത്തിൽപെട്ടവർ കൂടുതലായി കാർഷിക മേഖലയുമായി ബന്ധപ്പെട്ട തൊഴിലുകളിൽ ഏർപ്പെട്ടു വരുന്നു. എന്നാൽ ഇപ്പോൾ മറ്റുമേഖലകളിലേക്ക് തൊഴിൽതേടിപ്പോകുന്നതു സാധാരണമായിരിക്കുന്നു.കാർഷികമേഖലയിൽ തൊഴിൽ ചെയ്യുവാനുള്ള മനോഭാവം കുറഞ്ഞുവരുന്നതായി കാണുന്നു. നിർമാണരംഗമാണ് ഇപ്പോൾ പ്രധാന തൊഴിൽ മേഖലയായി തെരഞ്ഞെടുത്തിരിക്കുന്നത്. ഈ മേഖലയിൽ പുരുഷൻമാർക്കെന്നപോലെ സ്ത്രീകൾക്കും താരതമ്യേന കൂടുതൽ കൂലി ലഭിക്കുന്നുണ്ട്. എന്നാൽ ഈ മേഖലയിൽ സ്ഥിരമായി തൊഴിൽ ലഭിക്കാനുള്ള സാധ്യത വളരെ കുറവാണ്.

തൊഴിൽ ദിനങ്ങളിൽ കാര്യമായ കുറവുണ്ടാകാൻ കാർഷികരംഗം ഏക വിളയിലേക്ക് മാറിയ സാഹചര്യം കാരണമായിട്ടുണ്ട്. തൊഴിൽ ദിനങ്ങളിൽ വന്ന കുറവ് കുടുംബത്തിന്റെ വരുമാനത്തെയും അതുവഴി കുടുംബത്തിന്റെ ഭൗതിക സാഹചര്യങ്ങളെയും കാര്യമായി തളർത്തുന്നതായി കാണുന്നു.

പരമ്പരാഗതമായ കൈത്തൊഴിൽ ഒരു കാലത്ത് പ്രധാന വരുമാനമാർഗമായിരുന്നു എങ്കിലും ഇന്ന് വളരെ ചുരുക്കം പേർ മാത്രമെ ഈ രംഗത്ത് ഉള്ളു. ഈ രകംഗത്ത് ജോലി ചെയ്യുന്നവർ തന്നെ പ്രതിസന്ധിയെ നേരിടുന്നു. കുട്ട, മുറം, പായ്, ചൂരൽ ഉൽപ്പന്നങ്ങൾ മുതലായവയാണ് പ്രധാന ഉൽപന്നങ്ങൾ. ഈറ, വള്ളികൾ, തഴ, ചൂരൽ മുതലായ അസംസ്കൃത സാധനങ്ങളുടെ ലഭ്യ

100 വീടുകളിലെ സർവെ അനുസരിച്ച് തൊഴിൽ വിഭജനം സംബന്ധിച്ച് കിട്ടിയ വിവരങ്ങൾ

തൊഴിൽ				
കൂലിപ്പണി ചെയ്യുന്നവർ	പുരുഷന്മാർ	85		
	സ്ത്രീകൾ	72	157	
മത്സ്യത്തൊഴിലാളി	പുരുഷൻ	1		
	സ്ത്രീ	1	2	
മേസ്തിരി	പുരുഷന്മാർ	4	4	
വർക്ക്ഷോപ്പ്, ലെയ്ത്ത്, വെൽഡിംഗ്	പുരുഷന്മാർ	4	4	
അംഗൻവാടി	സ്ത്രീകൾ	2	2	
ലോട്ടറി വില്പന	പുരുഷന്മാർ	2	2	
തയ്യൽ	സ്ത്രീകൾ	3	3	
കച്ചവടം	പുരുഷന്മാർ	2	2	
ലോഡിംഗ്	പുരുഷന്മാർ	1	1	
ഡ്രൈവർ	പുരുഷന്മാർ	4	4	
കമ്പനി ജോലി	പുരുഷന്മാർ	8	8	
സർക്കാർ സർവീസ്	പുരുഷന്മാർ	4	4	

[തൊഴിൽ ദിനങ്ങൾ ശരാശരി 90]

തയിലെ കുറവ് ഇതിന് ഒരു കാരണമാണ്. ഇവിടെ ഒരു കാലത്ത് ഇവയെല്ലാം സുലഭമായി ലഭിച്ചിരുന്നു. എന്നാൽ ഇപ്പോൾ ദൗർലഭ്യമാണ് ഇന്ന് ഇവയ്ക്കായി ചങ്ങനാശ്ശേരി മാർക്കറ്റിനേയാണ് പ്രധാനമായും ആശ്രയിച്ചിരിക്കുന്നത്. ഇത് ചൂഷണത്തിന് ഇടയാക്കുന്നു. ഇതിന്റെ വിപണന രംഗവും ചൂഷണത്തിന് വിധേയമാകുന്നു.

ജാതിയുടെ വേർതിരിവ് വളരെ കുറഞ്ഞു എങ്കിലും പൂർണമായ മോചനം ഇതിൽ നിന്നും ഇവർക്ക് ലഭിച്ചു എന്നു പറയാനാവില്ല. യഥാസ്ഥികമനസുകളുടെ മാറ്റത്തിലൂടെ ഇത് ഇനിയും സാധ്യമാക്കേണ്ടിയിരിക്കുന്നു. ഇതിനു വേണ്ടി എങ്ങനെ ഫലപ്രദമായി പ്രവർത്തിക്കാനാവുമെന്ന് പഞ്ചായത്ത് തലത്തിൽ ആലോചിക്കേണ്ടതാണ്.

നേതൃത്വ നിരയിലേക്കെത്തുന്നതിനും സമൂഹത്തിന്റെ ഉന്നതനിലവാരത്തിലേക്കു ഇവരെ ഉയർത്തുന്നതിനും സാമൂഹ്യമായ അവസരമില്ലായ്മ ഒരു പ്രശ്നമായി അവശേഷിക്കുന്നു. മറ്റ് വിഭാഗങ്ങൾക്ക് വിദ്യാഭ്യാസസ്ഥാപനങ്ങളും, ആതുരശുശ്രൂഷാകേന്ദ്രങ്ങളും ഒക്കെ സ്വന്തമായി ഉള്ളപ്പോൾ ഇവർ ഇതിൽ നിന്നെല്ലാം വിട്ടു നില്ക്കുന്നു. ഈ വിഷയവും ചർച്ച ചെയ്യപ്പെടണം. അവസരസമത്വത്തിനുള്ള ഇവരുടെ ശ്രമങ്ങൾ പരിഗണിക്കപ്പെടേണ്ടതാണ്. പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരെ സംബന്ധിച്ചിടത്തോളം60 വയസിനുശേഷവും ജോലി ചെയ്യേണ്ടി വരുന്നു എന്ന പ്രശ്നവും ചർച്ചചെയ്യപ്പെടേണ്ടതാണ്. ഇവർ തീർച്ചയായും സാമ്പത്തിക ആനുകൂല്യങ്ങൾ അർഹിക്കുന്നവരാണ്.

പ്രാഥമികമായ അറിവും അടിത്തറയും ഉണ്ടാക്കാതെ ആനുകൂല്യത്തിനായി ആനുകൂല്യം കൊടുക്കുന്ന നടപടികൾ ഇവരിൽ ആനുകൂല്യങ്ങളെയും സഹായങ്ങളെയും മാത്രം ആശ്രയിക്കുന്ന ഒരു ആശ്രിത മനോഭാവം ഉണ്ടാക്കിയിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് ആനുകൂല്യങ്ങൾ ഇവരുടേതായ പ്രോജക്കുകളായി വരുന്ന സംവിധാനമായിരിക്കും കൂടുതൽ ഫലവത്താകുക.

5.12 വിഭവസമാഹരണം



നമ്മുടെ പഞ്ചായത്തിൽ വികസന പദ്ധതികൾ നടപ്പാക്കുന്നതിന് ആവശ്യമായ ഫണ്ട് സ്വരൂപിക്കുക എന്നുള്ളത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇതിന് ഉപയോഗിക്കാവുന്ന പ്രധാന ഫണ്ടുകൾ പഞ്ചായത്തിന് സ്വതന്ത്രമായി വിനിയോഗിക്കാവുന്ന ഉപാധിരഹിത ഫണ്ട്, ഒൻപതാം പദ്ധതി വിഹിതമായി ലഭിക്കുന്ന 35-40% തുക സ്വന്തം ഫണ്ട് രൂപീകരണം, സന്നദ്ധസേവനം എന്നിവയാണ്.

വിഭവ സമാഹരണത്തിൽ പൊതുവെ പരിശോധിക്കേണ്ടത് പഞ്ചായത്തിന്റെ ധനസ്ഥിതിയെപ്പറ്റിയുള്ള വിശകലനമാണ്. പഞ്ചാത്തിന്റെ മൊത്തം വരുമാനം (പട്ടിക1) 23,51,000 രൂപയാണ്. മൊത്തം ചിലവ് (പട്ടിക 2) 23,51000 രൂപയുമാകുന്നു.തനതു നികുതിയിനത്തിലുള്ള വരുമാനം ധനാഭ്യർത്ഥനയനുസരിച്ച് പിരിഞ്ഞു കിട്ടിയിട്ടില്ല. കെട്ടിടനികുതി, വിനോദനികുതി തുടങ്ങിയവ, സർക്കാരിൽ നിന്നുള്ള നികുതി വിഹിതം ഗ്രാന്റുകൾ (പട്ടിക3) എന്നിവ തനതു നികുതിയിനത്തിലുള്ളവയാണ്. നികുതി സാധ്യതയനുസരിച്ച് തനതു വരുമാനത്തിന്റെ ഗതി കൂട്ടുന്നില്ല. നികുതിയേതരവരുമാനം (പട്ടിക 4, 5) പരിശോധിക്കുക. സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായത്തിൽ ഉപാധിരഹിത ഫണ്ട് 20.5% ആകുന്നു. J.R.Y. ഫണ്ടുകൾ, പ്രത്യേകാവശ്യങ്ങൾക്കു വേണ്ടിയുള്ള ഗ്രാന്റുകൾ എന്നിവ പട്ടിക 3 ൽ ചേർത്തിട്ടുണ്ട്. പുതിയ പഞ്ചായത്തിരാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും (പട്ടിക 6) 3,94,781 രൂപാ അനുവദിച്ചിട്ടുണ്ട്. എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ കൂടിക്കൊണ്ടിരിക്കുന്ന 95-96 ലെ ഭരണചെലവ് 3,66,523 രൂ ആണ്. അതായത് വരുമാനത്തിന്റെ 15.57%. ശമ്പളം ഡി. എ. മറ്റ് ആനുകൂല്യങ്ങൾ എന്നിവ സർക്കാർ കാലാകാലങ്ങളിൽ വർദ്ധിപ്പിക്കുന്നതു കൊണ്ടാണ് ഈ വർദ്ധനവ് ഉണ്ടാകുന്നത്. പൊതുമരാമത്ത് ചെലവുകൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മരാമത്ത് പണികൾ, കോൺട്രാക്ടർ പഞ്ചായത്ത് സബ് കമ്മറ്റി, നോമിനി എന്നിവ മുഖേനയാണ് നടത്തുന്നത്. വായ്പാ പദ്ധതികളോ സംഭാവനകളോ ഇല്ല.

ഈ പഞ്ചായത്തിൽ നിന്നും 180 പേർ ഗൾഫിലും മറ്റ് വിദേശരാജ്യങ്ങലിലും ജോലി ചെയ്യുന്നു. വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്നവരുടെ ഒരു ലിസ്റ്റ് പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. അതിനുള്ള ലളിതമാർഗ്ഗം വിദേശത്തേക്ക് പോകുമ്പോൾ പഞ്ചായത്തിന്റെ ഒരു സർട്ടിഫിക്കറ്റ് വേണമെന്ന നിഷ്കർഷിക്കുകയും അതിന്റെ ഒരു രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യുക എന്നുള്ളതാണ്. വിദേശത്തു ജോലി ചെയ്യു ന്നവരിൽ നിന്നും വികസ നാവശ്യങ്ങൾക്ക് സംഭാവനകൾ സ്വീകരിക്കുവാൻ ഇത് സഹായകരമാകും.

പഞ്ചായത്ത് പ്രദേശങ്ങളിൽ നിന്നും മണ്ണെടുത്ത് വിൽക്കുമ്പോൾ ഭൂവുടമകളിൽ നിന്നും കോൺട്രാക്ടർമാരിൽ നിന്നും ഒരു ഫീസ് ഈടാക്കാവുന്നതാണ്. വിനോദ നികുതി പിരിവിൽ നിലവിലുള്ള അപാകത പരിഹരിക്കാനും ശ്രദ്ധിക്കണം.

സന്നദ്ധസേവനം

ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ജീവൻ സന്നദ്ധപ്രവർത്തനമാണ്. മുൻ കാലങ്ങളിൽ സന്നദ്ധപ്രവർത്തനത്തിലൂടെയുള്ള വികസന പ്രവർത്തനങ്ങൾ നമ്മുടെ നാട്ടിൽ നടന്നിട്ടുണ്ട്. എന്നാൽ ആ പാരമ്പര്യത്തിൽ നിന്നും നാം വളരെ പിന്നോക്കം പോയിരിക്കുന്നു. വികസന പ്രവർത്തനത്തെ സംബന്ധിച്ച നമ്മുടെ കാഴ്ചപ്പാട് എല്ലാം 'കിട്ടുക, കിട്ടുക' എന്നുള്ളതാണ്. ഇതിന് മാറ്റമുണ്ടാവണം. 'കിട്ടുകയും കൊടുക്കുകയും' എന്ന ആശയത്തിലേക്ക് നാം ഉയരേണ്ടതുണ്ട്.ഇതിന് ഏറെ സഹായകമായ നിലപാട് രാഷ്ട്രീയ കക്ഷികൾ, സമുദായങ്ങൾ, സാമൂഹിക പ്രസ്ഥാനങ്ങൾ സാംസ്കാരികസംഘടനകൾ എന്നിവയിലൂടെയും സാദ്ധ്യമാകണം.

ഗ്രാമസഭകളിൽ നിന്നും വന്നിട്ടുള്ള നിർദ്ദേശങ്ങൾ

വായ്പകൾ

1. ഷെഡ്യൂൾഡ് ബാങ്കുകൾ, സഹകരണബാങ്കുകൾ എന്നിവയിൽ നിന്ന് ധനസഹായം സ്വസ്വീകരിക്കുക. സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് സാമ്പത്തികസഹായം ലഭ്യമാകത്തക്ക വിധത്തിൽ കൂട്ടായ പ്രവർത്തനം നടത്തുക.

2. കൂടുതൽ സ്വകാര്യമാർക്കറ്റുകൾ അനുവദിക്കുന്നതിൽ കൂടെ പഞ്ചായത്തിന്റെ വരുമാനം (ഫീസിനത്തിൽ) വർദ്ധിപ്പിക്കാവുന്നതാണ്.

3. മനുഷ്യാദ്ധ്വാനം പരമാവധി പ്രയോജനപ്പെടുത്തുക.

4. നികുതികളും കരങ്ങളും പരമാവധി പിരിച്ചെടുക്കുക.

പ്രശ്നങ്ങൾ

1. വിവിധ ഇനങ്ങളിൽ നിന്നും ലഭിക്കേണ്ട നികുതി കൃത്യമായി പിരിക്കുന്നില്ല.

2. ഭരണചെലവിന്റെ വർദ്ധനവ്

3. വികസനപ്രവർത്തനങ്ങൾക്കു വേണ്ടി ജനങ്ങളെ സന്നദ്ധരാക്കുകയോ സംഭാവനകൾ സ്വീകരിക്കുകയോ ചെയ്യുന്നില്ല.

4. പഞ്ചായത്ത് ആഫീസിലെ പ്രവർത്തനക്ഷമതയില്ലായ്മ.

5. സർക്കാരിൽ നിന്നും കിട്ടേണ്ട ഗ്രാൻറുകൾ കൃത്യ സമയത്ത് ലഭിക്കുന്നില്ല.

സാദ്ധ്യതകൾ

1. കെട്ടിടനികുതിയിനത്തിൽ ഈ പഞ്ചായത്തിൽ നിന്നും ലഭിക്കേണ്ട കൃത്യമായ വരുമാനം കിട്ടുന്നില്ല അണ്ടർ അസ്സസ്മെൻറും ചില നിക്ഷിപ്ത താല്പര്യങ്ങളുമാണ് ഇ

തിനു കാരണം. ഇത് പരിഹരിച്ച് നികുതി പുനർനിർണ്ണയം ചെയ്താൽ പഞ്ചായത്തിന്റെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കുവാൻ കഴിയും.

2. പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങളിലും എയ്ഡഡ് സ്കൂളുകളിലും മറ്റും ജോലി ചെയ്യുന്നവരിൽ നിന്നു മാത്രമേ നിലവിൽ തൊഴിൽ നികുതി പിരിക്കുന്നുള്ളു. പുതിയ പഞ്ചായത്തിരാജ് നിയമത്തിൽ തൊഴിൽ നികുതി ഈടാക്കുവാൻ പറ്റുന്ന നിരവധി മേഖലകൾ നിർദ്ദേശിച്ചിട്ടുള്ളത് പ്രയോജനപ്പെടുത്തണം.

3. നമ്മുടെ പഞ്ചായത്തിൽ 2 തീയേറ്ററുകളാണ് ഉള്ളത്. വിനോദ നികുതിയിനത്തിൽ ഇവയിൽ നിന്നും സംഭരിക്കാവുന്ന മുഴുവൻ നികുതിയും സംഭരിക്കണം.

4. ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ ചില കേന്ദ്രങ്ങളിൽ ഇറച്ചിക്കച്ചവടം ചെയ്യുന്നുണ്ട്. എന്നാൽ പ്രത്യേകം 'സ്ലോട്ടർ ഹൗസ്' ഇല്ല. 'സ്ലോട്ടർ ഹൗസ്' ഫീസ് ഈടാക്കുകയും വേണം.

5. കാലത്തിന്റെ മാറ്റമനുസരിച്ച് ഭൂനികുതി അല്പംകൂടി വർദ്ധിപ്പിച്ച് പഞ്ചായത്തിന്റെ ബേസിക് ടാക്സ് ഗ്രാന്റ് കൂട്ടാവുന്നതാണ്.

6. പഞ്ചായത്തിന്റെ വിദ്യാഭ്യാസവികസനത്തിന് ഒരു വിദ്യാഭ്യാസ നിധി രൂപീകരിക്കാവുന്നതാണ്.

7. പഞ്ചായത്തിലെ പുറംപോക്ക് ഭൂമി കൃഷിക്കുവേണ്ടി പാട്ടത്തിന് നൽകി പാട്ടം ഈടാകക്കാവുന്നതാണ്.

8. പഞ്ചായത്ത് പ്രദേശങ്ങളിൽ നിന്നും എടുത്ത് വിൽക്കുന്ന മണ്ണിന് പഞ്ചായത്തിന് നികുതി നൽകാൻ വ്യവസ്ഥ ഉണ്ടാക്കുക.

9. പഞ്ചായത്ത് പ്രദേശങ്ങളിൽ പതിക്കുന്ന പരസ്യങ്ങൾക്ക് ഫീസ് ഈടാക്കണം.

10. പഞ്ചായത്തിൽ കല്ല് വെട്ടി വിൽക്കുന്നതിന് സ്ഥലം കൊടുക്കുന്നവരിൽ നിന്നും കോൺട്രാട് എടുക്കുന്നവരിൽ നിന്നും പഞ്ചായത്ത് ഫീസ് ഈടാക്കണം.

11. പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾ നടത്തുന്നതിന് ഉദാരമതികളായ ജനങ്ങളിൽ നിന്നും സംഭാവനകൾ സ്വീകരിക്കണം.

12. ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ജീവനായ സന്നദ്ധസേവനം പരമാവധി പ്രയോജനപ്പെടുത്തുക.

1. വരവ് സംബന്ധിച്ച വിവരങ്ങൾ
1995-96

	ഇനം	ധനാഭ്യർത്ഥന	പിരിച്ചത്	ആകെ
1.	കെട്ടിടനികുതി	4,00,000	3,43,043	
2.	സർവ്വീസ് ചാർജ്ജ്	90,000	9,773	
3.	തൊഴിൽ നികുതി	1,85,000	1,66,588	
4.	വാഹന നികുതി	1,75,000	1,62,421	
5.	വിനോദനികുതി	40,000	23,930	
6.	അഡീഃ വിനോദ നികുതി	30,000	14,614	
7.	പ്രദർശന നികുതി	5,000	5,912	
8.	പ്രദർശനനികുതി-സർവ്വീസ് ചാർജ്ജ്	1,000	2,251	
9.	ചന്തവരവ്	,,	,,	
10.	ലാന്റ് സെസ്	1,00,000	83,016	
11.	കെട്ടിട നികുതി സർചാർജ്ജ്	,,	1938	
12.	വസ്തു കൈമാറ്റനികുതി 75%	4,00,000	720,000	
13	വസ്തു കൈമാറ്റനികുതി 25%			
14.	സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള വരവുകൾ			
15.	സംഭാവന			
16.	ഡെപ്പോസിറ്റ്			
17.	മറ്റുള്ളവ	10,43,850	819504	
	ആകെ	24,69,850	23,51,000	

2. ചെലവ് സംബന്ധിച്ച വിവരങ്ങൾ

ഇനം	ആകെ
ഭരണം	3,66523
പൊതുമരാമത്തു	5,27829
വിദ്യാഭ്യാസം	24,858
ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം	3,950
തെരുവു വിളക്കുകൾ കത്തിക്കുന്നത്	1,69,437
മറ്റുള്ളവ	12,58367
ആകെ	23,51,000

3-ഗ്രാന്റു വിവരങ്ങൾ

വർഷം	VRM (Rs)	M1 (Rs)	VTC (Rs)	അടിസ്ഥാനനികുതി 25%	അടിസ്ഥാനനികുതി 75%	Spl Grant	JRY	United Fund	Total
1991-92	1,85006	4,500	11,706	43,000	2,56,603	,,	3,23,100	2,27,850	10,51,765
1992-93	40,913	4,500	22,370	45,000	2,63,841	,,	3,08,300	2,38,000	9,22,924
1993-94	39,245	4,500	23,000	50,000	3,03,514	,,	2,64,000	59,000	7,43,259
1994-95	40,024	4,500	23,000	90,000	2,75,580	,,	2,25,400	1,22,890	7,81,394
1995-96	29,491	4,500	3,90,862	54,808	2,80,000	,,	2,23,200	3,42,970	13,25,831
ആകെ	3,34,679	22,500	4,70,938	2,82,808	13,79,538	,,	13,44,000	9,90,710	48,25,173

4-ലേലവരുമാനം സംബന്ധിച്ച വിവരങ്ങൾ

വർഷം	ചന്ത	സ്റ്റാൾ	ചവറ്	മരങ്ങൾ	ഫല വൃക്ഷങ്ങൾ	ഷോപ്പിംഗ് കോംപ്ലക്സ് കടകൾ	മറ്റുള്ളവ	ആകെ
1991-92	,,	,,	,,	,,	,,	,,	,,	,,
1992-93	,,	,,	,,	,,	,,	,,	,,	,,
1993-94	,,	,,	,,	,,	,,	,,	,,	,,
1994-95	,,	,,	,,	,,	Rs. 135/-	,,	,,	Rs. 135/-
1995-96	,,	,,	,,	,,	Rs. 145/-	,,	,,	Rs. 145/-
ആകെ					Rs. 280/-			Rs. 280/-

അവലംബം പഞ്ചായത്തു രേഖകൾ

5 ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ

വാർഡ്	വ്യവസായം വ്യാപാരം	ഹോട്ടലുകൾ	സാധാരണ കടകൾ	മറ്റുള്ളവ	ആകെ സ്ഥാപനങ്ങളുടെ എണ്ണം	ആകെ ഫീസ്
1	1	,,	4	1	6	180
2	3	,,	3	2	8	210
3	4	,,	7	4	15	629
4	4	3	3	2	12	201
5	1	4	3	2	10	117
6	4	2	3	2	11	1073
7	1	3	4	3	11	126
8	2	-	2	2	9	170
9	4	-	5	4	13	645
10	3	-	3	3	9	208
11	5	-	4	4	13	918
12	-	-	5	3	8	162
	32	12	49	32	125	4639

അവലംബം പഞ്ചായത്തു രേഖകൾ

6-പഞ്ചായത്ത്‌രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ

വകുപ്പ്	തുക		ആകെ
	പദ്ധതി വിഹിതം	പദ്ധതിയേതരവിഹിതം	
മൃഗസംരക്ഷണം	3,012	-	3,012
ആരോഗ്യം	,,	-	-
കൃഷി	2,90,743	-	2,90,743
പൊതു മരാമത്ത്	50,900	-	50,900
പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം	14,894	-	14894
മറ്റുള്ളവ:-			
ജലസേചനം	2,466	-	2,466
വിദ്യാഭ്യാസം	5,277	-	5,277
മറ്റുള്ളവ	27,489	-	27489
ആകെ	394,781		394781

6

വികസന പന്ഥാവിലൂടെ നാം മുന്നോട്ട്

കുറിച്ചി പഞ്ചായത്തിൽ വരുന്ന അഞ്ചു വർഷങ്ങളിൽ നടക്കേണ്ട വികസന പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള വികസന രേഖയാണ് ഇത്. വിശദവും വിശകലനാത്മകവുമായ ചർച്ച ഓരോ വിഷയത്തെ സംബന്ധിച്ചും വികസന സെമിനാറിൽ ഉണ്ടാകേണ്ടതുണ്ട്. ഓരോ വിഷയഗ്രൂപ്പിനും തുടർ പരിപാടികളുടെ രൂപീകരണവും ഇതോടനുബന്ധിച്ച് നടക്കണം. ഈ കർമ്മസമിതികളുടെ ഫലപ്രദമായ പ്രവർത്തനത്തിലൂടെയായിരിക്കും നമ്മുടെ പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾ നടപ്പിലാകുക.

ഗ്രാമസഭാചർച്ചകളിലൂടെയും ദ്വിതീയ വിവരശേഖരണത്തിലൂടെയും നടപ്പു പദ്ധതികളുടെ അവലോകനത്തിലൂടെയും പഠനപര്യടനത്തിലൂടെയും, നാട്ടറിവിലൂടെയും കേട്ടറിവിലൂടെയും മറ്റും കുറിച്ചിയെ കുറിച്ച് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഈ റിപ്പോർട്ട് നമ്മുടെ പഞ്ചായത്തിന്റെ പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും പുതിയ സാധ്യതകളും പഠിച്ചു വിലയിരുത്തുന്നതിന് കഴിയുന്നത്ര ശ്രമിച്ചിട്ടുണ്ട്. ഇതിനു വേണ്ടി ഉണ്ടായിട്ടുള്ള കൂട്ടായ പ്രവർത്തനം ശ്രദ്ധേയമായിരുന്നു. Dr.ജോസ് ചാത്തുകുളം, ജോസ് ടി. തോമസ് തുടങ്ങിയവരുടെ സഹായങ്ങളും നിർദ്ദേശങ്ങളും നമുക്കേറെ സഹായകരമായിട്ടുണ്ട്.

നാളിതുവരെ നാം ധരിച്ചു വച്ചിരുന്ന വികസന ബോധത്തിൽ നിന്നും വ്യത്യസ്തമായതും നൂതനവുമായ ഒരു വികസന ബോധത്തിന്റെ അനിവാര്യതയിലേക്ക് ഈ റിപ്പോർട്ട് നമ്മെ നിർബന്ധിപ്പിക്കും. അതുവഴി നമുക്ക് കൈവരിക്കാനാവുന്നത് ജനകീയ ആവശ്യങ്ങളുടെ സഫലീകരണമാണ്. വികസന സെമിനാറിലെ ചർച്ചകളിലൂടെയും കർമ്മസേനകൾ തയ്യാറാക്കുന്ന സമഗ്ര പ്രോജക്ടുകളിലൂടെയുമാണ് ഇത് സാദ്ധ്യമാകുന്നത്. ജനകീയ ആസൂത്രണം എന്ന എന്ന നൂതന ആശയം നമ്മളുടെ മനസ്സിലേക്ക് എത്തിച്ചവരോടും ഇത് ഫലവത്തായി നടപ്പാക്കുന്നതിന് നമ്മെ സഹായിച്ചവരും സഹായിക്കുന്നവരുമായ എല്ലാവരോടും നാം എന്നും നന്ദി യുള്ളവരായിരിക്കും എന്നും ഇവിടെ രേഖപ്പെടുത്തട്ടെ.

ദ്വിതീയ വിവരശേഖരണ കമ്മറ്റി കൺവീനർ

എം. എൻ. കൃഷ്ണൻ നായർ

വികസന രേഖ തയ്യാറാക്കൽ കമ്മറ്റി കൺവീനർ

ഷാജി വർഗ്ഗീസ്

വികസനരേഖ തയ്യാറാക്കുന്നതിന് സഹായിച്ചവർ

കെ. കെ. രാമൻ നായർ
കെ. റ്റി. ആന്റണി
റ്റി. ബി. കുഞ്ഞപ്പി
ഷൈലജ സോമൻ
എൻ. ഡി. ബാലകൃഷ്ണൻ
സി. എൻ. ഷാജി
എൻ. സന്തോഷ് കുമാർ
കൃഷ്ണൻകുട്ടി നായർ, ലതാഭവൻ
സാബു കുഞ്ഞൂഞ്ഞ്
കെ. എ. രാഘവൻ
ഏ. എസ്. സ്കറിയ

കുറിച്ചി ഗ്രാമപഞ്ചായത്ത്



വികസനരേഖ